യോഗക്ഷേമസഭ

# സ്വസ്തി

ത്രൈമാസിക

2022
- 1 ഒക്ടോബർ
- പുസ്തകം1
- ലക്കം 3

ഫൊക്കാന പുരസ്കാരം ലഭിച്ച ഡോ. മാടശ്ശേരി നീലകണ്ഠൻ നമ്പൂതിരിയെക്കുറിച്ച് വിഷ്ണുനാരായണൻ നമ്പൂതിരിയുടെ മകൾ അദിതി എഴുതുന്നു

## കരണക്കുറ്റിക്ക് കിട്ടിയ അടി

പി.എൻ വിജയന്റെ മറക്കാനാവാത്ത അനുഭവം



ജോർജ് ഓണക്കൂറിന്റെ

## ഇല്ലം



JEE Rank Holder

**ആര്യൻ എസ് നമ്പൂതിരി**

ഐ.ഐ.ടികളിലേക്ക് കേരളത്തിൽ നിന്നുള്ള ആദ്യ പത്തിൽ ഒരാൾ

**അറിയേണ്ട അന്തർജനം**

തിരുവനന്തപുരം മെഡി. കോളേജ് പ്രിൻസിപ്പാൾ ഡോക്ടർ കല കേശവൻ

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം

**രണ്ട് നമ്പൂതിരിമാർക്ക് കൂടി ദേശീയ ചലച്ചിത്ര പുരസ്കാരം**


illom
Ayurveda
VaidyasalA
കോഴിക്കോട് HO: തണ്ണീർമുക്കം
തൈറോയ്ഡ്
സ്പെഷ്യാലിറ്റി
ക്ലിനിക്
തൈറോയ്ഡ് റിസൾട്ട് നോർമൽ ആയിട്ടും
നിങ്ങളിൽ ഈ ലക്ഷണങ്ങൾ കാണുന്നുണ്ടോ ?
എങ്കിൽ നിങ്ങൾ ചികിത്സിക്കുന്നത് കാരണത്തെയല്ല.....
• തൂക്കം കുറയുക • അമിത വണ്ണം • മസിൽ വേദന
• മുടി കൊഴിച്ചിൽ • ആർത്തവ ക്രമക്കേടുകൾ
• മറവി • ഡിപ്രെഷൻ • അമിതമായ ചൂടും വിയർപ്പും
• മടി • അലസത • നാഡീ സംബന്ധ പ്രശ്നങ്ങൾ...
കാരണത്തെ ചികിത്സിക്കൂ രോഗമുക്തി നേടൂ....
എല്ലാ മാസവും ഡോക്ടറുടെ സേവനം ലഭ്യമാണ്
ബുക്കിങ്ങിന്
+91 95625 29717
നിങ്ങളുടെ തൈറോയ്ഡ് സ്കോർ അറിയുവാൻ QR CODE സ്കാൻ ചെയ്യുക
IAH
ഇല്ലം
HO തണ്ണീർമുക്കം, ആലപ്പുഴ
എറണാകുളം | ഗുരുവായൂർ | കോഴിക്കോട് | ചങ്ങനാശ്ശേരി
www.illomayurveda.com
info@illomayurveda.com
/ illomayurveda
/ illomayurveda
ഇല്ലം ആയുർവേദ വൈദ്യശാല,
എസ് കെ പാർക്കിന് സമീപം
പറയഞ്ചേരി, പുതിയറ
കോഴിക്കോട് – 673004
ഫോൺ : +91 95625 29717
Email : illomkozhikode@gmail.com

# deardent

intimate dental care

Deardent Tower Seaport Airport Road,Thrikkakkara,KOCHI




EXPERIENCE THE PAINLESS, COMFORTABLE AND TIME SAVING SINGLE VISIT ROOT CANAL TREATMENT WITH OUR ENDODONTISTS

@ deardent

***LESS PAIN MORE COMFORT***



Director & Chief Dental Surgeon
Dr.PRIYARANJ
Genaral Dentist



Senior Dental Surgeon
Dr.NISHA PRIYARANJ
Resident Doctor

NO MULTIPLE VISITS REQUIRED
(DEPENDING ON THE SEVERITY OF INFECTION)
LESS EXPOSURE TO INFECTION - NO REPEATED LOCAL ANAESTHESIA
REDUCED PATIENT FATIGUE - MORE COMFORTABLE
ADMINISTRATION: NO PAIN -TIME SAVING

**BOOK APPT** ☎ 04842986766

Email:info@deardent.com 8943372046



നിഷ, പ്രിയരഞ്ജ്, റോണിത്, റിതിക

**Dr. Priyaranj**
"PRIYA"
Karuthedath Areeppurath Mana,
P.O. Punnapala, Wandoor,
Malappuram Dist.,
PIN: 679 328
PH : 7510372046

With best wishes from:
**Attupuram Mana, Manjeri**

#endodontics #dentistry #dentist #dental #endodontia #rootcanal #odontologia #endodontist #endo #rootcanaltreatment #teeth #endodoncia #dentista #orthodontics #tooth #dentalstudent #oralsurgery #endolovers #smile #dentalimplants #dentistryworld #endodontic #dental photography #dentalhygienist #prosthodontics #dentistrylife #dentalcare #odonto #periodontics #endodontictreatment

https://www.instagram.com

swasthy creations calicut 9400992823

# ആരൊക്കെ / എന്തൊക്കെ


മികവിന്റെ നിറുകയിൽ എട്ട് പേർ **8**



24, 30, 40, 50, 53, 54, 56, 109

മെഡി.കോളേജ് പ്രിൻസിപ്പാൾ ഡോക്ടർ കലാകേശവൻ ● ബഹിരാകാശത്തേക്ക് ഒരു വിക്ഷേപണം മാങ്ങോട്ടശ്ശേരി നാരായണൻ നമ്പൂതിരിപ്പാട് ● ജീ മെയിൻ റാങ്ക്ഹോൾഡർ ആര്യൻ എസ് നമ്പൂതിരി ● ദേശീയ ചലച്ചിത്ര പുരസ്കാരം വിഷ്ണു ഗോവിന്ദ്/സന്തോഷ് നമ്പൂതിരി ● സാഹിത്യ അക്കാദമി അവാർഡ് ഡോ. അജയകുമാർ ● ഫൊക്കാന പുരസ്കാരം മാടശ്ശേരി നീലകണ്ഠൻ നമ്പൂതിരി ● ഇന്റർ നാഷണൽ ഒളിമ്പ്യാഡ് ഭാനവ്



ഇല്ലപ്പെരുമയിൽ മരാട്ട് മന 60

ഈ മനയ്ക്കലെ കുടിയാനായിരുന്നു **മലബാർ കലാപത്തിലെ വാരിയം കുന്നൻ**

സെലബ്രിറ്റി ഗസ്റ്റ് പംക്തിയിൽ ജോർജ് ഓണക്കൂർ 8



നമ്പൂതിരിമാരുടെ കാര്യത്തിൽ താങ്കൾ അസ്വസ്ഥനാണോ? അതോ സംതൃപ്തനോ? ഈ ചോദ്യത്തോട് വി.ടി വാസുദേവൻ പ്രതികരിക്കുന്നു 18



● ഓർക്കേണ്ട നമ്പൂതിരി
ഹൈക്കോടതിയിലെ ആദ്യത്തെ റജിസ്ട്രാർ
**ഗിരീഷ് ഇളമൺ** 44

അച്ഛന്റെ ചുരുക്കപ്പേരാണ് മാ കൃ ന
**● മുകുന്ദൻ മാങ്ങോട്ട്രി** 68

വീരശൃംഖലയുടെ അഴകിൽ
**● ശ്രീജ പട്ടലൂർ** 70

കരണക്കുറ്റിക്ക് കിട്ടിയ അടി
**● പി. എൻ വിജയൻ** 72

സ്വർഗ്ഗത്തിൽ വിളമ്പാൻ പോയ ദിവാൻ
**● ഉദയൻ നമ്പൂതിരിപ്പാട്** 78

വൈദ്യമഠത്തിന്റെ പന്തിരുകുലപ്പെരുമ 82

ഒരു ഉണ്ണിനമ്പൂതിരി കൊല്ലം മുഴുവനും നിത്യചാത്തം ഉണ്ടപ്പോൾ
**● കെ. എം പരമേശ്വരൻ** 94

● കവിത/ ഒരു മരം എന്നോട് പറഞ്ഞത് 7
**മാങ്കുളം ശങ്കരൻ നമ്പൂതിരി**

● കവിത/ അമ്മ 33
**ശ്രീദേവി ഏളപ്പില**

● കവിത/ ദുർഗാസ്തുതി 33
**അനിയൻ മണ്ണാനിക്കാട്**

● കഥ/നല്ല രൂപലു എവട്യാ ചെന്നവസാനിക്ക്യാന്ന് 35
**ഒ. എൻ രാജേഷ്**

● കഥ/പൂർണ്ണവിരാമം 46
**കാടമ്പറ്റ ഉണ്ണികൃഷ്ണൻ**

● പുസ്തകപരിചയം
നമ്പൂതിരിമാരെപ്പറ്റി സർവ്വവും അറിയാൻ 16
**പണിക്കത്ത് അപ്പു നമ്പൂതിരി**

കഥകളെഴുതി കാര്യം പഠിപ്പിക്കുന്ന ടീച്ചർ 38

പരിഭാഷകനായത് ഇങ്ങനെ 58
**മാടശ്ശേരി നീലകണ്ഠൻ നമ്പൂതിരി**

കുട്ടിക്കൂട്ടം **18** കുട്ടികൾ



**മേഘ്ന** മൂത്തേടത്ത് പാലശ്ശേരി മഞ്ചേരി ● **മേധാമാധവി** പാതിരിശ്ശേരി ഇല്ലം ചാത്തമംഗലം ● **വിഷ്ണുദത്തൻ എം.ആർ** മഴമംഗലത്ത് തരണനല്ലൂർ മന തൃശ്ശൂർ ● **പരമേശ്വരൻ ഒ. എസ്** ഒരുപുലാശ്ശേരി മന ഷൊർണ്ണൂർ ● **സ്നിഗ്ദ്ധ ടി. എസ്** തേലക്കാട് മന വെള്ളിനേഴി ● **എൻ എം ഭരദ്വാജ്** നെന്മിനിശ്ശേരി മഴൂർ മന വണ്ടൂർ ● **അനുഗ്രഹ രവീന്ദ്രൻ** ചാമക്കാട്ടിൽ ഇല്ലം ഒറ്റപ്പാലം ● **ആര്യ എൻ** നാറണിയാട് ഇല്ലം ഫറോക്ക് ● **വേദസ് കെ.എം** കാവുങ്ങൽ മന, മഞ്ഞപ്പറ്റ ● **നവിക അജയ്** കുറിയേടത്തു മന കുറ്റാനശ്ശേരി ● **ഇ.പി. അഗ്നിത്രാതൻ,** എടവലത്ത് പുടയൂർ മന തളിപ്പറമ്പ് ● **ഇ.പി. ദേവദത്തൻ** എടവലത്ത് പുടയൂർ മന തളിപ്പറമ്പ് ● **ആർദ്ര കെ.എം,** മണ്ണൂർ ഇല്ലം മട്ടന്നൂർ ● **ശ്രീദത്തൻ. എം. ആർ** മഴമംഗലത്ത് തരണനല്ലൂർ മന ● **അവനി. എം.എസ്** മുണ്ടനാട്ടു മന, പി ഒ വെള്ളിനേഴി ● **നന്ദിത എം.എൻ,** മുണ്ടനാട്ടു മന, വെള്ളിനേഴി ● **ഇ.പി ശ്രീപാർവതി,** എടവലത്ത് പുടയൂർ മന, തളിപ്പറമ്പ് ● **രോഹിണി എം എൻ,** മുണ്ടനാട്ടു മന പി.ഒ വെള്ളിനേഴി

● അനുസ്മരണം



36 പ്രമുഖനായ ആർട്സ് ഹിസ്റ്റോറിയൻ കൂടലാറ്റുപുറം മനയ്ക്കൽ **പ്രൊഫ.ചിത്രഭാനു നമ്പൂതിരിപ്പാടിനെ അനുസ്മരിക്കുന്നു**
ഗംഗാ നാരായണൻ

2022 ഒക്ടോബർ
OCTOBER
Kozhikode
Volume No: 1
Issue No: 3




Email: swasthitrimonthly@gmail.com

യോഗക്ഷേമസഭ കോഴിക്കോട്
ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം
യുഗാബ്ദം 5124 ആശ്വിനം
കൊല്ലവർഷം 1198 തുലാം
ശരദ് ഋതു

**ചീഫ് എഡിറ്റർ**
കൊയ്ത്തോടി ചെറുമുക്ക്
പരമേശ്വരൻ
മൊബൈൽ: 9072383651

**അസോസിയേറ്റ് എഡിറ്റർ**
പാനാട് പദ്മനാഭൻ നമ്പൂതിരി
മൊബൈൽ: 9400992823

**മാനേജിംഗ് എഡിറ്റർ**
വിനോദ് മങ്ങത്തായ
മൊബൈൽ: 9895621493

**പ്രിന്റർ ആന്റ് പബ്ലിഷർ**
കെ.ഐ.വിഷ്ണു
നമ്പൂതിരി 9496925471

**ധനകാര്യം:**
നാറാണിയാട്
ദാമോദരൻ നമ്പൂതിരി 9447332611

**പരസ്യം & സർക്കുലേഷൻ:**
ജയൻ പഴങ്ങോട്ടുപൊറ്റ 9745137987

**മാനേജിംഗ് കമ്മിറ്റി:**
ജില്ലാ പ്രസിഡന്റ്
മധു അരീക്കര 9447136571
ജില്ലാ സെക്രട്ടറി: താമരക്കുളം
ദിവാകരൻ നമ്പൂതിരി 9447337337

**ഇല്ലസ്ട്രേഷൻ:**
കൃഷ്ണൻ പാതിരിശ്ശേരി 9447884600

**ഡിസൈനിംഗ്:**
പിക്സൽ മീഡിയ, ചെറുവണ്ണൂർ
കോഴിക്കോട് -673631, മൊബൈൽ:
9847907630, 7356641674

# വീണ്ടും ചില മികവുകൾ

കഴിഞ്ഞ മുഖപ്രസംഗത്തിൽ ഒരു കാര്യം ചൂണ്ടിക്കാട്ടിയിരുന്നു. മികവിന്റെ ഒന്നാം സ്ഥാനങ്ങൾ നമുക്ക് നഷ്ടമാവുന്നതിനെപ്പറ്റി. ഈ ലക്കത്തിൽ അവതരിപ്പിക്കുന്ന പലരും നമ്മെ പ്രചോദിപ്പിക്കുന്ന മികച്ച പദവികളിലും സ്ഥാനങ്ങളിലും എത്തിയവരാണ്.

കേരളത്തിലെ നമ്പർ വൺ സ്ഥാപനമായ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പ്രിൻസിപ്പാൾ പദവി കടുത്ത ഉത്തരവാദിത്തങ്ങളും വെല്ലുവിളികളും നിറഞ്ഞതാണ്. ഒരു അന്തർജനം ആ പദവി പുഷ്പം പോലെ കൈകാര്യം ചെയ്യുന്നു. ഡോ കലാ കേശവൻ.

ശ്രീഹരിക്കോട്ടയിൽ നിന്ന് പി.എസ്.എൽ.വി തൊടുത്തു വിടുന്നതും ചില്ലറക്കാര്യമല്ല. ജൂലായ് മാസത്തിൽ മിഷൻ കൺട്രോൾ സെന്ററിലെ കൺസോളിൽ മുഖ്യസീറ്റിൽ ഇരുന്നത് അവിടെ അസോസിയേറ്റ് ഡയറക്ടറായി വിരമിച്ച മാങ്ങോട്ടശ്ശേരി നാരായണൻ നമ്പൂതിരിപ്പാടാണ്. കണക്കുകൂട്ടലുകളിലെ ചെറിയൊരു പിഴവ് മതി കോടിക്കണക്കിന് രൂപയും നിരവധി വർഷങ്ങളും ഒട്ടേറെ മനുഷ്യാധ്വാനവും ചെലവഴിച്ച് നിർമ്മിച്ച ഒരു ബഹിരാകാശയാനം താഴെ പതിക്കാൻ.

ഇന്ത്യയിൽ ഏറ്റവുമധികം കുട്ടികൾ എഴുതുന്ന പരീക്ഷയാണ് എൻജിനിയറിംഗ് പ്രവേശനത്തിനുള്ള ജീ മെയിൻ. അതിൽ കേരളത്തിലെ നാലാമൻ ആര്യൻ എസ് നമ്പൂതിരിയാണ്. അതുപോലെത്തന്നെയാണ് ഇന്റർനാഷണൽ ഒളിമ്പ്യാഡ്. രാജ്യത്ത് 350 സെന്ററുകളിലായി ഒരു ലക്ഷത്തിലധികം ഹൈസ്കൂൾ കുട്ടികൾ പങ്കെടുക്കുന്നതാണ് ഫസ്റ്റ് ലെവൽ. അതിൽ ടോപ്പേഴ്സ് ആയ 28 പേരിലൊരാളാവുക. പിന്നെ മിടുമിടുക്കരായ 8 പേരിലെത്തുക. ഇന്റർനാഷണൽ ഒളിമ്പ്യാഡിൽ ഇറ്റലിയിൽ ചെന്ന് ഇന്ത്യയെ പ്രതിനിധീകരിക്കുക. ഭാനവ് എന്ന നമ്മുടെ ഒരു ഉണ്ണിയാണ് ഈ മിടുക്കൻ.

കൂത്താട്ടുകുളത്തിനടുത്ത് പുതുവേലി തേവാരത്ത് മഠത്തിൽ നീലകണ്ഠൻ നമ്പൂതിരിയുടെയും ഉമാദേവി അന്തർജനത്തിന്റെയും മകനാണ് ഈ വർഷം സാഹിത്യ വിമർശനത്തിനുള്ള കേരള സാഹിത്യ അക്കാഡമി അവാർഡ് ലഭിച്ച അജയകുമാർ. പരിഭാഷക്കുള്ള ഫൊക്കാനാ അവാർഡ് ഡോ. മാടശ്ശേരി നീലകണ്ഠൻ നമ്പൂതിരിക്ക്.

ഇത്തവണ ദേശീയ ചലച്ചിത്രപുരസ്കാരത്തിലുമുണ്ട് നമുക്ക് അഭിമാനിക്കാൻ രണ്ടു പേർ. മികച്ച ശബ്ദമിശ്രണത്തിനുള്ള ദേശീയ ചലച്ചിത്ര പുരസ്ക്കാരത്തിനർഹനായത് വിഷ്ണു ഗോവിന്ദ്. മികച്ച തുളുചിത്രത്തിനുള്ള പുരസ്കാരം നേടിയ ജീറ്റിഗെ എന്ന ചിത്രം സംവിധാനം ചെയ്തത് കൈതപ്രം സ്വദേശി എടക്കാട് സന്തോഷ് നമ്പൂതിരി. ഇങ്ങനെ മികവിന്റെ വേദികളിൽ ഒരു സംവരണവുമില്ലാതെ സ്വന്തം കഴിവിലൂടെ മുന്നേറുന്ന നിരവധി പേരുണ്ട്. അഭിമാനിക്കാം അവരെയോർത്ത്. അഭിനന്ദിക്കാം അവരെ. ഊർജം പങ്കിടാം അവരിൽ നിന്ന്.

നവരാത്രിയുടെ ഈ ദിനങ്ങളിൽ പ്രാർത്ഥിക്കാം, സരസ്വതീദേവിയോട്. സിദ്ധിർ ഭവതു മേ സദാ!

എല്ലാവർക്കും നവരാത്രി ആശംസകൾ!!

പത്രാധിപർ

Yogakshemasabha Swasthi Trimonthly. **Printed & Published by K.I. Vishnu Namboodiri** on behalf of Yogakshema Sabha Kozhikode District Committee, Kozhikode, and printed at Geethanjali Web Offsets, Geethanjali Building, NH 17, Kundayithode, Kolathara P.O., Calicut- 673655, and published from Yogakshemababha Kozhikode District committee,Jilla Asthana Mandiram,Near Kovoor Vishnu temple, P.O.Chevayoor, Kozhikode, Pin code 673017. **Editor K M Parameswaran**
Vol No:1 Issue No: 3 For private circulation only.

# നിർമ്മാണ മേഖലയിലെ പുത്തൻ തരംഗം!!

**ചിതലരിക്കുന്നതോ, തീപിടിക്കുന്നതോ, വളയുന്നതോ ഭയക്കേണ്ട!**

**കുറഞ്ഞ വിലയിൽ കൂടുതൽ സുരക്ഷ!**

**ഉടൻ വിളിക്കൂ..9048 455 840**

രണ്ടു വർഷത്തോളമായി കേരളത്തിലുടനീളം സേവനം നൽകുന്ന നമ്പൂതിരിമാരുടെ സംരംഭം

## Briztey

*For a better view*

## സ്റ്റീൽ ജനാലകൾ & കട്ടിളകൾ

9048455840 info@briztey.com
www.briztey.com www.facebook.com/briztey



- തുരുമ്പ് പിടിക്കാത്ത മികച്ച ഗുണനിലവാരമുള്ള GI Steel കൊണ്ടുള്ള നിർമ്മാണം
- പരമ്പരാഗതമായ ശൈലിയുടെ ആകൃതിയും ഭംഗിയും നിലനിർത്തി യന്ത്രോപകരണങ്ങളുടെ സഹായത്താൽ നൂതന രീതിയിലുള്ള നിർമ്മാണം
- മരത്തേക്കാൾ ലാഭകരവും കൂടിയ ബലവും ഈടും ലഭിക്കുന്നു
- ചിതൽ, തുരുമ്പ്, തീപിടുത്തം എന്നിവയിൽ നിന്നും ആജീവനാന്ത സുരക്ഷ
- കേരളത്തിലങ്ങോളമിങ്ങോളം വിപുലമായ വിതരണ ശൃംഖല

## The Perfect choice for Doors & Windows

Fire-Resistant

Cost-Effective

Termite Proof

Durable

No Gaps
Made to Precision

Easy to fit

Eco Friendly

Recyclable

www.briztey.com www.facebook.com/briztey

# ഒരു മരം
## എന്നോടു പറഞ്ഞത്

**മാങ്കുളം ശങ്കരൻ നമ്പൂതിരി**

ശങ്കരൻ നമ്പൂതിരി,
മാങ്കുളം ഇല്ലം,
പി.ഒ: കണ്ണിപറമ്പ്, മാവൂർ,
കോഴിക്കോട് ജില്ല,
പിൻ: 673661
മൊബൈൽ: 9526799501



ഇളം തെന്നലിൻ കൈ തൊടുമ്പോൾ പതിയ്ക്കും
ഇലച്ചാർത്തുമായ് നിൽപ്പു ഞാനേകയായി.
വരും നാളി,ലില്ലേറെ നാൾ, പത്രമെല്ലാം
കൊഴിഞ്ഞിങ്ങു നിൽക്കാമിവൾ നഗ്നയായി:
തൃണാവർത്തനാ,യുഗ്രവാതം ചുഴറ്റി-
പ്പിടിച്ചെന്നെ ദൂരേയ്ക്കെറിഞ്ഞീടുവോളം,
ഉരുൾപൊട്ടലിൽ കുന്നിറങ്ങി കനക്കും
കരംകൊണ്ടു തള്ളിത്തകർത്തീടുവോളം,
മഹാമാരിയിൽ പാഞ്ഞിഴഞ്ഞെത്തി വെള്ള-
പ്പെരുമ്പാമ്പുതൻ വായ് വിഴുങ്ങീടുവോളം,
ഘനശ്യാമമേഘങ്ങൾ തൻ കൊമ്പുരുമ്മി
ഇടിത്തീ ശിരസ്സിൽ പതിച്ചീടുവോളം.

**എ**നിക്കില്ല ദുഃഖം, വളർന്നിത്ര നാളും
തനിച്ചെങ്കിലും വാണുവല്ലോ, ഋതുക്കൾ
ഇടയ്ക്കെത്ര വട്ടം ക്രമത്താലണഞ്ഞൂ,
അടുത്തെന്നെ ഗാഢം പുണർന്നങ്ങകന്നൂ,
തണുപ്പുമ്മവെച്ചൂ, ജലത്താൽ നനച്ചൂ,
വസന്തങ്ങളോ നിർവൃതിപ്പൂക്കൾ തന്നൂ.
കൊടും വേനൽ പൊള്ളിച്ച നോവിൽ തളിയ്ക്കാൻ
നിലാവിന്റെ പാലേന്തി വന്നൂ നിശീഥം.
പ്രഭാതങ്ങൾ സങ്കീർത്തനത്താലുണർത്തീ
നിറക്കൂട്ടുമായ് നിന്നു സായന്തനങ്ങൾ.

**എ**നിക്കമ്മ ഭൂമി, അവൾ സ്നേഹമെന്നേ
വിളിക്കപ്പെടേണ്ടോൾ, ജനിച്ചന്നു തൊട്ടേ
എനിക്കുള്ള വേരൊക്കെയാഴ്ന്നാഴ്ന്നിറങ്ങി
തിരഞ്ഞെത്തിയെന്നമ്മതൻ നാഭിയോളം.
നിരാലംബയാമെൻെറ പൈദാഹമാറ്റീ
നിലയ്ക്കാത്ത കാരുണ്യമായമ്മ നിത്യം.

**പ്ര**പഞ്ചത്തിരക്കോളിലേതോ തുരുത്തിൻ
കരയ്ക്കെത്തി വേരാഴ്ത്തി നിൽക്കുന്ന ജന്മം
മഹാകാലവാരാന്നിധിയ്ക്കുള്ളിലെപ്പാഴ്-
ജലത്തുള്ളിപോൽ ഹ്രസ്വമെന്നാകിലും ഞാൻ
മടിക്കാതെയെൻ ശാഖയെല്ലാം പകുത്തൂ
കിളിക്കൂടുകൾക്കായ് ; അടുത്താതപത്താൽ
വലഞ്ഞെത്തിയോർക്കായ് കുളിർച്ഛായ നൽകീ,
ഇരിക്കാൻ വിരിപ്പേകി ഞാൻ പ്രേമികൾക്കായ്.

**അ**റക്കാ, നെരിക്കാൻ ധനാസക്തർ മർത്ത്യർ
കടയ്ക്കാഞ്ഞുവെട്ടാനണഞ്ഞില്ലയെന്നാൽ
വരും നാളിൽ ഞാൻ വീണുപോയാലുമപ്പോൾ
കിടക്കുന്നതെന്നമ്മ തൻ നെഞ്ചിലല്ലോ.
കുളിർക്കൈകളാലമ്മയെന്നെത്തലോടും,
മഹാനിദ്രയിൽ താഴ്ന്നു ഞാനാഴ്ന്നിടും മു-
മ്പെനിയ്ക്കാദ്യമാ(യന്ത്യമായും) മിഴിപ്പൂ
നിറഞ്ഞമ്മ താരാട്ടു പാട്ടൊന്നു പാടും ●

സെലിബ്രിറ്റി ഗസ്റ്റ്

# ജോർജ് ഓണക്കൂറിന്റെ ഇല്ലം



ഞാൻ സംസ്കൃതം പഠിച്ചത് കാവുങ്കൽ മനയിലിരുന്നാണ്. അവിടത്തെ കുട്ടികളുടെ ഒപ്പം

❑

എന്റെ തറവാടിനോട് ചേർന്ന പറമ്പിൽ സർപ്പക്കാവുണ്ട്. അവിടെ പൂജാദി കർമ്മങ്ങളൊക്കെ നടന്നിരുന്നു.

❑

വിഷ്ണുനാരായണൻ നമ്പൂതിരിയുടെ മകൾ ഉഷയെ വരന്റെ കൈയിലേക്ക് എടുത്തു കൊടുത്തത് എന്റെയും മടിയിലിരുത്തിയാണ്.

❑

നമ്പൂതിരിമാരെ ദുഷ്ടാത്മാക്കളായി ചിത്രീകരിക്കുന്ന രീതിയാണ് കഥകളിലെല്ലാം. എന്നാൽ ഞാൻ ഇടപഴകിയ നമ്പൂതിരിമാരെല്ലാം നന്മയുടെ പ്രതീകങ്ങളായിരുന്നു. തിന്മ അശേഷം ഇല്ലാത്തവർ.



## ജോർജ് ഓണക്കൂറുമായി ശ്രീഭ നാറാണിയാട്

നടത്തിയ ദീർഘസംഭാഷണവും നമ്പൂതിരിമാരെപ്പറ്റി അദ്ദേഹത്തിന്റെ അഭിപ്രായങ്ങളും

'എന്റെ ഗ്രാമം ഒരു വേദാന്ത ഭൂമികയുടെ ഭാഗമാണ്. പിറവം എന്ന സ്ഥലത്ത്. പിറവത്ത് നിന്ന് വളരേ കുറച്ച് ദൂരമേയുള്ളൂ എന്റെ വീട്ടിലേക്ക്. പിറവം പുഴ കുറച്ചു കൂടി മുമ്പോട്ട് പോയാൽ ഒഴുകിയെത്തുന്നത് വെളിയനാട് എന്ന ഒരു ഗ്രാമത്തിലാണ്. ഈ വെളിയനാട് ഗ്രാമത്തിൽ പാരമ്പര്യമുള്ള ഒരു ഇല്ലമുണ്ട്. ആ ഇല്ലത്തിന്റെ പേര് മേൽപാഴൂർ ഇല്ലം എന്നാണ്.

അത് ശങ്കരാചാര്യരുടെ അമ്മാത്താണ്.'




'കൈപ്പിള്ളി അല്ലേ ശങ്കരാചാര്യരുടെ ഇല്ലം?'

'കൈപ്പിള്ളി മന അച്ഛന്റെ ഇല്ലമാണ്. അത് കാലടിയിലാണ്. അവിടത്തെ ശിവഗുരുവിന്റെ മകനാണ് ശങ്കരാചാര്യർ. വെളിയനാട് ഗ്രാമത്തിലെ മേൽപ്പാഴൂർ ഇല്ലം അമ്മാത്താണ് . അമ്മ ആര്യാംബയുടെ ഇല്ലം.

'51 ഇല്ലങ്ങൾ ചേരുന്നതാണ് മേൽപ്പാഴൂർ ഇല്ലം.അതൊരു ഇല്ലസമുച്ചയമാണ്. പലതും ഇപ്പോൾ കാലാന്തരത്തിൽ നശി

ച്ചുപോയിട്ടുണ്ട്. പലതും വിറ്റു പോയിട്ടുണ്ട്. അങ്ങനെയൊക്കെ സംഭവിച്ചിട്ടുണ്ടെങ്കിലും മേൽപ്പാഴൂർ ഇല്ലത്ത് ശങ്കരന്റെ ജനനം അടയാളപ്പെടുത്തുന്ന ഭാഗം ഉണ്ട് .'

'അതേയല്ലേ ?'

'ഇപ്പോഴുമുണ്ട്. അവിടെ പൂജകൾ നടക്കുന്നുണ്ട്. നമ്മുടെ ചിന്മയാനന്ദസ്വാമികൾ അതേറ്റെടുത്ത് അവിടെയൊരു ഗവേഷണ പഠന കേന്ദ്രമാക്കിയിട്ടുണ്ട്. അവിടെയാണ് ശങ്കരൻ ജനിച്ചത്.'

'നമ്പൂതിരി പാരമ്പര്യം അനുസരിച്ച് അമ്മയുടെ ഇല്ലം അപ്രധാനമാണ്.'

'അതേയതേ.'

'ഞാൻ ജാതി പറയുകയല്ല, നായർ സമുദായത്തിലെ ഒരു സങ്കൽപ്പത്തിലാണ് ഇത്തരം മാതൃഭാവം. നേരെ മറിച്ച് നമ്പൂതിരിമാരും നസ്രാണികളുമൊന്നും അമ്മയുടെ വീടിന് പ്രാധാന്യം കൊടുക്കുന്നില്ല. ഉദാഹരണത്തിന് ഞാൻ ജനിച്ചത് എന്റെ അമ്മയുടെ വീട്ടിലാണ്. പക്ഷേ, എന്റെ പേരിന്റെ കൂടെയൊന്നും അമ്മയുടെ വീടില്ല. എവിടെ ജനിച്ചു എന്നു ചോദിച്ചാൽ അച്ഛന്റെ വീടാണ് പറയുന്നത്. അമ്മയുടെ വീടെപ്പോഴും ദൂരെയാണ്. അത് ഒരു ചരിത്രവും അടയാളപ്പെടുത്തുന്നില്ല. എന്റെ കുട്ടികളാണെങ്കിൽ ജനിച്ചത് അവരുടെ അമ്മയുടെ വീട്ടിലാണ്. ചങ്ങനാശ്ശേരിയിലാണ്. പക്ഷേ അവരോട് എവിടെ എന്നു ചോദിച്ചാൽ എന്റെ വീടാണ് അടയാളപ്പെടുത്തുന്നത്. അത് നമ്മുടെ പാരമ്പര്യത്തിന്റെ ഒരു സ്വഭാവമാണ്. ഇപ്പോൾ ജോർജ് ഓണക്കൂർ എന്നു പറയുമ്പോൾ സൺ ഓഫ് സോ ആൻഡ് സോ എന്നാണ് പറയുന്നത്. എന്റെ അച്ഛന്റെ പേര് പറയും. നേരെ മറിച്ച് മറ്റു ചില പാരമ്പര്യങ്ങളിലാണെങ്കിൽ അമ്മാവന്റെ പേരായിരിക്കും പറയുന്നത്. അല്ലെങ്കിൽ അമ്മയുടെ പേരായിരിക്കും പറയുന്നത്. അത് നമ്മുടെ പാരമ്പര്യത്തിന്റെ വ്യത്യാസമാണ്. ജാതിയല്ല പാരമ്പര്യമാണ് അതിനകത്ത് അടയാളപ്പെടുത്തേണ്ടത്.

അങ്ങനെ ഒരു ബ്രാഹ്മണ, അല്ലെങ്കിൽ നമ്പൂതിരി, സമുദായത്തിന്റെ ഒരു പിടിമുറുക്കം ഉണ്ടായിരുന്ന ഭൂമിയാണ് ഞങ്ങളുടേത്.'

'മാഷ്ടെ കുടുംബം അല്ലെങ്കിൽ വീട്ടുപേരുമായി ഒരു കണക്ഷൻ പറഞ്ഞല്ലോ ഒരിക്കൽ നമ്മൾ സംസാരിച്ചപ്പോൾ? അതെങ്ങനെയാ മേഴ്പാഴൂരുമായി കണക്ഷൻ തിരുവനന്തപുരത്തായിട്ടും?'

'ഞാൻ തിരുവനന്തപുരത്ത് വരുന്നത് ഉദ്യോഗാർത്ഥിയായിട്ടാണ്. മാർ ഇവാനിയോസിലെ അദ്ധ്യാപകനായിട്ടാണ് ഞാൻ ഇവിടെ താമസിക്കാൻ തുടങ്ങുന്നത്. അത് വരെ ഞാൻ ജീവിച്ചതു മുഴുവൻ എന്റെ ഗ്രാമത്തിലാണ്. ഓണക്കൂറിൽ. ഓണക്കൂർ എന്ന് പറയുന്നത് പിറവത്തിന്

വെളിയനാട് ഗ്രാമത്തിലെ മേൽ പാഴൂർ ഇല്ലം. ശങ്കരാചാര്യരുടെ അമ്മാത്ത്. ജോർജ്ജ് ഓണക്കൂറിന്റെ കുടുംബം അല്ലെങ്കിൽ വീട്ടുപേരും അതുതന്നെയാണ്. അതെങ്ങനെയാണ് നമ്പൂതിരിയുടെ ഇല്ലവുമായി ഒരു ക്രിസ്ത്യാനിക്ക് കണക്ഷൻ വരുന്നത്. വായിക്കാം ഈ കുറിപ്പ്



ജോർജ്ജ് ഓണക്കൂർ കാവുങ്കൽ ഇല്ലത്തിരുന്ന് സംസ്കൃതം പഠിക്കാൻ എന്താ കാരണം? സാധാരണ അങ്ങനെ ഉണ്ടാവില്ലല്ലൊ? ശൂദ്രമക്ഷരസംയുക്തം ദൂരത പരിവർജ്യയേത് എന്നൊക്കെയാണല്ലൊ. കേട്ടുശീലിച്ച നാട്ടുനടപ്പ്.

തൊട്ട് ചേർന്ന് കിടക്കുന്ന ഗ്രാമമാണ്. ബ്രാഹ്മണ പാരമ്പര്യമുള്ള ഒരുപ്രദേശമാണ് അതെന്നാണ് ഞാൻ പറഞ്ഞതിന്റെ അർത്ഥം.'

'അവിടത്തെ രീതി പറയാം. ഭൂവുടമാസമ്പ്രദായമായിരുന്നു പഴയകാലത്ത് . ഭൂമി മുഴുവൻ ദേവസ്വത്തിന്റെയാണ്. അവിടത്തെ കൃഷിക്കാരാണ് ബാക്കിയുള്ളവരെല്ലാം. എന്റെ അച്ഛനും അവിടത്തെ ഒരു കൃഷിക്കാരനായിരുന്നു. അങ്ങനെയുള്ള ഒരു കാർഷിക പാരമ്പര്യം. അച്ഛന്റെ ഭൂമി അല്ലെങ്കിൽ അച്ഛൻ കൃഷി ചെയ്യുന്ന ഭൂമി ദേവസ്വത്തിന്റെ ഭൂമി. ദേവസ്വം നിയന്ത്രിക്കുന്നത് പൂജാരിയായ ഇല്ലത്തെ നമ്പൂതിരിയാണ്. അങ്ങനെയാണ് ആ ബന്ധം.'

'സാധാരണ പറയുന്നത് പോലെ അധികാരിയായ അല്ലെങ്കിൽ എല്ലാവരെയും അടിമകളാക്കി സൂക്ഷിക്കുന്ന നമ്പൂതിരി സമ്പ്രദായം എന്നു പറയാൻ പറ്റില്ല അവിടെ. ഈ ഇല്ലത്തിരുന്ന് ഞങ്ങളെ ഭൂവുടമ അടിമയാക്കിയിട്ടില്ല.'

'എന്റെ അച്ഛൻ നെൽക്കൃഷി ചെയ്യുന്നു. അതുപോലെ അനേകം പേർ കൃഷി ചെയ്യുന്നു. അതിന്റെ പാട്ടം ദേവസ്വത്തിനളക്കുന്നു, ഇല്ലത്തിനളക്കുന്നു, അവർ ഈ കൃഷിക്കാരെ മുഴുവൻ സ്വന്തം ജനത്തെ പോലെ സ്നേഹിക്കുകയും ബന്ധപ്പെടുകയും ചെയ്യുന്ന ആളുകളാണ്. നന്മയുടെ പ്രതീകമായിരുന്നു അവരൊക്കെ. തിന്മയുടെ ഭാവം അശേഷം ഇല്ലാത്ത ആളുകൾ. രണ്ട് മനകളുണ്ട് അടുത്തടുത്തായി. ഒരു മനയുടെ പേര് കാവുങ്കൽ മനയെന്നാണ്. അവിടത്തെ തിരുമേനിയായിരുന്നു ഞങ്ങളുടെ കൈവശത്തിലുള്ള ഭൂമിയുടെ ഉടമ. നല്ല മനുഷ്യരായിരുന്നു അവരെല്ലാവരും. ഒരു ഉദാഹരണം പറയാം.'

'ഞാൻ സംസ്കൃതം പഠിച്ചത് അദ്ദേഹത്തിന്റെ നിർദേശമനുസരിച്ച് ആ ഇല്ലത്തിരുന്നാണ്.'

'ഏത് ഇല്ലത്ത് കാവുങ്കലോ?'

'അതേ കാവുങ്കൽ മനയിൽ. അവിടത്തെ കുട്ടികളുടെ ഒപ്പമാണ് ഞാൻ പഠിച്ചത്.'

'അതേ, മാഷേ ചോദിക്കട്ടേ, സംസ്കൃതം പഠിക്കാൻ എന്താ കാരണം? അതൊരു അസാധാരണ കാര്യമാണല്ലോ?

'എന്റെ അച്ഛൻ ഇല്ലത്ത് ചെല്ലുമ്പോൾ ഇടക്ക് എന്നെയും കൂട്ടിക്കൊണ്ടുപോവും. ഒരിക്കൽ തിരുമേനി എന്നോട് കുറേ ചോദ്യങ്ങളൊക്കെ ചോദിച്ചു. ഞാൻ നല്ല സ്ഫുടമായി മലയാളത്തിൽ ഉത്തരം പറഞ്ഞു. ആ തിരുമേനിയാണ് ശരിക്കു പറഞ്ഞാൽ ഇല്ലം നോവലിലെ രാമൻ നമ്പൂതിരി. അദ്ദേഹം അച്ഛനോട് പറഞ്ഞു. കുട്ടി നന്നായിട്ട് മലയാളം പറയുന്നുണ്ടല്ലോ. ഭാഷ പറയുന്നുണ്ടല്ലോ. അയാളല്പം സംസ്കൃതം കൂടി പഠിച്ചാൽ നന്നായിരിക്കും.'

'എന്റെ അച്ഛനുമത് സമ്മതമായിരുന്നു. എന്തു പഠിക്കാനും സമ്മതമായിരുന്നു അച്ഛൻ. അപ്പോൾ ഇല്ലത്തെ കുട്ടികളുടെ കൂടെ ഇരുന്ന് ഞാൻ സംസ്കൃതം പഠിച്ചു. ഇല്ലത്ത് നാരായണൻ, അതുപോലെ ശ്രീദേവി എന്നു പേരായ എന്റെ ഒരു കൂട്ടുകാരിയുണ്ടായിരുന്നു. ഞങ്ങളെല്ലാവരും ഒന്നിച്ചിരുന്നാണ് പഠിച്ചത്. പഠിപ്പിച്ചത് ഈ നമ്പൂതിരിയുടെ മകനാണ്. അവിടെ അടുത്തുള്ള ഒരു വിജാതീയ സ്ത്രീയിൽ ഇദ്ദേഹത്തിന് ഒരു മകനുണ്ടായിരുന്നു. ആ മകനെ ഇല്ലത്ത് കയറ്റില്ല. കാരണം, നമ്പൂതിരിയല്ലല്ലോ. നമ്പ്യാരാണ്.'

'അതേയല്ലേ?'

'അതേ. അപ്പോൾ ഇല്ലത്ത് അവകാശം ഇല്ല ആ സ്ത്രീക്കും അവരുടെ മകനും. പക്ഷേ, തിരുമേനി നല്ലവനായിരുന്നതുകൊണ്ട് ഈ കുട്ടിയെ ഇല്ലത്ത് വളർത്തി. ഈ നമ്പ്യാരെ.'

'ഓഹോ, അവിടെത്തന്നെ ഇല്ലത്ത് താമസിപ്പിച്ചാണോ?'

'അല്ല, വേറെ ഒരു മാളിക പണിയിച്ചുകൊടുത്ത് അടുത്ത് തന്നെ താമസിപ്പിച്ചു. ഈ സ്ത്രീയും മകനും അവിടെയാ വളർന്നത്. അദ്ദേഹത്തിന്റെ പേര് ഒ.എൻ.കൃഷ്ണൻ നമ്പ്യാർ എന്നായിരുന്നു. അങ്ങനെ അദ്ദേഹം സംസ്കൃതം പഠിച്ചു, വൈദ്യം പഠിച്ചു, ആയുർവേദം ശരിക്ക് അഭ്യസിച്ചു. ജ്യോതിഷം പഠിച്ചു. ആ രീതിയിൽ പാരമ്പര്യ വിദ്യാഭ്യാസത്തിൽ നല്ല പാണ്ഡിത്യം നേടി. അദ്ദേഹമാണ് ഞങ്ങളെയെല്ലാം സംസ്കൃതം പഠിപ്പിച്ചത്.'

'തിരുമേനിയുടെ ഇല്ലത്തിനോട് ചേർന്നുള്ള ഒരു വീട്ടിൽ താമസിച്ചുകൊണ്ട്. ആ വീട്ടിൽ ഇരുന്നാണ് ശ്രീദേവിയും നാരായണനും ഞാനുമൊക്കെ സംസ്കൃതം പഠിച്ചത്. അവിടെയിരുന്ന് സംസ്കൃതം പഠിക്കുക മാത്രമല്ല. സ്കൂളിലും ഞങ്ങൾ ഒന്നിച്ചാണ് പോകുന്നത്. അങ്ങനെ ഒരുമിച്ച് കഴിഞ്ഞവരാ ഞങ്ങളെല്ലാം. ആ ഇല്ലം കുറേ കഴിഞ്ഞപ്പോൾ ക്ഷയിച്ചു.'

'ഏത് കാവുങ്കലോ?'

'അതേ, ജന്മിത്വം അവസാനിപ്പിച്ച് ഇ.എം.എസ്. മന്ത്രിസഭയുടെ നിയമം വന്നല്ലോ. അതിൽപ്പിന്നെ ഭൂവുടമകൾക്ക് ഭൂമി ഇല്ലാതായി. കൃഷി ചെയ്യുന്ന ഭൂമിയൊക്കെ കൃഷിക്കാരുടേതായി. നമ്മൾ കൊയ്യും വയലെല്ലാം നമ്മുടേതായി. എന്റെ അച്ഛൻ ഭൂവുടമയായി. അങ്ങനെ വന്നപ്പോൾ എന്താ പറ്റിയതെന്നു വച്ചാൽ ഇല്ലം ദരിദ്രമായി. അവർക്ക് ശാരീരികമായിട്ട് അദ്ധ്വാനിക്കാൻ അറിയില്ല. വേറെ ബിസിനസ് ഇല്ല. പാട്ടം കിട്ടുന്ന നെല്ല് കൊണ്ടാണ് അവർ ജീവിച്ചിരുന്നത്. പാട്ടത്തിന്റെ വരവ് നിലച്ചപ്പോഴേക്ക് ഇവരെല്ലാം പട്ടിണിക്കാരായി. അപ്പോൾ, അതുവരെ വളരെ സമ്പന്നരായിരുന്ന തിരുമേനിയും കുടുംബവും എല്ലാം നശിച്ചു. അതാണ് ആ നോവലിൽ പറയുന്നത്.'

'അവിടെയുള്ള കുട്ടികളുടെയെല്ലാം വിദ്യാഭ്യാസം നിലച്ചു ഏറെക്കുറേ. ശ്രീദേവി പത്താം ക്ലാസ്സിലോ ഒമ്പതാം ക്ലാസിലോ മറ്റോ വെച്ച് പഠിത്തം നിർത്തി. ആ ശ്രീദേവിയാണ് ശരിക്ക് പറഞ്ഞാൽ നോവലിൽ ആർദ്രയായിട്ട് മാറുന്നത്. അവിടെ സംസ്കൃതം പഠിച്ച പയ്യനാണ് ഭദ്രൻ എന്ന കഥാപാത്രമായിട്ട് വളരുന്നത്.'



*ആ വീട്ടിൽ ഇരുന്നാണ് ശ്രീദേവിയും നാരായണനും ഞാനുമൊക്കെ സംസ്കൃതം പഠിച്ചത്.*

ആ തിരുമേനിയാണ് ശരിക്കു പറഞ്ഞാൽ ഇല്ലം നോവലിലെ രാമൻ നമ്പൂതിരി. അദ്ദേഹം അച്ഛനോട് പറഞ്ഞു. കുട്ടി നന്നായിട്ട് മലയാളം പറയുന്നുണ്ടല്ലോ. ഭാഷ പറയുന്നുണ്ടല്ലോ. അയാളല്പം സംസ്കൃതം കൂടി പഠിച്ചാൽ നന്നായിരിക്കും.

'ഒന്നത്. പിന്നേ അതോട് ചേർന്ന് തന്നെ ഞങ്ങളുടെ ഗ്രാമത്തിന്റെ കിഴക്കേ ഭാഗം വിപ്ലവ ഭൂമിക എന്നാണ് അറിയപ്പെടുന്നത്. അതിന്റെ പേര് കൂത്താട്ടുകുളം എന്നാണ്. കൂത്താട്ടുകുളത്ത് സംഭവിച്ചൊരു കാര്യമാണ്. അവിടെ ഒത്തിരി കമ്മ്യൂണിസ്റ്റുകാരുണ്ടായിരുന്നു. പാർട്ടി നിരോധിക്കപ്പെട്ടിരുന്ന കാലഘട്ടത്തിൽ പോലീസിന്റെ നരനായാട്ട് കൊണ്ട് അവിടെ ഒത്തിരി ആളുകൾക്ക് മർദ്ദനമേറ്റിട്ടുണ്ട്, 4 പേർ മരിച്ചിട്ടും ഉണ്ട്. ഒരു പാമ്പാട്ടൂർ അയ്യപ്പൻ, മണ്ണത്തൂർ വർഗ്ഗീസ്, തിരുമാറത്ത് രാധാകൃഷ്ണൻ, ചെല്ലപ്പൻപിള്ള . ഇങ്ങനെ 4 പേരാണ് മരിച്ചിട്ടുള്ളത്. ഇതെല്ലാം കൂടെ ചേർന്നു തന്നെ വരുന്നു. കിഴക്ക് വിപ്ലവമാണെങ്കിൽ എന്റെ നാട്ടിൽ വേദാന്തമാണ്. ഇതിന്റെ ഇടയിലാണ് ഞാൻ വളരുന്നത്.'

'സമ്മിശ്രമായ അന്തരീക്ഷമാണ് അല്ലേ?'

'അതേ, ഇല്ലം നോവലിലെ കൃഷ്ണപ്പിള്ള വിപ്ലവനായകനാണ്. അയാൾ കൂത്താട്ടുകുളത്തിന്റെ ഒരു പ്രതീകമാണ്. പ്രതിഭാസമാണ്, ഇനി ഇല്ലം എന്നു പറയുന്നത് തീർച്ചയായിട്ടും അന്നാട്ടിലെ അന്നത്തെ ആ സംസ്കാരത്തോടു ബന്ധപ്പെട്ടതാണ്. അയ്യമ്പിള്ളിത്തറവാട് ആണ് ഈ നോവലിലെ ഭദ്രന്റെ വീട്. അങ്ങനെ വിപ്ലവവും വേദാന്തവും സമ്മേളിക്കുന്ന ഒരു സംസ്കൃത ഭൂമികയിലാണ് എന്റെ ജനനം. അങ്ങനെ നോക്കുമ്പോൾ ഈ ഭദ്രൻ എന്ന കഥാപാത്രത്തിന്റെ ബാല്യവും കൗമാരവും എന്റെ ബാല്യവും കൗമാരവും തന്നെയാണ്. വായിച്ചു നോക്കിയാൽ അത് മനസ്സിലാക്കുവാൻ സാധിക്കും. ആ ഒരു സംസ്കാരമുണ്ട് വാസ് തവത്തിൽ.'

കൃഷി ചെയ്യുന്ന ഭൂമിയൊക്കെ കൃഷിക്കാരുടേതായി. നമ്മള് കൊയ്യും വയലെല്ലാം നമ്മുടേതായി. എന്റെ അച്ഛൻ ഭൂവുടമയായി. അങ്ങനെ വന്നപ്പോൾ എന്താ പറ്റിയതെന്നു വച്ചാൽ ഇല്ലം ദരിദ്രമായി.

'പിന്നെ നടുവിലേടത്ത് മഠവുമായുള്ള ഒരു കണക്ഷനില്ലേ? അതോ?'

'മൂന്ന് മഠങ്ങളുണ്ട്. നടുവിൽ മഠം ആണ് നടുവിൽ ഇടം ആയത്. പിന്നെ നടുവിലേടം ആയി.'

'അവിടെ മാഷ് താമസിച്ചിരുന്നോ?'

'മൂന്ന് വീടുകളാണ് ഞങ്ങളുടേത്. ഒരു വീട്ടുപേര് കിഴക്കേടത്ത്, ഒരു വീട്ടുപേര് പടിഞ്ഞാറേടത്ത്, ഒരു വീട്ടുപേര് നടുവിലേടത്ത്.'

'മാഷ്ടെ വീട്ടുപേര് നടുവിലേടത്ത് എന്നാണ് വരുന്നത്?'

'അതേ, കിഴക്കേടത്ത് എന്നു പറയുന്നത് കിഴക്കേ മഠം ആണ്. കിഴക്കേ ഇടം ആയി കിഴക്കേടം ആയത്. പടിഞ്ഞാറേ മഠം പടിഞ്ഞാറേ മഠം ആയി പിന്നേ പടിഞ്ഞാറേടം ആയി. നടുവിൽ മഠം നടുവിൽ ഇടമായി നടുവിലേടമായി. നടുവിലേടം എന്നു പറയുന്നിടത്താണ് എന്റെ ജനനം.'

'മാഷ്ടെ വീടും ഇല്ലവും തമ്മിലുള്ള വല്ല പൂർവകാല ചരിത്രമുണ്ടോ?'

'എന്റെ തറവാടിനോട് ചേർന്ന് തൊട്ടുകിഴക്കേ പറമ്പിൽ സർപ്പക്കാവ് ഉണ്ട്. ഞാൻ കോളേജിൽ പഠിക്കുന്ന കാലത്തും ഉണ്ട്. അവിടെ പൂജാദി കർമ്മങ്ങളൊക്കെ നടന്നിരുന്നു. ഈ ബ്രാഹ്മണ്യത്തിന്റെ ചില ജാത്യാചാരങ്ങളുണ്ടല്ലോ. അത് മുഴുവൻ സംഭവിച്ചിട്ടുണ്ട് അവിടെ. സംഭവിച്ചുകൊണ്ടേയിരുന്നു. സർപ്പക്കാവും അവിടെയൊരു നൈവേദ്യം നൽകുന്ന രീതിയും ഒക്കെ ഉണ്ടെന്നുപറഞ്ഞാൽ അതിന്റെ അർത്ഥം എന്താണ്? ആ ഭൂമി അയാളുടേതെന്നാ.'

'ഇല്ലത്തെയാണ് ല്ലേ,?'

'അതേ, അല്ലെങ്കിൽ ആ സംസ്കാരം പുലർത്തുന്നതല്ലേ, അപ്പൊ അതൊക്കെ വെച്ചിട്ടാണ് ഞാൻ ഇങ്ങനെ പറയുന്നത്. ഞാനിത് ഒരു അവകാശവാദമായിട്ട് ഉന്നയിക്കുകയല്ല. ഒരു സംസ്കാരമായിട്ട് പറയുന്നതാണ്.'

'അങ്ങനെ ഒരു ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ടോ?'

'എല്ലാരും കൃഷിക്കാരായിപ്പോയില്ലേ ? പിന്നെ കാർഷിക സംസ്കാരത്തിലേക്ക് അമർന്നു പോയപ്പോഴേക്കും അങ്ങനെ രേഖപ്പെടുത്തലൊന്നും ലഭിച്ചില്ല. പിന്നെ ഞങ്ങളുടെ ഗ്രാമത്തിന്റെ കിഴക്കേ പാടത്ത് വേറൊരു പുതിയ ഇല്ലമുണ്ട്. അതാണ് നോവലിലെ ആ വലിയ നമ്പൂതിരിയുടെ മന . അതിന്റെ പേര് കാഞ്ഞിരപ്പള്ളി മന എന്നാണ്. വലിയ സമ്പന്നമായ ഇല്ലമായിരുന്നു.'

'ഇപ്പോഴുമുണ്ടല്ലോ അല്ലേ കാഞ്ഞിരപ്പള്ളി മന?'

'അതേ ഇപ്പോഴുമുണ്ട്. കാവുങ്കൽ മനയും ഉണ്ട്, പക്ഷേ എല്ലാം ക്ഷയിച്ചുപോയി. മറ്റേ



എന്റെ തറവാടിനോട് ചേർന്ന് സർപ്പക്കാവ് ഉണ്ട്. അവിടെ പൂജാദി കർമ്മങ്ങളൊക്കെ നടന്നിരുന്നു. നമ്മുടെ ഈ ബ്രാഹ്മണ്യത്തിന്റെ ചില ജാത്യാചാരങ്ങളുണ്ടല്ലോ. അത് മുഴുവൻ സംഭവിച്ചിട്ടുണ്ട് അവിടെ. സർപ്പക്കാവും അവിടെ നൈവേദ്യം നൽകുന്ന രീതിയും ഉണ്ടെന്നു പറഞ്ഞാൽ അതിന്റെ അർത്ഥം എന്താണ്.

മനക്കാർ പൂജയും കർമ്മവും കൃഷിയുമൊക്കെ നിർത്തി കോട്ടയത്ത് കമ്പനിയൊക്കെ തുടങ്ങി. വ്യവസായികളായി മാറി. അതിലൂടെ അവർ പച്ചപിടിച്ചുനിന്നു. സർക്കാരുദ്യോഗത്തിനു പോയി, പഠിച്ചു, അവർ രക്ഷപ്പെട്ടു പോയി. കാവുങ്കൽ പക്ഷേ, ക്ഷയിച്ചുപോയി.'

'രാമൻ നമ്പൂതിരി ശരിക്കും നോവിൽ പറയുന്ന പോലെ തന്നെയാണോ? കാവുങ്കൽ ഇല്ലത്തെ ശരിക്കും ഉള്ള ആളാണോ?'

'അതേ . രാമൻ നമ്പൂതിരി എന്ന കഥാപാത്രത്തിന് ആധാരമായ നമ്പൂതിരിയുടെ പേര് ഓർക്കുന്നില്ല. തിരുമേനിയെന്നാണ് ഞാൻ വിളിച്ചിരുന്നത്.'

'അദ്ദേഹം മാഷെ എങ്ങനെയാണ് സ്വാധീനിച്ചത്?'

'എളിമയാണ് അദ്ദേഹത്തിന്റെ മുഖമുദ്ര. നമ്പൂതിരിമാരെ ദുഷ്ടാത്മാക്കളായി ചിത്രീകരിക്കുന്ന ഒരു രീതിയാണല്ലൊ കഥകളിലെല്ലാം കാണുന്നത്.'

'ഈ ഒരു പംക്തിയുടെ ഉദ്ദേശ്യവും അതാണ്. നമ്പൂതിരിമാരുടെ നന്മ തിരിച്ചറിഞ്ഞവരുടെ തുറന്നു പറച്ചിൽ.'

'നല്ലൊരു ശുദ്ധാത്മാവായിരുന്നു അദ്ദേഹം. ഞാൻ പരിചയപ്പെട്ട ആൾമോസ്റ്റ് എല്ലാ നമ്പൂതിരിമാരും പാവങ്ങളാണ്. ഉദാഹരണത്തിന് അക്കിത്തം അച്യുതൻ നമ്പൂതിരി. ഞങ്ങൾ രണ്ടാഴ്ച ഒരുമിച്ച് യാത്ര ചെയ്തിട്ടുണ്ട്. സാഹിത്യ അക്കാഡമിയുടെ പ്രതിനിധികളായിട്ട് .ഗുജറാത്ത് സംസ്ഥാനം മുഴുവൻ രണ്ടാഴ്ച കറങ്ങിയിട്ടുണ്ട്. ഒരു സാംസ്കാരിക സംഘത്തിന്റെ കൂടെയായിരുന്നു. അക്കിത്തവും ഞാനും ഒരേ മുറിയിലായിരുന്നു കഴിഞ്ഞിരുന്നത്. എന്തൊരു എളിമയുള്ള മനുഷ്യനാണ്. എന്തൊരു നന്മയുള്ള മനുഷ്യനാണ്.'

'അതേ പോലെ വിഷ്ണുനാരായണൻ നമ്പൂതിരിയെക്കുറിച്ചും മാഷ് ധാരാളം പറയാറുണ്ടല്ലോ?'

'അതേ. വിഷ്ണുനാരായണൻ നമ്പൂതിരി എന്നെക്കുറിച്ച് കവിതയെഴുതീട്ടുണ്ട്. അതിനൊരു കാരണവുമുണ്ട്. അദ്ദേഹത്തിന്റെ ഒരു കവിത പഠിക്കാൻ വേണ്ടി പാഠപുസ്തകമാക്കി. ഞാനാണ് അത് പാഠപുസ്തകമാക്കിയത്. ഞാൻ ബോർഡ് ഓഫ് സ്റ്റഡീസിൽ ഉള്ളപ്പോൾ. എനിക്ക് വളരെ ഇഷ്ടപ്പെട്ട കവിതയാണ്. ആദവും ദൈവവും എന്ന കവിത.'

'വളരെ വിമർശനമൊക്കെ ഉണ്ടായ കവിത അല്ലേ?'

'അതാണ് പറയാൻ വരുന്നത്. എനിക്ക് അത് ഇഷ്ടപ്പെട്ടപ്പോൾ ബോർഡ് ഓഫ് സ്റ്റഡീസിൽ പഠിക്കാൻ വെച്ചു. പിന്നീട് കോളേജ് തുറന്ന് കഴിഞ്ഞപ്പോൾ ഭയങ്കര വിപ്ളവം. വളരെ വിമർശനമുണ്ടായി. ആ കവിത വായിക്കേണ്ടതാണ്.'

'ബൈബിൾ പ്രകാരം ആദിമ മനുഷ്യനായ ആദമിനെയും ഹവ്വയെയും ദൈവം ഏദനിൽ പാർപ്പിച്ചു. അവർ അവിടെ ഒന്നും ചെയ്യണ്ട. അവർക്ക് ജീവിക്കാനാവശ്യമായ എല്ലാം അവിടെ ഉണ്ടായിരുന്നു. പക്ഷേ, ദൈവം ഒരു



*മഹാകവി അക്കിത്തം അച്യുതൻ നമ്പൂതിരി.*



*വിഷ്ണുനാരായണൻ നമ്പൂതിരി എന്നെക്കുറിച്ച് കവിതയെഴുതീട്ടുണ്ട്. അിനൊരു കാരണവുമുണ്ട്. അദ്ദേഹത്തിന്റെ ഒരു കവിത ഞാൻ പാഠപുസ്തകമാക്കി. അത് വൻ വിവാദമായി.*

കല്പന പുറപ്പെടുവിച്ചിരുന്നു. അവിടെ നടുക്ക് നിൽക്കുന്ന അറിവിന്റെ ഒരു വൃക്ഷമുണ്ട്. അതിലെ കനി മാത്രം ഭക്ഷിക്കരുത്. ബൈബിളിലുണ്ട് അത്.'

'പക്ഷേ, സർപ്പം സ്ത്രീയെ വഞ്ചിച്ചു. ഇതിലൊരെണ്ണം പറിച്ചുകൊടുത്തു. നല്ല മധുരമുള്ള കനി. അവളത് കഴിച്ചു. ഭർത്താവിനും കൊടുത്തു. അറിവില്ലാത്തവരായിരുന്നു അവർ. അപ്പോൾ അതുവരെ നഗ്നരായിരുന്നു എന്ന് അറിയാതിരുന്ന അവർക്ക് നഗ്നതയെക്കുറിച്ച് അറിവുണ്ടായി. അവരപ്പോൾ ഇലകൾകൊണ്ട് വസ്ത്രമുണ്ടാക്കി ധരിച്ചു. യഹോവ നടക്കാനിറങ്ങിയപ്പോൾ ആദം പോയി ഒളിച്ചിരുന്നു, അവർക്ക് പറ്റിയ തെറ്റ് മനസ്സിലായ ദൈവം അവരെ ശപിച്ച് പുറത്താക്കിയതാണ്. ഭൂമിയിൽ പോയി നിങ്ങൾ അദ്ധ്വാനിച്ച് ജീവിക്കണം എന്നു ശപിച്ചു എന്നാണ് ബൈബിൾ പറയുന്നത്.'

'വിഷ്ണുവിന്റെ കവിതയിൽ പറയുന്നത് ദൈവം ഭൂമിയിൽ നടക്കാനിറങ്ങിയതാണ്, ഒരു സായാഹ്നത്തിൽ. നടക്കാൻ തുടങ്ങിയപ്പോഴേക്കും ആദമിനെ വിളിച്ചു. നോക്കിയപ്പോൾ രണ്ടു പേർ ഭൂമിയിൽ നിന്നുകൊണ്ട് കഠിനമായി അദ്ധ്വാനിക്കുന്നു. ഒരു പുരുഷനും ഒരു സ്ത്രീയുമാണത്. ദൈവം അടുത്തു ചെന്നു നോക്കിയപ്പോൾ അത് ആദവും ഹവ്വയുമാണെന്ന് മനസ്സിലായി. അവർ കഠിനമായി അദ്ധ്വാനിച്ച് മനോഹരമായ ഒരു ഉദ്യാനമുണ്ടാക്കിയിരിക്കുന്നു ഭൂമിയിൽ. ഏദൻതോട്ടത്തെ വെല്ലുന്ന ഉദ്യാനം ഭൂമിയിലുണ്ടാക്കിയിരിക്കുകയാണ് മനുഷ്യന്റെ അദ്ധ്വാനം കൊണ്ട്. താൻ ശപിച്ച് പുറംതള്ളിയിട്ടും അവർ മറ്റൊരു ഏദൻതോട്ടം ഭൂമിയിലുണ്ടാക്കി എന്നു കണ്ടപ്പോൾ ദൈവത്തിന് സന്തോഷമായി. ദൈവം അവരെ പുറത്താക്കിയതിൽ പശ്ചാത്തപിച്ചു എന്നാണ് വിഷ്ണു എഴുതിയ കവിത.'

'ഇതാണ് ഞാൻ പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയത്. മനുഷ്യന്റെ പ്രയത്നത്തെയും മഹത്വത്തെയും എടുത്തുകാണിക്കുകയാണ് ഈ കവിതയിൽ. കവിത വന്നപ്പോൾ അച്ചന്മാരും മറ്റുള്ളവരും വിപ്ളവമുണ്ടാക്കി.'

'ദൈവം പശ്ചാത്തപിക്കുമോ? ദൈവത്തിന് കുറ്റബോധം വരുമോ? ഇത് ദൈവനിന്ദയാണ് എന്നു പറഞ്ഞ് കവിതക്കെതിരായി ഭയങ്കര വിപ്ളവമുണ്ടായി. പ്രതിഷേധം ഉയർന്നുയർന്നുവന്നു. ഇത് കൂടിക്കൂടി വന്നപ്പോൾ ഞാൻ ഇറങ്ങി. എനിക്കൊരു ധാർമ്മിക ഉത്തരവാദിത്തമുണ്ടല്ലോ. ഞാനല്ലേ ആ കവിത പഠിക്കാനായി വെച്ചത്? വിഷ്ണു അതേക്കുറിച്ച് എന്നോടൊന്നും പറഞ്ഞില്ല കേട്ടോ. ഞാൻ തിരുവനന്തപുരം ആർച്ച്ബിഷപ്പിന്റെ അടുത്തു ചെന്നു. കോളേജിന്റെ മാനേജരും അദേഹമായിരുന്നു. നേരെ പോയി അദ്ദേഹത്തെ കണ്ടു. കാര്യം പറഞ്ഞു. അദ്ദേഹം പറഞ്ഞ വാക്കുകളിതാണ്–

'ആ നമ്പൂതിരി ഒരു നല്ല മനുഷ്യനാണെന്നാണ് ഞാൻ ധരിച്ചിരുന്നത്. ഇത്തരം മോശപ്പെട്ട കവിതയൊക്കെ അങ്ങേര് എഴുതിയോ' എന്നോട് ബിഷപ്പ് ചോദിച്ചു.

അപ്പോൾ ഞാൻ തിരിച്ച് ചോദിച്ചു 'തിരുമേനി ഈ കവിത വായിച്ചിട്ടുണ്ടോ?'

'ഇല്ല, നമ്മുടെ അച്ചന്മാരൊക്കെ വായിച്ചിട്ടുണ്ട്' എന്നു പറഞ്ഞു.

അപ്പോൾ ഞാൻ പറഞ്ഞു. 'അതു പോരല്ലോ, തിരുമേനി വായിക്കണ്ടേ?'

'ഞാൻ ഈ കവിതയും കൊണ്ടാ പോയിരുന്നത്. ഇതു മുഴുവൻ ചൊല്ലിക്കേൾപ്പിച്ചു, തിരുമേനിയെ. എല്ലാം കേട്ട് എന്നോട് തിരുമേനി ചോദിച്ചു.

'അയ്യോ, ഇതിനകത്ത് കുഴപ്പമൊന്നുമില്ലല്ലോ. പിന്നെ എന്താണ് പ്രശ്നം. ഞാൻ പറഞ്ഞു. അതു തന്നെയാ എനിക്കും ചോദിക്കാനുള്ളത്. എന്താണ് പ്രശ്നം? അച്ചന്മാർക്ക് കവിത മനസ്സിലായിട്ടില്ല.

അപ്പോൾ പെട്ടെന്ന് തിരുമേനി പറഞ്ഞു. 'സാരമില്ല.'

പിറ്റേദിവസം അദ്ദേഹം എല്ലാവരെയും വിളിച്ചു പറഞ്ഞു. 'ആദവും ദൈവവും' നല്ല കവിതയാണ്. അതു പഠിപ്പിക്കുന്നതുകൊണ്ട് പിള്ളേർക്ക് ദോഷമൊന്നും സംഭവിക്കില്ല എന്ന്. അങ്ങനെ ആ കവിത പിള്ളേര് പഠിച്ചു.

'ഒരു ദിവസം ഞാൻ നോക്കിയപ്പോൾ വിഷ്ണുനാരായണൻ നമ്പൂതിരി മകൾ ഉഷയുമായിട്ട് (അദിതി ടീച്ചർ, അവളെ ഞങ്ങൾ വിളിക്കുന്നത് ഉഷയെന്നാണ് ) രാവിലെ വീട്ടിൽ വരുന്നു. ഇവിടെ എന്റെ വീട്ടിൽ. ഗീതാഞ്ജലിയിലെ ഒരു ശ്ലോകവും എഴുതിക്കൊണ്ടാണ് വരവ്. ഒരു ഓലക്കീറിൽ നാരായം കൊണ്ടെഴുതിയതുമായി വന്നു.

ഞാൻ പരിചയപ്പെട്ട ആൾ മോസ്റ്റ് എല്ലാ നമ്പൂതിരിമാരും പാവങ്ങളാണ്. ഉദാഹരണത്തിന് അക്കിത്തം അച്യുതൻ നമ്പൂതിരി. ഞങ്ങൾ രണ്ടാഴ്ച ഒരുമിച്ച് യാത്ര ചെയ്തിട്ടുണ്ട്. സാഹിത്യ അക്കാഡമിയുടെ പ്രതിനിധികളായിട്ട് .ഗുജറാത്ത് സംസ്ഥാനം മുഴുവൻ രണ്ടാഴ്ച കറങ്ങിയിട്ടുണ്ട്. ഒരു സാംസ്കാരിക സംഘത്തിന്റെ കൂടെയായിരുന്നു. അക്കിത്തവും ഞാനും ഒരേ മുറിയിലായിരുന്നു കഴിഞ്ഞിരുന്നത്. എന്തൊരു എളിമയുള്ള മനുഷ്യനാണ്. എന്തൊരു നന്മയുള്ള മനുഷ്യനാണ്. '

ഒരു സ്നേഹം. ഇതുമായി ബന്ധപ്പെട്ട് ഓണക്കൂറിനോട് എന്ന ഒരു കവിത വിഷ്ണു എഴുതിയിട്ടുണ്ട്. എന്റെ ആത്മകഥക്കകത്ത് അത് ചേർത്തിട്ടുണ്ട്.'

'ഹൃദയരാഗങ്ങളിലാണോ?'

'അതേ, ഈ കഥകളെല്ലാം അതിലുണ്ട് കേട്ടൊ.'

'പിന്നെ വേറൊന്ന് മാഷ് പറഞ്ഞ് കേട്ടിട്ടുള്ളത് അദിതി ടീച്ചറിന്റെ മാര്യേജിന്റെ കഥയാണ്.'

'അത് രസകരമാണ്. അവരുടെ കല്യാണത്തിന് എന്നെ വിളിച്ചപ്പോൾ ഒരു കസവുമുണ്ടുമായി വരണമെന്ന് പറഞ്ഞു. ട്രിവാൻഡ്രം ക്ളബിൽ സുബ്രഹ്മണ്യം ഹാളിൽ. അപ്പോൾ ഞാൻ വിചാരിച്ചു അവർക്ക് വല്ല ആവശ്യത്തിനും ഉടുക്കാൻ വേണ്ടി കൊണ്ടു ചെല്ലാൻ പറഞ്ഞതായിരിക്കും. ഓതിക്കോൻമാരും മറ്റുമുണ്ടല്ലൊ, അവർക്കാർക്കെങ്കിലും വേണ്ടിയായിരിക്കും എന്നു വിചാരിച്ചു. അങ്ങനെ ഞാനൊരു നല്ല കസവു പുടവയും ഷാളും വാങ്ങി പായ്ക്ക് ചെയ്ത് കൊണ്ടുപോയി. അന്ന് ഞാൻ പാന്റ്സാണ് ഇടുന്നത്. കോളേജിൽ പഠിപ്പിക്കുന്ന കാലത്താണ്.'

'കസവു മുണ്ട് ഉഷയുടെ കയ്യിൽ കൊടുത്തു. ഉഷപറഞ്ഞു. ഇത് എനിക്കല്ല. ഓണക്കൂർ സാറിന് ഉടുക്കാനാണ്. 'ഞാനെന്തിനാ ഉടുക്കുന്നേ. ഇവിടെ ഡ്രസ് കോഡുണ്ടോ എന്നു ചോദിച്ചു ഞാൻ. കല്യാണത്തിൽ പങ്കെടുക്കാൻ ഡ്രസ് കോഡുണ്ടോ എന്ന്. വിഷ്ണു പറഞ്ഞു ഡ്രസ് കോഡ് ഒന്നുമില്ല.പക്ഷേ ഓണക്കൂറിന് ഒരു ഡ്യൂട്ടിയുണ്ട്. കസവു മുണ്ട് ഉടുത്തുകൊണ്ട് വേദിയിൽ കയറി ഇരിക്കണം. ഒരു ഓതിക്കോന്റെ ഡ്യൂട്ടി. കന്യാദാനം ചെയ്യാനായി എന്നെ അധി



*വിഷ്ണുനാരായണൻ നമ്പൂതിരിയും മകൾ അദിതിയും (ഉഷ)*

**ജോർജ്ജ് ഓണക്കൂർ/ പുരസ്കാരങ്ങൾ**

1980 – കേരള സാഹിത്യ അക്കാദമി പുരസ്ക്കാരം / നോവൽ – ഇല്ലം
1996 – സഹോദരൻ അയ്യപ്പൻ പുരസ്കാരം/കലാപത്തിന്റെ തിരുശേഷിപ്പുകൾ
2004 – കേരള സാഹിത്യ അക്കാദമി പുരസ്ക്കാരം / അടരുന്ന ആകാശം
2006 – കെ.സി.ബി.സി. അവാർഡ് /ഹൃദയത്തിൽ ഒരു വാൾ
2006 – കേരളശ്രീ അവാർഡ് / ഹൃദയത്തിൽ ഒരു വാൾ
2006 – തകഴി അവാർഡ് / ഹൃദയത്തിൽ ഒരു വാൾ
2009 – കേശവദേവ് സാഹിത്യ അവാർഡ്/ പർവതങ്ങളിലെ കാറ്റ്
2021 – കേന്ദ്ര സാഹിത്യ അക്കാദമി പുരസ്ക്കാരം / ആത്മകഥ – ഹൃദയരാഗങ്ങൾ

കാരപ്പെടുത്തിയിരിക്കയാണ്. ഉഷയെ വരന്റെ കൈയിലേക്ക് എടുത്തു കൊടുത്തത് എന്റെയും കൂടി മടിയിലിരുത്തിയാണ്.'

'ഓഹോ . മാഷ്ടെ മടിയിലിരുത്തീട്ടാണോ അദിതി ടീച്ചറിന്റെ കന്യാദാനം?'

'അതേ, ഞങ്ങൾ ഒമ്പതു പേരുണ്ടായിരുന്നു.'

'അതു വല്ലാത്തൊരു അനുഭവമാണല്ലൊ. അല്ലേ?'

'അതേ. അപ്പോൾ ഞാൻ വിഷ്ണുനോട് ചോദിച്ചു ഇത് ശരിയാണോ. എന്നെക്കൊണ്ട് ഇത് ചെയ്യിക്കുന്നത് ശരിയാണോ. കാരണം നമ്പൂരിശ്ശന്മാരുടെ കൂടെ എന്നെ ഇരുത്തി ഇങ്ങനെ ചെയ്താൽ, അവരെഴുന്നേറ്റ് പോയാൽ എന്ത് ചെയ്യും എന്ന് ഞാൻ ചോദിച്ചു. അപ്പോൾ എന്നോട് അന്ന് വിഷ്ണു പറഞ്ഞ ഒരു വാക്കുണ്ട്. ഇല്ലം എഴുതിയ ഓണക്കൂറിനേക്കാൾ വലിയൊരു നമ്പൂതിരിയില്ല എന്ന്. അത് അദ്ദേഹത്തിന്റെ വലിയ മനസ്സു കൊണ്ട് പറഞ്ഞ ഒരു കാര്യമാണ്. അപ്പോൾ ആ പുസ്തകത്തിലൂടെ എനിക്ക് അങ്ങനെ ഒരു മഹത്വം വന്നു. ഞാൻ അറിയാത്ത അല്ലെങ്കിൽ എനിക്ക് അറിയാത്ത ഒരു വലിയ അനുഗ്രഹം ആ പുസ്തകം എനിക്ക് കൊണ്ടുതന്നു. ശരിക്കു പറഞ്ഞാൽ എന്റെ ഒരു പ്രണയതാഴ്വരയിലെ ദേവദാരു എന്ന നോവൽ മേൽപാഴൂർ ഇല്ലത്തിന്റെ കഥ തന്നെയാണ്.'

'ആണല്ലേ?'

'അതേ, അവിടെ ജനിച്ചു വളർന്ന ഹർഷവർദ്ധനൻ എന്ന ചെറുപ്പക്കാരൻ ഏയ്റോസ്പേയ്സ് എഞ്ചിനീയർ ആയി ഇറ്റലിയിൽ റോമിൽ ചെന്നിറങ്ങുന്നതായിട്ടാണ്. അവൻ റോമിലെ കലാക്ഷേത്രങ്ങൾ മുഴുവനും കണ്ട് നടക്കുമ്പോൾ ഒരു കൂട്ടുകാരിയുണ്ട് അവിടെ. സൈറ എന്നു പേരായിട്ട്. ഒരു ജൂയിഷ് ജറുസലേംകാരി പെൺകുട്ടിയാണ്. അവളാണവന്റെ ഗൈഡ്. അതു കഴിഞ്ഞ് അവൻ തിരിച്ചു വരുമ്പോളത്തേക്ക് അവൾ പറയുകയാണ് ഐ വാണ്ട് ടു കം ടു യുവർ ലാൻഡ് . ഇന്ത്യയിലേക്ക് വരണം അവൾക്ക്. അവൾ ഓറിയന്റൽ ദർശനത്തെ കുറിച്ച് റിസർച്ച് ചെയ്യുകയാണ്. ഓറിയന്റൽ കൾചർ. പൗരസ്ത്യ ദർശനത്തെക്കുറിച്ച്. അതു കഴിഞ്ഞ് ഒരു 6 മാസം കഴിഞ്ഞപ്പോളത്തേക്ക്

ഉഷയെ വരന്റെ കൈയിലേക്ക് എടുത്തു കൊടുത്തത് എന്റെ മടിയിലിരുത്തിയാണ് . അവിടന്നാണ് എടുത്തു കൊടുത്തത്. ഞാൻ വിഷ്ണുനോട് ചോദിച്ചു ഇത് ശരിയാണോ. എന്നെക്കൊണ്ട് ഇത് ചെയ്യിക്കുന്നത് ശരിയാണോ. കാരണം നമ്പൂരിശ്ശന്മാരുടെ കൂടെ എന്നെ ഇരുത്തിചെയ്താൽ, അവരെഴുന്നേറ്റ് പോയാൽ എന്ത് ചെയ്യും എന്ന് ഞാൻ ചോദിച്ചു. അപ്പോൾ എന്നോട് അന്ന് വിഷ്ണു പറഞ്ഞ ഒരു വാക്കുണ്ട്. ഇല്ലം എഴുതിയ ഓണക്കൂറിനേക്കാൾ വലിയൊരു നമ്പൂതിരിയില്ല എന്നു പറഞ്ഞു.



ഇതെല്ലാം ചെയ്യാനുള്ള പ്രേരണ എനിക്ക് ഇല്ലത്തു നിന്ന് കിട്ടിയിട്ടുള്ള സംസ്കൃതം പഠനവും അതിന്റെ സംസ്കാരവുമാണ്. നമ്മുടെ സംസ്കാരത്തെയെല്ലാം രൂപപ്പെടുത്തുന്നത് ബാല്യമാണ്. അടിസ്ഥാനപരമായി മൂല്യം എന്നു പറയുന്നത് ബേസിക് എഡ്യുക്കേഷനാണ്. അത് എനിക്ക് ശക്തമായി കിട്ടിയിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു.

ഈ കുട്ടി ഇന്ത്യയിലേക്ക് വരുന്നു. പിന്നെ അവൾ ഇന്ത്യ മുഴുവൻ നടന്ന് കാണുകയാണ്. അതാണ് ആ നോവലിന്റെ ഒരു ഘടന. രണ്ട് പാർട്ടുണ്ട്. ആദ്യ ഭാഗം വെസ്റ്റേൺ കൾചറിനെക്കുറിച്ചുള്ളത്. ഇറ്റലി അടിസ്ഥാനമാക്കിയത്, സെക്കൻഡ് പാർട്ട് എന്നു പറയുന്നത് ഇന്ത്യൻ കൾച്ചർനെക്കുറിച്ചുള്ള വിശകലനം ആണ്. ആൻഡ് അൾട്ടിമേറ്റ് ഈസ് ദാറ്റ് നോവൽ പ്രൂവ്സ് ഓറിയന്റൽ കൾചർ ദാറ്റ് ഈസ് ദ കൾചർ ഓഫ് ഇന്ത്യ ഓർ ഭാരത് ഈസ് ഫാർ സുപ്പീരിയർ ദാൻ ദാറ്റ് ഓഫ് വെസ്റ്റേൺ എന്നു സമർപ്പിക്കുന്ന ഒരു എഴുത്തായിരുന്നു.’

‘അതിന്റെ ഇംഗ്ളീഷ് പരിഭാഷ ഇപ്പോൾ വന്നു. അങ്ങനെ കുറച്ച് വർക്ക് അതിനകത്ത് ചെയ്തിട്ടുണ്ട്.’

‘ഇതെല്ലാം ചെയ്യാനുള്ള പ്രേരണ എന്നു പറയുന്നത് എനിക്ക് ഇല്ലത്തു നിന്ന് കിട്ടിയിട്ടുള്ള സംസ്കൃതപഠനവും അതിന്റെ സംസ്കാരവുമാണ്.’

‘പിന്നീട് അവരെ കണ്ട്ട്ടുണ്ടോ ശ്രീദേവിയെയും മറ്റു കൂടെ പഠിച്ചവരെയൊക്കെയും?’

‘അവരൊക്കെ വെറും ദുരന്ത കഥാപാത്രങ്ങളായിട്ടു പോയി.’

‘ആണോ, പിന്നീട് കാണാൻ പറ്റീട്ടില്ലേ.?’

‘ആ കുട്ടി മരിച്ചുപോയി.’

‘മാഷ് ഇങ്ങനെയൊരു ഇല്ലത്തിന്റെ പാശ്ചാത്തലത്തിൽ വളർന്നതുകൊണ്ട് ഭാഷയിലോ എഴുത്തിലോ അല്ലെങ്കിൽ ആൾക്കാരോട് ഇടപെടുന്ന രീതിയിലോ എന്തിലെങ്കിലും പോസിറ്റീവ് ആയിട്ടുള്ള വല്ലതും തോന്നിയിട്ടുണ്ടോ?’

‘എന്റെ ഭാഷ എന്നു പറയുന്നത് സൂക്ഷിച്ചു നോക്കിയാൽ അതറിയാം. അങ്ങനെ അവകാശപ്പെടുകയല്ല ട്ടോ.’

‘ഉച്ചാരണം ഞാൻ വല്ലാണ്ട് ശ്രദ്ധിച്ചു. നല്ല നിഷ്കർഷ തോന്നി.’

‘ഉച്ചാരണം അതേ, പിന്നെ ഭാഷയുടെ എഴുത്തിൽ ആണെങ്കിലും അതിൽ സംഗീതം ഉണ്ടെന്ന് വിശ്വസിക്കുന്ന ആളാണ് ഞാൻ. ഒരു വാക്ക് അടർത്തിയെടുത്തിട്ട് വെക്കാനൊക്കില്ല. പുഴ ഒഴുകുന്ന പോലെ സ്വച്ഛന്ദമാണ് അത്. പിന്നെ വലിയ സെന്റൻസ് ഒന്നും ഞാൻ ഉപയോഗിക്കാറില്ല എഴുതുമ്പോൾ, പറയുമ്പോഴും ഇല്ല. കൊച്ചു കൊച്ചു വാക്കുകളാണ്. വാക്യങ്ങളാണ്. അങ്ങനെ വരുമ്പോൾ ഒരു എളിമയുണ്ടാകും. ഭാഷ പഠിച്ചു കഴിയുമ്പോൾ നമുക്ക് അഹങ്കാരം അല്ല ഉണ്ടാകുന്നത്. നമുക്ക് നല്ല ജ്ഞാനം ഉണ്ടെങ്കിൽ നല്ല വിവേകം ഉണ്ടെങ്കിൽ നല്ല സംസ്കാരം കിട്ടും. ഭാഷയുടെ സംസ്കാരം എന്നു പറയുന്നത് നമ്മെ എളിമപ്പെടാൻ സഹായിക്കുന്നതാണ്. അപ്പോൾ വിനയം ഉണ്ടാകും. അറിയാതെ വന്നു ചേരുന്ന ഒരു വിനയം ആണ് ഞാൻ പറയുന്നത്. അതുകൊണ്ട് ഒരിക്കലും അഹങ്കരിക്കാൻ പറ്റില്ല. സെൽഫ് റെസ്പക്ട് കാണും. അഹങ്കാരവും അഭിമാനവും രണ്ടും രണ്ടാണ്. രണ്ട് വാക്കിനും കൃത്യമായ അർത്ഥമുണ്ട്. എനിക്ക് ഒരു അഭിമാനമുണ്ട്. എന്റെ ഭാഷയെക്കുറിച്ചും എന്റെ സംസ്കാരത്തെക്കുറിച്ചും എനിക്ക് നല്ല ആത്മബോധമുണ്ട്. സെൽഫ് റെസ്പെക്റ്റ് ഉണ്ട് എനിക്ക്.’




‘അത് ഇങ്ങനെയൊരു പശ്ചാത്തലത്തിൽ നിന്ന് കിട്ടിയതാണ് എന്ന് മാഷ് വിശ്വസിക്കുന്നു എന്നല്ലേ?’

‘ഉറപ്പായിട്ടും.’

‘നമ്മുടെ വിദ്യാഭ്യാസവും നമ്മുടെ സംസ്കാരത്തെയെല്ലാം രൂപപ്പെടുത്തുന്നത് ബാല്യമാണ്. അതിപ്പോൾ എല്ലാ സൈക്കോളജിസ്റ്റുകളും സമ്മതിച്ചിരിക്കുന്ന കാര്യമാണ്. എല്ലാ മനഃശാസ്ത്രജ്ഞന്മാരും എടുത്തു പറയുന്ന ഒരു കാര്യമുണ്ട്. ഗ്രാസ് റൂട്ട് ലെവൽ എഡ്യുക്കേഷൻ ഈസ് ബേസിക്. കോളേജ് വിദ്യാഭ്യാസവും അതിന്റെ അപ്പുറത്തേക്ക് പഠനവും ഗവേഷണവും നടത്താനായിട്ട് ആളുകൾ നിർബന്ധിക്കുകയാണ് ഇപ്പോൾ. ബട്ട് അടിസ്ഥാനപരമായി മൂല്യം എന്നു പറയുന്നത് ബേസിക് എഡ്യുക്കേഷനാണ്. അത് എനിക്ക് ശക്തമായിട്ട് കിട്ടിയിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു.’

●


ജോർജ് ഓണക്കൂർ
മൊബൈൽ: 9447521162
ശ്രീഭ നാറണിയാട്
മൊബൈൽ: 9447276760


ജോർജ്ജ് ഓണക്കൂർ 1941 നവംബർ 16ന് എറണാകുളം ജില്ലയിലെ മൂവാറ്റുപുഴയ്ക്കടുത്ത് ജനിച്ചു. സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ പ്രഥമ അനൗദ്യോഗിക ചെയർമാൻ, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ, ബാലകൈരളി വിജ്ഞാനകോശത്തിന്റെ ശില്പി എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ ഡയറക്ടർ എന്ന നിലയിൽ ജവഹർലാൽ നെഹ്റു അവാർഡ് ലഭിച്ചിട്ടുണ്ട്. ജോർജ് ഓണക്കൂറിന്റെ ഹൃദയരാഗങ്ങൾ എന്ന ആത്മകഥക്ക് ഒരു ലക്ഷം രൂപയും ഫലകവും അടങ്ങുന്ന കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരവും ലഭിച്ചിട്ടുണ്ട്




# യോഗക്ഷേമസഭ സ്വസ്തി

ത്രൈമാസിക

യോഗക്ഷേമ സഭ
കോഴിക്കോട്
ജില്ലാകമ്മിറ്റി
പ്രസിദ്ധീകരണം

സ്വസ്തി കിട്ടുന്നവർ സ്ലിപ്പിലെ അഡ്രസ്സ്, പിൻകോഡ്, ഫോൺ നമ്പർ എന്നിവ വ്യത്യാസമുണ്ടെങ്കിലും 25-ാം തീയ്യതിക്കുള്ളിൽ സ്വസ്തി കിട്ടിയില്ലെങ്കിലും അറിയിക്കുക. എസ്.ടി.എം നമ്പർ കൂടി അറിയിക്കണം

**അറിയിക്കേണ്ട ഫോൺ നമ്പർ-9447332611 / 9895621493**

ഗൂഗിൾ പേ /ബാങ്ക് ട്രാൻസ്ഫർ എന്നിവയിൽ എസ്.ടി.എം നമ്പർ കൂടി ചേർക്കുവാൻ ശ്രദ്ധിക്കുക. ചെക്ക് / ഡ്രാഫ്റ്റ്, എം.ഒ. എന്നിവ യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി എന്ന പേരിൽ അയക്കുക.

***മാനേജിംഗ് എഡിറ്റർ, 9895621493***

<u>Net Banking / Google Pay</u>

**Name of A/c:** Yogakshema Sabha Kozhikode Dt. Committee
**Bank:** DhanalkshmiBank **Branch:** Chevarambalam
**A/c No.** 013303800000664 **IFSC** DLXB0000133

യോഗക്ഷേമസഭ ജില്ലാ കമ്മിറ്റി,
ജില്ലാ ആസ്ഥാനമന്ദിരം,
കോവൂർ വിഷ്ണുക്ഷേത്രത്തിന് സമീപം,
പി.ഒ. ചേവായൂർ, കോഴിക്കോട് 673017

## പരസ്യനിരക്ക്

| | | | |
|---|---|---|---|
| ബാക്ക് കവർ കളർ | 15000 | വേളി പരസ്യം കളർ | 1500 |
| ഫ്രണ്ട് കവർ ഇന്നർ കളർ | 7500 | ഫുൾ പേജ് b/w | 3000 |
| ബാക്ക് കവർ ഇന്നർ കളർ | 7500 | ഹാഫ് പേജ് b/w | 1500 |
| ഫുൾ പേജ് കളർ | 5000 | ക്വാർട്ടർ പേജ് b/w | 750 |
| ഹാഫ് പേജ് കളർ | 2500 | സ്ട്രിപ്പ് b/w | 750 |
| ക്വാർട്ടർ പേജ് കളർ | 1500 | ജാതകങ്ങൾ | 500 |
| സ്ട്രിപ്പ് കളർ | 1000 | ആശംസകൾ | 1000 |

*An Exclusive Publication on Namboodiri Life &Life style*

# നമ്പൂതിരിമാരെപ്പറ്റി സർവ്വവും അറിയാൻ

നമ്പൂതിരിമാർ എവിടന്ന് വന്നു? അവരുടെ പൂർവികർ ആര്? ആ പേരിന്റെ അർത്ഥമെന്ത്? എത്ര വിഭാഗക്കാരുണ്ട്? നമ്പൂതിരിമാരുടെ ആചാരങ്ങളുടെ അർത്ഥമെന്ത്? അനുഷ്ഠാനപ്പൊരുളെന്ത്? അവർക്കിടയിലെ അവാന്തര വിഭാഗങ്ങൾ ഏതൊക്കെ? ഇന്ത്യയിലെ മറ്റു ബ്രാഹ്മണരും നമ്പൂതിരിമാരും തമ്മിലുള്ള സാമ്യമെന്ത്? വ്യത്യാസമെന്ത്? ഇല്ലപ്പേരുകൾ, ഗോത്രങ്ങൾ, ക്ഷേത്രങ്ങൾ തുടങ്ങി നമ്പൂതിരിമാരെപ്പറ്റി എന്ത് അറിയാനും ഒരു ഏകജാലക സംവിധാനം. അതാണ് നമ്പൂതിരി സർവ്വസ്വം.

മുന്നൂറു പേജുകൾ വീതമുള്ള ഏഴു വോള്യങ്ങളായിട്ടാണ് ഇത്. ഇനി അഞ്ച് വോള്യങ്ങൾ കൂടി വരുന്നു.ഏതാണ്ട് 3500പേജുകൾ. വൻ പ്രസാധകരുടെ ഗവേഷണ പ്രൊജക്ട് അല്ല. മറിച്ച് ഒരു നമ്പൂതിരിയുടെ തപസ്യയും മറ്റൊരു നമ്പൂതിരിയുടെ കഠിനാധ്വാനവുമാണ് ഇതിനു പിന്നിൽ.

ആദ്യത്തെ നമ്പൂതിരിയെപ്പറ്റി ആദ്യം പറയാം. മൂവാറ്റുപുഴ തൃക്കളത്തൂർ സ്വദേശി അഡ്വ. ആത്രശ്ശേരി അഗ്നിശർമ്മൻ നമ്പൂതിരി. 1960 മുതൽ അമ്പതു വർഷത്തിലേറെ അദ്ദേഹം കേരളം മുഴുവൻ സഞ്ചരിച്ച് 2500 വർഷത്തെ രേഖപ്പെടുത്തിയതും അല്ലാത്തതുമായ കിട്ടാവുന്ന സകല വിവരങ്ങളും ശേഖരിച്ചു. പുസ്തകങ്ങളിലുള്ളതും അല്ലാത്തതും. നിരവധി ഡയറികളിലായി അത് രേഖപ്പെടുത്തി വച്ചു. 2017 ഒക്ടോബറിൽ അദ്ദേഹം മരിച്ചു. ഒന്നു പോലും പുസ്തകമാക്കാതെ.

ജീവിതം മാത്രമല്ല അദ്ദേഹത്തിന്റെ മരണം പോലും വിസ്മയകരമാണ്. മരിക്കുന്നതിന്റെ തലേദിവസം മക്കളെയും കുടുംബക്കാരെയുമെല്ലാം വിളിച്ചുകൂട്ടി അവരോട് സമസ്താപരാധത്തിനും മാപ്പു പറഞ്ഞു. സപിണ്ഡി ഊട്ടേണ്ടതിന്റെ മഹത്വം മക്കളെ പറഞ്ഞു മനസ്സിലാക്കി. അവർ അതു ചെയ്തുകൊള്ളാമെന്ന് സമ്മതിച്ചു. ആ വിവരം അദ്ദേഹം ഡയറിയിൽ എഴുതി വയ്ക്കുകയും ചെയ്തു. പിറ്റേന്ന് ഒക്ടോബർ രണ്ടിന് രാവിലെ കുളിച്ചു വന്ന് തേവാരം കഴിഞ്ഞ് പ്രാതൽ കഴിഞ്ഞ് കൈകഴുകുമ്പോൾ കുഴഞ്ഞു വീണു മരിക്കുകയായിരുന്നു.




മുന്നൂറു പേജുകൾ വീതമുള്ള ഏഴു വോള്യങ്ങളായിട്ടാണ് ഇത്. ഇനി അഞ്ച് വോള്യങ്ങൾ കൂടി വരുന്നു.ഏതാണ്ട് 3500പേജുകൾ. വൻ പ്രസാധകരുടെ ഗവേഷണ പ്രൊജക്ട് അല്ല. മറിച്ച് ഒരു നമ്പൂതിരിയുടെ തപസ്യയും മറ്റൊരു നമ്പൂതിരിയുടെ കഠിനാധ്വാനവുമാണ് ഇതിനു പിന്നിൽ.

ഇനി രണ്ടാമത്തെ ആളെപ്പറ്റി പറയാം. പണിക്കത്ത് അപ്പു നമ്പൂതിരി. തൃപ്പൂണിത്തുറയിൽ അന്യോന്യം നാലുകെട്ട് എന്ന മഹാപ്രസ്ഥാനം തുടങ്ങുകയും വളർത്തുകയും നിലനിർത്തുകയും ചെയ്ത അതിന്റെ സാരഥി. തൃപ്പൂണിത്തുറ അന്യോന്യത്തിൽ നിന്ന് പ്രചോദനം കൊണ്ടാണ് ഷൊർണ്ണൂരിൽ തത്ത്വമസിയും തിരുവനന്തപുരത്ത് അന്യോന്യവും ഉണ്ടായത്.

2005ലാണ് അദ്ദേഹം ആത്രശ്ശേരി അഗ്നിശർമ്മൻ നമ്പൂതിരിയെ പരിചയപ്പെടുന്നത്. അക്കാലത്തു തന്നെയാണ് തൃശൂർ തെക്കേമഠം മൂപ്പിൽ സ്വാമിയാർ പാണ്ടംപറമ്പത്ത് ശങ്കരാനന്ദ ബ്രഹ്മാനന്ദഭൂതിയുമായി പരിചയപ്പെടുന്നത്. മള്ളിയൂർ ശങ്കരൻ നമ്പൂതിരി, കിളിമാനൂർ കോവിലകത്തെ സി. ആർ. കേരളവർമ്മതമ്പുരാൻ ( ഇദ്ദേഹമാണ് ത്രൈവേദക സന്ധ്യാ പദ്ധതി എന്ന മഹദ്ഗ്രന്ഥം രണ്ടു വോള്യമായി പ്രസിദ്ധീകരിച്ചത്) തുടങ്ങിയവരുമായും സമ്പർക്കമായി. ഇത്ര വലിയൊരു ദൗത്യം ഏറ്റെടുക്കാൻ പണിക്കത്ത് അപ്പു നമ്പൂതിരിക്ക് ധൈര്യം പകർന്നത് അവരുടെ സമ്പർക്കമാണ്.

ആത്രശ്ശേരി അമ്പതു കൊല്ലം കൊണ്ട് രേഖപ്പെടുത്തിയ ഡയറിക്കുറിപ്പുകളും നോട്ടുകളും പ്രയോജനപ്പെടുത്തിയാണ് അപ്പുനമ്പൂതിരി പ്രസാധനത്തിന് ശ്രമം തുടങ്ങിയത്. കുന്ദംകുളത്തിനടുത്ത് കാട്ടകാമ്പാൽ ദേശത്ത് പണിക്കത്ത് മനയിൽ ജനനം. 1968 മുതൽ 2003 വരെ കൊച്ചി ഫാക്ടിൽ ഉദ്യോഗസ്ഥനായിരുന്നു. ഇൻസ്ട്രുമെന്റേഷൻ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറായാണ് വിരമിച്ചത്. സാഹിത്യമോ ചരിത്രമോ ആയി ഒരു ബന്ധവും ഇല്ലാത്ത പക്ക എഞ്ചിനീയർ. എന്നാൽ നമ്പൂതിരി സർവ്വസ്വം ഒരു നിയോഗമായി മാറി. അന്യോന്യം എന്ന പ്രസ്ഥാനം ഉണ്ടാക്കിയ പോലെത്തന്നെ ബൃഹത്തായ ഒരു പുസ്തകപ്രസാധനവും.

നമ്പൂതിരി എന്ന സമുദായത്തെക്കുറിച്ച് കിട്ടാവുന്ന ഏറ്റവും മികച്ച റഫറൻസ് ഗ്രന്ഥം. ഇതിനകം ഏഴു വോള്യങ്ങളായി. ഇനി അഞ്ചെണ്ണം കൂടിയുണ്ട്. പുസ്തകത്തിനു പുറമെ എല്ലാറ്റിന്റെയും ഉള്ളടക്കം നെറ്റിൽ ഇടാൻ കൂടി ഉദ്ദേശിക്കുന്നുണ്ട്. ഇത്തരം റഫറൻസുകൾക്ക് പുതു തലമുറ ഏറ്റവുമധികം തപ്പി നടക്കുന്നത് ഡിജിറ്റൽ ഫോർമാറ്റിനെ ആണല്ലൊ. മാത്രമല്ല അത് ചിതലരിക്കാതെ കിടക്കുകയും ചെയ്യും.

ക്രിസ്തു വർഷത്തിനു മുമ്പുള്ള ബ്രാഹ്മണ കുടിയേറ്റം മുതൽ പത്തൊമ്പതാം നൂറ്റാണ്ടിലെ മലബാർ ലഹളക്കാലത്തെ തെക്കോട്ടുള്ള കുടിയേറ്റ ചരിത്രം വരെ ഉൾക്കൊള്ളുന്നതാണ് ഇത്. പരശുരാമൻ, ശങ്കരാചാര്യർ തുടങ്ങി നമ്പൂതിരിമാർ തീർച്ചയായും അറിയേണ്ട ചരിത്രപുരുഷന്മരെക്കുറിച്ചും ഇതിലുണ്ട്. മുപ്പത്തിരണ്ടു ഗ്രാമങ്ങളുടെയും പഴയതും പുതിയതുമായ കാര്യങ്ങളും.

ഉപനയനം, വിവാഹം, പിതൃകർമ്മങ്ങൾ, ഇവയുടെയെല്ലാം മഹത്വവും സങ്കല്പവും വിശദമായിത്തന്നെയുണ്ട്. നമ്പൂതിരി സർവസ്വത്തിന്റെ മൂന്ന് വോള്യങ്ങൾ തൃശൂർ മഠത്തിൽ വച്ചാണ് പ്രകാശനം ചെയ്തത്. നാലു മുതൽ ഏഴു വരെയുള്ളവ പൂർണ്ണ ത്രശീയനു സമർപ്പിച്ചായിരുന്നു പ്രകാശനം. പുസ്തകം വേണ്ടവർക്ക് വിളിക്കാം.

പണിക്കത്ത് അപ്പു നമ്പൂതിരി
തൃപ്പൂണിത്തുറ
മൊബൈൽ: 8547286111

അക്കരചിറ്റൂർ മന സംരംഭം

# - SprouterS - ™

പ്രിസർവേറ്റീവുകളും കെമിക്കലുകളും ചേർക്കാത്ത അസ്സൽ ഉല്പന്നങ്ങൾ

**കുറുക്ക് കാളൻ മുതൽ പുളീഞ്ചി വരെ എല്ലാം**




ഉല്പന്നങ്ങൾ: സാമ്പാർ പൊടി, ചട്ണി പൊടി, രസപ്പൊടി,നെല്ലിക്ക, മാങ്ങാ അച്ചാറുകൾ, പുളീഞ്ചി, കാളൻ, കായ വറുത്തത്, ശർക്കര ഉപ്പേരി, വറുത്തുപ്പേരി

ഇല്ലങ്ങളിലെത്തിക്കും, വിളിക്കൂ

Contact us

HithaShree Enterprise
Akkarachittoor mana,
Perumbillissery,
cherpu post, Pin: 680561
Near mitranandapuram temple .
Thrissur , kerala

SPICE_SPROUTERS

7356343840

Products also available in amazon

# ഈ ചോദ്യത്തോട്

**താങ്കൾ അസ്വസ്ഥനോ? അതോ, സംതൃപ്തനോ? കാലത്തിന്റെ ശരി ഏറ്റവും വേഗത്തിൽ സ്വാംശീകരിച്ചു കൊണ്ട് അതിവേഗം ബഹുദൂരം മുന്നേറുകയാണോ നമ്പൂതിരിമാർ?**



**25** വയസ്സ് റേഞ്ചിലുള്ള നമ്പൂതിരി യുവത്വം സ്വത്വപരമായി വല്ല പ്രയാസവും നേരിടുന്നുണ്ടോ? ഈ കമ്മ്യൂണിറ്റിയിൽ ജനിച്ചതുകൊണ്ട്? അവർ നമ്പൂതിരി സ്വത്വം ഒട്ടും ഇല്ലാത്ത പൂർണ്ണ മനുഷ്യർ ആയി മാറി കഴിഞ്ഞുവോ? അതല്ല, മനുഷ്യനാവേണ്ടതിന്റെയും നമ്പൂതിരി ആയതിന്റെയും പ്രയാസം അവർക്കുണ്ടോ? ഈ പ്രായത്തിലെ പെൺകുട്ടികൾക്ക് എന്തെങ്കിലും നമ്പൂതിരി എലമെന്റ് ശേഷിച്ചിട്ടുണ്ടോ? നമ്പൂതിരിയോടല്ല മനുഷ്യനോടാണ് അവരുടെ കൺസേൺ എന്ന് തോന്നുന്നുണ്ടോ? അവരാണ് ശരിയുടെ പക്ഷത്ത് എന്ന് തോന്നുന്നുണ്ടോ? ആ ശരി സാർവത്രികമാവുന്നതോടെ വി.ടി വിഭാവനം ചെയ്ത നമ്പൂതിരി മനുഷ്യനാവുക എന്ന കാര്യം പൂർത്തിയാവുമോ?

## ഈ ചോദ്യങ്ങൾക്ക് കാരണമായ ചില വസ്തുതകൾ

1. പൂണൂലുള്ള പുതുതലമുറ ഏതാണ്ട് ഇല്ലാതായി വരുന്നു
2. സമുദായപ്പേര് പേരിൽ നിന്ന് പൂർണ്ണമായും ഇല്ലാതാവുന്നു
3. ഉപജീവനത്തിനായി ശാന്തിക്ക് പോവുന്നവർ കുറയുന്നു
4. തൊഴാൻ പോലും അമ്പലത്തിൽ പോവാത്തവർ കൂടുന്നു
5. വെജിറ്റേറിയൻ നിഷ്ഠയുള്ളവർ കുറഞ്ഞു വരുന്നു
6. ഭാഷയിൽ/ വേഷത്തിൽ/ ഭക്ഷണത്തിൽ/ സൗഹൃദത്തിൽ തുടങ്ങി എല്ലാ കാര്യത്തിലും മറ്റുള്ളവരിൽ നിന്ന് ഭിന്നമല്ലാതാവുന്നു

## പ്രതികരിക്കുന്നു വി. ടി. ഭട്ടതിരിപ്പാടിന്റെ മകൻ വി.ടി വാസുദേവൻ

# ഞാനും പത്നിയും വർദ്ധയ വർദ്ധയ

വി.ടി.വാസുദേവൻ

'യുവഗൃഹസ്ഥന്മാർ 'ബാലേവരിക' ചൊല്ലിയാടാനാണ് ഭാവമെങ്കിൽ അവരിൽ നിന്നു ഇതേ വരെ സമുദായം പ്രതീക്ഷിച്ചതെല്ലാം അസ്ഥാനത്തായെന്നാണ് അർത്ഥം.' എന്ന് സാമുദായിക പ്രവർത്തനങ്ങളിൽ നിന്നുള്ള അവരുടെ പിൻമാറ്റത്തെ പണ്ട് അച്ഛൻ(വി.ടി.ഭട്ടതിരിപ്പാട്) വിമർശിച്ചിരുന്നു. (യോഗക്ഷേമ-1935 ജൂലായ് 11).

വെള്ളം ഏറെ ഒഴുകിപ്പോയതിനുശേഷം തടസ്സങ്ങൾ നീങ്ങി പുതിയ വിദ്യാഭ്യാസം സാർവ്വത്രികമായപ്പോൾ ഇഷ്ടപ്പെട്ട ജോലിയും സ്വാതന്ത്ര്യവും നേടിയെടുത്ത് പശ്ചിമഘട്ടങ്ങളെ കേറിയും കടന്നും ഉന്നതജീവിതം പുലർത്താൻ സാധിച്ച പുതിയ തലമുറയിലെ മിടുക്കന്മാരും ജന്മധന്യതയോടെ ഇന്നു മൂളുന്നതും അതു തന്നെ : ''ഞാനും പത്നിയും വർദ്ധയ വർദ്ധയ''

വിയർക്കാതെ മൃഷ്ടാന്നഭോജനം ചെലുത്തി മറ്റുള്ളവരേക്കാൾ മേലെയാണ് എന്നു ഭാവിച്ച മുതുമുത്തച്ഛന്മാരുടെ പരാക്രമങ്ങളുടെ ആപദ്ഫലങ്ങൾ അനുഭവിച്ചവരുടെ പിൻഗാമികൾ ഉണർന്നാൽ ഉറങ്ങുന്നതു വരെ ഇപ്പോൾ അനുഭവിക്കുന്ന ജീവിതസൗകര്യങ്ങൾ യന്ത്രകൃതമാണ്. പക്ഷെ അവർ അതു സമ്മതിക്കില്ല, സ്വന്തം കേമത്തം കൊണ്ടാണെന്നേ പറയൂ. ആരാന്റെയമ്മക്കു ഭ്രാന്തുപിടിച്ചാൽ കാണാൻ നല്ല രസം. നാം ജീവിക്കുന്നുണ്ടോ എന്നു തന്നെ ചിലപ്പോൾ സംശയിക്കണം. ജന്തുശാസ്ത്രജ്ഞന്മാർ പറയുന്ന അർത്ഥത്തിൽ മാത്രമായി നമുക്ക് നമ്മുടെ ജീവിതം. കാലത്തിന്റെ ചലനങ്ങൾ ഉൾക്കൊള്ളാതിരിക്കുന്നേടത്തോളം ഒരാൾ ആ യുഗത്തിൽ ജീവിച്ചു എന്നു പറയാനാവില്ല.

**നാം ജീവിക്കുന്നുണ്ടോ എന്നു തന്നെ ചിലപ്പോൾ സംശയിക്കണം. ജന്തുശാസ്ത്രജ്ഞന്മാർ പറയുന്ന അർത്ഥത്തിൽ മാത്രമായി നമുക്ക് നമ്മുടെ ജീവിതം. കാലത്തിന്റെ ചലനങ്ങൾ ഉൾക്കൊള്ളാതിരിക്കുന്നേടത്തോളം ഒരാൾ ആ യുഗത്തിൽ ജീവിച്ചു എന്നു പറയാനാവില്ല.**

ജീവിതം തരിശു ഭൂമിയല്ല, സുഖദുഃഖങ്ങളുടെ വിളനിലമാണ്. സ്നേഹിക്കാൻ തുടങ്ങുമ്പോൾ ധർമ്മസങ്കടങ്ങളും ഉണ്ടാവുന്നു. ആ ജീവിതബന്ധങ്ങളെ ആഴത്തിൽ അറിഞ്ഞും അനുഭവിച്ചും സ്വായത്തമാക്കുമ്പോഴാണ് മനുഷ്യൻ പരമമായ ലക്ഷ്യത്തിലെത്തുന്നത്. ജീവിക്കുന്നവർക്കേ ധർമ്മം അനുഷ്ഠിക്കാനാവൂ. ആ ധർമ്മമാണ് സ്നേഹാർദ്രനായും സാമൂഹ്യപ്രവർത്തകനായും കലാകാരനായും മനുഷ്യനെ വളർത്തുന്നത്. ജീവിതഗതിവിഗതികൾ അനുദിനം സങ്കീർണ്ണമാവുകയാണ്, സംഭ്രമിക്കും വിധം. മനുഷ്യന് ഈ ഭൂമിയിൽ ജീവിക്കണം. അതിന് വേണ്ടി അവന്റെ ശിരസ്സ് ഉയർന്നേ മതിയാകൂ. ഈ ധൂമപടലത്തിനു മുകളിൽ ഞാൻ എന്റെ ശിരസ്സ് ഉയർത്തിപ്പിടിക്കും എന്നതു നാടകത്തിലെ ഡയലോഗ് അല്ല. ഇന്നലെയല്ല ചരിത്രം, ഇന്നാണ്. മനുഷ്യന്റെ വലിപ്പം അനുഭവിച്ച ദുഃഖങ്ങളുടെയും സംഘർഷങ്ങളുടെയും ഉയർത്തെഴുന്നേല്പുകളുടെയും വലിപ്പമാണ്, പേരിനൊപ്പം പ്രദർശിപ്പിക്കുന്ന ജാതിമതവാലിന്റെ നീളമല്ല.

ദുഃഖം എന്ന ശാശ്വതസത്യം കണ്ടെത്തുന്നതിനും ഉപശാന്തി നൽകുന്നതിനുമാണ് ഗൗതമബുദ്ധൻ അവതരിച്ചത്. ശ്രുതി കൂട്ടി കിളിവാതിൽപ്പടിയിൽ വെച്ചിരുന്ന വീണയുടെ കമ്പികളിൽ തഴുകിപ്പോകുന്ന കാറ്റ് വിണ്ണിലും മണ്ണിലുമുള്ളവരുടെ ശോകമാണ് ഏറ്റുപാടുന്നത്. എന്നാൽ അങ്ങനെയുള്ള നെടുവീർപ്പുകളും വേദനകളും വിങ്ങിപ്പൊട്ടലും കേൾക്കാനുള്ള ചെവി എത്ര പേർക്കുണ്ട്.? ഉൽകൃഷ്ടമായ സ്വപ്നങ്ങളും ഇച്ഛയും കാഴ്ചപ്പാടുകളും സ്വീകരിച്ച് അയൽക്കാരനോടൊപ്പം

കണ്ണീർ വാർക്കാനുള്ള മാനസിക പരിപാകം ആർജ്ജിക്കാൻ ന്യൂ ജനറേഷനിലെ എത്ര പേർ തയ്യാറാവും?

കൊട്ടാരത്തിലെ സദ്യയെപ്പറ്റി അറിഞ്ഞ തെരുവുതെണ്ടികളായ കുട്ടികൾ അവിടേയ്ക്ക് ഓടിച്ചെന്നു. അവരെ കൊട്ടാരത്തിന്റെ പ്രധാന ഗേറ്റിനു മുമ്പിൽ വെച്ചു തന്നെ കാവൽക്കാർ നിഷ്കരുണം ആട്ടിയോടിച്ചു. കുട്ടികൾ വന്നതുപോൽ തിരിച്ചോടുമ്പോൾ അവർക്കു വിശപ്പിനൊപ്പം അടിയേറ്റതിന്റെ വേദനയുമുണ്ടായിരുന്നു. അപമാനിതരായ ആ കുട്ടികൾ ആകാശത്തേയ്ക്ക് കൈകളുയർത്തി കരഞ്ഞു എന്നാണ് ദസ്തൊയേവ്സ്കി എഴുതിയത്. വിശപ്പു മാറാതെ അടിയേറ്റു തിരിച്ചോടുന്ന ഈ പരാജിതരെ സാന്ത്വനിപ്പിക്കാൻ, അവരെ അറിയാൻ ആരും ശ്രമിക്കുന്നില്ല. അച്ഛനമ്മമാർക്ക്, ടീച്ചർമാർക്ക് അവരെ കണ്ടാലറിയുമോ? കുട്ടീ, നീ എന്തുകൊണ്ടു തോറ്റു എന്ന് ആരെങ്കിലും ചോദിക്കുമോ? വിദ്യാഭ്യാസം ഒന്നും തരുന്നില്ല, വിശപ്പു മാറ്റുന്നുമില്ല.

വാഹനാപകടത്തിൽപ്പെട്ട് മരണക്കിടക്കയിൽ കിടക്കുന്ന എട്ടുവയസ്സുകാരനെക്കുറിച്ച് പി.എൻ.ദാസ് എഴുതി. ''എന്റെ ഉമ്മാക്ക് ആരിനി ചോറു കൊടുക്കും'' എന്നു പറഞ്ഞാണ് കുട്ടി അവസാനമായി മിഴി പൂട്ടിയത്. തളർന്നു കിടക്കുന്ന ഉമ്മയ്ക്കുവേണ്ടി തെരുവിൽ ഇരന്നു ജീവിക്കുമ്പോഴാണ് അവന് ഈ അപകടം പിണഞ്ഞത്. മനുഷ്യസ്ത്രീ വേദനയോടെ പെറ്റിട്ട കുട്ടിയാണ് അവനും. അവനുശേഷം ആ ഉമ്മയെ പരിരക്ഷിക്കാൻ ഏതെങ്കിലും കുടുംബം ഇറങ്ങിവരുമോ?

വിശപ്പും അനാഥത്വവും ഏതു കാലത്തും നമ്മെ വിട്ടുപിരിയാത്ത കൂട്ടുകാരാണ്. ''പരിഹരിക്കാൻ കഴിയാത്ത ഒരു ദുഃഖമുണ്ട്, ദാരിദ്ര്യം. ഭക്ഷിക്കാനൊന്നുമില്ലെങ്കിൽ ഒരാൾക്കു വീണുമരിക്കാനേ കഴിയൂ. ഒഴിവാക്കാൻ പറ്റാത്ത ആത്മഹത്യ'' എന്ന് എഴുതി വെച്ചത് ലോകത്തിലെ പാവങ്ങളെ സ്നേഹിച്ച രുദിതാനുസാരിയായ വിക്ടർ യൂഗോവാണ്. ബാഹ്യമായ വിദ്യാഭ്യാസം മുറയ്ക്കു നേടി പോന്നാലും സഹാനുഭൂതിക്ക് ഉടമയാവുന്ന ആന്തരികശക്തിവിശേഷം ഉണ്ടാവണമെന്നില്ല. ആർജ്ജിതസത്യങ്ങളുടെ നിർമ്മലമായ രശ്മിപ്രസരം അധികാരക്കൊതിയന്മാരിൽ നിന്നും പ്രതീക്ഷിക്കണ്ട. നവോത്ഥാനാനന്തര തലമുറയിൽ നിന്നാണ് വഴികാട്ടികൾ എഴുന്നേറ്റ് വരേണ്ടത്. സമ്പത്തിനേക്കാൾ സംസ്കാരത്തിന് മലയാളിയുടെ മനസ്സിൽ ഒരു കാലത്തു സ്ഥാനമുണ്ടായിരുന്നുവല്ലൊ.

അന്നത്തിന്റെ വറ്റ് അകത്തേക്ക് ചെന്നിട്ടു നാളേറെയായ ദരിദ്രശാന്തിക്കാരന്റെ കുടുംബകഥ പറഞ്ഞു തന്നിട്ടുണ്ട്. എഴുത്തുകാരനായ എം. ഭാസ്കരൻ 'അശാന്തം' എന്ന ആത്മകഥാപരമായ തന്റെ നോവലിൽ. സമത്വസുന്ദര സോഷ്യലിസത്തിന്റെ ചുവപ്പുരാശി പടർന്ന മണ്ണിൽ സംഭവിക്കാൻ പാടില്ലാത്ത ദുരന്തം.

'വിശക്കുന്നു, അമ്മേ, വയറു വേദനിക്കുന്നു'' എന്ന ദേവദത്തന്റെ നിലവിളി. ''നാമം ജപിച്ചോ, വിശപ്പൊക്കെ മാറും'' ജീർണ്ണിച്ച കടലാസുതാളിൽ 'നാരായണ' എന്ന് ലക്ഷം എഴുതിത്തികച്ച സംതൃപ്തിയിൽ വിശപ്പിനെ കുഴിച്ചുമൂടിയ അമ്മയുടെ നിസ്സഹായതയാർന്ന മറുപടി.

ഫീസു കൊടുക്കാനില്ലാത്തതിനാൽ കോളേജിലെ പഠിത്തം നിർത്തിയ മകൾ സാവിത്രി ഒടുവിൽ

**മനുഷ്യന്റെ വലിപ്പം അനുഭവിച്ച ദുഃഖങ്ങളുടെയും സംഘർഷങ്ങളുടെയും ഉയർത്തെഴുന്നേല്പുകളുടെയും വലിപ്പമാണ്, പേരിനൊപ്പം പ്രദർശിപ്പിക്കുന്ന ജാതിമതവാലിന്റെ നീളമല്ല.**

ഇല്ലത്തെ കാര്യസ്ഥനായിരുന്ന ശേഖരമേനോന്റെ ഹോട്ടലിൽ പണിക്കു പോയി തുടങ്ങി. പകൽ മുഴുവൻ കിടന്നുറങ്ങും സാവിത്രി. വെളുപ്പാൻ കാലത്തു ക്ഷീണിതയായി തിരിച്ചെത്തും. അതോടെ നേരത്തോടു നേരം ഇല്ലത്തു ഭക്ഷണം കിട്ടാൻ തുടങ്ങി.

സന്ധ്യയ്ക്ക് സാവിത്രി ഒരുങ്ങുന്നത് കണ്ട് അമ്മ അടുത്തു വന്നു ചോദിക്കും:

'എങ്ങടാ ഈ പോക്ക് , ഈ നേരത്ത്'?.

മകൾ പറയും: ''ഹോട്ടലിലേക്ക്''.

അമ്മ:''കേട്ടതൊക്കെശരിയാണോ?''

മകൾ: ''നിങ്ങളെ തീറ്റിപ്പോറ്റാൻ''

സാവിത്രി പ്രതിഷേധിച്ചത് ദാരിദ്ര്യത്തിനോട്, കുറിയേടത്തു സാവിത്രി എതിർത്തത് സ്ത്രീയെ അവഗണിച്ച പുരുഷനോടും.

ദക്ഷ പ്രജാപതി പെൺമക്കളോരോരുത്തരോടും നിങ്ങൾ ആരെയാണ് ഭർത്താവായി വരിക്കുന്നത് എന്ന് ചോദിച്ചു. കന്യകകൾക്കു പുരാതന കാലം മുതൽ നൽകിയിരുന്ന ഈ സ്വാതന്ത്ര്യം ആരാണ് കവർന്നെടുത്തത്?

ശരിയായ വിദ്യയും ശുഭ്രമായ വസ്ത്രവും ശ്രേഷ്ഠമായ അലങ്കാരവും ദാനം ചെയ്ത് അന്തർജ്ജനങ്ങളെ മനുഷ്യരാക്കിത്തീർക്കുന്നതിനു പകരം പിറവി മുതൽ അവഗണനയാണ് പഴയ പെൺകിടാവിനു നാം നൽകിയത്.

ഉണ്ണിയെ വേലക്കാരി ഒക്കത്തെടുക്കും. പെൺകുട്ടി നീട്ടിക്കരഞ്ഞു പിന്നാലെയും. അമ്പലത്തിലേക്കോ അമ്മാത്തേക്കോ ഉള്ള യാത്രയാവും കുട്ടി കരഞ്ഞാൽ ''ഈ കുരങ്ങിന്റെ വായ ഒരു കാലത്തും കൂടില്ലേ?''ഉണ്ണി കരഞ്ഞാൽ അന്വേഷിക്കാനും ഓമനയെ സമാധാനിപ്പിക്കാനും എല്ലാവർക്കും ഉത്സാഹം. പെൺകുട്ടി കരഞ്ഞാൽ ചീത്ത പറയാനും അതേ പോലെ ഉത്സാഹം.

അകത്തു കൊണ്ടു വന്നാൽ ഉണ്ണിയ്ക്ക് നറുനെയ് കൂട്ടിയ ഉരുള, പെൺകുട്ടിക്ക് ഉപ്പു കൂട്ടിയ ചോറ്. ശാസനയും മർദ്ദനവും സഹിച്ചിട്ടാണെങ്കിൽക്കൂടി സഹോദരന്മാരുടെ സൗഹാർദ്ദവും സഹകരണവും അവൾ ആഗ്രഹിച്ചു. സ്നേഹിക്കപ്പെട്ടില്ലെങ്കിലും സ്നേഹിക്കാനേ അവൾക്കു അറിയുകയുള്ളു.

സ്ത്രീജനങ്ങളുടെ അനുതാപം ഒരു കുടുംബത്തെയല്ല, സമുദായത്തെയല്ല, രാജ്യത്തെ തന്നെ ചുട്ടെരിക്കുമെന്ന് വ്യാസവാത്മീകിമാർ മുതൽ ശങ്കരാചാര്യർ വരെ മുന്നറിയിപ്പ് തന്നിട്ടുണ്ട്. സ്ത്രീഹൃദയം വിദ്യാകിരണമേറ്റുണർന്നാലേ സമുദായം ഉയരുകയുള്ളു എന്ന വിചാരം തന്നെ പണ്ടത്തെ നമ്പൂതിരിക്കില്ലായിരുന്നു. കുടുംബസ്വത്ത് കൈവിടരുത് എന്ന ഒറ്റചിന്ത മാത്രം അയാൾക്ക്. ആ സ്വത്ത് മൂത്ത പുത്രന്റേതായി നിലനിൽക്കണം, അയാൾക്കു മാത്രമേ സ്വജാതിയിൽ നിന്നു വിവാഹം ചെയ്തു കുടുംബം വർദ്ധിപ്പിക്കുവാൻ അനുവാദമുള്ളു. ഇളയവൻ വിവാഹത്തിനൊരുമ്പെട്ടാൽ പരിവേദനക്കാരൻ എന്ന ശിക്ഷയായി.

കന്യകയെ വിവാഹം ചെയ്യാൻ വരുന്ന പുരുഷൻ അന്വേഷിക്കുന്നത് വധുവിന്റെ സൗന്ദര്യസൗശീല്യാദി യോഗ്യതകളല്ല, എന്തു സ്ത്രീധന തുക കിട്ടും എന്നാണ്. വിവാഹ വേദിയിൽ മൂടിപ്പുതച്ചു വിയർത്തൊലിച്ചു നിൽക്കുന്ന വധുവിൽ നിന്ന് സ്ത്രീധന സൂചകമായി പണക്കിഴി കൊടുപ്പിക്കുന്ന പതിവു പണ്ടുമുതലേ ഉണ്ടായിരുന്നു. ഈ വേളിച്ചടങ്ങ് ഇന്നത്തെ പരിഷ്കാരിവിപ്ലവകാ

രികളും ആർഭാടമായി പിന്തുടരുന്നുണ്ട്. മുഖദർശനത്തിനു ശേഷം പണക്കിഴി ഉദകപൂർവ്വം ഏറ്റുവാങ്ങി അതിന്റെ പിന്നാലെ വധുവിനോടായി ചൊല്ലുന്ന മറ്റൊരു വിവാഹ സൂക്തമുണ്ട്. ''കോദാൽ കസ്മാദദാൽ എന്നിങ്ങനെ''

'നിന്നെ തന്നതു കാമൻ, വാങ്ങിയതും കാമൻ' ആ കാമനെക്കൊണ്ടു തന്നെ ഞാൻ നിന്നെ സ്വീകരിക്കുന്നു. 'കാമേനത്വാം പ്രതിഗൃഹ്ണാതി'. ജന്തുക്കൾക്കു ജന്മനാ പ്രകൃതി മൈഥുനേച്ഛ വളർത്തുന്ന കാമവികാരം പോലെ ധനാർത്തിയും നമ്പൂതിരിക്കു പ്രലോഭനമാണ്.രണ്ടും മൂന്നും വിവാഹം കഴിക്കുന്നത് അതുകൊണ്ടാണ്. എത്ര വേട്ടുവോ അത്രയും ധനികൻ. കുളപ്പുര കെട്ടിക്കാൻ നാലാം വേളി തരാവുമോ എന്ന് തേവരുടെ മുന്നിൽ യാചിക്കുന്ന വൃദ്ധൻ നമ്പൂതിരി അന്നത്തെ കേരള ബ്രാഹ്മണ്യത്തിന്റെ പ്രതീകമാണ്. അച്ചിബ് ഭ്രാന്തും അഷ്ടി ഭ്രാന്തും തലയ്ക്ക് പിടിച്ച് നാലുവേട്ട നമ്പൂതിരിയുടെ കിടപ്പ് നടുമുറ്റത്തും! പുരുഷസംബന്ധിയായ ഈ ജീവിതക്രമത്തെ നിരോധിക്കാൻ ഒരു രാജശാസനയും അന്ന് പുറപ്പെട്ടതുമില്ല.

വേൾക്കാവുന്ന പുരുഷന്മാരുടെ എണ്ണം പരിമിതം. സ്ത്രീകൾ അധികവും. അതിനാൽ മാറ്റവിവാഹങ്ങൾ പെരുകി. പെൺമക്കളെ കൊടുക്കാൻ അച്ഛൻ ചെയ്യുന്നതു ദ്വിതീയാതൃതീയാദിവിവാഹങ്ങൾ. മകളെ കൊടുക്കുന്നു. മകളെ മാറ്റമായി സ്വീകരിക്കുന്നു. സഹോദരിയെ വിവാഹം ചെയ്തയക്കാൻ അളിയന്റെ സഹോദരിയെ ഇങ്ങോട്ടും വേൾക്കുന്നു. ഈ വിവാഹ സമ്പ്രദായം അന്നത്തെ നമ്പൂതിരിമാർക്കിടയിൽ നാട്ടുനടപ്പായിത്തീർന്നു.

സ്ത്രീധനം കൊടുക്കാൻ പണമില്ല. മാറ്റത്തിനു വേൾക്കാനാളും ഇല്ല. തിരണ്ടും തിരളാതെയും കന്യകമാർ ഇല്ലം നിറഞ്ഞിരിക്കുകയും അവരെ കർണ്ണാടകത്തിലേയ്ക്കോ തമിൾനാട്ടിലേക്കോ എത്തിച്ചു നൽകുന്ന പെൺവാണിഭവും അക്കാലത്തെ ബ്രാഹ്മണ ഭവനങ്ങളിൽ തുടങ്ങിവെച്ചു. വേളിച്ചടങ്ങു പേരിനു നടത്തും. പക്ഷേ വിവാഹം ചെയ്തയാളല്ല പെണ്ണിനെ കൊണ്ടുപോകുന്നത്. ഈ കരിഞ്ചന്ത കല്യാണത്തിന് മംഗലാപുരം, കോയമ്പത്തൂർ പട്ടണങ്ങളിലെന്ന പോലെ കേരളത്തിലും ദല്ലാളികളുണ്ടായിരുന്നു. പെൺകൊടയല്ല പെൺകൊല തന്നെ. ധർമ്മവേളി എന്ന ഓമനപ്പേരും. ഈ പെൺചന്തയിൽ വിൽ



**നിയമത്താലല്ല, സ്നേഹത്താൽ പ്രചോദിതവും ജ്ഞാനത്താൽ നിയന്ത്രിതവുമായ വിദ്യാവിവേകം കൊണ്ടേ സമൂഹത്തിൽ പരിവർത്തനങ്ങൾ കൈവരുത്താൻ കഴിയുകയുള്ളു.**

ക്കപ്പെട്ട ചിലർ ആത്മഹത്യ ചെയ്തു. ചിലർ കൊല്ലപ്പെട്ടു. ചിലർ അനാഥകളായി രോഗബാധിതകളായി മരിച്ചുവീണു. ചിലർ വേശ്യാവൃത്തിയിലേക്കു വലിച്ചിഴക്കപ്പെട്ടു. ചില ഭാഗ്യവതികൾ മാത്രം കുടുംബനാഥകളായി. തെക്കുള്ള ബന്ധുക്കളെ ഗൃഹാതുരതയോടെ കാത്തിരുന്നു. 'ശിരസി' നോവലും 'തൊഴിൽ കേന്ദ്രത്തിലേക്ക്', 'കരിഞ്ചന്ത' നാടകങ്ങളും യഥാർത്ഥ സംഭവങ്ങളുടെ ആവിഷ്കാരമാണ്. അസ്വാതന്ത്ര്യം, അജ്ഞത, ബാല്യവൈധവ്യം, തീരാദുഃഖങ്ങൾ- ദാരുണമായ ആ തടങ്ങൽപ്പാളയത്തെ നമ്പൂതിരി യുവജനങ്ങൾ മറക്കുട കൊണ്ടു തന്നെ തച്ചു തകർത്തത് കേരളം ഭാരതത്തിനു കാണിച്ചു കൊടുത്ത മാതൃകയാണ്.

ഒരാചാരമോ ഒരു സമ്പ്രദായമോ മൂലം ഒരു ജനാവലി അസ്വാതന്ത്ര്യത്തിലേക്കും നാശത്തിലേക്കും അധഃപതിക്കലാണ് ഇവിടെ ഉണ്ടായത്. പൂർവ്വാചാരം എന്നാൽ പാരമ്പര്യസിദ്ധമായ നിക്ഷേപമോ അനുഗ്രഹമോ അല്ല എന്ന് പരമ്പരയാ വന്നു ചേർന്ന മൂഢതകളുടെ പിന്നാലെ ഓടുന്നവരോടു വാദിക്കാൻ കേരളത്തിൽ പരിഷ്കർത്താക്കൾ ഉണ്ടായിരുന്നു.

അടുത്ത വീട്ടിൽ ഇഷ്ടിക വിരിക്കുന്നതിൽപ്പെട്ടിരുന്ന രാജസ്ഥാനിയുവാവ് തൊഴിലാളികൾക്കായി ഒരുക്കിയ ഭക്ഷണത്തിൽ പങ്കുചേർന്നില്ല. അന്വേഷിച്ചപ്പോഴാണ് പറഞ്ഞത് : '''ഞങ്ങൾ ബ്രാഹ്മണ സമുദായത്തിൽപ്പെട്ടവരാണ്. സ്വന്തം ഭക്ഷണമേ കഴിക്കൂ. മൂന്നാം ക്ലാസ്സിൽ പഠിപ്പു നിർത്തിയ സഹോദരിയുടെ വിവാഹത്തിന് പണം സ്വരൂപിക്കാനാണ് കേരളത്തിൽ പണിക്കെത്തിയത്. ഞങ്ങളുടെ ഗ്രാമത്തിൽ ഭൂമിയും വിദ്യാലയങ്ങളും അതിധനികരായ മറ്റുവിഭാഗക്കാരുടെ കയ്യിലാണ്. അവിടെ പണിക്കു കയറ്റില്ല. പഠിക്കാൻ സൗകര്യങ്ങളുമില്ല.'' എന്ന് അയാൾ പരാതി പറഞ്ഞു.

വ്യക്തിത്വത്തിന്റെ ബീജങ്ങൾ ബാല്യത്തിൽ തന്നെ തച്ചുതകർപ്പെടുക എന്നതാണ് ഇവിടെ നടക്കുന്നത്. കുറച്ചു മുതിരുമ്പോഴേക്കും കുറേ മൂഢതകൾക്കും ധാരണകൾക്കും അടിമകളാവുന്നു. ജീവിതത്തെ തനിക്കിഷ്ടപ്പെട്ട രീതിയിൽ വളർത്തുന്നതും വ്യക്തിത്വത്തെ മൂല്യമായി അംഗീകരിക്കുന്നതും സമുദായത്തിന് അത്ര ഇഷ്ടമല്ല. അസാധാരണ കഴിവുള്ള ചിലർ പോലും മതത്തിന്റേയോ കക്ഷികളുടേയോ പിന്നാലെ സ്വയം മറച്ചു പിടിക്കാൻ ശ്രമിക്കുന്നു. ഇന്ദ്രിയലോലുപതയേക്കാൾ പ്രശ്നം ഇന്ദ്രിയങ്ങളുടെ മരവിപ്പാണ്. ഈ മരവിപ്പിനെ അകറ്റി നിർത്താൻ കഴിയണം. നിയമത്താലല്ല സ്നേഹത്താൽ പ്രചോദിതവും ജ്ഞാനത്താൽ നിയന്ത്രിതവുമായ വിദ്യാവിവേകം കൊണ്ടേ സമൂഹത്തിൽ പരിവർത്തനങ്ങൾ കൈവരുത്താൻ കഴിയുകയുള്ളു.

ഫിൻലന്റുകാരനായ ഒരു സന്ദർശകൻ ഒരിക്കൽ എന്നോട് പറഞ്ഞു. ''ഇന്ത്യ ദരിദ്രരാജ്യമാണെന്ന് ആരു പറഞ്ഞു? ആ തൊഴിലാളി സ്ത്രീയുടെ കഴുത്തിലെ സ്വർണ്ണാഭരണങ്ങൾ കണ്ടുവോ?''

കൊയ്തു കറ്റയേന്തിപ്പോവുന്ന ദളിത സഹോദരിയുടെ കഴുത്തിൽ കല്ലും മാലയുമായി ഏറെ പണ്ടങ്ങൾ ഉണ്ടായിരുന്നു. ''ഒരു പക്ഷേ അതു സ്വർണ്ണപ്പണ്ടമാവാൻവഴിയില്ല.'' ഞാൻ പറഞ്ഞു.

വിതരണത്തിൽ പന്തികേടുകൾ ഇവിടെ സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. പക്ഷെ അധ്വാനശീലയായ ആ ദളിത് വനിതയുടെ അഭിമാനം രാജസ്ഥാൻ യുവാവിന് ഇല്ലാതായതെന്തേ? ഗോത്ര കോളനിയിലെ അയൽ ബന്ധം (അയൽപക്കത്തായം) ബ്രാഹ്മണഗ്രാമങ്ങങ്ങളിൽ ഇല്ലാത്തതെന്തേ? ●

DEEPAKAM
Green gardens
Opposite to ground
P.O.Chittilappilly
Thrissur 680551
Mobile: 9447837902

**1979 ലാണ് ആദ്യമായി മെഡിക്കൽ പ്രവേശനത്തിന് കേരളത്തിൽ എൻട്രൻസ് ടെസ്റ്റ് തുടങ്ങുന്നത്. പ്രീഡിഗ്രി മാർക്കിന്റെ അടിസ്ഥാനത്തിൽ നേരിട്ട് എം ബി ബി എസിന് അഡ്മിഷൻ കിട്ടുന്ന കാലമായിരുന്നു അതിനു മുമ്പ്. ആ കാലത്ത് പ്രീഡിഗ്രിക്ക് 90 ശതമാനത്തിലധികം മാർക്ക് നേടി 1978 ൽ തിരുവനന്തപുരം ഗവ. മെഡിക്കൽകോളേജിൽ എം ബി ബി എസിന് പ്രവേശനം കിട്ടി. ഇപ്പോൾ അതേ മെഡിക്കൽ കോളേജിന്റെ പ്രിൻസിപ്പാൾ. അതേ കേരളത്തിലെ നമ്പർ വൺ ഇൻസ്റ്റിട്ട്യൂട്ടിന്റെ നമ്പർ വൺ കസേരയിൽ. അറിയാം ഈ**

**അന്തർജനത്തിന്റെ വിശേഷങ്ങൾ**






# ഒന്നാം നമ്പർ
## ഇൻസ്റ്റിട്ട്യൂട്ടിന്റെ പ്രിൻസിപ്പാൾ

**ദിനേശ് കാരണത്ത്**



നീറ്റ് പരീക്ഷയിലെ മിടുക്കരായ കുട്ടികൾ ഏതു മെഡിക്കൽ കോളേജാണ് തിരഞ്ഞെടുക്കുക. സംശയമില്ല തിരുവനന്തപുരം മെഡിക്കൽ കോളേജ്. കേരളത്തിലെ നമ്പർ വൺ ഇൻസ്റ്റിട്ട്യൂട്ട്. ഇന്ത്യയിലെ തന്നെ ആദ്യ പത്തിൽ വരുന്ന സ്ഥാപനം. ഇപ്പോൾ ആ സ്ഥാപനത്തിന്റെ പ്രിൻസിപ്പാൾ അതേ സ്ഥാപനത്തിലെ ഒരു പൂർവവിദ്യാർത്ഥിയാണ്! ഒരുഅന്തർജനവും.!! ഡോ. കലാ കേശവൻ. ഈ പദവിയിൽ എത്തുന്ന ആദ്യത്തെ അന്തർജനമാണ് ഡോക്ടർ കലാ കേശവൻ.

തിരുവനന്തപുരം ശ്രീകാര്യം ഇളംകുളത്ത് മംഗലത്ത് പെരിയമനയിലെ യശഃ ശരീരനായ സ്കൂൾ അധ്യാപകൻ വി കേശവൻ പോറ്റിയുടെയും റിട്ടയേർഡ് ഹിന്ദി പ്രൊഫസർ കെ.എസ്.പാർവ്വതി അന്തർജനത്തിന്റെയും നാല് മക്കളിൽ മൂന്നാമത്തെ ആൾ. പെരുമ്പാവൂർ ദേശത്തെ തോട്ടുവയാണ് അമ്മാത്ത്. 1961ഏപ്രിൽ ഏഴിനാണ് ജനനം. 1976 ൽ 75% മാർക്കോടെ എസ്.എസ്.എൽ.സിക്ക് മികച്ച വിജയം. ആർക്കും എ പ്ലസുകൾ ഇല്ലാതിരുന്ന കാലം. 60 ശതമാനം മാർക്കാണ് അക്കാലത്തെ വലിയ മാർക്ക്. പ്ളേയ്സ്ഡ് ഇൻ ദ ഫസ്റ്റ് ക്ലാസ് എന്ന സീൽ പതിച്ച ബുക്ക്. 75% മാർക്കുള്ളവർ വളരെ വിരളമാവും. അക്കാലത്തെ നാലു ലക്ഷം കുട്ടികളിൽ ആദ്യത്തെ അഞ്ഞൂറിലൊരാൾ. ഒരു ജില്ലയിൽ ഫസ്റ്റ് ക്ലാസ് പോലും നൂറിൽ താഴെ മാത്രം ഉണ്ടാവുന്ന കാലം. അങ്ങനൊരു കാലത്താണ് 75% മാർക്കോടെ എസ് എസ് എൽ സിക്ക് വിജയിച്ചത്.

തനിയെ സംഭവിക്കുന്ന ഒന്നല്ല ഇത്.

നല്ലൊരു രക്ഷാകർതൃത്വത്തിന്റെ വിജയകഥയാണിത്. ആയിരത്തിത്തൊള്ളായിരത്തി അറുപതുകളിലും എഴുപതുകളിലും കൂട്ടുകുടുംബത്തിന്റെ പശ്ചാത്തലത്തിൽ വളരുന്ന കുട്ടികൾക്ക് നഷ്ടപ്പെട്ടേക്കാവുന്ന വ്യക്തിപരമായ ശ്രദ്ധയും പ്രോത്സാഹനവും ഒരു പിഴവിനും ഇടകൊടുക്കാതെ കൈകാര്യം ചെയ്ത ഒരു അച്ഛന്റെ തപസ്സിനു കിട്ടിയ വരമാണ് ഇത്.

ഭൗതികമായ സമ്പാദ്യങ്ങളിലൊന്നും ആ അച്ഛൻ നിക്ഷേപം നടത്തിയിരുന്നില്ല. പകരം നിക്ഷേപിച്ചത് കുട്ടികളിൽ. അവരുടെ ദൈനംദിന ആവശ്യങ്ങളായാലും പഠനാവശ്യങ്ങളായാലും ഉയർന്ന നിലവാരത്തിൽ തന്നെ നിറവേറ്റണമെന്ന കണിശക്കാരനായിരുന്നു. സ്കൂൾ തിരഞ്ഞെടുത്തത് പോലും അങ്ങനെയായിരുന്നു. ചെലവുകൾ വകവെക്കാതെ തിരുവനന്തപുരത്തെ ഏറ്റവും നല്ല കോൺവെന്റ് സ്കൂളിൽ ആയിരുന്നു പഠനം. അതും അക്കാലത്ത്.

സ്കൂളിലും പഠനത്തിലും മാത്രമായിരുന്നില്ല മറ്റ് എല്ലാ വിഷയങ്ങളിലുമുണ്ടായി ഇതേ ജാഗ്രത.

ആഴ്ച തോറും അച്ഛനോടൊപ്പം ചാലയിലെ പച്ചക്കറിച്ചന്തയിൽ പോവുക. കഥകളിയും, ഫാഷൻ വസ്ത്രങ്ങളും തേടി എറണാകുളത്തേക്കുപോവുക. അങ്ങനെയാത്രകൾ. അക്ഷര ശ്ലോക സദസ്സുകൾ. ഇല്ലത്തെ അകത്തളത്തിൽ ഒരുക്കിയ താൽക്കാലിക സ്റ്റേജുകളിൽ കുടുംബാവലിക്കു മുന്നിൽ കുട്ടികളുടെ കലാപരിപാടികൾ. അങ്ങനെ എല്ലാ രംഗത്തും വേറിട്ടതായിരുന്നു അച്ഛൻ. എസ്.എസ്.എൽ.സി റിസൽട്ടിൽ പ്രതിഫലിച്ചത് ഇതാണ്.

അതിനു ശേഷം തിരുവനന്തപുരം വിമൻസ് കോളേജിൽ പ്രീഡിഗ്രി പഠനം. 1979 ലാണ് ആദ്യമായി മെഡിക്കൽ പ്രവേശനത്തിന് കേരള എൻട്രൻസ് ടെസ്റ്റ് തുടങ്ങുന്നത്. അതിനാൽ തന്നെ എൻട്രൻസ് രഹിത അവസാന ബാച്ച് ആയിരുന്നു ഡോക്ടറുടേത്. മാർക്കിന്റെ അടിസ്ഥാനത്തിലാണ് പ്രീഡിഗ്രിക്ക് ബയോളജി ഗ്രൂപ്പ് കിട്ടുന്നത്. പ്രീഡിഗ്രി മാർക്കിന്റെ അടിസ്ഥാനത്തിൽ നേരിട്ട് എം.ബി.ബി.എസിന് അഡ്മിഷനും കിട്ടും. അതുകൊണ്ട് തന്നെ മാർക്കിന് ഏറെ പ്രാധാന്യവും മാർക്ക് കിട്ടാൻ ഏറെ പ്രയാസമുള്ള കാലഘട്ടമായിരുന്നു.

പ്രീഡിഗ്രിക്ക് വിമൻസ് കോളേജിൽ നിന്ന് 90% മാർക്കിലധികം നേടിയാണ് പാസായത്. 1978 ൽ തിരുവനന്തപുരം മെഡിക്കൽകോളേജിൽ തന്നെ എം.ബി.ബി.എസിന് പ്രവേശനം കിട്ടി. 1983 ൽ എം.ബി.ബി.എസ് പൂർത്തിയാക്കി. തുടർന്ന് ഹൗസ് സർജൻസി. അന്നത്തെ സമ്പ്രദായം തന്നെ ഒന്നരവർഷം എം.ബി.ബി.എസ് കഴിയുമ്പോൾ ഫസ്റ്റ് എം.ബി കഴിഞ്ഞു



**1976 ൽ 75% മാർക്കോടെ എസ്.എസ്.എൽ.സിക്ക് മികച്ച വിജയം. ആർക്കും എ പ്ലസുകൾ ഇല്ലാതിരുന്ന കാലം. 60 ശതമാനം മാർക്കാണ് അക്കാലത്തെ വലിയ മാർക്ക്. അക്കാലത്തെ നാലു ലക്ഷം കുട്ടികളിൽ ആദ്യത്തെ അഞ്ഞൂറിലൊരാൾ. പ്രീഡിഗ്രിക്ക് വിമൻസ് കോളേജിൽ നിന്ന് 90% മാർക്കിലധികം നേടിയാണ് പാസായത്.പ്രീഡിഗ്രി മാർക്കിന്റെ അടിസ്ഥാനത്തിൽ നേരിട്ട് എം.ബി.ബി.എസിന് അഡ്മിഷനും കിട്ടി. എൻട്രൻസ് രഹിത അവസാന ബാച്ച് ആയിരുന്നു ഡോക്ടറുടേത്.**

എന്നാണ് പറയുന്നത്. നിലവിലേതിൽ നിന്നും വളരെ വ്യത്യസ്തമായ റെഗുലേഷൻസ് ആയിരുന്നു അന്ന്. മാത്രമല്ല എം.ബി.ബി.എസിലും മാർക്ക് കിട്ടാൻ ഏറെ പ്രയാസമുള്ള കാലം. മികച്ച രീതിയിൽ തന്നെ എം.ബി.ബി.എസ് കോഴ്സ് പഠിച്ചു പൂർത്തിയാക്കാൻ ഡോക്ടർക്ക് സാധിച്ചു.

1984 മെയ് 3 ന് ആറ്റിങ്ങൽ കക്കാട്ട് മഠത്തിൽ പരേതരായ അഡ്വ.കെ.വാസുദേവൻ പോറ്റിയുടെയും ശ്രീദേവി അന്തർജനത്തിന്റെയും ഇളയമകൻ ഡെർമസ്റ്റോളജിസ്റ്റായിരുന്ന ഡോ.അശോക് കുമാറുമായി വിവാഹം.1985 ൽ അമ്മയായി. അതിനുശേഷം 1988 ലാണ് ആലപ്പുഴ മെഡിക്കൽ കോളേജിൽ ഗവൺമെന്റ് സർവ്വീസിൽ പ്രവേശനം കിട്ടുന്നത്. 1989 ൽ രണ്ടാമത്തെ പ്രസവം. സാധാരണനിലയിൽ അതോടെ ഉപരിപഠനം നിലയ്ക്കും. കിട്ടിയ ജോലിയുമായി കുട്ടികളെ പരിപാലിച്ച് കഴിയും.

എന്നാൽ, അങ്ങനെ സാധാരണ ജനുസ്സല്ല ഡോ കല. മെഡിക്കൽ പി.ജിയായി അടുത്ത ലക്ഷ്യം. അങ്ങനെ രണ്ടു മക്കളുടെ (വാസുദേവ്, കേശവ് ദേവ്) അമ്മയായതിനു ശേഷം 1992 ൽ ഡിസ്റ്റിങ്ഷൻ മാർക്കോടെ പോസ്റ്റ് ഗ്രാജുവേഷൻ പൂർത്തിയാക്കി. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ തന്നെ സർവ്വീസിലെത്തി.

സ്കൂൾ ടീച്ചർമാരെ പോലെ കിട്ടിയ ലാവണത്തിൽ സ്ഥിരമായി ഇരിക്കാൻ പറ്റിയ ജോലിയല്ല ഡോക്ടർമാരുടേത്. സ്ഥലംമാറ്റങ്ങൾ കൂടെക്കൂടെയുണ്ടാവും. അതിനനുസരിച്ച് വീടുമാറ്റവും കൂടുമാറ്റവും.

1994 ൽ കോട്ടയത്തേക്ക്. പിന്നീട് 1997 അസിസ്റ്റന്റ് പ്രൊഫസർ ആയി തിരികെ തിരുവനന്തപുരത്തേക്ക്. 2001 മുതൽ 2021 വരെയുള്ള കാലഘട്ടത്തിൽ നിരവധി തവണ കോട്ടയത്തും തിരുവനന്തപുരത്തുമായി പല വട്ടം സ്ഥലംമാറി 2021 ൽ പ്രൊഫസറായി. അതോടൊപ്പം തിരുവനന്തപുരം ഫാർമക്കോളജി വിഭാഗത്തിലെ വകുപ്പു മേധാവിയും.

ഇടക്കിടെയുള്ള സ്ഥലം മാറ്റങ്ങളും ഏറി വരുന്ന ഔദ്യോഗിക ഉത്തരവാദിത്വങ്ങളും ജീവിത സങ്കീർണത വർധിപ്പിച്ചു. അതിനിടയ്ക്കാണ് ഭർത്താവിന്റെ അകാലത്തിലുള്ള വിയോഗം. കുട്ടികൾ ഹൈസ്കൂൾ പഠനം പൂർത്തിയാവും മുമ്പ് 2000 ഒക്ടോബറിലായിരുന്നു ഭർത്താവിന്റെ മരണം. പിന്നീട് 2012 ൽ അച്ഛനും. അവിടം മുതൽ കുടുംബത്തിന്റെ ഉത്തരവാദിത്തങ്ങൾ ഒറ്റയ്ക്ക് നിർവഹിക്കേണ്ട അവസ്ഥയായി.

കഴിഞ്ഞ വർഷമാണ് സ്ഥാനക്കയറ്റത്തോടെ കളമശ്ശേരി ഗവണ്മെന്റ് മെഡിക്കൽകോളേജിൽ പ്രിൻസിപ്പളായി നിയമിതയായത്. ഒരു സ്ഥാപനത്തിന്റെ സമ്പൂർണ ഉത്തരവാദിത്വം ഏറ്റെടുക്കുന്നത് അന്നാണ്. കളമശ്ശേരി മെഡിക്കൽ കോളേജിലെ ഒരു വർഷം പിന്നിടും മുമ്പ് തന്നെ തിരുവനന്തപുരത്ത് തിരിച്ചെത്തി. പഠിച്ച സ്ഥാപനത്തിന്റെ മേധാവിയായിക്കൊണ്ട്. 2022 ജൂലായ് 11നാണു തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ പദവിയിൽ നിയമിച്ചുകൊണ്ട് ഉത്തരവായത്.

ക്ലാസ്സിൽ ആദ്യത്തെ ബഞ്ചിൽ ഇരുന്നു പഠിച്ച മിടുക്കിയായിരുന്നു ഡോക്ടർ. നിത്യവുമുള്ള പഠനങ്ങളിൽ അച്ഛൻ കാണിച്ച ശ്രദ്ധയാണ് ഈ പദവിയിലെത്തിച്ചതെന്ന് ഡോക്ടർ പറയും. ഉദാഹരണത്തിന് കോപ്പി എഴുതുന്ന കാര്യമെടുക്കാം. എഴുതിയ താളുകൾ അച്ഛൻ ഒന്നോടിച്ചു നോക്കിയതിനു ശേഷമേ സ്കൂളിൽ കൊണ്ടുപോകുകയുള്ളൂ. പരീക്ഷ കഴിഞ്ഞു വന്നാൽ അച്ഛന്റെ വക ഒരു വിലയിരുത്തലുണ്ടാവും. ഓരോചോദ്യവും അതിന് എഴുതിയ ഉത്തരങ്ങളും വെച്ച്.

വെക്കേഷന് വായിക്കാനുള്ള മലയാള-ഇംഗ്ലീഷ് സാഹിത്യരചനകൾ അച്ഛൻ

നേരത്തെ തന്നെ വാങ്ങി വച്ചിരിക്കും. ഇംഗ്ലീഷിൽ പരിജ്ഞാനം ഉറപ്പുവരുത്താനായി ഇംഗ്ലീഷ് പത്രം വായിച്ചു ദിവസേന ഒരു സംഗ്രഹം എഴുതി ഉണ്ടാക്കണമെന്നാണ് നിയമം. ഇതിനെല്ലാം പുറമെ തയ്യൽ, പാചകം തുടങ്ങിയ പഠ്യേതര താത്പര്യങ്ങൾ കണ്ടറിഞ്ഞു പ്രോത്സാഹിപ്പിച്ചിരുന്നു. എന്തിനേറെ പറയുന്നു, കുട്ടികളുടെ കാര്യത്തിൽ കുട്ടികളെക്കാൾ എത്രയോ മുന്നിലായിരുന്നു ഡോക്ടറുടെ അച്ഛൻ.

ഈ അച്ഛനും മകളും തമ്മിലുള്ള വിനിമയങ്ങളിൽ പലതും ഇന്നത്തെ തലമുറക്കുള്ള ഉപദേശ ശകലങ്ങളാണ്. ഫോൺ വഴിയുള്ള സംസാരം പരമാവധി അഞ്ചു മിനിറ്റേ പാടുള്ളു എന്നൊരു നിർബന്ധം അച്ഛനുണ്ടായിരുന്നു. പഠനാവശ്യത്തിനായാലും കുശലം പറച്ചിലായാലും അഞ്ചു മിനിറ്റിൽ കൂടുതൽ ഉള്ള കാര്യങ്ങൾ നേരിട്ടോ അല്ലെങ്കിൽ കത്ത് മുഖേനയോ ആവണം എന്നായിരുന്നു അച്ഛന്റെ നിഷ്കർഷ. ഇത് ടെലിഫോൺ ലാൻഡ്‌ലൈൻ മാത്രമുണ്ടായിരുന്ന 1980 കളിലാണെന്ന കാര്യം മറക്കരുത്. ഈ നിഷ്ഠ ഇന്നും ശീലിച്ചു പോരുന്നതിനാൽ തിരക്കേറിയ ജീവിതത്തിൽ മറ്റാരേക്കാളും ഫലപ്രദമായി സമയം വിനിയോഗിക്കാൻ കഴിയുന്നു.

നിർബന്ധ ബുദ്ധിക്കാരനായിരുന്ന അച്ഛനിൽ നിന്നും വിപരീതമായിരുന്നു അമ്മ പാർവതി അന്തർജ്ജനത്തിന്റേത്. ഒരു കാര്യം ചെയ്യാൻ ശ്രമിച്ചു പരാജയപ്പെടാനുള്ള സ്വാതന്ത്ര്യം അമ്മ എന്നും അനുവദിച്ചു കൊടുത്തിരുന്നു. കുട്ടിയെന്ന നിലക്ക് ഉണ്ടാവാനിടയുള്ള പരാജയഭീതി നന്നേ കുറക്കാൻ ഇത് കാരണമായിട്ടുണ്ട്. ജയിക്കാൻ വേണ്ട ഊർജമായിരുന്നു അച്ഛൻ നൽകിയതെങ്കിൽ തോൽവിയെ നേരിടാനുള്ള പാഠമായിരുന്നു അമ്മ നൽകിയത്.

ഡോക്ടറിന്റെ ഔദ്യോദിക പദവികളിലെല്ലാം വേറിട്ട ഒരു പ്രവർത്തന ശൈലി കാഴ്ചവെക്കാൻ അമ്മയുടെ ഈ രീതി ഏറെ സഹായിച്ചിട്ടുണ്ട്. ഇപ്പോഴും താല്പര്യത്തോടെ കൊണ്ട് നടക്കുന്ന രണ്ടു വിനോദങ്ങളാണ് തയ്യലും പാചകവും. കുട്ടിക്കാലത്തു വളർത്തിയെടുത്ത ഈ താൽപര്യങ്ങളിൽ അച്ഛനമ്മമാരുടെ സ്വാധീനം ഏറെ കാണാം.

തലസ്ഥാനത്തെ ഭരണയന്ത്രത്തിന്റെ മൂക്കിനുതാഴെ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട മെഡിക്കൽ കോളേജിന്റെ തലപ്പത്തിരിക്കുമ്പോൾ ഓരോ ദിവസവും അപ്രതീക്ഷിതങ്ങളായ വെല്ലുവിളികൾ നിറഞ്ഞതാവും. സർക്കാരിന്റെയും മന്ത്രിമാരുടെയും രാഷ്ട്രീയക്കാരുടെയും എല്ലാം ഇടപെടൽ കാണും. ചെറിയ പ്രശ്നങ്ങൾ പോലും വലിയ വിവാദമായി വളരാം. അവിടെയെല്ലാം ജയിക്കാനുള്ള ഊർജം അച്ഛനിൽ നിന്ന് ലഭിച്ചിട്ടുണ്ട്. തോൽക്കുമ്പോൾ പതറാതിരിക്കാനുള്ള സിദ്ധി അമ്മയിൽ നിന്നും. വെല്ലുവിളികൾ നിറഞ്ഞ വ്യക്തി ജീവിതത്തിലും ഔദ്യോഗിക ജീവിതത്തിലും ഇതുവരെ പശ്ചാത്തപിക്കേണ്ട ഒരു സാഹചര്യവും ഉണ്ടായിട്ടില്ലെന്ന് ഉറപ്പോടെ പറയുന്നു ഡോ. കല.

പുതിയ മാതാപിതാക്കളോടും ചിലതു പറയാനുണ്ട് ഡോക്ടർക്ക്. കുട്ടികൾക്ക് അച്ഛനായും അമ്മയായും ഗുരുവായും സുഹൃത്തായും രക്ഷാകർത്താവായും ഒക്കെയാണ് മാതാപിതാക്കൾ നിൽക്കേണ്ടത്. ഈ ഒരോ ഭാവത്തിനും പ്രാധാന്യമുണ്ട്. ഇതിൽ ഒരു സന്തുലനം നിലനിർത്തേണ്ടതുമുണ്ട്. ഒന്നും കൂടുതലോ കുറവോ ആവരുത്. നല്ല പാരന്റിംഗിന്റെ ഉല്പന്നമാണ് താൻ എന്നു വിശ്വസിക്കാനാണ് ഈ ഡോക്ടർക്ക് ഇഷ്ടം. പഠിക്കുന്ന കാലത്തു തന്നെ അച്ഛൻ പറയാറുള്ള ഒരു ആഗ്രഹമുണ്ടായിരുന്നു. കല മെഡിക്കൽ കോളേജിന്റെ പ്രിൻസിപ്പൽ ആയി എത്തുമെന്നത്. പക്ഷേ, ആ പദവിയിൽ എത്തിയപ്പോൾ അതു കാണാൻ അച്ഛൻ ഇല്ലാതെ പോയി. ഭർത്താവും. ●

Kala Kesavsn P. Kakkattu Madhom,
TC 8/423, BSNL road, Sreekaryam,
TVM -695017,Mob: 9847034504
Dinesh Karanath , Fellow Engineer,
Honeywell Technology Solutions,
Bangalore. 8/9 Souparnika Layout,
Whitefield, Bangalore 560067
Mob:9448041513

## ഒരു ഡോക്ടർക്ക് ഒരു വിദ്യാർത്ഥി:
# പഠന സഹായ പദ്ധതി

ധന്യാത്മൻ,

മലപ്പുറം ജില്ലയിൽ മഞ്ചേരിയിൽ ഒമേഗ ഫാർമ എന്ന പേരിൽ ഒരു മെഡിക്കൽ ഡിസ്ട്രിബ്യൂഷൻ സ്ഥാപനം പ്രവർത്തിച്ച് വരുന്നു. നിലവാരമുള്ള മരുന്നുകൾ വിതരണം ചെയ്യുന്നു. കേരളത്തിലെ നമ്പൂതിരി സമാന സമുദായങ്ങളിലുള്ള അലോപ്പതി ഡോക്ടർമാർ ഞങ്ങളുടെ മരുന്നുകൾക്ക് പ്രിസ്ക്രിപ്ഷൻ, സപ്പോർട്ട് നൽകുകയാണെങ്കിൽ ഒരു വർഷം അതിൽ നിന്ന് കിട്ടുന്ന ലാഭവിഹിതം മുഴുവനായും സമുദായത്തിലെ അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് പഠന സഹായത്തിനായി നൽകാൻ ഞങ്ങൾ തയ്യാറാണ്. ഒരു ഡോക്ടർക്ക് ഒരു വിദ്യാർത്ഥി എന്ന രീതിയിൽ ഇത് ക്രമീകരിക്കാൻ സാധിക്കും. സാമ്പത്തിക ശേഷിക്കുറവ് കൊണ്ട് പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കാൻ സാധിക്കാത്തവർക്കും ഈ അവസരം വിനിയോഗിക്കാം. വിശാലമനസ്സുള്ളവരും സ്വജനങ്ങളുടെ ഉയർച്ച ആഗ്രഹിക്കുന്നവരുമായ ഡോക്ടർമാരോട് ഈ വിവരം എല്ലാവരും അറിയിക്കണമെന്ന് താത്പര്യപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക.



**സാമ്പത്തിക ശേഷിക്കുറവ് കൊണ്ട് പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കാൻ സാധിക്കാത്തവർക്കും ഈ അവസരം വിനിയോഗിക്കാം.**

സുനിൽ എൻ.എം. നെന്മനശ്ശേരി മഴൂർമന, പി.ഒ. പുന്നപ്പാല,
വണ്ടൂർ മലപ്പുറം ജില്ല. 679328
മൊബൈൽ: 8330820689

# SREE SANKARA TRUST

Advaitha Bhavan, Sree Sankarapuram, Valayanchirangara P.O
Perumbavoor, Pin: 683556 , Phone No.: 0484 2657338
www.sreesankaratrust.org
manager.ssv@gmail.com



## SREE SANKARA VIDYAPEETOM COLLEGE

Valayanchirangara P.O, Perumbavoor Pin: 683556 Phone: 0484-2656938
[Affiliated to M.G. University] [NAAC Accredited at the "A" Level]
www.ssvcollege.ac.in ssvidyapeetom@gmail.com

**U G Courses**

B.A History, Economics, English, Hindi
B.Sc. Mathematics, B.Sc. Physics, B.Sc. Chemistry,
B.Sc. Computer Science
B.Com. Taxation, B.Com. Computer Application

**P G Courses**

M.A. History
M.Com. Finance, M.Com. International Business
M.Sc. Chemistry
M.Sc. Computer Science

**Hostel facility for women**

## V.T BHATTATHIRIPAD COLLEGE

Sreekrishnapuram, Mannampatta P.O, Palakkad Dt, Pin: 679517 Phone: 0466-2268927
[Affiliated to University of Calicut] [NAAC Accredited at the "B+" Level]
principalvtb@gmail.com

**U G Courses**

B.A. Sanskrit, History, Economics Foreign Trade and Practice
B.Sc. Mathematics
B.Com, B.B.A.

**P G Courses**

M.Sc. Computer Science
M.Com

## SREE SANKARA COLLEGE

Nagaroor P.O, Kilimanoor, Pin: 695601, Phone: 0470-2678898
[Affiliated to University of Kerala]
sscollegenagaroor@gmail.com

**Courses**

B.Sc. Physics, B.A. Economics
B.Com. Taxation

## SREE SANKARA VIDYAPEETOM COLLEGE (Self-Finance)

Nagaroor P.O, Kilimanoor, Pin: 695601, Phone: 0470-2677241, 2678899
[Affiliated to University of Kerala] ssvcn@md3.vsnl.net.in

**U G Courses**

B.B.A , B.A. English
B.Com. Computer Application , B.Com. Co-operation
B.Sc. Computer Science

**P G Courses**

M.Com. Finance
M.Sc. Computer Science

## SREE SANKARA VIDYAPEETOM ENGLISH MEDIUM SCHOOL

Nagaroor P.O, Kilimanoor, Thiruvananthapuram, Pin: 695601
Phone: 0470-2678610 ssvpems@gmail.com

**LKG to 12 [CBSE]**

## TEMPLES MANAGED BY SREE SANKARA TRUST

1. Raloor Kavu Devi Temple, Nagaroor
2. Thekkinkadu Shiva Temple, Nagaroor
3. Vishnu Temple, Nagaroor

"Thamaso Ma Jothir Gamaya"



*യോഗക്ഷേമസഭ സംസ്ഥാന കൗൺസിൽ യോഗം കോഴിക്കോട് കേസരി ഭവനിൽ എം. കെ രാഘവൻ എം പി ഉദ്ഘാടനം ചെയ്യുന്നു. സംസ്ഥാന പ്രസിഡൻ്റ് ടി. ആർ വല്ലഭൻ നമ്പൂതിരിപ്പാട്, സെക്രട്ടറി എം.വി സുബ്രഹ്മണ്യൻ നമ്പൂതിരി ട്രഷറർ പ്രൊഫ.ചെമ്മരം നാരായണൻ നമ്പൂതിരി എന്നിവരെയും കാണാം*

**യോഗക്ഷേമസഭ സംസ്ഥാന കൗൺസിൽ ഉദ്ഘാടനം ചെയ്തുകൊണ്ട് എം. കെ രാഘവൻ എം.പി**

# കേന്ദ്രത്തിലും മുന്നോക്ക വികസന കോർപ്പറേഷൻ വേണം

കോഴിക്കോട്: ദേശീയതലത്തിൽ ഒരു മുന്നോക്ക വികസന കോർപ്പറേഷൻ വേണമെന്ന് താൻ രേഖാമൂലം ആവശ്യപ്പെട്ടതായി എം.കെ രാഘവൻ എം.പി അറിയിച്ചു. യോഗക്ഷേമസഭ സംസ്ഥാന കൗൺസിൽ യോഗം ഉദ്ഘാടനം ചെയ്യുന്ന വേളയിലായിരുന്നു ഇത് പറഞ്ഞത്. പ്രസംഗത്തിലെ പ്രസക്തഭാഗങ്ങൾ ചുവടെ:

സാമ്പത്തിക സംവരണം പ്രഖ്യാപിക്കുന്നതിനു മുമ്പു തന്നെ ഞാൻ ലോകസഭയിൽ ഒരു പ്രത്യേക സബ്മിഷൻ കൊണ്ടു വന്നിരുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആളുകൾക്ക് സാമ്പത്തിക സംവരണം അനുവദിക്കണം എന്നാവശ്യപ്പെട്ടുകൊണ്ടാണ് ഞാൻ അന്നാ പ്രമേയം അവതരിപ്പിച്ചത്. പാർലമെന്റ് പ്രൊസീഡിംഗ്സിന്റെ ഭാഗമായി അതു കാണാം.

അതു കഴിഞ്ഞതിനു ശേഷം ഹൗസിൽ നിന്ന് പുറത്ത് ഇറങ്ങുമ്പോഴാണ് പലരും വന്ന് കൈ പിടിച്ച് കുലുക്കിയത്. ഇങ്ങനെ ഒരു പ്രമേയം കൊണ്ടു വന്നല്ലൊ, നല്ല കാര്യമാണ് എന്ന് പറഞ്ഞു. പറയാൻ മടിക്കുന്നാണ് ഇതിന്റെ പ്രശ്നം. ഞാൻ ഇത് പറയണമെന്നതന്നെ തീരുമാനിച്ച് കൊണ്ടു പോയതും അവതരിപ്പിച്ചതുമാണ്. കേരളത്തിൽ മാത്രമല്ല ഇന്ത്യയിൽ ആകമാനം മുന്നോക്ക വിഭാഗം നേരിടുന്ന ഒരു പാട് ബുദ്ധിമുട്ടുകളുണ്ട്. അത് ഞാൻ പറഞ്ഞറിയിക്കേണ്ട കാര്യമില്ല.

അതുപോലെത്തന്നെ ദേശീയ തലത്തിൽ ഒരു മുന്നോക്ക വികസന കോർപ്പറേഷൻ വേണം എന്നു കൂടി രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്. അങ്ങനെയൊന്ന് ഉണ്ടാവണം എന്ന പക്ഷക്കാരനാണ് ഞാൻ. നമ്മളൊക്കെ ജീവിക്കുന്ന കാലം എന്നത് വളരെകുറച്ച് കാലമാണ്. ആ ജീവിത കാലത്ത് ലഭിക്കേണ്ട ന്യായമായ ആവശ്യങ്ങളും അവകാശങ്ങളും ലഭിക്കുന്നില്ലെങ്കിൽ പിന്നെ ജീവിതം കൊണ്ട് എന്ത് അർത്ഥം എന്ന ചോദ്യമുയരും. കരഘോഷം മുഴക്കിയാണ് വേദിയും സദസും ഇതിനെ എതിരേറ്റത്.

## ഏകീകൃത ദേവസ്വം ബോർഡ് രൂപീകരിക്കണം

കോഴിക്കോട്: മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ഉടൻ തന്നെ ഏകീകൃത - ദേവസ്വം ബോർഡ് രൂപീകരിക്കണമെന്ന് യോഗക്ഷേമസഭ സംസ്ഥാന കൗൺസിൽ യോഗം ആവശ്യപ്പെട്ടു. സാമ്പത്തിക സംവരണത്തിന് പ്രസക്തി വർദ്ധിച്ചിരിക്കുകയാണെന്നും അതിനാൽ അത് നടപ്പാക്കാനുള്ള നടപടികൾ സർക്കാർ വേഗത്തിലാക്കണമെന്നും യോഗം ആവശ്യപ്പെട്ടു. സർക്കാർ ജീവന ക്കാരുടെ പ്രമോഷൻ കാര്യങ്ങളിൽ സംവരണം ഏർപ്പെടുത്തുന്നത് പ്രവൃത്തിയിലുള്ള ഗുണമേന്മ നഷ്ടമാക്കാനിടയാക്കുന്നുണ്ടെന്ന് യോഗം വിലയിരുത്തി.

സംസ്ഥാന പ്രസിഡന്റ് ടി.ആർ. വല്ലഭൻ നമ്പൂതിരിപ്പാടിന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ ജനറൽ സെക്രട്ട എം.വി. സുബ്രഹ്മണ്യൻ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷർ ചെമ്മരം നാരായണൻ നമ്പൂതിരി വാർഷിക വരവ് ചെലവ് കണക്ക് അവതരിപ്പിച്ചു. മധ്യമേഖല സെക്രട്ടറി ബ്രിഗേഷ് പട്ടശ്ശേരി അനുമോദന പ്രമേയവും ഉത്തരമേഖല സെക്രട്ടറി സി.ഐ. ശങ്ക രൻ അനുശോചന പ്രമേയവും അവതരിപ്പിച്ചു. സംസ്ഥാന സെക്രട്ടറി സുനിൽ കാലടി സ്വാഗതവും ദക്ഷിണ മേഖല സെക്രട്ടറി ശ്രീകുമാരൻ നന്ദിയും പറഞ്ഞു. തുടർന്ന് സന്താന ഗോപാലം കഥകളി അരങ്ങേറി.


സമ്മേളന നഗരിയിലെ സ്വസ്തിയുടെ സ്റ്റാൾ

സംസ്ഥാന പ്രസിഡന്റ് അക്കീരമൻ കാളിദാസഭട്ട തിരിപ്പാട് പൊതു സമ്മേള നത്തിൽ സംസാരിക്കുന്നു

സമ്മേളന നഗരിയിലെ ശ്രമസംഘം


യോഗക്ഷേമസഭ സമ്മേളനം സമാപിച്ചു

വേദസംസ്കാരവും പൈതൃകവും സംരക്ഷിക്കാൻ പദ്ധതി വേണം: കാണിപ്പയ്യൂർ



സമ്മേളനത്തെക്കുറിച്ചു വന്ന പത്രവാർത്തകൾ



യോഗക്ഷേമസഭ സംസ്ഥാന ഭാരവാഹികൾ

പ്രസിഡന്റ് അക്കീരമൺ കാളിദാസൻ ഭട്ടതിരിപ്പാട്, വൈസ് പ്രസിഡന്റ് പുതുവാ ശിവദാസ്, ജനറൽ സെക്രട്ടറി പി.എൻ. കൃഷ്ണൻ പോറ്റി, സെക്രട്ടറി കെ.ഡി. ദാമോദരൻ, ട്രഷറർ പി.എം. ദാമോദരൻ.



വനിതാസഭാ സംസ്ഥാന ഭാരവാഹികൾ

പ്രസിഡന്റ് മല്ലിക മഹേഷ് നമ്പൂതിരി, വൈസ് പ്രസിഡന്റ് സാവിത്രി കെ.നമ്പൂതിരി, സെക്രട്ടറി വത്സല കെ. എൻ, ജോ. സെക്രട്ടറി സിന്ധുജാദേവി, ട്രഷറർ ഗിരിജ പി.



യോഗക്ഷേമസഭ മേഖലാ ഭാരവാഹികൾ

ഉത്തരമേഖല പ്രസിഡന്റ് കൽപമംഗലം നാരായണൻ നമ്പൂതിരി, സെക്രട്ടറി മനോജ് തരിപ്പ, മദ്ധ്യമേഖല പ്രസിഡന്റ് തുറനെല്ലൂർ മുരളീധരൻ, സെക്രട്ടറി രവി പന്തൽ, ദക്ഷിണ മേഖല പ്രസിഡന്റ് കുടൽമന വിഷ്ണു നമ്പൂതിരി, സെക്രട്ടറി സതീഷ്പോറ്റി



# ആദരാഞ്ജലികൾ
## (ചരമം: 8/8/2022)



## സാവിത്രി അന്തർജനം

പുല്ലാളൂർ: മേല്പള്ളി മന വാസുദേവൻ അടിതിരിപ്പാടിന്റെ ഭാര്യ സാവിത്രി അന്തർജനം (63) വിഷ്ണു പാദം പൂകി. മക്കൾ. ശ്രീലേഖ അന്തർജനം (ജി. എച്ച് എസ് എസ് ആഴ്ചവട്ടം), ശ്രീനാഥ് നമ്പൂതിരി (മേൽശാന്തി, ശ്രീ കരുവിശ്ശേരി വിഷ്ണു ക്ഷേത്രം, കോഴിക്കോട് ) മരുമക്കൾ: ജനാർദ്ദനൻ നമ്പൂതിരി (മേൽശാന്തി, ശ്രീ ഒല്ലൂർ ശിവക്ഷേത്രം, പൊറ്റമ്മൽ ), വിദ്യ അന്തർജനം (അധ്യാപിക, കെ.എം.സി.ടി മുക്കം), സഹോദരങ്ങൾ: കൃഷ്ണൻ നമ്പൂതിരി, ഉഷ അന്തർജനം.

ജനാർദ്ദനൻ നമ്പൂതിരി, മൊബൈൽ: 98473 61676



**ആദരാഞ്ജലികളോടെ:**
ഗൗരി
അനിത
വിഷ്ണു
മാന്തിട്ട മന,
പോസ്റ്റ്:വെങ്കിടങ്ങ്,
തൃശ്ശൂർ ജില്ല,
പിൻ: 680510,
മൊബൈൽ:
8714839298

**മാന്തിട്ട വിഷ്ണു നമ്പൂതിരി / ശ്രാദ്ധം: 05. 09. 2022**

## വിവാഹ വർഷികം ആശംസകൾ

മക്കൾ: സനൂപ് നാരായണൻ, ശരണ്യ
മരുമക്കൾ: സ്വപ്ന എരന്തൊടി മന (പട്ടാമ്പി),
ഉണ്ണികൃഷ്ണൻ ടി.വി വടക്കേപ്പാട് ഇല്ലം (മുക്കം)
പേരക്കുട്ടികൾ: നൈശ്രേയ പാർവതി, പ്രയാഗ് കൃഷ്ണൻ വി യു, പ്രണത് നാരായണൻ വി യു, പ്രഗീത് രുദ്രൻ വി യു. മറ്റ് ബന്ധുമിത്രാദികൾ

26.10.1986




26.10.2022

**നാരായണൻ നമ്പൂതിരി**
**സതി അന്തർജനം**
**സുദർശനം (കോളശ്ശേരി മന)**
**ഒല്ലൂർ, തൈക്കാട്ടുശ്ശേരി, തൃശ്ശൂർ**

ശ്രീഹരിക്കോട്ടയിൽ രാമബാണം പോലെ ലക്ഷ്യവേധം നിർണ്ണയിച്ച ആകാശയാനം. കൗണ്ട് ഡൗണിന്റെ പാരമ്യത്തിൽ മിഷൻ കൺട്രോൾ സെന്ററിലെ കൺസോളിൽ ഡയറക്ടറുടെ സീറ്റിൽ ഇരിക്കുന്ന ആൾ മനസ്സിൽ പറഞ്ഞു.

# ഇദം ന മമ

**ഇക്കഴിഞ്ഞ ജൂലൈ മാസത്തിൽ പി.എസ്.എൽ.വി. സി 53 മിഷൻ വിജയകരമായി വിക്ഷേപിച്ചതിന് സാരഥ്യം വഹിച്ച**

## മാങ്ങോട്ടശ്ശേരി നാരായണൻ നമ്പൂതിരിപ്പാട്

**എന്ന അനിയൻ മാങ്ങോട്ട്രിയുടെ കുറിപ്പുകൾ.**





*ശ്രീഹരിക്കോട്ടയിലെ മിഷൻ കൺട്രോൾ സെന്ററിലെ കൺസോളിൽ ഡയറക്ടറുടെ സീറ്റിലിരുന്ന് പി.എസ്.എൽ.വി.സി 53 മിഷൻ വിക്ഷേപിക്കുന്നതിന് സാരഥ്യം വഹിക്കുന്ന നാരായണൻ നമ്പൂതിരിപ്പാട്. ലൈവ് ടെലകാസ്റ്റിൽ നിന്നുള്ള ദൃശ്യം*



**അനിയൻ മാങ്ങോട്ട്രി**

കഴിഞ്ഞമാസം, അതായത് ജൂലൈ 2022ൽ നടന്ന പി.എസ്.എൽ.വി. സി53 മിഷൻ വേളയിൽ, വി.എസ്.എസ്സിയുടെ മിഷൻ കൺട്രോൾ സെന്ററിലെ കൺസോളിൽ ഡയറക്ടറുടെ സീറ്റിൽ ഇരിക്കാനുള്ള ഭാഗ്യം എനിക്കുണ്ടായി. ഡയറക്ടർക്ക് വരാൻ പറ്റാത്ത സാഹചര്യത്തിൽ അസോസിയേറ്റ് ഡയറക്ടർ എന്ന നിലയിൽ ആ ചുമതല ഏറ്റെടുക്കേണ്ടി വന്നതിനാൽ.

പി.എസ്.എൻ.വി ഇന്ത്യയുടെ ഏറ്റവും കൃത്യതയുള്ള, വിശ്വാസ്യതയുള്ള വിക്ഷേപണ വാഹനമാണ്.1984ൽ വി.എസ്.എസ്.സിയിൽ ചേർന്ന സമയത്ത് ഈ വാഹനം ഉണ്ടായിരുന്നില്ല. ഇതിന്റെ രൂപകല്പന ഡ്രോയിങ് ബോർഡിൽ നടന്നുകൊണ്ടിരുന്ന ഒരു കാലമായിരുന്നു അത്. ഇതിന്റെ തന്നെ കൺട്രോൾ സിസ്റ്റംസിനു വേണ്ട ഇലക്ട്രോണിക് സംവിധാനങ്ങൾ ഉണ്ടാക്കാനുള്ള ചുമതലയിലൂടെയാണ് ആദ്യകാല പ്രവർത്തനങ്ങൾ തുടങ്ങുന്നത്.

പിന്നീട് ഐ.എസ്.ആർ.ഒവിന്റെ എല്ലാ

ഉപഗ്രഹവിക്ഷേപണ വാഹനങ്ങളുടെയും രൂപകൽപ്പനയിൽ ഭാഗഭാക്കാവാൻ കഴിഞ്ഞു. ഇന്നിപ്പോൾ 38 വർഷത്തെ സർവീസിനുശേഷം വിരമിക്കുന്നു. എന്റെ തന്നെ ഫ്രന്റ്സ് ഫേസ് ബുക്ക്ഗ്രൂപ്പിൽ എഴുതിയ ചില കാര്യങ്ങൾ താഴെ.

'Yesterday stepped down from the seat of Associate Director,VSSC/ISRO. 38 years and 16 days.

Stepped into the campus of VSSC in 1984 immediately after Btech.from REC,Calicut(Present NIT).

What a wonderful days...I spent ....-The joy of developing many systems. When concepts learned appeared before,as working hardware after struggle,noise,interference,failures,discussions in DRTs,FABs,various phases of testing,sleepless nights in test beds at SHAR,Mahendra Giri,SAC-Ahmedabad(Once flown above the city in a Beechcraft aircraft of NRSA for stabilizing ASAR Antenna...90s) the real joy of team work-!(Some people with whome worked no more in the world)

മനസ്സിൽ സമ്മിശ്രവികാരങ്ങൾ...! കർമ്മ മേഖലയിലെ ഓരോ ഘട്ടങ്ങളിലും, അഭിനിവേശത്തോടെയുള്ള ഓരോ ഒച്ചയെടുപ്പിന്റെ ബഹളത്തിലും ഇടക്കെങ്കിലും 'അഗ്നേ ഇദം ന മമ..'എന്നും ചൊല്ലിയിരുന്നു.

ചെങ്കോട്ടുകോണത്തെ തീപ്പൊരി സ്വാമി സത്യാനന്ദ സരസ്വതി എന്റെ ആത്മാവിലേക്ക് സന്നിവേശിപ്പിച്ച മന്ത്രമുണ്ട്. മൃത്യുഞ്ജയമന്ത്രം

'ഉർവ്വാരുകമിവ ബന്ധനാത് മൃത്യോർ മുക്ഷീയ മാമൃതാത്...' പ്രായമായ കുമ്പളങ്ങ ഞെട്ടിൽ നിന്നും താനെ അടരും പോലെ.... നമ്മൾ സന്യാസിമാരല്ലല്ലോ മനുഷ്യരല്ലേ. അതുകൊണ്ട് ഇങ്ങനെയൊക്കെയങ്ങനെ എഴുതിപ്പോകുന്നു. വി എസ് എസ് സിയിലെ ഓരോ നിമിഷവും ശരിക്കും ആസ്വദിക്കുകയായിരുന്നു.

ഇന്നിപ്പോൾ 'പൂരത്തിൻ താളമേളം കുഴൽവിളി, കുടമാറ്റം, വെടിക്കെട്ടിതെല്ലാം തീരാറായ്; നേരമായെൻ ചുമലിനു ചുമടാം ചെണ്ട താഴത്തിറക്കാൻ. അതൊരു ഭാരമായി തോന്നിയിട്ടേയില്ല. കാരണം, മഹത്തായ ചില വലിയ കാര്യങ്ങൾചെയ്യുന്നതിലെ ആനന്ദം. ആകാശത്തു നോക്കുന്ന ഒരു കുട്ടിയുടെ സന്തോഷം.

ഉള്ളൂർ പറഞ്ഞപോലെ ഭവാബ്ധിയെ ഗോഷ്പദമാക്കുന്ന എത്രയോ കൂട്ടുകാർ...!)

The booster dose of ME from IISc as an ISRO sponsored candidate. The enchanting kick of the mix of practical experience and Hi-fi theory... The thrill of flexing the nozzle of big solid booster,gimbaling the engine of Vikas and Cryo stage...The heartbeat of countdown...-Young teams around-!Sometimes voice went up towards them in managing



**എത്രയെത്ര കണക്കുകൾ പിഴക്കാതെ വന്നാലാണ് ദൗത്യം വിജയിക്കുക. കണക്കുകൾ പിഴക്കാനുള്ള അനന്തമായ സാധ്യതകളുള്ള ഒന്നാണ് സാറ്റലൈറ്റ് ലോഞ്ചിംഗ് വെഹിക്കിൾ. അപരിമേയമായ ആകാശ സീമകളിലേക്ക് തൊടുത്തു വിടുന്ന ആയിരക്കണക്കിനു കിലോഗ്രാം ഭാരത്തെ മൗസു കൊണ്ട് നിയന്ത്രിക്കുന്ന വിദ്യ. ഗണപതിയെന്ന മഹാദേവന്റെ വാഹനവും ഇതേ പോലൊരു കുഞ്ഞി മൗസ് ആണല്ലോ എന്നോർക്കുമ്പോൾ അദ്ഭുതപ്പെടാതെ വയ്യ.**

പക്ഷേ അവിടെ വെച്ച് വാഹനത്തിന്റെ നിയന്ത്രണ സംവിധാനം പോസിറ്റീവ് ഫീഡ്ബാക്കിൽ ആയി, നിശ്ചിതപഥത്തിൽ നിന്നും വ്യതിചലിച്ച് കടലിൽ പതിച്ചു.പിന്നീട് പോസ്റ്റ് ഫ്ലൈറ്റ് അനാലിസിസ് വഴി മനസ്സിലാക്കി, അത് ഒരു നിസ്സാര സോഫ്റ്റ്വെയർ എറർ ആയിരുന്നു എന്ന്.

the whole show. But allowed them also to respond like that. At the end of the day settled everything around the table.

വി എസ് എസ് സിയിലെ കൂട്ടുകാർ വീട്ടിൽ കൊണ്ടാക്കി. 'സൂപ്പർആന്വേഷന്റെ ദിനത്തിൽ ഞങ്ങൾക്കും അച്ഛനെ കാണണം'. ഡിജിറ്റൽ ടെക്നോളജിക്കു നന്ദി...തൃശ്ശൂരിൽ നിന്ന് മകൾ, ജർമ്മനിയിലെ മ്യൂണിക്കിൽ നിന്നും മകൻ, തിരുവനന്തപുരത്ത് സഹധർമ്മിണി, ഞാൻ... അക്ഷരത്തെറ്റ്, വ്യാകരണപ്പിഴ എല്ലാം പൊറുത്തു എന്ന് കരുതിക്കോട്ടെ. ഇപ്പോൾ വിട. വീണ്ടും കാണും വരെ ഗുഡ് ബൈ.

പിഎസ്എൽവിയുടെ ആദ്യ വിക്ഷേപണം ഒരു പരാജയമായിരുന്നു. ഒന്നും രണ്ടും സ്റ്റേജുകൾ വളരെ ഭംഗിയായി പ്രവർത്തിച്ചു. മൂന്നാമത്തെ ഖരഇന്ധനസ്റ്റേജും കത്തി. പക്ഷേ അവിടെ വെച്ച് വാഹനത്തിന്റെ നിയന്ത്രണ സംവിധാനം പോസിറ്റീവ് ഫീഡ്ബാക്കിൽ ആയി, നിശ്ചിതപഥത്തിൽ നിന്നും വ്യതിചലിച്ച് കടലിൽ പതിച്ചു.പിന്നീട് പോസ്റ്റ് ഫ്ലൈറ്റ് അനാലിസിസ് വഴി മനസ്സിലാക്കി, അത് ഒരു നിസ്സാര സോഫ്റ്റ്വെയർ എറർ ആയിരുന്നു എന്ന്.

അതേ... ഉപഗ്രഹ വിക്ഷേപണം ഒരുതരം ഞാണിൻ മേൽ കളി തന്നെ. എല്ലാ സംവിധാനങ്ങളും നൂറിൽ നൂറ് മാർക്ക്

തന്നെ നേടണം ശരിയായ പ്രവർത്തന ത്തിന്റെ കാര്യത്തിൽ. അതുകൊണ്ടുതന്നെ പിന്നീട് എത്രയോ വിജയകരമായ വിക്ഷേ പണങ്ങൾ ചെയ്തെങ്കിലും വീണ്ടുമൊരു വിക്ഷേപണത്തിന് അത് പി.എസ്.എൽ.വി യാകട്ടെ,ജി.എസ്.എൽ.വിയാകട്ടെ,എം.കെ3 ആകട്ടേ; ശ്രീഹരിക്കോട്ടയിൽ വാഹനം തയ്യാറെടുക്കുമ്പോൾ ഒരു പാളിച്ചകളും വരാതിരിക്കാൻ വിശകലന ചർച്ചകളും ടെസ്റ്റുകളും നടത്തിയിരിക്കും. ഒരു വിക്ഷേപണ വാഹനം വിക്ഷേപണ തറയിൽ സ്റ്റാക്കിംഗ് തുടങ്ങുന്നതിനു മുമ്പ് തന്നെ അതിന്റെ ഓരോ ഭാഗങ്ങളുടെയും ശരിയായ പ്രവർത്തനം ടെസ്റ്റുകളിലൂടെ ഉറപ്പാക്കുന്നു.പിന്നെ ഓരോ സ്റ്റേജുകളുടെയും പ്രവർത്തനം സബ്സ്സംബ്ലി ടെസ്റ്റുകളിലൂടെ ഉറപ്പുവരുത്തുന്നു. മുഴുവനായി തയ്യാറായ വാഹനം വിക്ഷേപണത്തറയിൽ വെച്ച് തന്നെ നിരവധി ടെസ്റ്റുകൾക്ക് വിധേയമാകുന്നു. ആ ടെസ്റ്റുകളുടെ ഒക്കെ വിശകലനം സബ്സിസ്റ്റം ഡിസൈൻ റിവ്യൂ മീറ്റിംഗ്, ഫ്ലൈറ്റ് റെഡിനസ് റിവ്യൂ മീറ്റിംഗ്, മിഷൻ റെഡിനസ് റിവ്യൂ മീറ്റിംഗ് തുടങ്ങിയ കമ്മിറ്റികളുടെ വിശകലനത്തിലൂടെ സമ്പൂർണ്ണമായും തൃപ്തികരമാണ് എന്ന് കണ്ടതിനുശേഷം മാത്രമേ വിക്ഷേപണം നടത്തുകയുള്ളു. വിക്ഷേപണത്തറയിൽ നിന്ന് ഉയരും വരെ വാഹനത്തിന്റെ ശരിയായ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതും ടെസ്റ്റ് സിഗ്നലുകൾ കൊടുത്ത് ചെക്ഔട്ട്(ശരിയാണ് എന്ന ഉറപ്പുവരുത്തൽ) നടത്തുന്നതും ലോഞ്ച് കൺട്രോൾ സെന്ററിലെ കമ്പ്യൂട്ടറുകളാണ്. കോവിഡ് വന്ന കാലത്തെ ചില പരിഷ്കരണങ്ങളിലൂടെ വെർച്വൽ കൺട്രോൾ സെൻറർ വഴി വി എസ് എസ് സിൽ നിന്നുതന്നെ പലകാര്യങ്ങളും ചെയ്യാമെന്നായി. അതുവഴി ധാരാളം ആളുകൾ ശ്രീഹരിക്കോട്ടയിൽ ഒന്നിച്ചുപോകേണ്ട സാഹചര്യം കുറെയൊക്കെ ഒഴിവാക്കാനായി.മിഷൻ കൺട്രോൾ സെൻററിൽ സീനിയർ ലെവൽ എക്സിക്യൂട്ടീവുകൾ ഇരിക്കുന്നു. വാഹനം കത്തുന്നതിനുമുമ്പ് നടക്കുന്ന ടെസ്റ്റുകളും വാഹനത്തിന്റെ ഓരോ ഭാഗത്തിന്റെയും ആരോഗ്യവിവരങ്ങളും കൺസോളിൽ വരും. വാഹനം ഉയർന്നു കഴിഞ്ഞാൽ ഓരോ സ്റ്റേജിന്റെയും പ്രവർത്തനത്തിന്റെ വിശദ വിവരങ്ങളും മിഷൻ കൺട്രോൾ സെൻറർ കൺസോളിൽ ടെലിമെട്രി സംവിധാനം വഴി വരും. പ്രഷർ,ടെമ്പറേച്ചർ, വോൾട്ടേജ്,കറന്റ് തുടങ്ങി നിരവധി പരാമീറ്റേഴ്സ് മോണിറ്ററിൽ കാണപ്പെടുന്നു.

എൻജിനീയറിങ് ഡിസിപ്ലിനിൽ ഉള്ള എല്ലാ വിഭാഗങ്ങളുടെയും ഒത്തുചേർന്നുള്ള പ്രവർത്തനം ഒരു വിക്ഷേപണത്തിന്റെ വിജയത്തിന് പിന്നിലുണ്ട്. എയറോഡൈനാമിക്സ്,ഏവിയോണിക്സ്,കൺട്രോൾ ആന്റ് ഗൈഡൻസ്,കമ്പ്യൂട്ടർ സയൻസ്,സ്ററക്ചറൽ ഡിസൈൻ,തെർമ്മൽ എഞ്ചിനിയറിങ്ങ്,മെക്കാനിക്കൽ ഫാബ്രിക്കേഷൻ.... അങ്ങനെയങ്ങനെ പോകുന്നു.

ഇന്നിപ്പോൾ പിഎസ്എൽവി എന്നത് സമ്പൂർണ്ണമായും ഓപ്പറേഷനൽ ആയ ഒരു വാഹനം ആയിക്കഴിഞ്ഞു. പുറമേയുള്ള വ്യവസായ സ്ഥാപനങ്ങൾ വഴി പൂർണമായും ഇതിന്റെ നിർമ്മാണവും വിക്ഷേപണവും സാധ്യമാക്കാനുള്ള പദ്ധതികളും നടക്കുന്നു.

ഇന്ത്യൻ ബഹിരാകാശ ഗവേഷണ മേഖലയിൽ ധാരാളം പരിഷ്കാരങ്ങൾ വന്നു കഴിഞ്ഞത് എല്ലാവരും വായിച്ചതാണല്ലോ. അതുവഴി വ്യവസായ സ്ഥാപനങ്ങൾക്കും സ്വകാര്യ മേഖലയിലെ ചെറു സംരംഭകർക്കും ഈ മേഖലയിലേക്ക് കടന്നു വരാനുള്ള വഴിയും തെളിഞ്ഞിരിക്കുകയാണ്.

മില്യൺ ഡോളർ ബിസിനസ്സായ ബഹിരാകാശ ഗവേഷണ രംഗത്ത് തന്റേതായ കാൽവെപ്പുകൾ ഉറപ്പിക്കാനായി ഇന്ത്യ ഇത്തരം മാറ്റങ്ങൾക്ക് വഴിവെട്ടിയിരിക്കുന്നു.

ബഹിരാകാശ രംഗത്തെ പുരോഗതിയുടെ ഫലങ്ങൾ സാധാരണക്കാരുടെ ജീവിതത്തിന്റെ എല്ലാ വശങ്ങളെയും സ്വാധീനിച്ചുകൊണ്ടിരിക്കുന്നു.

ഇന്ത്യ ഈ മേഖലയിൽ പുരോഗതിയുടെ വൻ കുതിച്ചുചാട്ടത്തിന് തയ്യാറെടുത്തു കൊണ്ടിരിക്കുന്നു. മറ്റ് രാജ്യങ്ങളുടെ ഉപഗ്രഹങ്ങളെ വാണിജ്യാടിസ്ഥാനത്തിൽ വിക്ഷേപിച്ച് ധാരാളം വരുമാനം നാടിന് നേടിക്കൊടുത്തുകൊണ്ടിരിക്കുന്നു.

മനുഷ്യനെ ബഹിരാകാശത്ത് എത്തിച്ച് സുരക്ഷിതമായി തിരിച്ചു കൊണ്ടുവരാനുള്ള പദ്ധതിയും നടന്നുകൊണ്ടിരിക്കുന്നു. ഗഗൻയാൻ എന്ന പേരായ പദ്ധതിയിലൂടെ എം കെ ത്രീ വാഹനം മനുഷ്യ സഞ്ചാര യോഗ്യമാക്കി മാറ്റിക്കൊണ്ടിരിക്കുന്നു. സമീപഭാവിയിൽ തന്നെ മിഷൻ നടക്കാനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞിരിക്കുന്നു. സ്പെയ്സ് ടൂറിസം എന്ന പദ്ധതിയും പ്ലാനിങ്ങിൽ ഉണ്ട്.

മനുഷ്യനെ ബഹിരാകാശത്ത് എത്തിച്ച് സുരക്ഷിതമായി തിരിച്ചു കൊണ്ടു വരാനുള്ള പദ്ധതിയും നടന്നു കൊണ്ടിരിക്കുന്നു. ഗഗൻ യാൻ എന്ന പേരായ പദ്ധതിയിലൂടെ എം കെ ത്രീ വാഹനം മനുഷ്യ സഞ്ചാര യോഗ്യമാക്കി മാറ്റിക്കൊണ്ടിരിക്കുന്നു. സമീപഭാവിയിൽ തന്നെ മിഷൻ നടക്കാനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞിരിക്കുന്നു. സ്പെയ്സ് ടൂറിസം എന്ന പദ്ധതിയും പ്ലാനിങ്ങിൽ ഉണ്ട്.

എങ്കിലും പല സാങ്കേതിക വിദ്യകളിലും ഇന്ത്യ ഇനിയും മുന്നേറേണ്ടിയിരിക്കുന്നു. ഇപ്പോൾ വിക്ഷേപണം നടന്നതിനുശേഷം വാഹനത്തിന്റെ വിവിധ സ്റ്റേജുകൾ ഉപയോഗിക്കാൻ സാധിക്കാത്ത രീതിയിൽ കടലിൽ തന്നെ പതിക്കുകയാണ്.എന്നാൽ വിദേശ രാജ്യങ്ങളിൽ, സ്പേസ്എക്സ് പോലുള്ള വലിയ ബഹിരാകാശ സംരംഭകർ റോക്കറ്റിന്റെ ഭാഗങ്ങളെ തിരിച്ച് വിക്ഷേപണ തറയിൽ തന്നെ കൊണ്ടുവരുന്നു. അവ തന്നെ ചെറിയ മാറ്റങ്ങൾ വരുത്തി വീണ്ടും വീണ്ടും വിക്ഷേപണങ്ങൾക്കായി ഉപയോഗിക്കുന്നു. ഇത് വിക്ഷേപണത്തിന്റെ ചിലവ് വളരെയധികം കുറയ്ക്കാൻ സഹായിക്കുന്നു. ഇത്തരത്തിലുള്ള സ്റ്റേജ് റിക്കവറി ടെക്നോളജി ഇന്ത്യ ഇനിയും സ്വായത്തമാക്കേണ്ടിയിരിക്കുന്നു.

അതുപോലുള്ള പല ടെക്നോളജി ഡെവലപ്മെന്റുകളും ഐഎസ്ആർഒവിന്റെ എല്ലാ സെൻററുകളിലും ഊർജ്ജസ്വലമായി മുന്നേറുന്നു എന്നുള്ളത് ആശ്വാസത്തിന് വക നല്കുന്ന കാര്യം തന്നെ. ●

Aniyan Mangotri
MRA-139,Ashramam Road
Mannamoola,Perurkada
Trivandrum-5,Phone:9496080045

# രണ്ടു കവിതകൾ



## അമ്മ



**ശ്രീദേവി എളപ്പില**
ശ്രീഭവൻ, പി.ഒ മട്ടിലയം,
വെള്ളമുണ്ട, വയനാട് പിൻ 670731
മൊബൈൽ 9747323278

അമൃത് ചുരത്തും അമ്മിഞ്ഞപ്പാൽ,
അമ്മയതേകിയതില്ലല്ലൊ
സ്നേഹം കൂട്ടാൻ ആഴമളക്കാൻ
മടിയിലിരുത്താൻ നിന്നില്ലാ.

ചീച്ചിയൊഴുക്കാൻ ഉമ്മയുമേകാൻ,
വാത്സല്യത്തിൻ കുളിരേകാൻ
കൂടെയിരുത്താൻ കുഞ്ഞിനെയൂട്ടാൻ,
ചാരെയിരുന്നു കനിഞ്ഞില്ലാ.

'അമ്മേ' നീട്ടി വിളിച്ചീടുമ്പോൾ
'എന്തേ' എന്നൊരു വിളി കേൾക്കാൻ
മധുരം കിനിയും അമ്മെടെ സ്നേഹം
കോരി നിറച്ചു കുടിച്ചീടാൻ

തുമ്പിയണഞ്ഞൂ വമ്പനണഞ്ഞൂ
ഞാനുമണഞ്ഞൂചാരത്തായ്...
അമ്മനിലാവിൻ തൂവെള്ളയിലെ
നേരു കുളിർത്തൊരു നേർമ്മയിലെ

ഓർമ്മയൊരുക്കിക്കാത്തൊരു പ്രണയം
അമ്മയ്ക്കേകാം നിറവോടെ,
നിത്യപ്പൊരുളായ് നിറകതിരായ് നീ
മുത്തം നൽകിയണച്ചീടൂ!

പ്രപഞ്ചസത്യം ലോകത്തുയരാൻ
അമ്മക്കുളിരിൻ തണലേകൂ!! ●



## ദുർഗ്ഗാസ്തുതി



**അനിയൻ മണ്ണാനിക്കാട്**
ശ്രീനിലയം, പി. ഒ എടയാറ്റൂർ,
മേലാറ്റൂർ, പിൻ: 679326
മൊബൈൽ: 9633167578

കക്കുളം ദേശത്തെ, തങ്കത്തിലകമായ്
മിന്നിത്തിളങ്ങുന്ന ദുർഗ്ഗേ ഭഗവതി
ശത്രുസംഹാരിണി പ്രേമസ്വരൂപിണി
സൻമാർഗ്ഗദായിനി ദുർഗ്ഗേഭഗവതി!

അന്നപൂർണേശ്വരി വിദ്യാപ്രദായിനി
മോക്ഷസ്വരൂപിണി ദുർഗ്ഗേ ഭാഗവതി
മംഗല്യദായിനി സന്താനദായിനി
ആലംബദായിനി ദുർഗ്ഗേ ഭഗവതി!

ആരോഗ്യദായിനി ക്ഷേമസ്വരൂപിണി
ശാന്തസ്വരൂപിണി ദുർഗ്ഗേ ഭഗവതി,
അമ്മേ മഹേശ്വരി സംഹാര രൂപിണി
കാർത്യായിനി ദേവി, ലോകാതിനാഥികേ!

ഉണ്ണീഗണപതി ചാരത്തുവാഴുന്ന-
ദുർഗേ ഭഗവതി കൈതൊഴുന്നേൻ.
അയ്യനും സ്കന്ദനും വിഷ്ണുവും മറ്റുമായ്,
രാജ്ഞിയായ് വാഴുന്ന ദുർഗ്ഗേ ഭഗവതി!

ദാരിദ്ര്യദുഃഖങ്ങൾ മാരകരോഗങ്ങൾ,
ഏൽക്കാതെ കാക്കണേ ദുർഗ്ഗേ ഭഗവതി.
നമ്രശിരസ്കരായ് നിൽക്കുന്നു നിൻ മുന്നിൽ
സൗഭാഗ്യമേകണേ ദുർഗ്ഗേ ഭഗവതി! ●



ചെറുകഥ / ഒ.എൻ.രാജേഷ്,ഒരുപുലാശ്ശേരി



# നല്ല രൂപല്ല്യ, എവിട്ട്യാ ചെന്നവസാനിക്ക്യാന്ന്

രാവിലെ ഏഴുമണി. മുത്തച്ഛൻ തേവാരം കഴിഞ്ഞ് കാപ്പിപലഹാരത്തിന് മേലടുക്കളയിലെത്തി. അതിന്നിടയിൽ തൊടിയിൽ നിന്നെന്ന പോലെ ഒരു ബഹളം. മുത്തശ്ശ്യമ്മ വീതനയുടെ ജനലിലൂടെ പുറത്തേക്കു നോക്കി. അയൽപക്കത്തെ കാർത്ത്യായനിയും വസുമതിയും കുറച്ചു നാട്ടുകാരുമൊക്കെയായാണ് ബഹളം വയ്ക്കുന്നത്.

'വല്ല എതത്തർക്കോ എന്തെങ്കിലുമാവും. ആ കുമാരൻ ബോംബെന്ന് വന്നിട്ടുണ്ടാവും. കൊല്ലോം പതിവുള്ള ഒരു ചടങ്ങല്ലെ' എന്ന് മുത്തച്ഛൻ.

'ഏയ്, ഇത് അതൊന്ന്വാണെന്ന് തോന്ന്ണ്ല്ല്യാ. വേറേം ഒരൂട്ടാൾക്കാരേം കാണാണ്ട്.' മുത്തശ്ശ്യമ്മ.

ഇതിനിടയിൽ മൂത്തേടം വാസുദേവൻ നമ്പൂതിരി ഓടിക്കിതച്ച് വന്നു. പുറത്തളത്തിലെത്തിയതും നമ്പൂരിപ്പാടേ! നമ്പൂരിപ്പാടേ! എന്ന് ഉറക്കെ വിളിച്ചുകൊണ്ട് മേലടുക്കളയിലെത്തി. ഇത് കണ്ട മുത്തച്ഛൻ:

'ഏയ്,എന്താ വാസ്യേവാ, ഇങ്ങനെ പരിഭ്രമിക്കണത്? ഇല്ലത്ത് ആർക്കെങ്കിലും വല്ല വയ്യായേം റ്റെ ണ്ടോ? കുഞ്ഞിക്കുട്ടനാച്ചാൽ ഇപ്പൊ ബ്ടല്യാ.'

മൂത്തേടത്തിന് കിതപ്പുകാരണം ഒന്നും പറയാൻ പറ്റുന്നില്ല.

അപ്പോഴേയ്ക്കും മുത്തശ്ശ്യമ്മയും അടുക്കളയിൽനിന്ന് ഓടിയെത്തി.

'സാവിത്രിക്ക് വല്ല വയ്യായേം ണ്ടോ? കാല്മ്പില്ത്തെ അധികായ്ഓ.'

'അതൊന്ന്വല്ല എന്റെ കൊളക്കാട്ടമ്മേ! ഇല്ലത്ത് കുറ്റിയടിക്കാൻ വര്ണൂത്രേ?.

'കുറ്റിയടിയ്ക്ക്യേ? അതിനെന്താത്ര പരിഭ്രമിക്കാൻ? ഭാഗം വേഗം നടത്ത്വന്നല്ലെ ഭേദം. ഇങ്ങനെ ഇല്ലപ്പറമ്പ് ആർക്കൂല്ല്യാതെ, നാനാവിധായിട്ട് പോവാച്ചാൽ കഷ്ടല്ലെ' എന്ന് മുത്തശ്ശ്യമ്മ പരിതപിച്ചു.

മൂത്തേടത്ത് ഭാഗം കഴിഞ്ഞപ്പോൾ വാസുദേവന്റെ അച്ഛൻ മൂത്തേടം നമ്പ്യാത്തൻ നമ്പൂതിരിയ്ക്ക് കുറുവട്ടൂരെ കളാണ് ഭാഗത്തിൽ വെച്ചിരുന്നത്. അപ്പോഴേയ്ക്കും ഭൂനിയമം ഏറെക്കുറെ നടപ്പായിരുന്നു. മൂത്തേടത്തിന്റെ കളം നോക്കിയിരുന്ന കാര്യസ്ഥന്റെ കയ്യിലായി കളം. കാര്യസ്ഥൻ കളം ഒഴിയില്ലെന്ന് ഉറപ്പിച്ചു പറഞ്ഞു. നമ്പ്യാത്തൻ നമ്പൂതിരിയും കുടുംബവും വഴിയാധാരമായി. പിന്നെ ആ കുടുംബത്തിന്റെ കഥ മഹാപരുങ്ങലിലായി. നമ്പ്യാത്തൻ നമ്പൂതിരി ശങ്കരമംഗലത്ത് നമ്പൂതിരിപ്പാടിന്റെ ഇല്ലത്തെ വെപ്പുകാരനായി. ആത്തേമ്മാര് തേതി വാവൂർ നമ്പൂതിരിപ്പാടിന്റെ ഇല്ലത്തെ ഇരിക്കണമ്മയായി. ഏറ്റവും ചെറിയ കുട്ടി സതി അമ്മയുടെ കൂടെ.

മൂത്തമഹൻ വാസുദേവൻ പത്താംതരം പാസ്സായി ടൈപ്പും ഷോർട്ട്ഹാന്റും പഠിച്ച് ബോംബെയ്ക്ക് വണ്ടികയറി. അവിടെ ചെന്ന ഉടനെ അസാരം കഷ്ടപ്പെട്ടിട്ടുണ്ടത്രെ. ജോലിസമയം കഴിഞ്ഞാൽ പ്രസ്സിലെ സ്റ്റോർറൂമിൽ പേപ്പർ വിരിച്ച് കിടക്കും. പ്രാഥമിക കാര്യങ്ങളൊക്കെ തുറസ്സായ സ്ഥലത്തും പൊതുപൈപ്പിലും ആണത്രെ പതിവ്. ഭക്ഷണം ഡബ്ബാവാലയിൽനിന്ന്. ഇങ്ങനെ കഷ്ടപ്പെട്ട് നല്ല ഒരു ജോലി സമ്പാദിച്ചു. ഒരുവിധം സമ്പാദ്യമായപ്പോൾ ആ കളം, കാര്യസ്ഥനിൽനിന്ന് മോഹവിലയ്ക്ക് വാങ്ങി പുതുക്കിപ്പണിത് അവിടെ വിശ്രമജീവിതം ആരംഭിച്ചു.

മക്കൾ അമേരിക്കയിലും കാനഡയിലും. ഈ സ്ഥലം മക്കൾക്കാർക്കും വേണ്ട. പക്ഷെ വാസുദേവനത് ജീവനാണ്. ഉള്ള സ്ഥലം മൂന്നോഹരി തുല്യമായി ഭാഗിക്കണം. അതിൽ വീടും അതിനോടുചേർന്ന കുറച്ചു സ്ഥലവും വാസുദേവന് വേണം എന്ന് മോഹമുണ്ട്. അതിൽക്കിടന്ന് മരിക്കണം. ഭാഗിക്കണമെങ്കിൽ കുട്ടികൾ നാട്ടിൽവരണം. ഒന്നുരണ്ടുകൊല്ലമായി ശ്രമം തുടങ്ങിയിട്ട്. കൊറോണ കാരണം അവർക്ക് നാട്ടിൽ വരാൻ സാധിക്കുന്നില്ല. ഇതാണ് കുറ്റിയടിയെക്കുറിച്ച് ട്രിപ്പാപ്തി നിരീച്ചിരിക്കുത്.

'ഇത് ആ കുറ്റിയടിയല്ല കൊളക്കാ

ട്ടമ്മേ!' എന്ന് മൂത്തേടം വാസുദേവൻ നമ്പൂതിരി.

'പിന്നെ എന്താ' എന്ന് മുത്തശ്ശ്യമ്മ.

'സർക്കാര് ഭൂമി ഏറ്റെടുക്കുതിന്റെ കുറ്റിയടിയാ'എന്ന് മൂത്തേടം.

'സർക്കാരിന് ഇപ്പൊ എന്തിനാ ഭൂമി? ഇത്രയൊക്കെ കിട്ടീത് പോരെ? ഓരോരുത്തരും പതിനഞ്ച് ഏക്കർവെച്ച് ബാക്കിള്ളതെല്ലാം നമ്മളെല്ലാവരും സർക്കാരിന് കൊടുത്തില്ലെ? അതന്നെ പ്പൊ മൂത്തേടത്തിനൊക്കെ ഒരേക്കറല്ലേ ആളോഹരി കിട്ടീള്ളൂ. അത് ആ കാര്യസ്ഥനും കൊണ്ടോയി' മുത്തശ്ശ്യമ്മ പറഞ്ഞു നിർത്തി.

'അതൊന്നൂപ്പൊ പറഞ്ഞിട്ട് കാര്യല്യലോ, എല്ലാം കഴിഞ്ഞില്ല്യേ, കൊളക്കാട്ടമ്മേ! ഉള്ളതന്നെപ്പൊ ആർക്കും വേണ്ട. കണ്ണിക്കണ്ടോരും വന്യമൃഗങ്ങളും ഉരിയാടീട്ട് ഒന്നും കിട്ടാൻല്യ. എനിക്കതിലല്ല സങ്കടം. സ്ഥലം കൊടുക്കണേലും വിരോധല്ല്യ. പക്ഷെ എന്റെ നടുമുറ്റത്താ കുറ്റിയടിക്കാൻ വരണതത്രെ. എന്റെ പെര പോവ്വാച്ചാൽ. വിഷമണ്ട്. ബ്ടെ കിടന്ന് ചാകണച്ചിട്ടാ ഞാൻ അമേരിക്കയ്ക്കും കാനഡയ്ക്കുമൊന്നും പോവാത്തത്. ഇനി എന്റെ കാര്യം പോട്ടെ!. കിട്ടിയതും മേടിച്ച് കുട്ടികളുടെ അടുത്ത് മാറി മാറി താമസിക്കാംന്ന് വെയ്ക്യാ. അവര് നോക്കാണ്ടിരിക്കില്ല്യാന്നാണ് വിശ്വാസം. പക്ഷെ ആ കാർത്ത്യേനീടെ കാര്യാ കഷ്ടം. ആകെ അഞ്ചുസെന്റു സ്ഥലോം പുരയിടോം. മകനാണെങ്കിൽ പ്രായപൂർത്തിയായെങ്കിലും നന്നെ പോരാത്തൊരാളും.'

കാർത്ത്യേനി പാവം രാവും പകലും ഭേദല്ല്യാതെ അധ്വാനിച്ചും കഷ്ടപ്പെട്ടിട്ടും നാട്ടുകാരൊക്കെ സഹായിച്ചിട്ടും ഒക്ക്യാ സ്ഥലം വാങ്ങീതും പുര പണിതതുമൊക്കെ. അത് കളയാച്ചാൽ? എത്ര പണം കിട്ട്യാലും കഷ്ടപ്പാടിന്റെ വില അതൊന്നു വേറെയല്ലേ? ഇനിപ്പൊ വേറൊരു സ്ഥലത്തുചെന്ന് വീടുവെയ്ക്യാച്ചാൽ? ആ പാവംതന്നെ കഷ്ടപ്പെടണ്ടേ? പരിചയല്ല്യാത്ത സ്ഥലം. അവിടുത്തെ ആളോള് നമ്മടെ ബ്ടള്ളോരെപ്പോലെ സഹായോം, ശ്രദ്ധേം ഒക്കെ ണ്ടാവ്ഓ, നിശ്ചല്യ.

'എന്താ മൂത്തേടം പറേണത്!' കാപ്പിക്ക് വന്ന മുത്തപ്ഫൻ കുഞ്ഞനിയൻ നമ്പൂതിരിപ്പാട് വിഷയത്തിൽ ഇടപെട്ടു. അതേ, എളംകുളത്തെ കുട്ടൻ നമ്പൂതിരിപ്പാട് സർവ്വസ്വം നൽകി പടുത്തുയർത്തിയ പ്രസ്ഥാനത്തിന്റെ ഇന്നത്തെ ആൾക്കാരാ. അവര് പറഞ്ഞാൽ പറഞ്ഞതാ. അതിനൊക്കെ നഷ്ടപരിഹാരം തരാതരം പോലെ കൊടുക്കും! സംശല്യാ! മൂത്തേടം പരിഭ്രമിക്കണ്ട!'

മുത്തപ്ഫന് തന്റെ പ്രസ്ഥാനത്തോട് അത്ര വിശ്വാസമുണ്ട്. ആ വിശ്വാസ്യതയെ ചോദ്യം ചെയ്യുന്നതൊന്നും മുത്തപ്ഫന് സഹിക്കില്ല.

'ശരിയായിരിക്കാം, കുഞ്ഞനിയൻ

'കുറ്റിയടിയ്ക്ക്യേ? അതിനെന്താത്ര പരിഭ്രമിക്കാൻ? ഭാഗം വേഗം നടത്ത്വന്ന ല്ലെ ഭേദം. ഇങ്ങനെ ഇല്ലപ്പറമ്പ് ആർക്കൂല്ല്യാതെ, നാനാവിധായിട്ട് പോവാച്ചാൽ കഷ്ടല്ലെ' എന്ന് മുത്തശ്ശ്യമ്മ പരിതപിച്ചു.

പറേണത്.'

മുത്തശ്ശ്യമ്മ ഇടപെട്ടുംകൊണ്ട് ഇങ്ങനെ തുടർന്നു: 'പക്ഷെ സംഭവിച്ചത് അങ്ങനെയൊന്നുമല്ലല്ലോ? എളംകുളത്തെ കുട്ടൻ നല്ല ക്ഷയോടെയാണ് ചെയ്തത്. അത് എനിക്കറിയാം. എന്റെ പേരശ്ശ്യമ്മയുടെ മഹനല്ലെ കുട്ടൻ. അന്നൊക്കെ നമുക്കും, കൂടാതെ കുറച്ചാൾക്കാർക്കും മാത്രല്ലെ സ്വത്തും സമ്പാദ്യോക്കെണ്ടാർന്നുള്ളൂ. നമ്പൂതിരിമാരിൽത്തന്നെ നല്ല ദാരിദ്ര്യള്ളോര് എത്രണ്ടാർന്നു. പിന്നെ ബാക്കിള്ളോരെടെ കഥ പറയാണ്ടോ? പാടത്തും പറമ്പിലും വെയിലും മഴയും കൊണ്ട് പണിയെടുത്തിരുന്ന നമ്മുടെ ചക്കനേയും ചങ്ങനേയും പോലെയുള്ള അതിദരിദ്രർക്കല്ലെ നമ്മുടെ ഭൂമി എല്ലാം വീതിച്ചു കിട്ടുക എന്നല്ലെ നമ്മൾ എല്ലാവരും വിചാരിച്ചത്? എല്ലാവരും ഒരേപോലെ. എത്ര കേമാണത്. കുട്ടന്റെ ഈ സമത്വസിദ്ധാന്തം കേട്ട് ഭ്രമിച്ചിട്ടല്ലേ കുഞ്ഞനിയനൊക്കെ പൊതുപ്രവർത്തനത്തിന് ചാടിപ്പുറപ്പെട്ടത്? എന്തിട്ടെന്തുണ്ടായി? ഭൂമി കിട്ടിയതു മുഴുവൻ സാമാന്യം നല്ല ചുറ്റുപാടുള്ള ആ ഭാസ്കരമേനോനും,മാധവനും,വറീതിനുമൊക്കെ.'

'ഇനി കുഞ്ഞനിയന്റെ തന്നെ, ഭാഗം കീട്ടീതെല്ലാം സാധുക്കൾക്ക് വീടുവെയ്ക്കാൻ കൊടുത്തതോ? അവരത് കിട്ടിയപാടെ മറിച്ചു വിറ്റു. ഇപ്പൊ കുഞ്ഞന്യേന് ഒരു തുണ്ടു ഭൂമീം ല്യാതായി. കുഞ്ഞനിയന്റെ മഹൻ കുഞ്ഞുണ്ണി കള്ളുഷാപ്പിലൊക്കെ ജോലിചെയ്തിട്ടല്ലെ ജീവിതം തുടങ്ങീത്. അന്ന് അതൊക്കെ കാണുമ്പോൾ എനിക്ക് കഷ്ടം തോന്ന്യേർന്നു. പിന്നെ ബ്ടത്തെ ദേവീം നമ്പൂരീം ഹൈദ്രാബാദിലേയ്ക്ക് കൊണ്ടുപോയിട്ടല്ലെ ഒരുവിധം ജീവിക്കാറായത്.'

ഇതുകേട്ടുംകൊണ്ട് കുഞ്ഞിക്കുട്ടനെത്തി.

'എന്താ അമ്മേ! അപ്ഫൻ ചെയ്തതിൽ തെറ്റുപറയാൻ പറ്റ്വോ? ഒരുതരം സന്യാസം തന്നെയല്ലെ ഇതും. എല്ലാം ത്യജിക്കലാണല്ലോ സന്യാസം. ചെലോര് സർവ്വം ത്യജിച്ച് മഠങ്ങളിലേയ്ക്ക് പോവും. അപ്ഫൻ സർവ്വം ത്യജിച്ചത് പ്രസ്ഥാനത്തിനുവേണ്ടിയാണ്. അത്രേ വ്യത്യാസള്ളൂ. അന്ന് അതും ആ പ്രസ്ഥാനോം ഒക്കെ ആ കാലത്തിന്റെ ആവശ്യാർന്നു. ബഹുഭൂരിപക്ഷത്തിനും തല ചായ്ക്കാൻ ഭൂമീല്യാ, ഉണ്ണാൻല്യാ, ഉടുക്കാൻല്യാ. ഇന്ന് ബ്ടത്തെ ആൾക്കാർക്ക് എല്ലാം ധാരാളായിട്ടാ പ്രശ്നം. അധ്വാനിക്കണം. അധ്വാനിച്ചുതിന്നുമ്പഴെ ആരോഗ്യം പൂർണ്ണാവൂ' കുഞ്ഞിക്കുട്ടനിലെ ഡോക്ടർ ഉണർന്നു.

ഇതിനിടയിൽ പേരക്കുട്ടി കുട്ടൻ ഓടിവന്ന് അമ്മ സവിതയോടായി പറഞ്ഞു:

'അമ്മേ, ഇന്ന് ഞാൻ സ്കൂളിൽ പോണില്ല്യാ.'

'എന്താ പോണില്ല്യാന്ന്. പരീക്ഷേല്ലേ വരാംപോണെ? ക്ലാസ് കളഞ്ഞാ പറ്റ്വോ?'എന്ന് സവിത.

'ഞാൻ ഇന്ന് പോണില്ല്യാ.ഇന്ന് രാഹുല് വര്ണില്ല്യാത്രെ. ഒറ്റയ്ക്ക് പോവാൻ വയ്യ. നിയ്ക്ക് ബോറടിക്കും.'

'എന്താ രാഹുൽ വരാത്തേ' അമ്മ സവിത.

'രാഹുലിന്റെ വീട്ടില് ഇന്ന് കുറ്റിയടിക്കാൻ വര്ണ്ണ്ടത്രെ. രാഹുലും അച്ഛനും അമ്മയും അടുത്തവീട്ടുകാരും കൂടി അതിനെ എതിർക്കാൻ നിക്കാത്രെ.'

'ഞാൻ അത് പറയാൻ മറന്നു, ഇന്നലെ ശരണ്യ വിളിച്ച് ഇതിനെപ്പറ്റി കുറേ സങ്കടം പറഞ്ഞു'പേരക്കുട്ടിയും എം.ബി.എക്കാരിയുമായ അമ്മു അതിനെ ശരിവെച്ചു.

'രണ്ടു ദിവസംമുമ്പെ വീടിന്റെ പാലുകാച്ചലാർന്നൂത്രെ? അമ്മാമനാ ഗണോതിഹോമോം, ഭഗവത്സേവേം നടത്തീത്ന്നും പറഞ്ഞു' അമ്മു മുഴുമിപ്പിച്ചു.

ശര്യാ ഇന്നലെ വടക്കേടത്തെ ശ്രീദേവി എന്നെ വിളിച്ചപ്പഴും ഇത് പറഞ്ഞു. 'മുത്തശ്ശ്യമ്മ്യ്യാന്നല്ലാ അമ്മാത്തെ മുത്തശ്ശി വിളിച്ചേ,' എന്ന് കുട്ടൻ ഇടയിൽ കയറിപ്പറഞ്ഞു. 'അതേ, സമ്മതിച്ചൂ. നെന്ന്യാ വിളിച്ചത് ' മുത്തശ്ശ്യമ്മ പേരക്കുട്ടിയെ സമാധാനിപ്പിച്ചുകൊണ്ട് തുടർന്നു:

'കുട്ടനേയും കുഞ്ഞനിയനേയും പോലെ സർവ്വം പരിത്യജിക്കുവരല്ല ഇന്നത്തെ പൊതു പ്രവർത്തകര്. എല്ലാവർക്കും സ്വന്തം കാര്യാ പ്രധാനം. അതിനുമാത്രായിരിക്കുന്നൂ അവർക്ക് പ്രസ്ഥാനങ്ങൾ. ആവോ! എനിക്ക് ഭയം തോന്നുന്നു. ആ കാർത്ത്യേനീടെ കാര്യം ആലോചിക്കുമ്പഴാ? നല്ല രൂപല്യ, എവിട്യാ ചെന്ന വസാനിക്ക്യാന്ന്. ചക്കനും ചങ്ങനും ഒക്കെ പറ്റിയപോലെ ആവാതിരുന്നാൽ മത്യാർന്നു. അന്തോം കുന്തോം ല്ല്യാത്ത ഒന്നിനോക്കോണം പോന്ന ഒരു ചെക്കനേം വെച്ച് ആ പാവം എന്താ ചെയ്യാണാവോ? എല്ലാവർക്കും നല്ലബുദ്ധി തോന്നിക്കണേ! എന്റെ വടക്കുംനാഥാ!' മുത്തശ്ശ്യമ്മ നെടുവീർപ്പിട്ടുകൊണ്ട്, 'കാലുകഴുകിവരാം' എന്നു പറഞ്ഞുകൊണ്ട് അവിടെനിന്ന് പോയി. ●

ഒ.എൻ.രാജേഷ്,
ഒരുപുലാശ്ശേരി മന,
കല്ലിപ്പാടം പി.ഒ.,ഷൊർണ്ണൂർ-2
പാലക്കാട് ജില്ല,പിൻ:679 122
onrajesh72@gmail.com
മൊബൈൽ: 9495502605

**കേരളത്തിലെ ഏറ്റവും പ്രഗല്ഭനായ ആർട്സ് ഹിസ്റ്റോറിയൻ ആയിരുന്നു ആഗസ്റ്റ് 23 ന് വിഷ്ണുപാദം പൂകിയ കൂടലാറ്റുപുറം മനയ്ക്കൽ പ്രൊഫ. ചിത്രഭാനു നമ്പൂതിരിപ്പാട്. തന്റെ മെന്ററായ അദ്ദേഹത്തെ ഒരിക്കൽപ്പോലും കണ്ടിട്ടില്ലാത്ത ഒരു ചിത്രകലാ വിദ്യാർത്ഥിനിയുടെ ബാഷ്പാഞ്ജലിയാണ് ഈ കുറിപ്പ്.**

# എന്റെ മെന്റർ

**ഗംഗാ നാരായണൻ**



എന്റെ പേര് ഗംഗാനാരായണൻ. ഫാക്കൽട്ടി ഓഫ് ഫൈൻ ആർട്സ് മഹാരാജ സയാജിറാവു യൂണിവേഴ്സിറ്റി ഓഫ് ബറോഡയിൽ. മാസ്റ്റർ ഓഫ് വിഷ്വൽ ആർട്സിന്റെ ഫൈനൽ ഇയറിലാണ്. മ്യൂറൽസിലാണ് സ്പെഷ്യലൈസേഷൻ. മ്യൂറൽ എന്നാൽ ഇന്ന് വെറും പെയിന്റിംഗ് ആയിട്ടല്ല അതിൽ സെറാമിക്, പോട്ടറി, സ്കൾപ്പ്ചേഴ്സ്, പ്രിന്റ് മേയ്ക്കിംഗ്, തുടങ്ങിയവയെല്ലാം ഇൻവോൾവ്ഡാണ്. എന്റെ ബാച്ചിലേഴ്സും ഇവിടെനിന്ന് തന്നെയാണ് ചെയ്തത്. ഡിപ്പാർട്ട്മെന്റ് ഓഫ് പെയിന്റിംഗിൽ നിന്ന്.

ചിത്രഭാനു അങ്കിളിനോട് ഞാൻ ആദ്യമായി സംസാരിക്കുന്നത് 2017 ലാണ്. ഞാൻ ആ സമയത്ത് ഡൽഹി യൂനിവേഴ്സിറ്റിയിൽ ഹിസ്റ്ററി ഓണേഴ്സ് ചെയ്യുകയായിരുന്നു. കൂടെ ഫൈൻ ആർട്സിനു വേണ്ടി പ്രിപ്പയറും ചെയ്യുന്നുണ്ടായിരുന്നു. പക്ഷേ, ഫൈൻ ആർട്സ് എന്ന സബ്ജക്ട് അന്ന് വെറും പെയിന്റിംഗ് മാത്രമായിരുന്നു എനിക്ക്.

വലിയ ഐഡിയ ഒന്നും ഉണ്ടായിരുന്നില്ല. എവിടെ ചേരണം, നല്ല ഇൻസ്റ്റിട്യൂഷൻ ഏതാണ്. ഒന്നും ധാരണ ഉണ്ടായിരുന്നില്ല. പക്ഷേ. ആർട്ട്സ് ഫീൽഡിൽ തന്നെ വരണം എന്നുണ്ടായിരുന്നു. കുട്ടിക്കാലം മുതലേ വരയും പെയിന്റിംഗുമായിരുന്നു എന്റെ ലോകം. ആ സമയത്താണ് ചിത്രഭാനു അങ്കിളുമായിട്ട് ഞാൻ ആദ്യമായിട്ട് ഇന്ററാക്ട് ചെയ്യുന്നത്. എന്റെ ഒരു റിലേറ്റീവ് ആണ് അദ്ദേഹത്തിന്റെ നമ്പർ തന്നതും കാര്യങ്ങൾ ചോദിച്ചാൽ പറഞ്ഞു തരുമെന്ന് പറഞ്ഞതും.

'ചിത്രകലയിൽ നല്ല കഴിവുണ്ട്. അപ്പോൾ ഇത് തുടർന്നുപോകുന്നതാണ് നല്ലത്' അങ്കിൾപറഞ്ഞു.

കുറെയേറെ കാര്യങ്ങൾ പറഞ്ഞു തന്നു. അങ്കിൾ വഴിയാണ് ഞാൻ എം.എസ്.യുവിനെ പറ്റിയൊക്ക അറിയുന്നത്. ഇന്ത്യയിലെ ഏറ്റവും ഉന്നതമായ ആർട്ട് കോളേജ് ആയിട്ടും എനിക്ക് അറിവുണ്ടായിരുന്നില്ല അതിനെപ്പറ്റി. കുറച്ചുകൂടി കേട്ടു പരിചയം മുംബയിലെ ജെ.ജെ. സ്കൂൾ ഓഫ് ആർട്സ്, ഡെൽഹി സ്കൂൾ ഓഫ് ഫൈൻ ആർട്സ് അതൊക്കെ ആയിരുന്നു. അതാണ് ഞാൻ പറഞ്ഞത്. ഇങ്ങനെയൊരു സ്ഥലത്ത് ഞാൻ എത്താൻ കാരണമായത് അദ്ദേഹമാണ്.അങ്കിൾ എന്നെ നല്ല പോലെ പ്രോത്സാഹിപ്പിച്ചതു കൊണ്ട് മാത്രമാണ് എം.എസ്.യുക്ക് അപ്ലൈ ചെയ്യുന്നത് തന്നെ. ആർട്ട്സിലെ എന്റെ ജേർണി ഇത്രേം വരെ എത്തിയത് അങ്കിളിന്റെ ഫുൾ സപ്പോർട്ടും ഹെൽപ്പും കാരണമായിരുന്നു.

ഒരു ചെറിയ സംഭവം പറയാം. എന്റെ ഫസ്റ്റ് എക്സിബിഷൻ ആയിരുന്നു ഈ ഏപ്രിലിൽ. ബറോഡയ്ക്ക് പുറത്തുള്ള ആദ്യത്തേത്. അത് ബോംബെയിൽ വെച്ചായിരുന്നു. സ്ക്രീനിംഗ് ഒക്കെ ചെയ്യുന്നതിന്റെ തലേ ദിവസമാണ് അറിയുന്നത് വർക്കിലൊക്കെ സൈൻ ചെയ്ത് വെക്കണം എന്ന്. പ്രൊഫഷണൽ എക്സിബിഷൻ ആവുമ്പോൾ അങ്ങനെ വേണം.

എനിക്ക് ഐഡിയ കിട്ടുന്നുണ്ടായിരുന്നില്ല. വർക്കിന്റെ എവിടെയാണ് സൈൻ ചെയ്യേണ്ടതെന്ന്. വർക്ക് ആണെങ്കിൽ വളരെ ഡെലിക്കേറ്റ് ആണ്. എവിടെങ്കിലും സൈൻ ചെയ്ത് കഴിഞ്ഞാൽ ഇമേജിലേക്കുള്ള അറ്റൻഷൻ സൈനിലേക്ക് മാറി പോകും. ആകെ കുഴങ്ങി. എന്ത് കളർ വെച്ചിട്ട് ചെയ്യണം, എത്ര ലൈറ്റ് ആയിട്ട് ചെയ്യണം, ബ്രഷ് വെച്ചിട്ട് ചെയ്യണോ,അതോ പേന വെച്ചിട്ട് ചെയ്യണോ. അതൊക്കെ കൺഫ്യൂഷൻ ഉണ്ടാക്കുന്നുണ്ടായിരുന്നു.

അന്ന് ഞാൻ അങ്കിളിന് മെസേജ് ചെയ്തു. അങ്കിൾ ബിസി ആയിരുന്നു. ഫോൺ




തിരുവനന്തപുരം ഫൈൻ ആർട്സ് കോളേജ് ചിത്രകല മുൻ അധ്യാപകനും മാവേലിക്കര രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസിന്റെ ഓണററി ഡയറക്ടറുമായിരുന്നു. ചിത്രകല സംബന്ധിച്ച് നിരവധി ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. നിരവധി ക്യാമ്പുകളും സംഘടിപ്പിച്ചിട്ടുണ്ട്. ബറോഡ ഉൾപ്പെടെ നിരവധി ഉന്നത സ്ഥാപനങ്ങളിൽ ജൂറി ആയിട്ടും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഗ്രേറ്റ് പെയിന്റേഴ്സ് ഓഫ് ദ വേൾഡ് എന്ന പുസ്തകത്തിന്റെ രചയിതാവാണ്. ചിത്രകലാ വിദ്യാർത്ഥികൾക്കിടയിൽ ഏറെ പോപ്പുലറാണ് ഈ പുസ്തകം. തൃശ്ശൂർ എലൈറ്റ് ഹോസ്പിറ്റലിൽ ഹൃദയാഘാതം മൂലമായിരുന്നു അന്ത്യം. പത്നി: നിലയങ്ങോട്ട് പ്രേമ അന്തർജ്ജനം മകൻ: ഋത്വിക് (കാനഡ) മരുമകൾ: അമൃത കുറൂർ ( കാനഡ )

എടുക്കാൻ പറ്റിയിട്ടുണ്ടായിരുന്നില്ല. പിറ്റേ ദിവസം നന്നെ രാവിലെ അങ്കിൾ എന്നെ വിളിച്ചു. വളരെ ക്ഷമയോടെ എനിക്ക് എക്സ്പ്ലെയിൻ ചെയ്തു തന്നു. എവിടെയാ സൈൻ ചെയ്യേണ്ടത് എന്നും എന്തൊക്കെ നോക്കണം എന്നും. സൈൻ കാരണം ആർട്ട് വർക്കിന് പ്രശ്നമുണ്ടാകാൻ പാടില്ലെന്നും.

ഇടക്കിടക്ക് അങ്കിൾ കോൾ ചെയ്യാറുണ്ടായിരുന്നു. എപ്പോൾ ഫോൺ ചെയ്യുമ്പോഴും ഒരു ബുക്ക് പറഞ്ഞു തരും. വായിക്കാൻ. അതൊക്കെ എന്റെ കലാജീവിതത്തിൽ അറിവുണ്ടാക്കാൻ നല്ലപോലെ സഹായിച്ചു. ഇവിടെ മാസ്റ്റേഴ്സിന് കിട്ടിയപ്പോൾ അങ്കിൾ പറഞ്ഞു, നല്ലോണം സന്തോഷമായി, ഇങ്ങനെ തന്നെ ക്യാരി ഫോർവേഡ് ചെയ്യണം ആർട്ട്. എപ്പോൾ റിസൾട്ട് വരുമ്പോഴും വിളിച്ചു പറഞ്ഞാൽ കൺഗ്രാജുലേഷൻസ് പറയും. വളരെയധികം പ്രോത്സാഹനം തരുന്ന വ്യക്തിയായിരുന്നു.

ഞാൻ ഇത് വരെ നേരിട്ട് കണ്ടിട്ടില്ല. പക്ഷേ, ഇപ്പോൾ അങ്കിൾ പോയിരിക്കുന്നു. വിളിച്ചാൽ കിട്ടാത്ത ലോകത്തേക്ക്. കാണാൻ കഴിയാത്ത ലോകത്തേക്ക്.

വലിയ ഒരു വാക്വം ക്രിയേറ്റ് ചെയ്തിട്ടാണ് പോയത്. അദ്ദേഹത്തിന്റെ വോയ്സ് മനസിലുണ്ട്. എന്റെ കരിയർ തുടങ്ങാൻ അങ്കിൾ തന്നെയാണ് സഹായിച്ചത്. അങ്കിളിന്റെ പൂർണ്ണ പിന്തുണ കാരണമാണ് കരിയറിൽ ഇത്രേം വരെ എത്താൻ എനിക്ക് പറ്റിയത്. എന്റെ ജീവിതത്തിലെ വലിയൊരു റോൾ അങ്കിളാണ് നിർവഹിച്ചത്. എനിക്ക് ഇത്രേം വലിയൊരു ഗൈഡിനെ കിട്ടിയതിനു വളരെയധികം നന്ദിയുണ്ട്. ഏറ്റവും അഭിമാനത്തോടെ ഞാനത് ഹൃദയത്തിൽ സൂക്ഷിക്കുന്നു. ഇത്രയും നല്ലൊരു മെന്ററിനെ കിട്ടിയത് ഭാഗ്യമായാണ് കരുതുന്നത്. ഐ വിൽ കീപ്പ് മേയ്ക്കിംഗ് ഹിം പ്രൗഡ്.

വളരെ അപ്രതീക്ഷിതമായിട്ടായിരുന്നു അത്, ഇപ്പോഴും അത് വിശ്വസിക്കാൻ പറ്റിയിട്ടില്ല. അത്രയും നല്ലൊരു മനുഷ്യനായിരുന്നു. അത്രയും അധികം സഹായിച്ചിട്ടുണ്ട്. കലയോട് ഇത്രയും ഡെഡിക്കേഷൻ ഉണ്ടായിരുന്നതുകൊണ്ടാണ് ഇത്രയും നല്ലൊരു ടീച്ചർ ആയത്. എനിക്ക് കുറച്ച് സുഹൃത്തുക്കൾ ഉണ്ട്. അവരൊക്കെ തിരുവനന്തപുരം ഫൈൻ ആർട്സ് കോളേജിലൊക്കെ പഠിച്ചതാണ്. അവരും പറയാറുണ്ട്, ചിത്രഭാനു അങ്കിൾ അത്രയും സപ്പോർട്ടീവായിട്ടുള്ള പ്രൊഫസർ ആയിരുന്നു എന്ന്.

ശരിക്കും പറഞ്ഞാൽ ഐ ഓൺ മൈ കരിയർ ടു ഹിം. എന്റെ കരിയർ അദ്ദേഹത്തിന് കടപ്പെട്ടിരിക്കുന്നു.

ഒരു പക്ഷേ, അങ്കിളിനോട് അന്ന് സംസാരിച്ചിട്ടില്ലായിരുന്നെങ്കിൽ എനിക്കറിയില്ല ഇന്ന് ഏത് ലെവൽ വരെ എത്താൻ പറ്റുമായിരുന്നെന്ന്. ഒരു ആർട്ട് സ്റ്റുഡന്റ് എന്ന നിലയിൽ എനിക്ക് ഇടക്കിടക്ക് ബ്ളോക്ക് വരാറുണ്ടായിരുന്നു. മുന്നോട്ടു പോവാനാവാത്ത അവസ്ഥ. എനിക്ക് മനസ്സിലാവുന്നില്ല ഞാൻ ഇനി എങ്ങനെയാ വർക്ക് ചെയ്യേണ്ടത്. ഒരു സ്ഥലത്ത് എത്തി അവിടെ ബ്ളോക്കായിട്ട് നിന്നു പോവും. അതിനെ എങ്ങനെയാ ഓവർകം ചെയ്യേണ്ടത് എന്ന് മനസ്സിലാവില്ല. അപ്പോൾ ഞാൻ ആദ്യം വിളിക്കുന്നത് അങ്കിളിനെയാണ്.



രാജാരവിവർമ്മയുടെ സ്മാരകമായ മാവേലിക്കരയിലെ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന്റെ ഹോണററി ഡയറക്ടർ, തിരുവനന്തപുരം ഫൈൻ ആർട്സ് കോളേജിലെ റിട്ട.പ്രൊഫസർ, ഗ്രേറ്റ് പെയിന്റേഴ്സ് ഓഫ് ദ വേൾഡ് എന്ന ഗ്രന്ഥത്തിന്റെ കർത്താവ്, കേരളത്തിലെ ഏറ്റവും പ്രഗല്ഭനായ ആർട്സ് ഹിസ്റ്റോറിയൻ, ഇന്ത്യയിലെ ഒട്ടുമിക്ക ഫൈൻ ആർട്സ് യൂണിവേഴ്സിറ്റികളിലെയും ബോർഡ് ഓഫ് സ്റ്റഡീസ് അംഗം. നിരവധി ഇന്റർവ്യൂ ബോർഡുകളിലെ മെമ്പർ, എക്സിബിഷനുകളിലെ ജൂറി അങ്ങനെ പലതുമായിരുന്നു ചിത്രഭാനു അങ്കിൾ. എന്നെ ബറോഡയിലെത്തിച്ച മെന്ററും

അങ്കിൾ എന്നോട് പറയും, ചിലപ്പോഴൊക്കെ നമുക്ക് ബ്രെയിക്ക് ആണ് ആവശ്യം. അപ്പോൾ ആ ബ്രെയ്ക്ക് എടുത്തിട്ട് രണ്ടാമത് വർക്ക് ചെയ്യാൻ ശ്രമിക്കുക. ആ ബ്രെയ്ക്ക് നമ്മൾ എടുത്തിട്ടില്ലെങ്കിൽ ചിലപ്പോൾ നമ്മൾ നിന്ന ഇടത്ത് തന്നെ സ്തംഭിച്ചുപോകും. അതിൽ തന്നെ ഇങ്ങനെ കറങ്ങിക്കൊണ്ടിരിക്കും. ബ്രേക്ക് നെസസ്സറിയാണെന്ന് എപ്പഴും എന്നെ റിമൈൻഡ് ചെയ്യാറുണ്ടായിരുന്നു. ഇത് എന്നെ ഇടക്കിടക്ക് ഓർമ്മിപ്പിക്കാറുണ്ട്.

ഇന്നും ആ വാക്കുകൾ ഞാൻ മനസ്സിൽ വെക്കുന്നുണ്ട്. എന്നോട് എപ്പോഴും പറയും അങ്ങനെ സമ്മർദ്ദത്തിലാവരുത്. സമ്മർദ്ദത്തിലായാൽ വർക്ക് വരേണ്ടതു പോലെ വരില്ല എന്നൊക്കെ.

അങ്കിൾ ഇപ്പൊൾ എവിടെ ആണെങ്കിലും ഹാപ്പിയാണെന്ന് വിശ്വസിക്കുന്നു. ഇപ്പോൾ തോന്നുന്നുണ്ട്, എപ്പോൾ ആവശ്യം ഉണ്ടെങ്കിലും അങ്കിളിന്റെ ഹെൽപ്പുംഅനുഗ്രഹവും ഉണ്ടാവുമെന്ന്. ഇനിയൊരിക്കലും നേരിൽ കാണാൻ കഴിയാത്ത ലോകത്തേക്ക് പോയെന്ന് വിശ്വസിക്കാനാവുന്നില്ല. അങ്ങനെയൊരു മെന്ററെ ഇനി കിട്ടുമോയെന്ന് അറിയില്ല. എന്റെ എല്ലാ പ്രാർത്ഥനകളും. ●

(ഇപ്പോൾ ഇന്ത്യയിലെ നമ്പർ വൺ ചിത്രകലാ ഇൻസ്റ്റിട്ട്യൂട്ടായ ബറോഡയിലെ സയാജിറാവു മഹാരാജ സർവകലാശാലയിൽ മാസ്റ്റേഴ്സ് ചെയ്യുകയാണ് ഗംഗാ നാരായണൻ. 2021ലെ രാജസ്ഥാൻ ലളിതകലാ അക്കാദമിയുടെ നാഷണൽ അവാർഡ് വിന്നറും മുംബയ് ഉൾപ്പെടെ വിവിധ നഗരങ്ങളിൽ എക്സിബിഷനുകൾ നടത്തിയ പ്രൊഫഷണലുമാണ്.

പ്ളസ് ടു വിദ്യാർത്ഥിയായിരിക്കെ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ മുന്നിൽ ദേശഭക്തിഗാനം ആലപിക്കാനും അവസരമുണ്ടായിട്ടുണ്ട്. തളിപ്പറമ്പ് മുണ്ടോട്ട് ചവനപ്പുഴ ഇല്ലത്തെ നാരായണന്റെയും കൊയ്യത്ത് ചെപ്പന്നൂർ ഇല്ലത്തെ ശ്രീകലയുടെയും മകളാണ്. മൊബൈൽ: 85889 74248 )

# കഥകളെഴുതി കാര്യം പഠിപ്പിക്കുന്ന ടീച്ചർ

ജിഷ.യു.സി. മലപ്പുറത്ത് വണ്ടൂരിനടുത്തുള്ള പോരൂരിൽ ഉപ്പിലാപ്പറ്റ ചെന്നല്ലേരി മനയിൽ ജനനം. ഇരുപത്തഞ്ച് വർഷങ്ങളായി അധ്യാപിക. കുടുംബസമ്മേതം താമസം മലപ്പുറം ജില്ലയിലെ വള്ളിക്കാപ്പറ്റ നാരായണ മംഗലത്തു മനയിൽ. ബാലസാഹിത്യരംഗത്തും അല്ലാതെയും അഞ്ച് പസ്തകങ്ങൾ.

പപ്പാടി ഒആഹിലെ, വിളക്കുമരം പറഞ്ഞ കഥകൾ (ബാലസാഹിത്യം), പള്ളിക്കൂട കഥകൾ (ബാലസാഹിത്യം), അകിദാസു സംഗമ എന്നീ ചെറുകഥാ സമാഹാരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഏറ്റവും പുതിയ പുസ്തകമാണ് അങ്കുവും ശങ്കുവും. കൂടാതെ ധാരാളം ചെറുകഥകളും, ആഫ്രിക്കൻ യാത്രാവിവരണവും, നിരവധി ബാലസാഹിത്യകൃതികളും രചിച്ചിട്ടുണ്ട്. ആനുകാലികങ്ങളിലും, ഓൺലൈൻ മാധ്യമങ്ങളിലും സജീവമായി രചനകൾ തുടർന്നു വരുന്നു.

ജിഷയുടെ തട്ടകം വിദ്യാലയമാണ്. സേവനം അധ്യാപനവും. ലളിതവും സ്ഫുടവുമാണ് കഥാലോകം. കൃത്രിമത്വവും അതിഭാവുകത്വവും ഇല്ലാത്ത നേർരേഖകൾ. ചെറിയ ക്ലാസിലെ കുട്ടികളുടെ ചിന്തകളിൽ പോലും വലിയവരുടെ ലോകത്തെ അവർ കാട്ടിത്തരുന്നു. കൃത്രിമമായ പാഠ്യപദ്ധതികളേയും സാമൂഹികവ്യവസ്ഥകളേയും വിചാരണചെയ്യുന്നു. രസിപ്പിക്കുന്നതിലുപരി അവ ചെറുതല്ലാത്ത കാപട്യത്തിന്റെ ശക്തമായ അപകടസൂചനകൾ തരുന്നു. വിദ്യാഭ്യാസരംഗത്തെ പോരായ്മകളിലേയ്ക്കും സമൂഹികപ്രശ്നങ്ങളിലേയ്ക്കും വിരൽ ചൂണ്ടുന്ന പത്തൊൻപത് കഥകൾ ലളിതവും നിഷ്കളങ്കവുമാണ് പാപ്പാടി ഒആഹിലെ എന്ന പുസ്തകത്തിലെ ഓരോ കഥകളും.

പുസ്തകപരിചയം/ ജിഷ. യു.സി




യു.സി.ജിഷയുടെ അഞ്ചുപുസ്തകങ്ങൾ.

ആലിസിന്റെ അദ്ഭുതലോകത്തെക്കാൾ വിചി ത്രമായിരുന്നു അമ്മൂമ്മക്കഥകളിലെ നാടും കാടും നഗരങ്ങളും. അങ്ങനെയുള്ള കഥകൾഓർത്തെടുത്തെഴുതിയതാണ് അങ്കുവും ശങ്കുവും. പതിനാലു കഥകളുണ്ട് ഇതിൽ.

ഭർത്താവ് : നാരായണമംഗലത്ത് മധുസൂദനൻ. മക്കൾ : ധീരജ് ശങ്കർ, ഭരത് നാരായണൻ.വിലാസം നാരായണമംഗലത്തു മന, വള്ളിക്കാപ്പറ്റ (പി.ഒ) മങ്കട(വഴി) മലപ്പുറം 679324

മുത്തശ്ശിമാരില്ലാത്ത പുതു തലമുറയിലെ കുട്ടികൾക്ക് വായിക്കാൻ കൊടുക്കാവുന്നതാണ്ഇവ. അവരുടെ പിറന്നാളുകൾക്ക് സമ്മാനമായി നൽകാൻ പറ്റുന്നതും. വിളിക്കാം കഥാകാരിയെ.

മൊബൈൽ:9387827948



**27. 6. 2022 ന് നവതിയിലെത്തിയ**
ചെറിയ തെന്നാട്ടു മന
**ആര്യാദേവി അന്തർജനത്തിന്**
പിറന്നാൾ ആശംസകൾ

.................................................

സി.ടി നാരായണൻ നമ്പൂതിരി
ചെറിയ തെന്നാട്ടു മന, പി.ഒ: പെരുമണ്ണ
കോഴിക്കോട് ജില്ല, പിൻ: 673019
മൊബൈൽ: 9656955171

അനർഘനിമിഷങ്ങൾ
അനശ്വരമാക്കാൻ....
പ്രസീദ.... പ്രസീദ.... പ്രസീദ....

**പ്രസീദ ഫോട്ടോസ്**

Instagram
Scan me
Scan me
Instagram

**Photography and Videography for Maternity, newborn, Birthday, Engagement and Wedding**

Manampilly mana, P.O.Chettupuzha
Thrissur - 680012
+91 944799 1711, +91 963368 1610
praseedaphotos@gmail.com



**സപ്തതി ആഘോഷിക്കുന്ന**
പുത്തൂർ മുതുമന

**പാർവതി**

അമ്മയ്ക്ക് ആശംസകളോടെ:
സജീവ്, രൂപ, ഹരി കൃഷ്ണ.
സുനിത, ജനാർദ്ദനൻ,
അഭിഷേക്,
അവിനാഷ് കൃഷ്ണ.

Sunitha P.M
Ayadath Illam
Sreekrishna
Nagar
P.O Kuttikatoor
Kozhikode
Pin:673008
Mobile:
8281964290



**26.7.2022 ന് ഷഷ്ഠിപൂർത്തി ആഘോഷിച്ച**
താമരശ്ശേരി ചെല്ലംകളത്തിൽ ഇല്ലത്ത്
**നാരായണൻ എമ്പ്രാന്തിരി**
പി.ഒ താമരശേരി, കോഴിക്കോട് ജില്ല.



2022 ജൂൺ മാസം 11 ാം തീയതി അന്നപ്രാശനം
കഴിഞ്ഞ കാഞ്ഞിരത്തോട്ടം ഇല്ലം അജയ്
ശങ്കറിന്റെയും മഞ്ജരിയുടെയും മകൻ
**ദേവാംഗ് ശങ്കറിന് ആശംസകൾ**
ശങ്കരൻ നമ്പൂതിരി മുത്തശ്ശൻ
ഇന്ദിര എൻ ബി. മുത്തശ്ശി
കൂടാതെ മറ്റു കുടുംബാംഗങ്ങളും



17/7/22 ന് ചോറൂൺ കഴിഞ്ഞ
**ഗ്രഹൺ നാരായണൻ കരിങ്ങമണ്ണ.**
താമരശ്ശേരി ഉപസഭാംഗം കരിങ്ങമണ്ണ
നാരായണൻ നമ്പൂതിരിയുടേയും താമരശ്ശേരി
ഇല്ലത്ത് രാജനന്ദിനിയുടെയും പൗത്രനും
കരിങ്ങമണ്ണ വിഷ്ണുനമ്പൂതിരിയുടെ
മകനുമാണ് ഗ്രഹൺ നാരായണൻ

# ഈ വർഷത്തെ മിടുമിടുക്കൻ

പാനാട് പദ്മനാഭൻ നമ്പൂതിരി



പത്ത് ലക്ഷത്തിലേറെ വിദ്യാർത്ഥികൾ എഴുതുന്ന പരീക്ഷയാണ് അഖിലേന്ത്യാ എഞ്ചിനീയറിംഗ് എൻട്രൻസ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ പേർ എഴുതുന്ന പ്രവേശനപ്പരീക്ഷ. അതിൽ കേരളത്തിലെ ടോപ്പറുടെ ഇത്തവണത്തെ പെർസെന്റൈൽ സ്കോർ 99.9937942 ആണ്. ആ ദശാംശകണക്കിൽ കേരളത്തിലെ നാലാമനാണ് ഈ മിടുക്കൻ. തലനാരിഴ വ്യത്യാസമേയുള്ളൂ ആര്യൻ എസ് നമ്പൂതിരിയുടെ സ്കോറിലേക്ക്. 99.9519052.

കോട്ടയം വയലായിൽ പുന്നത്താനം ഇല്ലത്തെ സന്ദീപ് കെ നമ്പൂതിരിയുടെയും അനുവിന്റെയും മകനാണ് ആര്യൻ. ഇപ്പോൾ താമസം തൃപ്പൂണിത്തുറയിലെ പള്ളിപ്പറമ്പ്കാവ് അമ്പലത്തിനു സമീപം റോയൽ മുണ്ടോർകോട്ട് ഫ്ളാറ്റിൽ. അച്ഛൻ എഞ്ചിനീയർ, അമ്മ ഡെന്റിസ്റ്റും.

JEE Main Kelala 4th Rank



## അഖിലേന്ത്യയിൽ പത്ത് ലക്ഷത്തിലെ അഞ്ഞൂറാൻ

ജീ മെയിനിൽ കേരളത്തിൽ നാലാമനെങ്കിൽ കുസാറ്റ് എൻട്രൻസിൽ അഖിലേന്ത്യാതലത്തിൽ ഏഴാം റാങ്ക്. ഇന്ത്യയിൽ കഷ്ടിച്ച് അഞ്ഞൂറിൽ താഴെ മിടുമിടുക്കർ മാത്രം ലക്ഷ്യം തൊടുന്ന കെ.വി.പി.വൈ എന്ന അതിഗംഭീര ടാലന്റ് ടെസ്റ്റും കടന്നു കൂടിയിട്ടുണ്ട്. ചുരുക്കത്തിൽ മുംബയ് ഐ.ഐ.ടിയോ ബെംഗളൂരു ഐ.ഐ.എസ്.സിയോ, ട്രിച്ചി എൻ.ഐ.ടിയോ ഐ.എസ്.ആർ ഒയുടെ ഇൻസ്റ്റിട്യൂട്ടോ, ഐസറോ നൈസറോ കുസാറ്റോ തിരുവനന്തപുരം സി.ഇ.ടിയോ എന്നു വേണ്ട ഏതു ഉന്നത സ്ഥാപനത്തിലും ഒരു സീറ്റ് ഉറപ്പാക്കിക്കഴിഞ്ഞു ഈ മിടുക്കൻ.

എഴുതിയ എല്ലാ പരീക്ഷകളിലും ലക്ഷ്യം നേടിയിട്ടുണ്ട്. വെറുതെ ജയിക്കുകയല്ല ഇഷ്ടപ്പെട്ട കോഴ്സിൽ പ്രവേശനം നേടാനുള്ള റാങ്കുമായാണ് എല്ലാ പരീക്ഷകളും ജയിച്ചത്.

ജീ മെയിനിൽ കേരളത്തിൽ നാലാമനെങ്കിൽ കുസാറ്റ് എൻട്രൻസിൽ അഖിലേന്ത്യാതലത്തിൽ ഏഴാം റാങ്ക്. ഇന്ത്യയിൽ കഷ്ടിച്ച് അഞ്ഞൂറിൽ താഴെ മിടുമിടുക്കർ മാത്രം ലക്ഷ്യം തൊടുന്ന കെ.വി.പി.വൈ എന്ന അതിഗംഭീര ടാലന്റ് ടെസ്റ്റും കടന്നു കൂടിയിട്ടുണ്ട്. ചുരുക്കത്തിൽ മുംബയ് ഐ.ഐ.ടിയോ ബെംഗളൂരു ഐ.ഐ.എസ്.സിയോ, ട്രിച്ചി എൻ.ഐ.ടിയോ ഐ.എസ്.ആർ ഒയുടെ ഇൻസ്റ്റിട്ട്യൂട്ടോ, ഐസറോ നൈസറോ കുസാറ്റോ തിരുവനന്തപുരം സി.ഇ.ടിയോ എന്നു വേണ്ട ഏതു ഉന്നത സ്ഥാപനങ്ങളിലും ഒരു സീറ്റ് ഉറപ്പാക്കിക്കഴിഞ്ഞു ഈ മിടുക്കൻ. ഏതു വേണമെന്ന് ഇഷ്ടത്തിനനുസരിച്ച് തിരഞ്ഞെടുക്കാം.

ഇത്രക്ക് മിടുക്ക് കാണിച്ച വേറൊരാൾ ഈ അക്കാഡമിക് വർഷത്തിൽ ഉണ്ടായിട്ടില്ല. എങ്ങനെയാണ് ഇതെല്ലാം സാധിക്കുന്നത്. എവിടന്നാണ് ഇത്രക്ക് മോട്ടിവേഷൻ ലഭിച്ചത്. അതിനു പിന്നിൽ ഒരു കഥയുണ്ട്.

ആര്യൻ ഏഴാം ക്ളാസിൽ പഠിക്കുന്ന കാലത്താണ് അമ്മാമന്റെ മകൻ ഗൗതം ഗോവിന്ദ് കേരള എഞ്ചിനീയറിംഗ് എൻട്രൻസിൽ രണ്ടാം റാങ്ക് നേടി പത്രങ്ങളിലും ടെലിവിഷനിലും എല്ലാം നിറഞ്ഞു നിന്നത്. കോച്ചിംഗ് സെന്ററിൽ നിന്ന് ലക്ഷം രൂപയുടെ കാഷ് അവാർഡ്. വിദ്യാഭ്യാസമന്ത്രി നേരിട്ട് വിളിച്ച് അഭിനന്ദിക്കുക. ബന്ധുക്കളും കുടുംബാംഗങ്ങളുമെല്ലാം സംസാരിക്കുന്നത് അവനെപ്പറ്റി. പഠനം കൊണ്ട് ഇങ്ങനെ ചില ഗുണമുണ്ടെന്നും അതു കൊള്ളാമെന്നും ഏഴാം ക്ളാസിൽ പഠിക്കുന്ന ആര്യനു തോന്നി. അതൊരു ഒന്നൊന്നര തോന്നലായിരുന്നു. ടേണിംഗ് പോയിന്റായത് അതാണ്.



അച്ഛൻ സന്ദീപ് കെ നമ്പൂതിരി, അമ്മ അനു, അനിയൻ ആഗ്നേയ് എന്നിവർക്കൊപ്പം ആര്യൻ.

**ആര്യൻ ഏഴാം ക്ളാസിൽ പഠിക്കുന്ന കാലത്താണ് അമ്മാമന്റെ മകൻ ഗൗതം ഗോവിന്ദ് കേരള എഞ്ചിനീയറിംഗ് എൻട്രൻസിൽ രണ്ടാം റാങ്ക് നേടി പത്രങ്ങളിലും ടെലിവിഷനിലും എല്ലാം നിറഞ്ഞത്. കോച്ചിംഗ് സെന്ററിൽ നിന്ന് ലക്ഷം രൂപയുടെ കാഷ് അവാർഡും. വിദ്യാഭ്യാസമന്ത്രി നേരിട്ട് വിളിച്ച് അഭിനന്ദിക്കുക! പഠനം കൊണ്ട് ഇങ്ങനെ ചില ഗുണമുണ്ടെന്നും അതു കൊള്ളാമെന്നും ഏഴാം ക്ളാസിൽ പഠിക്കുന്ന ആര്യനു തോന്നി. അതൊരു ഒന്നൊന്നര തോന്നലായിരുന്നു. ടേണിംഗ് പോയിന്റായത് അതാണ്.**

പഠനം കുട്ടിക്കളിയല്ലെന്നും അതിന് നല്ല സാധ്യതയും പ്രാധാന്യവുമുണ്ടെന്നും തോന്നിച്ച സംഭവമായിരുന്നു അത്. അതോടെ ഏഴാംക്ളാസുകാരൻ ആര്യൻ ഒരു തീരുമാനമെടുത്തു. തനിക്കും ഒരു കൈ നോക്കണം. അച്ഛനമ്മമാർ നിർബന്ധിക്കാതെ തന്നെ അവൻ പഠനത്തെ മുഖ്യപരിപാടിയാക്കി മാറ്റി. അപ്പോൾ അച്ഛനമ്മമാരും സപ്പോർട്ടുമായി എത്തി. അങ്ങനെ എട്ടിലും ഒമ്പതിലുമൊക്കെ ക്ളാസിൽ ഫസ്റ്റായി. അതിന്റെ തുടർച്ചയായി പത്തിൽ എ പ്ളസും.

'കൊച്ചിലേ മാത്സ് എനിക്ക് ഇഷ്ടമായിരുന്നു. ലോജിക് കിട്ടിയാൽ മതി. ആസ്വദിച്ച് പഠിക്കാൻ പറ്റും. കാണാപ്പാഠം പഠിക്കേണ്ട കാര്യമില്ല.'

അതാണ് ആര്യൻ! കണക്ക് ആസ്വദിച്ച് പഠിച്ച കുട്ടി!! നമ്മളിൽ എത്രപേർ കടുകട്ടിയായ കണക്ക് ആസ്വദിച്ച് പഠിച്ചിട്ടുണ്ടാവും? അങ്ങനെ ആസ്വദിക്കാൻ തുടങ്ങിയതോടെ ഒമ്പതാം ക്ളാസ് ആയപ്പോഴേക്കും കണക്കിന്റെ കാര്യത്തിൽ പ്ളസ് ടു ലെവലിലുള്ള കാൽക്കുലസിലെത്തി. പത്താം ക്ളാസിൽ ഒളിമ്പ്യാഡിൽ റാങ്കും കിട്ടി. കേരളത്തിലെ മൂന്നാം റാങ്ക്. പഠിച്ചാൽ ചിലതെല്ലാം കൈവെള്ളയിലൊതുങ്ങും എന്ന് അതോടെ തീർച്ചയായി.



മുംബയ് ഐ.ഐ.ടി ഇന്ത്യയിലെ നമ്പർ വൺ ഇൻസ്റ്റിട്ട്യൂട്ട്

അതത് സമയത്ത് പഠിക്കേണ്ടതു പോലും പഠിക്കാത്തവരാണ് അധികം കുട്ടികളും. എന്നാൽ വരാൻ പോവുന്ന ക്ളാസുകളിലേത് മുൻ കൂട്ടി പഠിച്ചു ഈ മിടുക്കൻ. അതാണ് വ്യത്യാസം. അതു മാത്രം. അങ്ങനെ ചെയ്താൽ മറ്റു കുട്ടികളെ ബഹുദൂരം പിന്നിലാക്കാൻ കഴിയും. നല്ലൊരു ലക്ഷ്യമുണ്ടെങ്കിൽ ആർക്കും സാധിക്കാവുന്നതാണ് ഇത്.

ഏഴാം കള്ാസുകാരൻ കളിയുടെ മോഡ് പഠനത്തിലേക്ക് മാറ്റിയതോടെ എട്ടാം ക്ളാസിൽ വച്ച് ഫൗണ്ടേഷൻ കോഴ്സിൽ ചേർത്തു. എങ്ങനെ പഠിക്കണം എന്ന് തിരിച്ചറിയാൻ അത് ഉപകരിച്ചു. പത്താം ക്ളാസിൽ മുപ്പതിനായിരം കുട്ടികൾക്ക് എ പ്ളസ് കിട്ടും. അതിൽ ഒന്നാമനും പത്താമനും മുപ്പതിനായിരാമനും എല്ലാം ഒരേ പോലെയാണ് പരിഗണിക്കപ്പെടുക.

എന്നാൽ കോൺസെപ്റ്റുകളുടെ ആഴത്തിലേക്ക് ഇറങ്ങുന്നവരോ? അവർ മാത്രമേ ആദ്യത്തെ നൂറുപേരിലൊരാളാവൂ എന്ന് അന്നേ തിരിച്ചറിഞ്ഞു. അതു കൊണ്ട് പത്താം ക്ളാസിൽ നിഷ്പ്രയാസം കിട്ടുന്ന എ പ്ളസായിരുന്നില്ല ലക്ഷ്യം. അതിനു ശേഷം നടക്കുന്ന പരീക്ഷകളായിരുന്നു. കഴിഞ്ഞ വർഷം ഒന്നേകാൽ ലക്ഷം പേർക്കാണ് എ പ്ളസ് എന്നോർക്കുക. അതായത് പരീക്ഷയെഴുതിയ നാലിലൊരാൾക്ക് എ പ്ളസ്.

അങ്ങനെയുള്ള എ പ്ളസുമായി മത്സരിക്കാനിറങ്ങിയാൽ മികച്ച ഇടങ്ങളിലെത്താനാവില്ല. അതിന് കോൺസെപ്റ്റ്സിൽ നല്ല ക്ളാരിറ്റി വേണം. അതിനിടെ ഒരു അപകടം പിണഞ്ഞു. പബ്ജി എന്ന മൊബൈൽ ഗെയിംമിന് ഏതാനും മാസം അടിമയായി. മൊബൈൽ ഗെയിം സമയം കൊല്ലുമെന്ന് മാത്രമല്ല പഠനം നടക്കാതെ പോവുകയും ചെയ്യും.അച്ഛൻ വഴക്കു പറഞ്ഞത് ഉപകാരമായി. അതിന്റെ അപകടം തിരിച്ചറിയാൻ കഴിഞ്ഞു. അതോടെ ഗെയിം നിർത്തി. അല്ലായിരുന്നെങ്കിൽ വേറൊന്നാവുമായിരുന്നു ഈ മിടുക്കന്റെ കഥ.

പത്തിൽ ഫുൾ എ പ്ളസ് നേടിയെങ്കിലും പൊസിഷൻ എത്രയെന്നറിയില്ല. അതറിയണമെങ്കിൽ മറ്റു കുട്ടികളുമായി മത്സരിക്കണം. പത്താം ക്ളാസ് കഴിഞ്ഞപ്പോൾ കോച്ചിംഗ് സെന്ററിന്റെ പ്ളസ് വൺ ക്ളാസിലേക്ക് എൻട്രൻസുണ്ടായി. ആയിരക്കണക്കിനു കുട്ടികൾ എഴുതിയ ആ പരീക്ഷയിൽ 21 ാം റാങ്ക് ലഭിച്ചു. അത് കോൺഫിഡൻസ് വർദ്ധിപ്പിച്ചു. മാത്രമല്ല ഒരു ഫീസും വേണ്ടാതെ പഠിക്കാനാവശ്യമായ സ്കോളർഷിപ്പും കിട്ടി.

അങ്ങനെ ഫീസില്ലാതെ ഏറ്റവും മികച്ച കോച്ചിംഗ്.

പക്ഷേ, അപ്പോഴേക്കും രാജ്യം മുഴുവൻ കോവിഡ് പടർന്നു. ലോക് ഡൗൺ തുടങ്ങി. സ്കൂളുകൾ ദീർഘകാലത്തേക്ക് അടച്ചു. പരക്കെ അനിശ്ചിതത്വം. നൈപുണ്യയെന്ന റെസിഡൻഷ്യൽ ക്ളാസിലേക്ക് പ്രവേശനം ലഭിച്ചെങ്കിലും ഒന്നര വർഷം കഴിഞ്ഞു ക്ളാസ് മുറി നേരിൽ കാണാൻ. 2020 മാർച്ചിൽ പത്താം ക്ളാസ് കഴിഞ്ഞ ശേഷമുള്ള ആദ്യമായി ക്ളാസിൽ പോവുന്നത് 2021 ഡിസംബർ മാസത്തിൽ.

വർക്ക് അറ്റ് ഹോം പോലെ സ്റ്റഡി അറ്റ് ഹോം. കൂട്ടുകാരില്ല. സഹപാഠികളുടെ പെർഫോമൻസ് നേരിട്ടറിയാൻ സംവിധാനമില്ല. അതിനാൽ മത്സരിക്കാനും പൊസിഷൻ തിരിച്ചറിയാനും പ്രയാസമുള്ള നാളുകൾ. അങ്ങനെ മാസങ്ങൾ കടന്നു പോയി. പിന്നെ ഓൺലൈൻ ക്ളാസുകൾ തുടങ്ങി. ബാലാരിഷ്ടത മാറി, അത് ചാലൂ ആവാൻ പിന്നെയും കാലമെടുത്തു.

ഇതിനിടയിൽ എൻട്രൻസ് കോച്ചിംഗും. യു ട്യൂബിൽ അപ്‌ലോഡ് ചെയ്ത ക്ളാസുകൾ. ഓൺലൈൻ ടെസ്റ്റുകളും. മറ്റു കുട്ടികളുമായുള്ള സാധാരണ മത്സരം അസാധ്യമായ കാലം. പെൻഡുലത്തിന്റെ സ്വിംഗ് പോലെ ചാഞ്ചാടുന്ന റാങ്കുകൾ. ഒരിക്കൽ പത്താം റാങ്കെങ്കിൽ പിന്നെ നാനൂറ്. അതു കഴിഞ്ഞ് നാൽപത്. വീണ്ടും അഞ്ഞൂറ്. അങ്ങനെ ഒരു കൺസിസ്റ്റൻസിയുമില്ലാത്ത റാങ്കുകൾ. ആകപ്പാടെ കുഴങ്ങിപ്പോവുന്ന അവസ്ഥ.

അങ്ങനെ കുഴങ്ങാതിരിക്കാൻ പഠനം കുറച്ചു കൂടി സിസ്റ്റമാറ്റിക് ആക്കി.

ഓൺലൈൻ പഠന കാലത്ത് ഇങ്ങനെയായിരുന്നു ദിനചര്യ. രാവിലെ അഞ്ചരക്ക് എണീക്കും. തലേദിവസത്തെ എല്ലാം ഒന്ന് ഓടിച്ചു നോക്കും. കോട്ടയിലെ റെസണൻസ് പോലുള്ള മികച്ച സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാക്കിയ പഠനപുസ്തകങ്ങളുണ്ട്. പിന്നെ കോച്ചിംഗ് കേന്ദ്രത്തിന്റെ പഠനപാക്കേജുകളും. പ്രോബ്ളം സോൾവിംഗിനായിരുന്നു മുൻഗണന. രാവിലെ ബ്രെയിൻ നല്ല ഫ്രെഷ് ആയ സമയമാണ് ഇതിന് നല്ലത്.



*ആൽബർട്ട് ഐൻസ്റ്റീൻ ഇഷ്ടം തോന്നിയ ശാസ്ത്രജ്ഞൻ*

**ചോദ്യം:**

സയൻസിനെ, അതിൽത്തന്നെ ആസ്ട്രോ ഫിസിക്സിനെയും മറ്റും വല്ലാതെ പ്രണയിക്കുന്ന ഒരാൾ ദൈവവിശ്വാസിയാവുന്നതിൽ വൈരുദ്ധ്യമില്ലേ?

**ഉത്തരം:**

ഐൻസ്റ്റീൻ ദൈവവിശ്വാസിയായിരുന്നു. ദൈവം ഉണ്ടാക്കിയ സൃഷ്ടിയെപ്പറ്റി പഠിക്കുകയായിരുന്നു ഐൻസ്റ്റീൻ. സയൻസിന് ഇതു വരെ ആൻസർ ചെയ്യാൻ പറ്റാത്ത നിരവധി കാര്യങ്ങൾ ഉണ്ട്.

അങ്ങനെ ഏഴര മണി വരെ ഇരിക്കും. പിന്നെ ഭക്ഷണം കഴിഞ്ഞ് എട്ടുമണിയോടെ ഓൺലൈൻ ക്ലാസുകൾ. അതു ഉച്ച വരെ. ഉച്ചയ്ക്കു ശേഷം കോച്ചിംഗ് സെന്ററിന്റെ ഓൺലൈൻ മെറ്റീരിയൽ. രാത്രിയിലും രണ്ടു മണിക്കൂർ. പത്തു മണിക്കു മുമ്പായി ഉറക്കം. ഉറക്കമൊഴിഞ്ഞുള്ള പഠനമില്ല. അത് ബ്രെയിനിനെ ക്ഷീണിപ്പിക്കും.

ദൈവവിശ്വാസിയാണോ?

ഇങ്ങനെയൊരു ചോദ്യം ആര്യൻ പ്രതീക്ഷിച്ചിരുന്നില്ല.

>ദൈവവിശ്വാസി തന്നെയാണ്. അതായിരുന്നു മറുപടി.

സയൻസിനെ, അതിൽത്തന്നെ ആസ്ട്രോ ഫിസിക്സിനെയും മറ്റും വല്ലാതെ പ്രണയിക്കുന്ന ഒരാൾ ദൈവവിശ്വാസിയാവുക. അതിൽ ഒരു വൈരുദ്ധ്യമില്ലേ?

>ഐൻസ്റ്റീൻ ദൈവവിശ്വാസിയായിരുന്നു. ദൈവം ഉണ്ടാക്കിയ സൃഷ്ടിയെപ്പറ്റി പഠിക്കുകയായിരുന്നു ഐൻസ്റ്റീൻ. സയൻസിന് ഇതു വരെ ആൻസർ ചെയ്യാൻ പറ്റാത്ത നിരവധി കാര്യങ്ങൾ ഉണ്ട്.

ക്ഷേത്രങ്ങളിൽ പോവാറുണ്ടോ?

>ഫ്ളാറ്റിനു തൊട്ടടുത്താണ് പള്ളിപ്പുറമ്പ് ഭഗവതി ക്ഷേത്രം. അവിടെ പോവാറുണ്ട്. പിന്നെ ഇടക്കൊക്കെ തൃപ്പൂണിത്തുറ പൂർണ്ണത്രയീശനെയും തൊഴും.

ഒഫീഷ്യലായി പേരിൽ നമ്പൂതിരി എന്നുണ്ടോ?

>ആര്യൻ.എസ്.നമ്പൂതിരി എന്നാണ് പേര്.

അപ്പോൾ പൂണൂലോ?

>അതും ഉണ്ട്. അതൊന്നും ഉപേക്ഷിച്ചിട്ടില്ല.

സയൻസ് പഠിക്കുമ്പോൾ ദൈവത്തെ ഉപേക്ഷിക്കുന്നവരുണ്ട്.?

>ദൈവം ഇല്ലെന്ന് ഉറപ്പിച്ചു പറയാൻ പറ്റില്ല. മാത്രമല്ല, റിലാക്സ് ആവാൻ അത് ഉപകരിക്കുന്നു. വലിയ തിരക്കും ബഹളവുമില്ലാത്തപ്പോൾ അമ്പലത്തിൽ പോവുന്നത് പോസിറ്റീവായ ഒരു എനർജി നൽകാറുണ്ട്. ഫ്രഷ്നെസ് തോന്നും. എന്നാൽ ഉത്സവങ്ങളും തിരക്കും ബഹളവുമൊന്നും ഉള്ളപ്പോൾ പോവാറില്ല. അതിൽ താല്പര്യമില്ല.

അനിയൻ ആഗ്നേയ് എട്ടാം ക്ലാസ് വിദ്യാർത്ഥിയാണ്. പഠനത്തിനൊപ്പം ഒരു യുട്യൂബ് ചാനലുമുണ്ട്. ഗെയിമിംഗ് വീഡിയോകൾ ആണ് അവന്റെ ചാനലിലുള്ളത്.

ആര്യന് ഫേസ് ബുക്കില്ല, ടിറ്റർ ഇല്ല, ഇൻസ്റ്റാഗ്രാമില്ല, അതിലെല്ലാം പ്രൊഫൈൽ പിക്ചർ മാറ്റി മാറ്റിക്കളിക്കാൻ നേരവുമില്ല. അത്യാവശ്യത്തിന് കമ്മ്യൂണിക്കേറ്റ് ചെയ്യാൻ വാട്ട്സ് ആപ്പ് ഉണ്ട്. അതു തന്നെ ധാരാളം. യുട്യൂബ് പരിചയപ്പെടുന്നത് വെറും മൂന്നു കൊല്ലം മുമ്പാണ്. അതും പഠന ആവശ്യത്തിന്. പബ്ജിയെന്ന മൊബൈൽ ഗെയിമിന് അടിപ്പെട്ടപ്പോൾ പഠനത്തിൽ ശ്രദ്ധ കുറഞ്ഞത് അനുഭവിച്ചിട്ടുണ്ട്. അതിന്റെ തിരിച്ചറിവ് വേണ്ടുവോളമുണ്ട്.●



▶ വിനോദം
● വയലിൻ പഠിച്ചിരുന്നു.
▶ കോ കരിക്കുലർ
●പത്താം ക്ലാസിൽ പഠിക്കുമ്പോൾ എൻ സി സി യിൽ പ്രവർത്തിച്ചു.
▶ സിനിമ
● ആഴ്ചയിലൊരിക്കൽ കാണും
▶ പത്രം
● മുടങ്ങാതെ വായിക്കും.
▶ ഉപനയനം
● ഫ്ളാറ്റിലെ ടെറസിൽ വച്ച്.
▶ പൂണൂൽ
● ഊരിക്കളഞ്ഞിട്ടില്ല.
▶ ദൈവം
● ഇല്ലെന്ന് ഉറപ്പിച്ച് പറയാൻ പറ്റില്ല.
▶ അച്ഛനമ്മമാർ
● നല്ല വിശ്വാസികളാണ്.
▶ റിച്ചൽസ്
● അതെല്ലാം മനുഷ്യർ ഉണ്ടാക്കിയത്.
▶ ലക്ഷ്യം
● ആസ്ട്രോ ഫിസിക്സ്.
▶ കൊതിക്കുന്ന സ്ഥാപനം
● ഐ ഐ ടി മുംബയ്
▶ കമ്പ്യൂട്ടർ സയൻസ്
● ഒട്ടും താല്പര്യമില്ല.
▶ ആരാവണം
● സയിന്റിസ്റ്റ്.
▶ റോൾ മോഡൽ
● ഐൻസ്റ്റീനെ ഇഷ്ടമാണ്.
▶ ഫിസിക്സിലെ ഇഷ്ടപ്പെട്ട ഏരിയ
● മെക്കാനികസ് ആസ്പെക്ട്സ്
▶ കമ്പ്യൂട്ടർ സയൻസും കാശും?
● മെക്കാനിക്സിന്റെ തിയറി പഠിക്കാനാണ്, അതിൽ നല്ലൊരു ഗവേഷകനാവാണ് താല്പര്യം. വിദേശത്ത് മികച്ച യൂണിവേഴ്സിറ്റികളിൽ നിന്ന് പി എച്ച് ഡി.

## ഇപ്പോൾ പഠിക്കുന്നവരോട് പറയാനുള്ളത്



നമ്മുടെ പൊട്ടൻഷ്യൽ എത്രയുണ്ടെന്ന് ടെസ്റ്റ് ചെയ്യണം. അതിനനുസരിച്ച് വേണം ഗോൾ സെറ്റ് ചെയ്യാൻ. ഏതു തരം കോമ്പറ്റീഷനുകളിലും പങ്കെടുക്കുന്നത് നല്ലതാണ്. അക്കാഡമിക് മാത്രമല്ല, അല്ലാത്തതും. നമ്മുടെ പൊട്ടൻഷ്യൽ സ്വയം തിരിച്ചറിയാൻ അത് ഉപകരിക്കും. മാത്രമല്ല നമ്മുടെ പ്രായക്കാരായമറ്റുള്ളവരുടെ പൊട്ടൻഷ്യലിനെപ്പറ്റി ധാരണ ഉണ്ടാക്കാനും ഉപകരിക്കും.

ആര്യൻ എസ് നമ്പൂതിരി
നമ്പർ 5/സി
റോയൽ മുണ്ടോർകോട്ട് ഫ്ളാറ്റ്
പള്ളിപ്പുറമ്പ് കാവ് ക്ഷേത്രത്തിനു
സമീപം, പി.ഒ. തൃപ്പൂണിത്തുറ
പിൻ : 682301 മൊബൈൽ
9495775005 / 9400011340

ഓർക്കേണ്ട നമ്പൂതിരി

# ഹൈക്കോടതിയിലെ ആദ്യത്തെ റജിസ്ട്രാർ

## ചങ്ങനാശ്ശേരിയിലെ കുമാരമംഗലസ്സ് മനയിൽ കേശവൻ നമ്പൂതിരിപ്പാട്

**ഗിരീഷ് ഇളമൺ**



രാജ്യം ഭരിക്കുന്നവർ നല്ല കാര്യങ്ങൾ ചെയ്താൽ മാത്രം പോരാ, നല്ലതാണെന്ന് പ്രജകളെ ബോധ്യപ്പെടുത്തുക കൂടി വേണം. കേരളം കണ്ട ഏറ്റവും വലിയ നവോത്ഥാന നടപടിയായിരുന്നു ക്ഷേത്ര പ്രവേശന വിളംബരം. എന്നാൽ ആദ്യഘട്ടത്തിൽ അതിന് വേണ്ടത്ര അംഗീകാരം ലഭിച്ചില്ല. അത് നേടിയെടുക്കാൻ മഹാരാജാവിനെ സഹായിച്ചത് ഒരു നമ്പൂതിരിയാണ്. നമ്പൂതിരിമാരിൽ നിന്ന് എതിർപ്പ് കുറയ്ക്കാൻ ഒരു നമ്പൂതിരിയെത്തന്നെ നിയോഗിക്കുക. അതായിരുന്നു തന്ത്രം.

പിൽക്കാലത്ത് കേരളം രൂപീകൃതമായപ്പോൾ ഹൈക്കോടതിയിലെ ആദ്യത്തെ റജിസ്ട്രാർ ആയ കെ. എൻ.കേശവൻ നമ്പൂതിരിപ്പാട് ആണ് ക്ഷേത്ര പ്രവേശന വിളംബരത്തിന് മലബാറിലും മറ്റും അനുകൂലമായ അന്തരീക്ഷം ഉണ്ടാക്കിക്കൊടുത്തത്. അദ്ദേഹത്തെ അതിനുനിയോഗിക്കാൻ കാരണവുമുണ്ട്.

1936 ലായിരുന്നല്ലോ ചിത്തിര തിരുനാൾ ബാലരാമവർമ്മ 'ക്ഷേത്ര പ്രവേശന വിളംബരം' നടത്തിയത്. അത് ചരിത്രം കുറിച്ചുവെങ്കിലും പ്രതീക്ഷിച്ച ജനസമ്മതി ലഭിച്ചില്ല. വിശിഷ്യാ വടക്കൻ കേരളത്തിലെ യാഥാസ്ഥിതിക നമ്പൂതിരിമാരടക്കമുള്ള ജനസമൂഹത്തിൽ നിന്ന്. അയിത്തം അത്ര വേഗത്തിൽ അമ്പ



ലത്തിൽ നിന്ന് മാറി നിന്നില്ല. അതിൽ മഹാരാജാവ് ഖിന്നനായിരുന്നു. ഈ അവസ്ഥയ്ക്ക് പരിഹാരമായി മഹാരാജാവിന്റെ നിർദ്ദേശപ്രകാരം വടക്കൻ കേരളത്തിൽ ബോധവൽക്കരണം നടത്താൻ തീരുമാനിച്ചു.

അതിനു ഉചിതമായ ഒരാൾ വേണം. ആരെ നിയോഗിക്കണം. അന്വേഷണമായി. അങ്ങനെയാണ് നിയമജ്ഞനായ കേശവൻ നമ്പൂതിരിപ്പാടിനെ ചുമതലപ്പെടുത്തിയത്. തിരുവനന്തപുരം മഹാരാജാസ് കോളേജിൽ (ഇന്നത്തെ യൂണിവേഴ്സിറ്റി കോളേജ്) നിന്ന് നിയമത്തിൽ ബിരുദവും സംസ്കൃതത്തിൽ ബിരുദാനന്തര ബിരുദവും കരസ്ഥമാക്കിയ ആളാണ്. തിരുവനന്തപുരം കോടതിയിൽ പ്രാക്ടീസ് ചെയ്യുന്ന ആൾ. കഴിവിന്റെ അംഗീകാരമെന്ന നിലയിൽ തിരുവിതാംകൂർ ശ്രീമൂലം പ്രജാസഭയിൽ അംഗമായി (എം എൽ സി) നോമിനേറ്റ് ചെയ്യപ്പെടുകയും ചെയ്തു. ഇത്തരം പശ്ചാത്തലത്തിൽ ഉചിതമായ ആളായിരുന്നു കേശവൻ നമ്പൂതിരിപ്പാട്.

തുടർന്ന് അദ്ദേഹം പ്രധാനമായും വടക്കൻ കേരളത്തിൽ സഞ്ചരിച്ച് യാഥാസ്ഥിതികരെ നേരിൽ കണ്ട് ക്ഷേത്ര പ്രവേശനത്തിന്റെ കാലിക പ്രാധാന്യത്തെ കുറിച്ച് ബോധവൽക്കരണം നടത്തുകയും ചെയ്തു. അങ്ങിനെ സ്വീകാര്യത വർദ്ധിപ്പിക്കൻ സാധിച്ചു. ഇതിൽ സംപ്രീതനായ മഹാരാജാവ് ഉചിതമായ പാരിതോഷികങ്ങളും നൽകി എന്ന് ചരിത്രം രേഖപ്പെടുത്തുന്നു.

ആധുനിക തിരുവിതാംകൂറിന്റെ ശില്പി ആയ മാർത്താണ്ഡവർമ്മ മഹാരാജാവാൽ സമ്മാനിതമായ അതിമനോഹരവും പ്രൗഢഗംഭീരവുമായ ചങ്ങനാശ്ശേരിയിലെ കുമാരമംഗലസ്സ് മനയിൽ 1898 ൽ ജനനം. മഹാരാജാവ് നിഗ്രഹിച്ച എട്ടുവീട്ടിൽ പിള്ളമാരുടെ പ്രേതബാധയിൽ നിന്നും മോചിതനാകാൻ സഹായിച്ച മാന്ത്രികനായ കുമാരമഗലസ്സ് മന നമ്പൂതിരിക്ക് ഉപഹാരമായി ലഭിച്ച ഈ സൗധം ഇപ്പോൾ കേരളാ ആർക്കിയോളജി വിഭാഗത്തിന്റെ സംരക്ഷണയിലാണ്.

അതോടൊപ്പം, തിരുവനന്തപുരം പത്മനാഭസ്വാമി ക്ഷേത്രത്തിന്റെ അനുബന്ധമായുള്ള തേവാരത്തുകോയിക്കൽ ക്ഷേത്രത്തിലെ പൂജകൾ സ്ഥിരമായി ചെയ്യാനും നിയോഗിക്കപ്പെട്ടു. ആയതിന്റെ സുഗമമായ നടത്തിപ്പിനായി ക്ഷേത്രത്തിന് സമീപം പടിഞ്ഞാറേ കോട്ടയ്ക്കുള്ളിൽ ഒരു വാസസ്ഥലവും നിത്യനിദാന ചെലവിനായി 'അഞ്ചേകാലും കോപ്പും' (അഞ്ചേകാൽ ഇടങ്ങഴി അരിയും അതിന് വേണ്ടുന്ന അനുസാരികളും) നൽകാനായി രാജകല്പനയും ഉണ്ടായി. രാജഭരണം അവസാനിച്ചതോടെ ഈ സാധനങ്ങളുടെ മൂല്യത്തിന് തത്തുല്യമായ ഒരു സംഖ്യ ഇന്നും കുടുംബത്തിന് കിട്ടിപ്പോരുന്നു.



എറണാകുളം ഹൈക്കോടതി സമുച്ചയത്തിൽ 'പ്രശസ്തരുടെ ഇടനാഴി'യുടെ ഭിത്തിയിൽ (ഹാൾ ഓഫ് ഫെയിം) അലങ്കരിച്ചിരിക്കുന്ന ചിത്രങ്ങളുടെ കൂട്ടത്തിൽ ഒരു ഛായാചിത്രത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു. 'കേരള ഹൈക്കോടതി പ്രഥമ റജിസ്ട്രാർ ശ്രീ. കെ.എൻ. കേശവൻ നമ്പൂതിരിപ്പാട്'

എറണാകുളം ഹൈക്കോടതി സമുച്ചയത്തിൽ 'പ്രശസ്തരുടെ ഇടനാഴി' യുടെ ഭിത്തിയിൽ (ഹാൾ ഓഫ് ഫെയിം) അലങ്കരിച്ചിരിക്കുന്ന ചിത്രങ്ങളുടെ കൂട്ടത്തിൽ ഒരു ഛായാചിത്രത്തിൽ ഇങ്ങിനെ എഴുതിയിരിക്കുന്നു. 'കേരള ഹൈക്കോടതി പ്രഥമ റജിസ്ട്രാർ ശ്രീ. കെ.എൻ.കേശവൻ നമ്പൂതിരിപ്പാട്'

നമ്പൂതിരി സമുദായത്തിലെ ആദ്യത്തെ ഹൈക്കോടതി ജഡ്ജി/റെജിസ്ട്രാർ ആയിരുന്നു കെ.എൻ.കേശവൻ നമ്പൂതിരിപ്പാട് എന്നത് നമുക്കെല്ലാം അഭിമാനിക്കാൻ വക നൽകുന്നു.

തൃശൂർ വടക്കാഞ്ചേരി ആലത്തൂർ മനയിൽ നിന്നും 1925 ൽ വിവാഹിതനായി. തിരുവിതാംകൂർ കോടതിയിൽ മുൻസിഫായി ജോലിയിൽ പ്രവേശിച്ചതിനെ തുടർന്ന് പെരുമ്പാവൂർ, കോട്ടയം, ആലപ്പുഴ, ചേർത്തല, ആറ്റിങ്ങൽ, തിരുവനന്തപരം എന്നീ കോടതികളിലും പ്രവർത്തിച്ചു. ശേഷം 1956 ൽ കേരള ഹൈക്കോടതിയുടെ ആദ്യത്തെ റജിസ്ട്രാർ ആയി നിയമിതനായി.1960 ൽ വിരമിച്ചു.

1908 ൽ സ്ഥാപിതമായ യോഗക്ഷേമസഭക്ക് ബാലാരിഷ്ടത ഏറെ ആയിരുന്നു എന്ന് മാത്രമല്ല ചില ആഢ്യന്മാർ മാത്രം നേതൃസ്ഥാനം അലങ്കരിച്ചിരുന്നതിനാൽ ഇത് 'ഒരു ആഢ്യൻ കൂലികളുടെ കഴുതകളി' എന്നു പോലും വി.ടി പരിഹസിക്കുകയുണ്ടായി. എന്നാൽ ഒരു സംഘടനയുടെ ശക്തമായ പ്രവർത്തനത്തിലൂടെ മാത്രമെ നമ്പൂതിരി സമുദായത്തെ ഉദ്ധരിക്കാൻ സാധിക്കു എന്ന് തിരച്ചറിഞ്ഞ ഇദ്ദേഹം, ജ്യേഷ്ഠസഹോദരൻ കുട്ടൻ നമ്പൂതിരിപ്പാടിന്റെ പത്രാധിപത്യത്തിലുള്ള 'ഉണ്ണി നമ്പൂതിരി' മാസികയിലൂടേയും തന്റെ ശക്തമായ വാക്ധോരണിയിലൂടെയും സംഘടനയ്ക്കു ഒരു കെട്ടുറപ്പുള്ള അടിത്തറ പാകുന്നതിന് പരിശ്രമിക്കുകയുണ്ടായി. 'ഉണ്ണി നമ്പൂതിരി' മാസികയുടെ പത്രാധിപസ്ഥാനത്ത് 1924 മുതൽ 1940 വരെ കുട്ടൻ നമ്പൂതിരിപ്പാടായിരുന്നു.

തികഞ്ഞ വേദാന്തിയും സംഗീത ജ്ഞാനിയും പ്രബന്ധകാരനും പരിഭാഷകനും യാത്രാതല്പരനും അയിരുന്നു. കപ്പൽമാർഗ്ഗം കടൽകടന്ന് സിലോൺ സന്ദർശിച്ചത് അദ്ദേഹത്തിന്റെ തീവ്രമായ യാത്രാ തൽപ്പരതയെ സൂചിപ്പിക്കുന്നു. ഹിമാലയം അടക്കം ഭാരതത്തിൽ അങ്ങോളമിങ്ങോളം നടത്തിയ യാത്രകൾ മറ്റൊരു ദൃഷ്ടാന്തമാണ്.

1982ൽ ആയിരം പൂർണ്ണ ചന്ദ്രനെ ദർശിച്ച നിർവൃതിയോടെ മൺമറഞ്ഞപ്പോൾ ഓർമ്മ ആയത് നമ്പൂതിരി സമുദായത്തിന്റെ യശസ്സുയർത്തിയ തേജസ്സുറ്റ ഒരു വ്യക്തിത്വമായിരുന്നു.

ഒരു സഹോദരി ശ്രീദേവി. മക്കൾ: രാജരാജേശ്വരി, ശശിഭൂഷൺ നമ്പൂതിരിപ്പാട്, സനൽകുമാരൻ നമ്പൂതിരിപ്പാട്, ഗീതാദേവി, മൃദുലാദേവി. ജാമാതാക്കൾ: തിരുവല്ല ഇളമൺ മന കൃഷ്ണൻ നമ്പൂതിരി, ശുചീന്ദ്രം തെക്കുമൺ നീലകണ്ഠരു, കാലടി തെക്കിനിയേടത്ത് ഭരതൻ നമ്പൂതിരിപ്പാട് (യോഗക്ഷേമസഭ സംസ്ഥാന പ്രസിഡണ്ട് വല്ലഭൻ നമ്പൂതിരിപ്പാടിന്റെ ജേഷ്ഠസഹോദരൻ) സ്നുഷമാർ: കുന്നംകുളം ഇടവഴിപ്പുറത്തുമന സാവിത്രി, കാലടി തെക്കിനിയേടത്തു മന രുഗ്മിണി.

മകൻ: സനൽ കുമാരൻ നമ്പൂതിരിപ്പാട്,ലാവണ്യ,ഇലങ്കംനഗർ, തൈക്കാട്,തിരുവനന്തപുരം, പിൻ: 695014 മൊബൈൽ:8281701114 ●

ഗിരീഷ് ഇളമൺ
(ഇളമൺ മന, തിരുവല്ല)
1ജെ, നികുഞ്ചം, പാംഗ്രോവ്
ലുലു മാളിന് എതിർവശം
ആനയറ,തിരുവനന്തപുരം
പിൻ: 695029,
മൊബൈൽ:9447723686

**ജീവിതത്തിൽ ചിലത് കഥയെ വെല്ലുന്ന അനുഭവങ്ങളാവും, അത്തരമൊരു അനുഭവകഥ**

# പൂർണ്ണ വിരാമം



**കെ എം ഉണ്ണിക്കൃഷ്ണൻ, കാടമ്പറ്റ**



മദ്ധ്യാഹ്ന മയക്കത്തിന്റെ ആലസ്യത്തിലെപ്പോഴോ 'സ്വാമി, സ്വാമി' എന്ന വിളി കേട്ടാണ് ഉണർന്നത്.

ഇടതു തോളിലൊരു മാറാപ്പും, മറുതോളിൽ സഞ്ചിയും, കാവിയിൽ മുങ്ങിയ വേഷവുമായി ഒരു സന്യാസി ഉമ്മറക്കോലായിൽ! ആലസ്യം മാറിയപ്പോൾ ഞാനും തിരിച്ചു വിളിച്ചു, സ്വാമി.

ആഗതൻ ഒരു സന്യാസിയാണ്. ഏതാണ്ട് അഞ്ചേമുക്കാൽ അടി ഉയരം, ചീകിയൊതുക്കാത്ത പിന്നിലേക്ക് പാറിക്കളിക്കുന്ന മുടി. സന്യാസിമാരിൽ കാണാറുള്ള നീണ്ട താടിയില്ല. നീണ്ട മൂക്കും,നിരതെറ്റി അല്പം ഉയർന്നു നിൽക്കുന്ന അദ്യനിരയിലെ പല്ലുകളും സ്വാമിക്ക് അന്യാദൃശമായ ഒരു കുലീനത നൽകിയിട്ടുണ്ട്.

കർണാടകയിലെ ബീജാപ്പൂരാണ് സ്വദേശം.

ഔപചാരികത കഴിഞ്ഞതോടെ സ്വാമി പരിചയപ്പെടുത്തി. പൂർവാശ്രമത്തിലെ പേരോ, ജീവിതമോ പറയാൻ ഇഷ്ടപ്പെടാത്ത സ്വാമി ആ വിഷയം എന്റെ നിരന്തരമായ ആവശ്യത്തിനു മുന്നിൽ തുറന്നു എന്നു മാത്രം. രമണമഹർഷിയുടെ ജീവിതത്തിലും ആശയങ്ങളിലും ആകൃഷ്ടൻ.

ഒരു നേരത്തെ ഭക്ഷണം, അതാണ് സ്വാമിയുടെ ലക്ഷ്യം. എനിക്കും, പിന്നെ അമ്മക്കും അതു വളരെ സന്തോഷമായി. പരിപൂർണമായും സസ്യഭുക്കാണ് സ്വാമി. സസ്യാഹാരത്തിനാണ് ഇവിടെയെത്തിയത്. ഒരു നമ്പൂതിരിയുടെ ഇല്ലത്ത്.

നിത്യ സഞ്ചാരിയായ ഈ അവധൂതന് ഗ്രാമങ്ങളാണ് പഥ്യം. മധുര മീനാക്ഷി ദർശനം കഴിഞ്ഞു മടക്കം. വള്ളുവനാടൻ ഗ്രാമങ്ങളിലെ പൂരക്കാലം ആസ്വദിച്ചു ഗുരുവായൂർക്ക്. കാൽനടയായിട്ടേ മിക്കവാറും യാത്രയുള്ളൂ. അമ്പലങ്ങളിൽ ഉറങ്ങും, ഉണരും, പിന്നെയും യാത്ര.

പൂമുഖത്ത് തന്നെയുള്ള പൈപ്പിൽ നിന്നു കയ്യും കാലും കഴുകി ദേഹശുദ്ധി വരുത്തി.

തോൾസഞ്ചിയിൽ നിന്നു തന്നെ ഒരു ചെറിയ

ഒരു നേരത്തെ ഭക്ഷണം. എനിക്കും, പിന്നെ അമ്മക്കും അതു വളരെ സന്തോഷമായി. പരിപൂർണമായും സസ്യഭുക്കാണ് സ്വാമി. സസ്യാഹാരത്തിനാണ് ഇവിടെയെത്തിയത്. ഒരു നമ്പൂതിരിയുടെ ഇല്ലത്ത്.

മുറുക്കാൻ കത്തിയെടുത്ത് തൊടിയിലെ വാഴയിൽ നിന്നു ഒരു ഇല മുറിച്ചു കഷ്ണമാക്കി. സ്വാമിയുടെ ഈ പെരുമാറ്റം കണ്ടുനിൽക്കുന്ന എനിക്കും അമ്മക്കും ഇദ്ദേഹം കേരളീയ നമ്പൂതിരി സംസ്കാരവുമായി നല്ലവണ്ണം പരിചിതമെന്നു മനസ്സിലായി.

മേൽമുണ്ട് അഴിച്ചു നിലത്തുവെച്ചു. സ്വാമിയോടുള്ള ബഹുമാനം ഞാനും മറച്ചുവെച്ചില്ല, അദ്ദേഹത്തിന് ഇരിക്കാനായി ഒരു പലക ഞാനും കൊടുത്തു.

പലകയിൽ ചമ്രം പടിഞ്ഞു ഇരുന്ന്, മോരൊഴിച്ച് കൂട്ടാനും, കടുമാങ്ങയും പപ്പടവും, കായ-ചേന മെഴുക്കുപുരട്ടിയും കൂട്ടി അദ്ദേഹം ഊണ് കഴിച്ചു. ഊണ് കഴിച്ചതിന്റെ സംതൃപ്തി വിളമ്പിയവനും, കഴിച്ചവനും കൈവന്ന അപൂർവ നിമിഷം.

പേര്, ഗിരിധർ പാണ്ഡ. ഫിലോസഫിയിലും, ഇംഗ്ലീഷിലും എം.എ. ബിരുദം. വളരെ പാവപ്പെട്ട ഒരു കുടുംബത്തിൽ ജനനം. സഹോദരിമാർ മൂവരും വിവാഹിതർ. ആകെയുണ്ടായിരുന്ന വരുമാനം അച്ഛനും അമ്മയും കൂടി പശുവളർത്തി ഉണ്ടാക്കിയിരുന്ന തുച്ഛമായ സംഖ്യ. പഠിപ്പിന്റെ ആവശ്യത്തിനായി കുഞ്ഞുനാളിൽ തന്നെ പത്രവിതരണം

ജോലിയായി സ്വീകരിച്ചു. അതിൽനിന്നു കിട്ടിയ വരുമാനം കൊണ്ടു പഠിച്ചു വളർന്നു. പത്രവിതരണം കൊണ്ടു വായന ഒരു ശീലമായി. അത് പഠനത്തെ കാര്യമായി സഹായിച്ചു.

സഹോദരിമാരുടെ വിവാഹം വരുത്തിയ സാമ്പത്തിക ബാദ്ധ്യത തീർക്കാൻ വസ്തുവും, പുരയിടവും വിൽക്കേണ്ടി വന്നു. വിവാഹം, കുടുംബം എന്നിവ ഈ തിരക്കിനിടയിൽ മറന്നതോ, അതോ തന്റെ ആത്മഗുരു രമണ മഹർഷിയുടെ പാദങ്ങളിൽ വെച്ചു സംന്യാസത്തിലേക്കു തിരിഞ്ഞതോ എന്നു വ്യക്തമല്ല. ഇതിനിടയിൽ വയസ്സായ മാതാപിതാക്കളുടെ മരണം കൂടി സംഭവിച്ചപ്പോൾ, പിന്നെ തോളിൽ ഒരു ഭാണ്ഡവും, മനസ്സിൽ ജ്വലിച്ചുനിന്ന ആത്മാന്വേഷണത്വരയുമായി നാടുവിട്ടു. ഇപ്പോൾ ഒരു നിത്യ സഞ്ചാരി.

'സ്വാമിക്ക് മാങ്ങ വേണോ, കൂട്ടിയുണ്ണാൻ, ചോദിക്ക്',

അമ്മയുടെ ആതിഥ്യമര്യാദയുടെ സ്വരം കേട്ടപ്പോഴാണ് ഞാൻ തിരിച്ചു ബോധമണ്ഡലത്തിലേക്കു വന്നത്.

'മാംഗ വേണം' സ്വാമിയുടെ മലയാളം എനിക്ക് ഇഷ്ടപ്പെട്ടു.

ഊണ് കഴിഞ്ഞു ഇലയെടുത്തു ദൂരെ കൊണ്ടുകളഞ്ഞു, കുളത്തിൽ പോയി കയ്യും മുഖവും കഴുകി വന്നു. കുട്ടികളോടൊപ്പം കൂടി തന്റെ പൂർണമായും വിടരാത്ത മലയാളഭാഷയിൽ, അവിരാമം തുടരുന്ന യാത്രാനുഭവങ്ങളെക്കുറിച്ചു അല്പം 'സെൻസേഷണലിസവും', 'കട്ട ഹീറോയിസവും' കൂട്ടി ഒരു സെഷൻ.

അല്പനേരം, തന്റെ തോൾമാറാപ്പു തലയിണയാക്കി ഒരു മയക്കം. സമയം നാലായാൽ അടുത്ത ലക്ഷ്യം നോക്കി യാത്ര. ഗുരുവായൂരാണ് അടുത്ത താവളം. താമസം ഭഗവാന്റെ നടയിലെ ഹാളിലോ, പാതയോരത്തോ എവിടെയും ആവാം. 'ചരടുകളാൽ' ബന്ധിതനല്ലാത്ത ഈ പരിവ്രാജകന് എവിടെയും സുഖം.

തിരിച്ചു ഉഡുപ്പി, മൂകാംബി വഴി നാട്ടിലേക്ക്, ആ ജീവിത ചക്രം ഉരുണ്ടു കൊണ്ടേയിരിക്കും.

പിന്നീടും നിയതമായ ഇടവേളകളിൽ സ്വാമി വന്നുകൊണ്ടിരുന്നു. ഞാനില്ലെങ്കിലും കുട്ടികളോടൊപ്പം കളിച്ചും ചിരിച്ചും അമ്മയിൽ നിന്നു 'ഭിക്ഷ'വാങ്ങിയും സ്വാമി ഒരു കുടുംബാംഗത്തെപോലെയായി. പിന്നീട് ഒരു നാലഞ്ചു വർഷമായി സ്വാമിയെ കണ്ടില്ല. മനുഷ്യ സഹജമായ മറവിയിൽ ഞങ്ങളും അതു വിട്ടു. വല്ലപ്പോഴും കുടുംബ സംഭാഷണങ്ങളിൽ ഒരു സൂചിക മാത്രമായി മാറി സ്വാമി.

അങ്ങനെയിരിക്കെയാണ് അത് സംഭവിച്ചത്. ഒരു മൂകാംബികായാത്ര.

അതിരാവിലെ, നാലേമുക്കാലോടെ വെസ്റ്റ് കോസ്റ്റ് എക്സ്പ്രസ്സിൽ മംഗലാപുരത്തെത്തി. മൂകാംബിക്കുള്ള ആദ്യ ബസ്സിൽ തന്നെ ഇടം കിട്ടി. പ്രഭാതദർശനത്തിന് പാകമായി ഏതാണ്ട് എട്ടുമണിയോടെ മൂകാംബിയിൽ എത്തി. സൗപർണികയിൽ വിസ്തരിച്ചൊന്നു കുളിച്ചു. വലിയ ആൾത്തിരക്കോ, ശബ്ദഘോഷമോ ഇല്ലാതെ മനസ്സുനിറഞ്ഞു ദേവിയെ തൊഴുതു.

മടക്കയാത്രയിൽ 'ഉടുപ്പിയിൽ'ഇറങ്ങി ഭഗവാനെക്കൂടി ഒന്നുതൊഴണമെന്ന് കരുതിയിരുന്നു. ഭഗവൽ ഹിതം എനിക്ക് അനുകൂലമായി, ആ ദർശന സൗഭാഗ്യവും കിട്ടി. പ്രഭാതം മുതൽ മദ്ധ്യാഹ്നം വരെ ഓട്ടമായിരുന്നു. ഒരിറ്റു വെള്ളം കുടിച്ചില്ല, ഭക്ഷണമോ കഴിച്ചിട്ടില്ല. ഈ ക്ഷേത്ര നഗരിയിൽ




ആ സപ്ളയറെ 'ഏയ്' എന്നു തിരിച്ചു വിളിച്ചു. അയാൾ തിരിഞ്ഞു നിന്നു.
നല്ല പരിചയം, ശബ്ദവും, രൂപവും.
ഇതു നമ്മുടെ സ്വാമിയല്ലേ. തെല്ലൊന്ന് അമ്പരന്ന ഞാൻ 'സ്വാമി' എന്നും, സ്വാമി അതു എക്കോ ചെയ്തതും ഒരേ സമയത്ത്! മുഖം പൊത്തി അത്ഭുതപരതന്ത്രനായി നിൽക്കുന്ന സ്വാമി!

പൂർണ സസ്യഭുക്കായ എനിക്ക് മിക്കവാറും ഹോട്ടലുകളിൽ വിശ്വസിച്ചുകയറാം. ഈ മുൻധാരണയുടെ ബലത്തിൽ തിരക്ക് കുറഞ്ഞു അൽപ്പം ഉള്ളിലേക്ക് മാറിനിൽക്കുന്ന ഒരു ഹോട്ടലിൽ കയറി.

മദ്ധ്യവയസ്സിൽ എത്താറായ ഒരു സ്ത്രീ മുന്നിലെ കൗണ്ടറിൽ കാശുവാങ്ങാൻ ഇരിക്കുന്നു. ആ ഒറ്റമുറി ഹോട്ടലിൽ അടുക്കളയോട് മുഖം തിരിഞ്ഞിരിക്കുകയാണ് ഞാൻ.

'സാർ കാപ്പി'

പുറകിൽ നിന്നും കാപ്പി മേശപ്പുറത്തു വെച്ചു സപ്ളയർ മുന്നോട്ടു നീങ്ങി. കാപ്പി തന്നു എന്നെ കടന്നു പോയ ആളുടെ ശബ്ദം, എന്റെ അന്തരംഗം പിടിച്ചെടുത്തു. അതെനിക്ക് പരിചയമുള്ളതാണ്, എന്റെ തലച്ചോറിന്റെ സെൻസേഴ്സ്'എവിടെയോ അതു ശേഖരിച്ചു വച്ചിട്ടുണ്ട്.

ഞാൻ ശുദ്ധ മലയാളിയുടെ സ്വഭാവത്തിൽ ആ സപ്ളയറെ 'ഏയ്' എന്നു തിരിച്ചു വിളിച്ചു. അയാൾ തിരിഞ്ഞു നിന്നു.

നല്ല പരിചയം, ശബ്ദവും, രൂപവും.

ഇതു നമ്മുടെ സ്വാമിയല്ലേ. തെല്ലൊന്ന് അമ്പരന്ന ഞാൻ 'സ്വാമി' എന്നും, സ്വാമി അതു എക്കോ ചെയ്തതും ഒരേ സമയത്ത്! മുഖം പൊത്തി അത്ഭുതപരതന്ത്രനായി നിൽക്കുന്ന സ്വാമിയും, കാപ്പി ഗ്ലാസ്സ് മേശമേൽ പോലും വെക്കാൻ മറന്ന ഞാനും.

'സ്വാമി എന്താ ഇവിടെ, ഈ വേഷത്തിൽ'?

എന്റെ ചോദ്യം ഒന്നും ചിന്തിക്കാതെയുള്ള ഒരു പ്രതികരണമായിരുന്നു.

അല്പം നാണിച്ചും, പിന്നെ അല്പം വിധേയത്വത്തോടെയും സ്വാമി വിഷയം മാറ്റാനുള്ള ശ്രമത്തിലാണ്. പക്ഷെ, ഞങ്ങൾ തമ്മിൽ ഉണ്ടായ സംഭാഷണത്തിലും, ഉയർന്ന ശബ്ദത്തിലും ഉണ്ടായ അവസ്ഥാന്തരം ഹോട്ടലിൽ ഭക്ഷണം കഴിക്കാൻ വന്നവരും, ജീവനക്കാരും, റോഡിൽ നടന്നു പോകുന്നവരും ശ്രദ്ധിച്ചു തുടങ്ങി.

പന്തികേട് മണത്ത സ്വാമി, വേണ്ട നിർദേശങ്ങൾ കൈമാറി, എന്നെ അടുക്കള വഴി ഹോട്ടലിന്റെ പിന്നിലെ രണ്ടു മുറിയുള്ള വീട്ടിലേക്കു കൊണ്ടുപോയി. ഏതാണ്ട് എഴുപതോളം വയസ്സ് പ്രായം തോന്നിക്കുന്ന ഒരു സ്ത്രീ ടി.വി.യിൽ വരുന്ന കന്നഡ പരിപാടി കണ്ടു കൊണ്ടിരിക്കുന്നു. എനിക്കാണെങ്കിൽ ഒന്നും മനസ്സിലാവാത്ത അവസ്ഥ. എന്നെ മുറിയിൽ ഉള്ള ഒരു കസേരയിൽ ഇരുത്തി, ആ വീടിന്റെ അടുക്കളയിൽ പോയി ഞൊടിയിടയിൽ

സ്വാമി ആവിപറക്കുന്ന ഒരു കപ്പ് കാപ്പി യുമായെത്തി.

'സാർ കഴിക്കൂ'

ആ വിളിയിലെ ആരോചകത്വം എന്നെ വല്ലാതെ അസ്വസ്ഥനാക്കി. ഇതെല്ലാം നോക്കിക്കണ്ടു ആ പ്രായമായ സ്ത്രീ അപ്പോഴും അവിടെയുണ്ടായിരുന്നു. സ്വാമി പറഞ്ഞു തുടങ്ങി.

'സർ, ഇനിയെന്നെ സ്വാമി എന്നു വിളിക്കരുത്'

'ഞാൻ പിന്നെന്ത് വിളിക്കണം'?

'ഗിരിധർ എന്നാണെന്റെ പേര്, സർ ഗിരിയെന്നു വിളിച്ചാലും മതി'

എനിക്ക് അത്ര രസിച്ചില്ല. മനസ്സിൽ സ്വാമിയെ പറ്റി ഒരു ബിംബം ആവിഷ്കൃതമായിട്ടുണ്ട്, അതിൽനിന്നും ഒരു പ്രത്യേക നിമിഷാർധത്തിൽ പരകായ പ്രവേശം സാദ്ധ്യമാവുന്നതെങ്ങനെ.

എന്നെ അവിടെ ഇരുത്തിയിട്ടു സ്വാമി ഹോട്ടലിലേക്ക് പോയി. ഞാനും, ആ സ്ത്രീയും മാത്രമായി മുറിയിൽ. ഒരു കാൽ നൂറ്റാണ്ടിനപ്പുറം ബാംഗ്ളൂരിൽ താമസിച്ചപ്പോൾ പഠിച്ച കന്നഡ ആ സമയം എന്നെ സഹായിച്ചു.

അവരുടെ ഒഴുകുന്ന കന്നട ഭാഷയിൽ അവർ 'കാർവാർ' സ്വദേശിനിയാണെന്നും, ആ ഹോട്ടലിലെ കൗണ്ടറിൽ ഇരിക്കുന്നത് അവരുടെ മകൾ ആണെന്നും മനസ്സിലായി. അപ്പോഴേക്കും കൂപ്പിയ കയ്യും, അഭിവാദ്യം ചെയ്യുന്ന ശിരസ്സുമായി ഹോട്ടലിൽ കണ്ട സ്ത്രീയും സ്വാമിയും എത്തി.

അല്പം സങ്കോചത്തോടെ സ്വാമി അവർക്കെന്നെ പരിചയപ്പെടുത്തി.

'ഇതെന്റെ ശ്രീമതി തേജസ്വിനി'

ഞാൻ അല്ലാതെതന്നെ തരിച്ചിരിക്കയാണ്, അതിനു മീതെ സ്വാമിയുടെ ഈ പരിചയപ്പെടുത്തൽ കൂടിയായപ്പോൾ അവരെ രണ്ടുപേരെയും മാറി മാറി നോക്കാനേ കഴിഞ്ഞുള്ളൂ. പേരുപോലെത്തന്നെ,കുലീനയും,തേജസ്സുറ്റതുമായ യൗവനയുക്തയായ സ്ത്രീ.

ഇപ്പോൾ സ്വാമിയുടെ 'പൂർവാശ്രമം'ഏത്, കാലിക ജീവിതം ഏത് എന്നു എനിക്ക് സംശയമായിത്തുടങ്ങി. സർവസംഗപരിത്യാഗയെന്നു എന്നോട് പലവട്ടം പറഞ്ഞ സ്വാമിയും,തികഞ്ഞ കുടുംബസ്ഥനായ സ്വാമിയും, ഏതു ശരി, ഏതു തെറ്റ്?

'സാർ,അറിയിക്കാനും പറയാനും കഴിഞ്ഞില്ല,ഒരു വർഷത്തിലേറെയായി ഞാൻ ഒരു ഗൃഹസ്ഥാശ്രമി ആയിട്ട്'

നന്നായി സ്വാമി, ഒരു തുണയുള്ളത് നല്ലതാണ്-ഞാനും ഒരു വേദാന്തിയുടെ കുപ്പായമെടുത്തിട്ടു.

ഇതിനിടയിൽ തേജസ്വിനി കൊണ്ടുവന്ന രണ്ടാമത്തെ കപ്പ് കാപ്പിയും ഞാൻ കുടിച്ചുതീർത്തു.

കാർവാറിൽ നിന്നും പറിച്ചു നടപ്പെടേണ്ടി വന്ന രണ്ടു അനാഥജീവിതങ്ങളുടെ കഥ അങ്ങിനെയാണ് ഗിരിധർ പറഞ്ഞു


**ഇപ്പോൾ സ്വാമിയുടെ 'പൂർവാശ്രമം'ഏത്, കാലിക ജീവിതം ഏത് എന്നു എനിക്ക് സംശയമായിത്തുടങ്ങി. സർവസംഗപരിത്യാഗയെന്നു എന്നോട് പലവട്ടം പറഞ്ഞ സ്വാമിയും, തികഞ്ഞ കുടുംബസ്തനായ സ്വാമിയും, ഏതു ശരി, ഏതു തെറ്റ്?**


തുടങ്ങിയത്. തേജസ്വിനിയുടെയും അവരുടെ അമ്മയുടെയും.

അവർക്ക് പ്രഭാതവും, പ്രദോഷവും ഉഡുപ്പി ശ്രീകൃഷ്ണ ക്ഷേത്രം തന്നെ. തേജസ്വിനിയുടെ അച്ഛന്റെ മരണത്തോടെ അനാഥരായ അവർ അമ്പലം നൽകിയ അഭയസ്ഥാനം കൊണ്ടു ജീവിതം തള്ളിനീക്കുന്ന അനേകരിൽ രണ്ടുപേരായി. ഒരു ജന്മികുടുംബത്തിൽ പിറന്നതാണ് തേജസ്വിനിയും അമ്മയും. ധാരാളം സമ്പത്തും, വരുമാനവുമുള്ള കുടുംബം. അച്ഛന്റെ മരണത്തോടെ കൈക്കരുത്തിന്റെ ബലത്തിൽ സ്വത്തും, സമ്പാദ്യവും, അച്ഛന്റെ ജ്യേഷ്ഠ സഹോദരൻ കയ്യിലാക്കി. പിന്നീട് അവർ തെരുവിലേക്ക് വലിച്ചെറിയപ്പെട്ടു.

ജീവിതത്തിൽ കഷ്ടതകൾ മാത്രം. അവർ ഉഡുപ്പി ശ്രീകൃഷ്ണ സ്വാമിയുടെ സവിധത്തിലെത്തി. അമ്പലത്തിന്റെ അധികൃതർ കനിഞ്ഞു നൽകിയ 'അടിച്ചുതളി'ജോലിയിലെ തുച്ഛവരുമാനം കൊണ്ട് കഴിഞ്ഞു വരികയായിരുന്നു.

ഒരു കൃഷ്ണാഷ്ടമി നാൾ. വൻ ഭക്തജനത്തിരക്ക്. ക്ഷേത്ര പരിസരത്തെ മുറ്റം വൃത്തിയാക്കുകയായിരുന്നു തേജസ്വിനി. ഭക്തജനങ്ങളുടെ പതിവിലും കൂടുതലായുള്ള തിരക്കിൽ പിടിച്ചു നിൽക്കാനാവാതെ ആ സാധു ക്ഷേത്രമുറ്റത്തെ കോൺക്രീറ്റ് സ്ളാബ് പൊട്ടി ഓടയിലേക്കു തള്ളപ്പെട്ടു. കാലുകളിലെ അസ്ഥികൾ മുറിഞ്ഞു, വേദനകൊണ്ട് പുളയുന്ന അവരെ ആരും ശ്രദ്ധിച്ചില്ല. നിലവിളിക്കാൻ പോലും കഴിയാത്ത വിധം അവരുടെ നില അപകടകരവും, അത്യന്തം പരിതാപകരവും ആയിരുന്നു. ഈ ദൃശ്യത്തിലേക്കാണ് നിത്യ സഞ്ചാരിയായ സ്വാമി ജനക്കൂട്ടത്തിലൂടെ ഊളിയിട്ടു ഭഗവാനെ കാണാനെത്തിയത്.

സ്വാമിക്ക് ആ രംഗത്തിൽ നിന്നു തിരിഞ്ഞുപോകാനായില്ല. അവരെയും കോരിയെടുത്തു അടുത്തുള്ള സർക്കാർ ആശുപത്രിയിലെത്തിച്ചു. അപൂർണ്ണതയിൽ നിന്നു പൂർണതയിലേക്കുള്ള സംന്യാസ യാത്രയിൽഇങ്ങനെയും.

ആശുപത്രിയിൽ എത്തിയപ്പോൾ മറ്റൊരു പ്രശനം.ഡോക്ടർമാർ എഴുതിക്കൊടുത്ത പല വിലകൂടിയ മരുന്നും അവിടെയില്ല. പുറത്തുനിന്ന് വാങ്ങണം. ഒരു പരിചയവുമില്ലാത്ത സ്ത്രീ. ഓട്ടപോക്കറ്റുമായി അലയുന്ന ഒരു സന്യാസി. എന്തു ചെയ്യും? ഒരു പ്രതിസന്ധിയിലും തളരാത്ത സ്വാമി ഇവിടെയും തളർന്നില്ല. ഒരിക്കലും ഭിക്ഷ യാചിക്കാത്ത അദ്ദേഹം തന്റെ സംന്യാസി ജീവിതത്തിൽ ഒരു പുതിയ അദ്ധ്യായം തുറന്നു. അദ്ദേഹം തോളിൽ ഇട്ടിരുന്ന കാവിമുണ്ട് എടുത്ത് ആ തിരക്കേറിയ ദിനങ്ങളിൽ ഭിക്ഷ എടുത്തു. ആ സംന്യാസിവര്യന്റെ മനസ്സറിഞ്ഞപോലെ രണ്ടു ദിവസം കൊണ്ട് അവരുടെ ആശുപത്രി ജീവിതത്തിനാവശ്യമായ ചെലവിനുള്ള തുക ഭക്തർ കൊടുത്തു.

ആശുപത്രി വാസം കഴിഞ്ഞു അവരുടെ ഒറ്റമുറിയിൽ തിരിച്ചു കൊണ്ടെത്തിക്കുന്നതുവരെ ആ നിരാലംബരായ അമ്മയുടെയും മകളുടെയും കൂടെ സ്വാമി ഉണ്ടായിരുന്നു. വീണ്ടും യാത്ര പുറപ്പെട്ട സ്വാമിയോട് ആഅമ്മ ചോദിച്ചു.

'മോനെ നിനക്കു ഇവിടെ എന്റെ മകനായി നിന്നുകൂടെ'?

ഗിരിധർ കഥ ഇങ്ങിനെ പറഞ്ഞുനിർത്തി. ബാക്കി എനിക്ക് ഊഹിക്കാവുന്നതെ ഉണ്ടായിരുന്നുള്ളൂ.

യാത്രപറയുമ്പോഴാണ് ആ ബോർഡ് എന്റെ ശ്രദ്ധയിൽ പെട്ടത് 'ഗിരിധർ കഫെ'. ബസ്സിൽ തിരിച്ചു ഉടുപ്പിയിൽ നിന്നു വരുമ്പോൾ ഞാൻ ആകെ അസ്വസ്ഥനായിരുന്നു. പിറ്റേന്ന് രാവിലെ ഇല്ലത്തെത്തിയിട്ടും ആ ആസ്വസ്ഥത വിട്ടു മാറിയിരുന്നില്ല.

പിന്നെയും വർഷം നാലു കഴിഞ്ഞു. ഒരു ഓണക്കാലം. രാവിലെ കുളിയും തേവാരവും കഴിഞ്ഞു പേപ്പർ വായനയുടെ സമയത്താണ് ഒരു വെളുത്ത 'സ്വിഫ്റ്റ്'കാർ പടി കടന്നു വരുന്നത് കണ്ടത്. ഒരു പരിചയവുമില്ലാത്ത വണ്ടി.

ഇറങ്ങിച്ചെന്നു സ്വീകരിക്കാൻ നോക്കിയപ്പോൾ, വണ്ടിയുടെ ചില്ലു താഴ്ത്തി പുഞ്ചിരിച്ചുകൊണ്ടു സ്വാമി. ഒരു മുന്നറിയിപ്പുമില്ലാത്ത വരവ്. അല്ലെങ്കിലും മുന്നറിയിപ്പോടെ സ്വാമി ഇതു വരെ കടന്നുവന്നിട്ടില്ലല്ലോ!

കൂടെ തേജസ്വിനിയും, അമ്മയും. കൂടെ പൂമ്പാറ്റപോലെ ഒരു കുട്ടി. എങ്ങും തുള്ളിച്ചാടി നടക്കുന്ന സ്വാമിയുടെ മൂന്നു വയസുകാരി കുട്ടി. അന്തരീക്ഷം ആകെ മാറി, ഉത്സവപ്രതീതിയായി. ആ കാഴ്ച എന്റെ ഓണാഘോഷങ്ങൾക്ക് നാന്ദിയായി. ●


കെ എം ഉണ്ണിക്കൃഷ്ണൻ
കാടമ്പറ്റ മന,ചളവറ, പാലക്കാട്
മൊബൈൽ: 94468 82056

# കുത്താമ്പുള്ളി

## കളക്ഷൻസ് & മാച്ചിങ് സെന്റർ

**ഫെഡറൽ ബാങ്കിനുസമീപം, എടപ്പാൾ റോഡ്, ചങ്ങരംകുളം**
**വിപുലമായ സ്ഥലസൗകര്യങ്ങളോടെ പ്രവർത്തിച്ചുവരുന്നു.**

വിവാഹത്തിനും മറ്റു ആഘോഷങ്ങൾക്കുമുള്ള സെറ്റ് മുണ്ടുകൾ, സെറ്റ് സാരികൾ, ഡബിൾ മുണ്ട്, ഷർട്ടുകൾ എന്നിവയും മറ്റു തുണി തരങ്ങളും ഓർഡർ എടുത്തു എത്തിച്ചു കൊടുക്കുന്നു

ചേന്ദമംഗലം സെറ്റ്മുണ്ടുകൾ, ഡബിൾ മുണ്ടുകൾ,കാവി മുണ്ടുകൾ എന്നിവയുടെ പുതിയ കളക്ഷനുകൾ

ചുരിദാർ മെറ്റീരിയലുകൾ കുർത്തികൾ ലേഡീസ്ടോപ്പുകൾ, ലഗ്ഗിൻസ് എന്നിവയുടെ പുതിയ കളക്ഷൻസ്

സെറ്റുമുണ്ടുകളുടേയും, സാരികളുടേയും മാച്ചിങ് ബ്ലൗസ് മെറ്റീരിയലുകളുടേയും വിപുലമായ ശേഖരം

ജെന്റ്സ് ഷർട്ട്സ്, ടീഷർട്സ്, ഡബിൾമുണ്ട്, കാവിമുണ്ട്, വിവിധങ്ങളായ കളർമുണ്ടുകൾ എന്നിവയും മിതമായവിലയിൽ

വിവിധതരം സെറ്റുപാവാട, സെറ്റുസാരി, ഫാൻസി സാരി, കസവുസാരി, കോട്ടൺസാരി എന്നിവയുടെ നിങ്ങൾക്ക് ഇഷ്ടപെടുന്ന കളക്ഷൻ...



**10 വർഷത്തോളമായി ചങ്ങരംകുളത്തു പ്രവർത്തിക്കുന്ന ഒരു നമ്പൂതിരി സംരംഭം.**

വാട്സ്ആപ് വഴി സെലക്ട് ചെയ്യുന്ന ഐറ്റംസ് കൊറിയർ അയച്ചുകൊടുക്കുന്നു.

**9562883397**

പേയ്മെന്റ്: ക്യാഷ്, Gpay, ഓൺലൈൻ ട്രാൻസാക്ഷൻ

**9400852605/04942650180/7306359484**



### അറിയേണ്ട നമ്പൂതിരി

# ദേശീയ സിനിമാ അവാർഡ്

**മികച്ച ശബ്ദമിശ്രണത്തിനുള്ള 2020ലെ ദേശീയ ചലച്ചിത്ര പുരസ്ക്കാരത്തിനർഹനായ വിഷ്ണു ഗോവിന്ദിനെ സ്വസ്തി അഭിമാനപൂർവ്വം പരിചയപ്പെടുത്തുന്നു**

## National Film Award for the Best Sound mixing

- മികച്ച സൗണ്ട് മിക്സിങ്ങിനുള്ള 2020 ലെ ദേശീയ ചലച്ചിത്ര പുരസ്ക്കാരം. ( മാലിക്ക് )
- ഏറ്റവും നല്ല സൗണ്ട് ഡിസൈനർക്കുള്ള 2019 ലെ സംസ്ഥാന ചലച്ചിത്ര പുരസ്ക്കാരം ( ഉണ്ട, ഇഷ്ക്ക് )
- ദേശീയ പുരസ്കാരങ്ങളിൽ ഏറ്റവും മികച്ച ഫീച്ചർ ഫിലിം ആയി തിരഞ്ഞെടുക്കപ്പെട്ട സൂരരൈ പോട്ര് എന്ന സിനിമയിലും ശബ്ദ വിഭാഗം കൈകാര്യം ചെയ്തു. (വിഷ്ണുവും ശ്രീശങ്കറും )
- ദേശീയപുരസ്ക്കാരങ്ങൾ കൊണ്ട് പ്രശസ്തമായ അയ്യപ്പനും കോശിയും എന്ന ചിത്രത്തിലും ശബ്ദം കൈകാര്യം ചെയ്തത് വിഷ്ണുവും ശ്രീശങ്കറുമാണ്.
- ഇരുധി സുത്രു(2017), അവൾ (2018) എന്നീ തമിഴ് പടങ്ങൾക്ക് സൗണ്ട് ഡിസൈനിങ്ങിൽ Behind wood Gold Medal പുരസ്ക്കാരവും കിട്ടിയിട്ടുണ്ട്

# തിരുവല്ല തോട്ടാശ്ശേരി ഇല്ലത്ത് ഗോവിന്ദൻ നമ്പൂതിരിയുടെ മകൻ വിഷ്ണു ഗോവിന്ദിന്

**ചങ്ങനാശ്ശേരി എസ്.ബി കോളേജിൽ ഫിസിക്സ് പഠിക്കുമ്പോഴും എ ആർ റഹ്മാന്റെ കടുത്ത ആരാധകനായിരുന്നു. അങ്ങനെ സംഗീതത്തിലേയ്ക്ക് തിരിഞ്ഞു. അഡയാർ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ എത്തിയത് അങ്ങനെയാണ്.**

**മാന്തിട്ട വിഷ്ണു**



'ഹലോ മിസ്റ്റർ'... അപരിചിതരായ വ്യക്തികളെ സംബോധന ചെയ്യുമ്പോൾ നാമുപയോഗിക്കുന്ന വാക്കുകൾ. പക്ഷേ മലയാള ചലച്ചിത്ര ചരിത്രത്തിൽ ഈ വാക്കുകൾക്ക് മറ്റൊരു പ്രാധാന്യമുണ്ട്. 1938 ജനുവരി 19 ന് തീയേറ്ററുകളിലെത്തിയ, മലയാളത്തിലെ ആദ്യത്തെ ശബ്ദചലച്ചിത്രമായ ബാലൻ നിർമ്മിക്കുമ്പോൾ ആദ്യമായി റെക്കോഡ് ചെയ്ത വാക്കുകളാണ് 'ഹലോ മിസ്റ്റർ'. ബാലനിൽ ഒരു കഥാപാത്രത്തെ അവതരിപ്പിച്ച ആലപ്പി വിൻസന്റിന്റേതായിരുന്നു ആ ശബ്ദം.

പിന്നീട് ചലിക്കുന്ന ചിത്രങ്ങൾക്കൊപ്പം ശബ്ദവീചികളും വെള്ളിത്തിരയിൽ നിന്ന് ഒഴുകിയെത്താൻ തുടങ്ങി. സംഭാഷണങ്ങൾ, പിന്നണി ഗാനങ്ങൾ, പശ്ചാത്തലസംഗീതം, അങ്ങനെയങ്ങനെ... 2022 ലെത്തി നിൽക്കുമ്പോൾ പഞ്ചിങ് ഡയലോഗുകൾ കാരണം ഹിറ്റ് ആയ പടങ്ങളുടെ ഒരു പട്ടികതന്നെ നമുക്ക് തയ്യാറാക്കാം. അതുപോലെ മിനിമം ഡയലോഗുകൾ കൊണ്ട് ശ്രദ്ധേയമായ പടങ്ങളുമുണ്ട്. ഏതായാലും ശബ്ദം ഒരു പ്രധാന ഘടകമായി വെള്ളിത്തിരയിലുണ്ട്.

അതുകൊണ്ട് ശബ്ദ രൂപകല്പനയും (സൗണ്ട് ഡിസൈനിങ്ങ്) ശബ്ദ മിശ്രണവും( സൗണ്ട് മിക്സിങ്ങ്) ഇന്ന് ഒരു പ്രധാന ഘടകം തന്നെയാണ്. ഈയൊരു തിരിച്ചറിവോടെയാണ് വിഷ്ണു ഗോവിന്ദ് സൗണ്ട് എഞ്ചിനീയറിങ്ങ് പഠിക്കാൻ ചെന്നൈയിലെ അഡയാർ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ എത്തിയത്.

തിരുവല്ലയിലെ തോട്ടാശ്ശേരി ഇല്ലത്ത് 1986 ലാണ് ജനനം. അച്ഛൻ ആർ.ഡി.ഒ ആയി റിട്ടയർ ചെയ്ത ഗോവിന്ദൻ നമ്പൂതിരി. അമ്മ റിട്ട.ഹെഡ്മിസ്ട്രസ്സാണ്. ഗൗരി അന്തർജ്ജനം. മൂന്ന് ആൺമക്കളിൽ വിഷ്ണു രണ്ടാമനാണ്.

സംഗീതത്തിൽ താല്പര്യമായിരുന്നതിനാൽ നന്നായി പാടുകയും ഓടക്കുഴൽ വായിക്കുകയും ചെയ്തിരുന്നു. വയലിനും കൈകാര്യം ചെയ്തിരുന്നു. തിരുവല്ല ദേവസ്വം ബോർഡ്

വിഷ്ണു ഗോവിന്ദിനു ലഭിച്ച ഏറ്റവും മികച്ച സൗണ്ട് ഡിസൈനർക്കുള്ള 2019 ലെ സംസ്ഥാന ചലച്ചിത്ര പുരസ്ക്കാരം



സ്ക്കൂളിലെ പഠനത്തിനുശേഷം ചങ്ങനാശ്ശേരി എസ്.ബി കോളേജിൽ നിന്ന് ഫിസിക്സ് പഠിക്കുമ്പോഴും എ ആർ റഹ്മാന്റെ ഒരു 'കടുത്ത' ആരാധകനായിരുന്നു. അങ്ങനെ സംഗീതത്തിലേയ്ക്ക് തിരിഞ്ഞു.

2006 ൽ ചെന്നൈയിലെത്തി. കൂടെ സഹപാഠിയും ആത്മസുഹൃത്തുമായ ശ്രീശങ്കറുമുണ്ടായിരുന്നു. അഡയാർ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് സൗണ്ട് എഞ്ചിനീയറിങ്ങിൽ ബിരുദം. ശബ്ദത്തെ വേണ്ടരീതിയിൽ കൈകാര്യം ചെയ്യാനുള്ള എല്ലാ സാങ്കേതിക വിദ്യയും ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നു നേടി. ശങ്കറും ചെന്നൈയിലെ എസ്.എ ഇ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് സൗണ്ട് എഞ്ചിനീയറിങ്ങിൽ ബിരുദം നേടി.

പഠിക്കുന്നതിന്നിടയിൽ അൽഫോൺസ് പുത്രൻ സംവിധാനം ചെയ്ത ഒരു ഹ്രസ്വ ചിത്രത്തിൽ വർക്ക് ചെയ്യാനുള്ള അവസരം ലഭിച്ചു. പിന്നീട് 'നേരം', 'പ്രേമം' എന്നീ അൽഫോൺസ് പുത്രന്റെ ഹിറ്റ് ചിത്രങ്ങളിൽ സൗണ്ട് ഡിസൈനർ ആയി പ്രവർത്തിച്ചു.

പഠനത്തിനുശേഷം രണ്ടുസുഹൃത്തുക്കളും ചേർന്ന് 2012 ൽ ചെന്നൈയിൽ 'സൗണ്ട് ഫാക്റ്റർ' എന്നൊരു സ്ഥാപനം തുടങ്ങി. സൗണ്ട് ഡിസൈനിങ്ങിലും സൗണ്ട് മിക്സിങ്ങിലും ശ്രദ്ധ കേന്ദ്രീകരിച്ചു. 'പിസ' എന്ന തമിഴ് ചിത്രത്തിലെ ശബ്ദ രൂപകല്പനയോടെയാണ് സിനിമാരംഗത്തേയ്ക്ക് പ്രവേശിക്കുന്നത്. പിസയിൽ വിഷ്ണു വളരെയേറെ ശ്രദ്ധിക്കപ്പെട്ടു. 2014 ൽ പുറത്തിറങ്ങിയ 'ജിഗർതണ്ട'എന്ന തമിഴ് സൂപ്പർഹിറ്റ് പടത്തിലും വിഷ്ണു- ശ്രീശങ്കർ ടീമാണ് ശബ്ദ രൂപകല്പന ചെയ്തത്. ജിഗർതണ്ടയുടെ വൻ വിജയത്തോടൊപ്പം ഏറെ പ്രശസ്തനാവുകയും ചെയ്തു.

'അവൾ' എന്ന മറ്റൊരു സൂപ്പർ ഹിറ്റ് തമിഴ് സിനിമയിലെ സൗണ്ട് ഡിസൈനിങ്ങും 'സൗണ്ട് ഫാക്റ്റർ' സുഹൃത്തുക്കൾ മികച്ചരീതിയിൽ തന്നെ അവതരിപ്പിച്ചിട്ടുണ്ട്. 'അവൾ' ഹൊറർ ചിത്രമായിരുന്നു. അതിലെ സൗണ്ട് ഡിസൈനിങ്ങ് തികച്ചും ഭയപ്പെടുത്തുന്ന രീതിയിൽ തന്നെയായിരുന്നു. തുടർന്ന് തമിഴ്, തെലുങ്ക്, മലയാളം സിനിമകളിലെ സൗണ്ട് ഡിസൈനിങ്ങും മിക്സിങ്ങുമായി 'സൗണ്ട് ഫാക്റ്റർ' സുഹൃത്തുക്കൾ തിരക്കിലായി.

'പശ്ചാത്തല സംഗീതമൊരുക്കലാണ് സൗണ്ട് ഡിസൈനറുടെ ജോലി എന്ന ധാരണ പലർക്കുമുണ്ട്. അത് ശരിയല്ല ഒരു രംഗത്തിന് ആവശ്യമായ എല്ലാ ശബ്ദഘടകങ്ങളും ഏറ്റവും അനുയോജ്യമായ രീതിയിൽ ചേർത്തു വെയ്ക്കാനാണ് സൗണ്ട് ഡിസൈനിങ്ങിനേയും സൗണ്ട് മിക്സിങ്ങിനേയുമൊക്കെ ആശ്രയിക്കുന്നത്. എന്നാലേ ചിത്രീകരിക്കുന്ന രംഗത്തിന് മിഴിവ് ലഭിക്കുകയുള്ളൂ. ശബ്ദത്തെ ചലിക്കുന്ന ചിത്രങ്ങളിലേയ്ക്ക് പകർന്നുവെയ്ക്കാനുള്ള എല്ലാ സാങ്കേതിക വിദ്യയും സൗണ്ട് എഞ്ചിനീയറിങ്ങ് കോഴ്സിൽനിന്നു പഠിക്കാം.

പക്ഷേ ഏതുരീതിയിൽ, എപ്പോഴാണ് ശബ്ദം കൊടുക്കേണ്ടതെന്ന തീരുമാനമെടുക്കുന്ന സന്ദർഭത്തിലാണ് സൗണ്ട് ഡിസൈനർക്ക്



*ഏറ്റവും നല്ല സൗണ്ട് ഡിസൈനർക്കുള്ള 2019 ലെ സംസ്ഥാന ചലച്ചിത്ര പുരസ്ക്കാരം ഉണ്ട, ഇഷ്ക്ക് എന്നീ സിനിമകളിലെ വർക്കിന് വിഷ്ണുവിനും ശങ്കറിനും ലഭിച്ചപ്പോൾ*



എല്ലാ സിനിമകളും ഒരു സൗണ്ട് ഡിസൈനറുടെ കൈകളിലൂടെ കടന്നുപോയിട്ടാണ് തിയേറ്ററിലെത്തുന്നത്. ഒരു ഫൈറ്റ് സീൻ സങ്കല്പിച്ചുനോക്കൂ. രണ്ടുപേർ തമ്മിലിടികൂടുമ്പോൾ വലിയ ശബ്ദമൊന്നും ഉണ്ടാകുന്നില്ല. പക്ഷേ, സൗണ്ട് ഡിസൈനർ അനുയോജ്യമായ ശബ്ദഘടകങ്ങൾ സോഫ്റ്റ് വെയർ വഴി സൃഷ്ടിച്ചെടുത്ത് ആ രംഗത്ത് ചേർക്കുമ്പോൾ ഇടിയുടെ ആഘാതം പ്രേക്ഷകരിലുമെത്തുന്നു.

ക്രിയേറ്റിവിറ്റിക്കുള്ള സ്പേയ്സ് കിട്ടുന്നത്. അങ്ങനെയാണ് സൗണ്ട് ഡിസൈനിങ്ങും മിക്സിങ്ങുമൊക്കെ കലയായി മാറുന്നത്. സംഗീതത്തിലുള്ള അഭിരുചി ഒരു സഹായക ഘടകമാകുന്നതും. ശബ്ദത്തെ നിയന്ത്രണ വിധേയമാക്കുമ്പോഴാണല്ലോ സംഗീതം ജനിക്കുന്നത്. സാങ്കേതിക വിദ്യയിലുള്ള പരിജ്ഞാനവും സംഗീതാഭിരുചിയുമാണ് ഒരു മികച്ച സൗണ്ട് ഡിസൈനറെ വാർത്തെടുക്കുന്നതെന്നു തോന്നുന്നു'. വിഷ്ണു അഭിപ്രായപ്പെട്ടു.

ചിത്രീകരണ വേളയിൽ എങ്ങനെയാണോ ക്യാമറകൾ ചിത്രങ്ങൾ ഒപ്പിയെടുക്കുന്നത് അതുപോലെ സൗണ്ട് റെക്കോഡർ രംഗത്തുനിന്ന് ശബ്ദങ്ങളും ചോർത്തിയെടുക്കുന്നു. പിന്നീട് ആധുനിക സാങ്കേതിക വിദ്യയുപയോഗിച്ച് ശബ്ദതരംഗങ്ങളെ പ്രോസസ്സ് ചെയ്ത് വേണ്ട രീതിയിൽ ചിത്രങ്ങളോട് വിളക്കിച്ചേർക്കുന്നു. ആ കലയാണ് ശബ്ദ രൂപകല്പനയും ശബ്ദമിശ്രണവും.

ഒരു ചെറിയ പ്രാണി പറക്കുന്ന ശബ്ദം മുതൽ വലിയ ദിനോസാറുകളുടെ ശബ്ദം വരെ സോഫ്റ്റ് വെയറിൽ രൂപകല്പന ചെയ്യാൻ ഒരു സൗണ്ട് ഡിസൈനർക്ക് കഴിയും.അതുപോലെ നാചറൽ സൗണ്ടും വേണ്ടരീതിയിൽ പ്രോസസ്സ് ചെയ്യാനാവും. രൂപകല്പന ചെയ്യുന്ന ശബ്ദവും ഡബ്ബിങ്ങ് അല്ലെങ്കിൽ സംഭാഷണ ശബ്ദങ്ങളും ബാക്ഗ്രൗണ്ട് സ്കോറുമെല്ലാം കഥയിലെ സന്ദർഭത്തിനനുസരിച്ച് ബ്ലെൻഡ് ചെയ്യുന്ന കലയാണ് ശബ്ദമിശ്രണം.

'എല്ലാ സിനിമകളും ഒരു സൗണ്ട് ഡിസൈനറുടെ കൈകളിലൂടെ കടന്നുപോയിട്ടാണ് തിയേറ്ററിലെത്തുന്നത്. ഒരു ഫൈറ്റ് സീൻ സങ്കല്പിച്ചുനോക്കൂ. രണ്ടുപേർ തമ്മിലിടികൂടുമ്പോൾ വലിയ ശബ്ദമൊന്നും ഉണ്ടാകുന്നില്ല. പക്ഷേ, സൗണ്ട് ഡിസൈനർ അനുയോജ്യമായ ശബ്ദഘടകങ്ങൾ സോഫ്റ്റ് വെയർ വഴി സൃഷ്ടിച്ചെടുത്ത് ആ രംഗത്ത് ചേർക്കുമ്പോൾ ഇടിയുടെ ആഘാതം പ്രേക്ഷകരിലുമെത്തുന്നു.' ഉദാഹരണ സഹിതം വിഷ്ണു ശബ്ദ രൂപകല്പന വിവരിക്കുന്നു.

'സംഗീതം പാഷനായതിനാൽ ജോലിചെ

# തുളുവിലെ മികവിന് സന്തോഷ് നമ്പൂതിരിക്ക് ദേശീയ അവാർഡ്

മികച്ച തുളുചിത്രത്തിനുള്ള പുരസ്കാരം നേടിയ ജീറ്റിഗെ എന്ന ചിത്രം സംവിധാനം ചെയ്തത് കൈതപ്രം സ്വദേശി എടക്കാട് സന്തോഷ് നമ്പൂതിരി. കൈതപ്രത്ത് എടക്കാട് ശംഭു നമ്പൂതിരിയുടെയും കണ്ണാടി ഇല്ലത്ത് സരസ്വതി അന്തർജനത്തിന്റെയും മകനാണ്. ആറാട്ടുപുഴ നെന്മാറമഠം കുടുംബാംഗവും പ്രശസ്ത ഡബ്ബിംഗ് ആർട്ടിസ്റ്റുമായ മീര സന്തോഷ് പത്നിയും ധ്രുവ് ഈശ്വർ, സരസ്വതി എന്നിവർ മക്കളുമാണ്. മീരയും വിവിധ ക്രിട്ടിക്സ്, ടെലിവിഷൻ സംസ്ഥാനഅവാർഡ് ജേതാവാണ്.



ഇരുപതിലധികം മലയാളം, കന്നട, തമിഴ് സിനിമകളിൽ അസോസിയേറ്റ് ഡയറക്ടർ ആയി സന്തോഷ് പ്രവർത്തിച്ചിട്ടുണ്ട്. സെല്ലുലോയ്ഡ്, ശിക്കാരി, കായംകുളം വീരം, മകൾക്ക്, ലൗഡ് സ്പീക്കർ തുടങ്ങിയവ അവയിൽ ചിലത് മാത്രം. നിരവധി പരസ്യചിത്രങ്ങൾ സംവിധാനം ചെയ്യുകയും ചിലതിൽ അഭിനയിക്കുകയും ചെയ്തിട്ടുണ്ട്. സംവിധായകനായും സഹസംവിധായകനായും അഭിനേതാവായും സംഭാഷണരചയിതാവായും തിളങ്ങുന്ന ഈ ബഹുമുഖപ്രതിഭയുടെ വിജയം നിശ്ചയദാർഢ്യത്തിലൂടെ നേടിയെടുത്തതാണ്.

---

യ്യുകയാണെന്ന തോന്നൽ ഒരിക്കലും അലട്ടുന്നില്ല. വാസ്തവത്തിൽ സംഗീതത്തിന്റെ ഒരു കൈവഴി തന്നെയാണ് ശബ്ദരൂപകല്പനയും ശബ്ദമിശ്രണവും. അതിനാൽ ഈ രംഗത്ത് അർപ്പണമനോഭാവത്തോടെ മുന്നേറാനും കഴിയുന്നു.'

മലയൻ കുഞ്ഞ്, മഹാവീര്യർ, പാപ്പൻ തുടങ്ങി അടുത്തയിടയ്ക്ക് റിലീസ് ആയിട്ടുള്ള ഈ ചിത്രങ്ങളിലെല്ലാം വിഷ്ണുവിന്റെ ശബ്ദരൂപകല്പന ആസ്വാദകർക്ക് അനുഭവിക്കാൻ കഴിയും. മലയൻ കുഞ്ഞിൽ മഴയും ഇടിയും പ്രധാന കഥാപാത്രങ്ങളായി കടന്നുവരുന്നുണ്ട്. നാചറൽ സൗണ്ട് തന്നെ വേണമെന്ന നിഷ്ക്കർഷയിൽ നല്ലൊരു മഴക്കും ഇടിവെട്ടിനുമൊക്കെയായി കാത്തിരുന്ന് ശബ്ദം റെക്കോഡ് ചെയ്യാൻ കഴിഞ്ഞ നല്ല അനുഭവങ്ങളും വിഷ്ണു സ്വസ്തിയുമായി പങ്കുവെച്ചു.

നവാഗത സംവിധായകനായ സജിമോൻ സംവിധാനം നിർവ്വഹിച്ചിട്ടുള്ള ഈ ചിത്രത്തിന് തിരക്കഥ രചിച്ചിട്ടുള്ളത് സൂപ്പർ ഹിറ്റ് ചിത്രങ്ങളുടെ സംവിധായകനും എഡിറ്ററുമായ മഹേഷ് നാരായണൻ ആണ്. പ്രകൃതി ദുരന്തങ്ങളുടെ ആഴവും ഭീകരതയും സമാനതകളില്ലാത്ത രീതിയിൽ അവതരിപ്പിച്ചിട്ടുള്ള മലയൻകുഞ്ഞ് സർവൈവൽ ത്രില്ലറെന്ന വിഭാഗത്തിൽ പെടുത്താവുന്ന ചിത്രമാണ്.

**മലയൻ കുഞ്ഞ് എന്ന ചിത്രത്തിൽ മഴയും ഇടിയും പ്രധാന കഥാപാത്രങ്ങളാവുന്നുണ്ട്. നാച്വറൽ സൗണ്ട് തന്നെ റെക്കോഡ് ചെയ്യണമെന്ന നിഷ്ക്കർഷയിൽ മഴക്കാലത്തെ നല്ലൊരു മഴക്കും നല്ല ഇടിവെട്ടിനുമൊക്കെയായി കാത്തിരുന്ന് ശബ്ദം റെക്കോഡ് ചെയ്യാൻ കഴിഞ്ഞ നല്ല അനുഭവങ്ങളും വിഷ്ണു സ്വസ്തിയുമായി പങ്കുവെച്ചു.**

ഇപ്പോൾ അൽഫോൺസ് പുത്രന്റെ 'ഗോൾഡ്' എന്ന സിനിമയുടെ വർക്കിലാണ്. ടോവിനോ തോമസ് നായകനായ 'തല്ലുമാല' യുടെ വർക്ക് പൂർത്തികരിക്കുന്ന സന്ദർഭത്തിലാണ് വിഷ്ണുവിനെ ഫോണിൽ ബന്ധപ്പെടുവാൻ ഇടയായത്. വലിയ തിരക്കിന്നിടയിലും സ്വസ്തിക്കുവേണ്ടി കുറച്ചുസമയം മാറ്റിവെച്ച വിഷ്ണുവിന് പ്രത്യേക നന്ദിയും പ്രകാശിപ്പിക്കട്ടെ.

2009 ൽ 'സ്ലം ഡോഗ് മില്യേണർ' എന്ന ചലച്ചിത്രത്തിലെ ശബ്ദമിശ്രണത്തിന് പ്രശസ്തമായ ഓസ്കാർ അവാർഡ് നേടിയ റസൂൽ പൂക്കുട്ടി കൊല്ലം ജില്ലയിലെ അഞ്ചൽ സ്വദേശിയാണ്. അഞ്ചലും തിരുവല്ലയും തമ്മിൽ വലിയ ദൂരമൊന്നുമില്ല. താമസിയാതെ പുരസ്ക്കാരത്തിന്റെ പൊൻ തിളക്കവുമായി വിഷ്ണു ഗോവിന്ദിനും ഓസ്കാർ അവാർഡ്ദാന വേദിയിൽ ശോഭിക്കാൻ കഴിയട്ടെ.

ഏകദേശം 12 വർഷം ജോലിത്തിരക്കുമായി ചെന്നെയിൽ കഴിഞ്ഞപ്പോൾ നാട്ടിൽ തിരിച്ചെത്തണമെന്നുതോന്നി. ഇപ്പോൾ കൊച്ചിയിലാണ് താമസം. മലയാള സിനിമാ രംഗത്താണ് കൂടുതൽ ശ്രദ്ധകൊടുക്കുന്നതും.ഏകദേശം തൊണ്ണൂറോളം ചിത്രങ്ങളിൽ സൗണ്ട് ഡിസൈനിങ്ങും ഇരുപത്തഞ്ചോളം ചിത്രങ്ങളിൽ ശബ്ദമിശ്രണവും നടത്തിയിട്ടുണ്ട്.

സൂര്യ ടി വിയിൽ ജോലി നോക്കിയിരുന്ന ജ്യേഷ്ഠസഹോദരൻ അരവിന്ദ് ഇപ്പോൾ ഗെയിം ഡവലപ്പിങ് പോലെയുള്ള ഐ ടി മേഖലയിൽ തിരക്കിലാണ്. അനുജൻ ഗോവിന്ദ് ജി. നമ്പൂതിരി ഐ.എസ്.ആർ.ഒ യിൽ നിന്ന് ഫിസിക്സിൽ പിഎച്ഡി നേടി ആ സ്ഥാപനത്തിൽ തന്നെ ജോലിയിൽ പ്രവേശിക്കാൻ തയ്യാറെടുക്കുകയാണ്. ●


വിഷ്ണു ഗോവിന്ദ്, തോട്ടാശ്ശേരി ഇല്ലം,
തിരുവല്ല, പത്തനംതിട്ട ജില്ല
(മാന്തിട്ട വിഷ്ണു 8714839298)




*പ്രകൃതിയുടെ സൂക്ഷ്മ ശബ്ദങ്ങൾക്കു വേണ്ടി കാട്ടിൽ കാത്തിരിക്കുന്ന വിഷ്ണുവും സഹപ്രവർത്തകനും*



കൂത്താട്ടുകുളത്തിനടുത്ത് പുതുവേലി തേവാരത്ത് മഠത്തിൽ നീലകണ്ഠൻ നമ്പൂതിരിയുടെയും ഉമാദേവി അന്തർജനത്തിന്റെയും മകനാണ് ഈ വർഷം സാഹിത്യ വിമർശനത്തിനുള്ള കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ച അജയകുമാർ.

### അറിയേണ്ട നമ്പൂതിരി

## സാഹിത്യ അക്കാഡമിയുടെ അവാർഡ്

# അജയകുമാറിന്

ഈ വർഷം സാഹിത്യ വിമർശനത്തിനുള്ള കേരള സാഹിത്യ അക്കാഡമി അവാർഡ് ലഭിച്ച ആളെ നമ്മൾ അറിയാതെ പോവരുത്. എൻ അജയകുമാറിനെ. പുതുവേലി തേവാരത്ത് മഠത്തിൽ നീലകണ്ഠൻ നമ്പൂതിരിയുടെയും ഉമാദേവി അന്തർജനത്തിന്റെയും മകനെ. 2020 വരെ കാലടി സംസ്കൃത സർവകലാശാലയിലെ മലയാളവിഭാഗം പ്രൊഫസറായിരുന്നു ഡോ. അജയകുമാർ. ഇപ്പോൾ വിസിറ്റിംഗ് പ്രൊഫസർ.

സാഹിത്യ വിമർശനത്തിനുള്ള അക്കാഡമിയുടെ അവാർഡ് അജയകുമാറിനാണ് എന്ന വാർത്ത കണ്ട് വിളിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് ഇങ്ങനെ.



അവാർഡ് എനിക്കാണ് എന്നു കേട്ടപ്പോൾ അദ്ഭുതം തോന്നി

'എനിക്കാണ് എന്നു കേട്ടപ്പോൾ അദ്ഭുതം തോന്നി.'

ഇതിനു മുമ്പ് മറ്റൊരു നമ്പൂതിരിയേ ഇതു പോലെ അദ്ഭുതപ്പെട്ടിട്ടുള്ളൂ. കവി എം. എൻ പാലൂർ. കവിതയെഴുത്ത് നിർത്തിയ ശേഷമായിരുന്നു പാലൂരിന് അവാർഡ് കിട്ടിയത്. അതു കൊണ്ടാണ് അദ്ഭുതപ്പെട്ടത്. കവിതക്കല്ല കവിക്കാണ് അവാർഡ് കിട്ടിയതെന്ന് കേട്ടപ്പോൾ വീണ്ടും ഞെട്ടി എന്നാണ് അക്കാലത്ത് പാലൂർ പറഞ്ഞത്.

ആരായാലും അദ്ഭുതപ്പെടും.

പ്രത്യേകിച്ച് സാഹിത്യത്തിന്റെ കോക്കസുകളിൽ ഒന്നിലും അംഗമല്ലാത്ത അജ

യകുമാറിന് സാഹിത്യത്തിനുള്ള അവാർഡ് കിട്ടുമ്പോൾ. വേണ്ടപ്പെട്ട പ്രമുഖരുമായി ഒരു അടുപ്പവുമില്ല. പരസ്പരം ജൂറികളായി അവാർഡുകൾ പങ്കിടുന്നവരെ അറിയുകയുമില്ല. എന്നിട്ടും കിട്ടി അസ്സലൊരു അവാർഡ്. അതുകൊണ്ടാണ് പറഞ്ഞത് അജയകുമാറിനെ അറിയാതെ പോവരുതെന്ന്.

ഡോക്ടറും പ്രൊഫസറുമൊക്കെയാണ് അജയകുമാർ. അക്കാഡമി അവാർഡു ജേതാക്കളിൽ പലരുടെയും പേരു നോക്കുക. ഇതിലേതെങ്കിലുമൊന്ന് കാണും. എന്നാൽ അച്ഛന്റെ പേരായ നീലകണ്ഠൻ നമ്പൂതിരിയുടെ എൻ മാത്രമാണ് അജയകുമാറിന്റെ പേരിനൊപ്പം അലങ്കാരമായിട്ടുള്ളത്. ഡോക്ടറുടേയോ പ്രൊഫസറുടെയോ ബലത്തിലല്ല അവാർഡ്. എഴുത്തിന്റെ ബലത്തിൽ മാത്രം. ആ പുസ്തകത്തിന് കാമ്പും കനവുമുണ്ടെന്ന് ജൂറിക്ക് തോന്നിയതു കൊണ്ടു മാത്രം ലഭിച്ച അവാർഡ്.

പുസ്തകമാക്കാൻ വേണ്ടി എഴുതിയതേയല്ല അത്. കൊട്ടക്കണക്കിന് പുസ്തകങ്ങൾ എഴുതിയിട്ടുമില്ല.

കാലടി സംസ്കൃത സർവകലാശാലയിലെ എം.എ മലയാളം വിദ്യാർത്ഥികളെയായിരുന്നു പഠിപ്പിക്കേണ്ടിയിരുന്നത്. എം.എ ക്ളാസുകൾ ആയതുകൊണ്ട് കോർ സബ്ജക്ടിലാവും പഠനം. അവരെ നന്നായി പഠിപ്പിക്കാൻ വേണ്ടി നടത്തിയ അധികശ്രമങ്ങളാണ് ഇത്തരം നോട്ടുകളായി മാറിയത്. അതായത് നല്ല അദ്ധ്യാപകന്റെ നല്ല നോട്ടുകൾ. മുണ്ടശ്ശേരി ആയാലും സുകുമാർ അഴീക്കോടായാലും മികച്ച കൃതികൾ എഴുതിയത് കുട്ടികൾക്ക് വേണ്ടി തയ്യാറാക്കിയ ക്ളാസ് നോട്ടുകൾ പ്രയോജനപ്പെടുത്തിയാണ്.

സാഹിത്യ കുതുകികളായ കുട്ടികൾക്ക് വേണ്ടി തയ്യാറാക്കിയ ടീച്ചിംഗ് നോട്ടുകൾ. അത്രയേ ഉള്ളൂ. അതൊരു പുസ്തകമാക്കി. വാക്കിലെ നേരങ്ങൾ. കവിതയുടെ വഴികൾ എന്ന പേരിൽ മുമ്പൊരു പുസ്തകം പ്രസിദ്ധീകരിച്ചിരുന്നു. ആ പുസ്തകത്തിന്റെ തുടർച്ചയാണ് ഇത്. കവിതയെ സീരിയസ് ആയി കാണുന്നവർക്ക് നല്ലൊരു പാഠപുസ്തകമാണ് രണ്ടും. സാഹിത്യ അക്കാഡമിയിലെ ജൂറിമാർക്കും അങ്ങനെ തോന്നിക്കാണും. കെ സച്ചിദാനന്ദനെപ്പോലൊരു കവിയാണ് അക്കാഡമിയുടെ പ്രസിഡന്റ്. വെറുതെയൊന്നും സച്ചിദാനന്ദൻ നയിക്കുന്ന അക്കാഡമിയിൽ നിന്ന് ഒരു അവാർഡ് വന്നു ചേരുമെന്ന് കരുതാനാവില്ലല്ലൊ.

ജീവചരിത്രവിഭാഗത്തിൽ തൊടുപുഴ ന്യൂമാൻ കോളേജിലെ പ്രൊഫ. ടി.ജെ ജോസഫിനാണ് അവാർഡ്. അറ്റു പോയ കൈ തുന്നിപ്പിടിപ്പിച്ച ജീവിതമാണല്ലൊ മാഷിന്റെത്. അദ്ദേഹത്തിന്റെ അറ്റുപോവാത്ത ഓർമ്മകൾക്കാണ് അത്മകഥക്കുള്ള അവാർഡ്. അതായത് ഉൾക്കാമ്പുള്ള കൃതികകൾ കണ്ടെത്തിത്തന്നെയാണ് അവാർഡുകൾ നൽകിയതെന്ന് വ്യക്തം.

'ടീച്ചിംഗ് ആണോ എഴുത്താണോ സന്തോഷം'

'ടീച്ചിംഗ് ഇഷ്ടമായിരുന്നു. മാഷായതു കൊണ്ട് അത് നിർബന്ധമായും ചെയ്യണമല്ലൊ.




**ഡോക്ടറുടേയോ പ്രൊഫസറുടെയോ ബലത്തിലല്ല അവാർഡ്. എഴുത്തിന്റെ ബലത്തിൽ മാത്രം. ആ പുസ്തകത്തിന് കാമ്പും കനവുമുണ്ടെന്ന് ജൂറിക്ക് തോന്നിയതു കൊണ്ടു മാത്രം ലഭിച്ച അവാർഡ്.**

*അജയകുമാർ അമ്മ ഉമാദേവി അന്തർജനവും പത്നി ഗീതാകുമാരിയുമൊത്ത്*



നന്നായി പഠിപ്പിക്കാൻ നടത്തിയ ശ്രമങ്ങളാണ് ഇങ്ങനെയായത്. എം. എ ക്ളാസിലെ കുട്ടികളെ കവിത പഠിപ്പിക്കുമ്പോൾ നടത്തിയ ചില നിരീക്ഷണങ്ങൾ. മറ്റുള്ളവർക്കും പ്രയോജനമാവുമെങ്കിൽ ആവട്ടെ എന്നു കരുതി പുസ്തകമാക്കി. കുട്ടികൾക്ക് പഠിക്കാൻ സഹായകമാവണം എന്ന ഉദ്ദേശ്യമേ പുസ്തകമാക്കുമ്പോൾ ഉണ്ടായിരുന്നുള്ളൂ. അതിന് അവാർഡ് കിട്ടിയപ്പോൾ സാഹിത്യത്തെ സീരിയസ് ആയി കാണുന്ന മറ്റുള്ളവരും ശ്രദ്ധിച്ചു എന്ന് തോന്നി. എന്തായാലും സന്തോഷമുണ്ട്. നമ്മളെല്ലാം സാധാരണ മനുഷ്യരല്ലേ. അംഗീകാരങ്ങൾ കിട്ടുമ്പോൾ സന്തോഷം തോന്നുമല്ലൊ.'

കൂത്താട്ടുകുളത്തിനടുത്ത് പുതുവേലിയിൽ ഒരു അമ്പലത്തിന് സമീപം ശാന്തിക്കാരനായി എത്തിച്ചേർന്നതാണ് അച്ഛൻ. കഷ്ടപ്പാടുകൾ നിറഞ്ഞ ബാല്യം. അതിനെ അതിജീവിച്ചുകൊണ്ടാണ് എറണാകുളം മഹാരാജാസിൽ നിന്ന് ബിരുദം നേടിയത്. പിന്നീട് മദ്രാസ് യൂണിവേഴ്സിറ്റിയിൽ. ദക്ഷിണേന്ത്യയിലെ ഏറ്റവും പ്രശസ്തനായ ഭാഷാശാസ്ത്രജ്ഞൻ ഡോ. കെ.എം. പ്രഭാകരവാര്യരുടെ കീഴിൽ പി.എച്ച്.ഡി. നേരെ കാലടി സംസ്കൃത സർവകലാശാലയിൽ. അസി. പ്രൊഫസറായി ജോയിൻ ചെയ്ത് 2020 ൽ പിരിയുമ്പോൾ പ്രൊഫസർ. അവർ ഇപ്പോഴും അജയകുമാറിനെ വിടുന്നില്ല. വിസിറ്റിംഗ് പ്രൊഫസറായി അജയകുമാർ സാർ വരുന്നതിൽ സന്തോഷം. കവിതയുടെ പുതിയ വിതകൾ ഉണ്ടാവുമല്ലൊ.

അധികമൊന്നും എഴുതിയിട്ടില്ല അജയകുമാർ. മുഖ്യധാരാ പ്രസിദ്ധീകരണങ്ങളായ മാതൃഭൂമി, ഭാഷാപോഷിണി, കലാകൗമുദി, സമകാലിക മലയാളം തുടങ്ങിയവിടങ്ങളിലൊന്നും അജയകുമാറിനെ ആരും കണ്ടിട്ടില്ല. എന്നാൽ ഭാഷാസാഹിതി, മലയാള വിമർശം, ഗ്രന്ഥാലോകം, തുടങ്ങി അക്കാഡമിക് പ്രസിദ്ധീകരണങ്ങളിൽ എണ്ണം പറഞ്ഞ കൃതികൾ ഉണ്ട് താനും. പോപ്പുലാരിറ്റിയോ അവാർഡോ അംഗീകാരമോ ഒന്നും വിഷയമല്ല, ശുദ്ധമായ അക്കാഡമിക് താല്പര്യമേയുള്ളൂ അജയകുമാറിന്.

ഇതേ പുസ്തകത്തിന് കഴിഞ്ഞ വർഷത്തെ ഇടശ്ശേരി അവാർഡും ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം എം.എസ് മേനോൻ അവാർഡും അജയകുമാറിനെ തേടിയെത്തി.

ആധുനികത മലയാള കവിതയിൽ എന്ന പി.എച്ച്.ഡി തീസിസ് ആണ് ആദ്യപുസ്തകം. സാഹിത്യ പ്രവർത്തക സഹകരണ സംഘം ആണ് അത് പ്രസദ്ധീകരിച്ചത്. വള്ളത്തോൾ വിദ്യാപീഠത്തിന്റെ കവിതയുടെ വഴികൾ രണ്ടാമത്തെ പുസ്തകം.

ചേർത്തല വരകാടി മഠത്തിലെ (ഗൗരി മന്ദിരം) ഈശ്വരൻ പോറ്റിയുടെയും ശാന്തകുമാരി അന്തർജനത്തിന്റെയും മകൾ ഗീതാകുമാരിയാണ് പത്നി. തിരുനെല്ലൂരിൽ ഹൈസ്കൂലെ റിട്ട. അദ്ധ്യാപിക. ●

എൻ.അജയകുമാർ, തേവാരത്ത് മഠം,
പി.ഒ. പുതുവേലി, പിൻ: 686636
കോട്ടയം ജില്ല, മൊബൈൽ: 9447848263

# ഫൊക്കാന നേടിയ
# മാടശ്ശേരി

**ഇത്തവണ പരിഭാഷയ്ക്കുള്ള ഫൊക്കാന പുരസ്കാരം ലഭിച്ചത് ഡോ. മാടശ്ശേരി നീലകണ്ഠൻ നമ്പൂതിരിക്കാണ്. അമേരിക്കയിൽ സ്ഥിരതാമസമാക്കിയ കോതമംഗലത്തുകാരൻ. എഴുതുന്നത് വിഷ്ണുനാരായണൻ നമ്പൂതിരിയുടെ മകൾ**

**അദിതി**





*വിഷ്ണുനാരായണൻ നമ്പൂതിരിയും*
*ഡോ. മാടശ്ശേരി നീലകണ്ഠൻ നമ്പൂതിരിയും*

ഫെഡറേഷൻ ഓഫ് കേരള അസ്സോസിയേഷൻസ് ഇൻ നോർത്ത് അമേരിക്ക. യുണൈറ്റഡ് സ്റ്റേറ്റ്സിലും കാനഡയിലുമായി എഴുപതിലധികം അംഗ അസോസിയേഷനുകളുള്ള ലോകത്തിലെ ഏറ്റവും വലുതും പഴക്കമുള്ളതുമായ മലയാളി സംഘടനയാണ് ഫൊക്കാന. അമേരിക്കയിലെ ഏറ്റവും ജനപ്രിയമായ സംഘടന. ഫൊക്കാന സാഹിത്യ പുരസ്കാരങ്ങൾക്ക്, മലയാളത്തിലെ മൺമറഞ്ഞുപോയവരും ജീവിച്ചിരിക്കുന്നവരുമായ ഒട്ടനവധി പ്രശസ്ത സാഹിത്യകാരന്മാർ അർഹരായിട്ടുണ്ട്.

ഇത്തവണ പരിഭാഷയ്ക്കുള്ള ഫൊക്കാന പുരസ്കാരം ലഭിച്ചത് ഡോ. മാടശ്ശേരി നീലകണ്ഠൻ നമ്പൂതിരിക്കാണ്. അമേരിക്കയിൽ സ്ഥിരതാമസമാക്കിയ കോതമംഗലത്തുകാരൻ.

നോവൽ, ചെറുകഥ, കവിത, നിരൂപണം, യാത്രാവിവരണം, തർജ്ജമ, ആത്മകഥ, ജീവിതാനുഭവങ്ങൾ (ജീവിതാനുഭവ നേർക്കാഴ്ചകൾ), ബാലസാഹിത്യം, ആംഗലേയ സാഹിത്യം, ഹാസ്യ സാഹിത്യം , നവ മാധ്യമം എന്നീ വിഭാഗങ്ങളിലാണ് പുരസ്കാരങ്ങൾ നൽകുന്നത്.

അന്തരിച്ച കവി വിഷ്ണുനാരായണൻ നമ്പൂതിരിയുടെ 'ഉജ്ജയിനിയിലെ രാപ്പകലുകൾ' എന്ന സമാഹാരത്തിലെ കവിതകളാണ് 'നൈറ്റ്സ് ആൻഡ് ഡേയ്സ് ഇൻ ഉജ്ജയിനി' എന്ന തലക്കെട്ടിൽ അദ്ദേഹം

> കവിയുടെ കുടുംബത്തിൽ നിന്ന് വേളികഴിച്ച നാൾ മുതൽ തുടങ്ങുന്നു, കവിയും പരിഭാഷകനും തമ്മിലുള്ള ആത്മബന്ധം.

ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയത്. 1935ൽ ജനിച്ച മാടശ്ശേരി നീലകണ്ഠൻ, അറുപതുവർഷങ്ങൾക്കധികം, ന്യൂയോർക്ക്, ടെക്സാസ്, കാലിഫോർണിയ എന്നിവിടങ്ങളിലെ പ്രശസ്ത യൂണിവേഴ്സിറ്റികളിൽ ന്യൂക്ലിയർ കെമിസ്ട്രിയിൽ ഗവേഷകനായിരുന്നു. 1963 ൽ, കവിയുടെ കുടുംബത്തിൽ നിന്ന് വേളികഴിച്ച നാൾ മുതൽ തുടങ്ങുന്നു, കവിയും പരിഭാഷകനും തമ്മിലുള്ള ആത്മബന്ധം.

സ്വന്തം കയ്യൊപ്പു പതിഞ്ഞ എല്ലാ പുസ്തകങ്ങളും കവി തനിക്കു സമ്മാനിച്ചിട്ടുണ്ടെങ്കിലും, ലോകകാര്യങ്ങളിലും കുടുംബകാര്യങ്ങളിലും ഹിമാലയയാത്രകളിലും മറ്റുമായി വളർന്നു പന്തലിച്ച ആ സൗഹൃദ







*ഉജ്ജയിനിയിലെ രാപ്പകലുകൾ മലയാളത്തിലുള്ള പുസ്തകവും അതിന്റെ ഇംഗ്ളീഷ് പരിഭാഷയും*

ത്തിൽ, പക്ഷേ സാഹിത്യചർച്ചകൾ അധികം കടന്നു വന്നില്ല. ഊർജ്ജതന്ത്രത്തിൽ ബിരുദമുള്ള കവിയും, രസതന്ത്രശാസ്ത്രജ്ഞനായ മാടശ്ശേരി നീലകണ്ഠൻ നമ്പൂതിരിയും തമ്മിൽ ശാസ്ത്രബോധത്തിലും യുക്തിചിന്തയിലും ഉള്ള പൊരുത്തം, അവർ തിരിച്ചറിയുന്നത്, 1991ൽ പ്രസിദ്ധീകരിച്ച, കവിയുടെ 'ഐൻസ്റ്റീന്റെ അതിഥി' എന്ന കവിതയിലൂടെയാണ്.

പ്രപഞ്ചത്തിന്റെ കൃത്യതയെപ്പറ്റി നിയമങ്ങൾ സൃഷ്ടിച്ച ആൽബർട്ട് ഐൻസ്റ്റീനും, അതിന്റെ അനിശ്ചിതത്വത്തെപ്പറ്റി വാചാലനാകുന്ന വാർണർ ഹെയ്സൻബർഗ്ഗും തമ്മിൽ 1954ൽ പ്രിൻസ്റ്റണിൽ, ഐൻസ്റ്റീന്റെ വസതിയിൽ വച്ച് ഒത്തുചേരുന്ന സന്ദർഭമാണ് കവിതയ്ക്ക് ആധാരം. അതേപ്പറ്റിയുള്ള ചർച്ചകൾ, തന്റെ ഉള്ളിൽ തിളങ്ങിനിന്നിരുന്ന സാഹിത്യവാഞ്ഛയെ തിരിച്ചറിയുവാനും വളർത്താനും ജ്വലിപ്പിക്കുവാനും, തന്നെ കവിതയുടെ വഴികളിൽ എത്തിക്കുവാനും സഹായകമായി എന്ന് മാടശ്ശേരി നീലകണ്ഠൻ നമ്പൂതിരി പ്രസ്താവിക്കുന്നുണ്ട്.

കവിയുടെ ഭവനം കേന്ദ്രമാക്കിക്കൊണ്ടുള്ള അദ്ദേഹത്തിന്റെ അവധിക്കാലസന്ദർശനങ്ങൾ അതിനുള്ള അരങ്ങൊരുക്കി. 2000 ൽ, സ്വന്തം കവിതാസമാഹാരമായ നക്ഷത്രധൂളി, 2011–ൽ, വൈലോപ്പിള്ളിയുടെ 'കുടിയൊഴിക്കലും' മറ്റു കവിതകളും (തർജ്ജമ), 2013ൽ, കുമാരനാശാന്റെ 'നളിനി'(തർജ്ജമ) 2016ൽ, പ്രപഞ്ചലോട്ടറി എന്ന കവിതാസമാഹാരം എന്നിങ്ങനെ ആ സാഹിത്യസപര്യ നീളുന്നു. 1994–ൽ, കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ച


ഊർജ്ജതന്ത്രത്തിൽ ബിരുദമുള്ള കവിയും, രസതന്ത്രശാസ്ത്രജ്ഞനായ മാടശ്ശേരി നീലകണ്ഠൻ നമ്പൂതിരിയും തമ്മിൽ ശാസ്ത്രബോധത്തിലും യുക്തിചിന്തയിലും ഉള്ള പൊരുത്തം, അവർ തിരിച്ചറിയുന്നത്, 1991ൽ പ്രസിദ്ധീകരിച്ച, കവിയുടെ 'ഐൻസ്റ്റീന്റെ അതിഥി' എന്ന കവിതയിലൂടെയാണ്.


## ഡോക്ടർ മാടശ്ശേരി നീലകണ്ഠൻ നമ്പൂതിരി

അമേരിക്കൻ പൗരനാണ്. മക്കളും കൊച്ചുമക്കളും ഒക്കെ ആയി അവിടെ സ്ഥിരതാമസമാണ്. കോതമംഗലത്താണ് ഇല്ലം. അദ്ദേത്തിന്റെ പത്നി മാവേലിക്കര ശീരവള്ളി (ശ്രീവല്ലി)ഇല്ലത്തെ പേർ രാജം നമ്പൂതിരി.ഇവർ വിഷ്ണുനാരായണൻ നമ്പൂതിരിയുടെ മുത്തപ്ഫന്റെ മകന്റെ മകളാണ്. ഒരു മകൻ, മോഹൻ. വിവാഹം കഴിച്ചിരിക്കുന്നത് കാർല. ആ കുട്ടി ശ്രീവല്ലഭ ക്ഷേത്രത്തിൽ വന്നതിനെപ്പറ്റി വിഷ്ണുനാരായണൻ നമ്പൂതിരി എഴുതിയിട്ടുണ്ട്. ഫ്ളോറിഡയിൽ നടന്ന ഫൊക്കാന കൺവെൻഷനിലെ സാഹിത്യസമ്മേളനത്തിൽ വച്ചായിരുന്നു പുരസ്കാരദാനം. യാത്ര കുറച്ചതിനാൽ അതിനു പോയില്ല●

'ഉജ്ജയിനിയിലെ രാപ്പകലുകൾ' എന്ന കവിയുടെ പ്രശസ്തികൃതിയുടെ പരിഭാഷയെക്കുറിച്ചുള്ള ആലോചനകൾ മുന്നേ തുടങ്ങിയിരുന്നു. എങ്കിലും, കവിയുടെ മരണശേഷം 2021 ആഗസ്റ്റ് 17, ചിങ്ങം ഒന്നാം തീയതി, കവിയുടെ വസതിയായ ശ്രീവല്ലി അദ്ദേഹത്തിന്റെ സ്മൃതിമന്ദിരമായി പ്രഖ്യാപിക്കുന്ന ചടങ്ങിൽ വച്ച് മാത്രമേ പുസ്തകം പ്രകാശനം ചെയ്യാൻ കഴിഞ്ഞുള്ളൂ എന്ന ഖിന്നത ഇന്നും മാടശ്ശേരി നീലകണ്ഠൻ നമ്പൂതിരിയുടെ മനസ്സിൽ ഉണ്ട്. എങ്കിലും, കവിയുടെ ആഗ്രഹവും അനുഗ്രഹവും ആകാം, ഈ പുരസ്കാരലബ്ധി എന്ന് സമാശ്വസിക്കുന്നു●


(അദിതി, തേവലശ്ശേരിൽ പടിഞ്ഞാറ്റിടത്ത് ഇല്ലം, ഇല്ലത്തുമേൽപ്പുരം, വെൺമണി, ആലപ്പുഴ, പിൻ 689509
മൊബൈൽ:9633225970 )

# ഞാൻ പരിഭാഷകനായത് ഇങ്ങനെ



**ഡോ. മാടശ്ശേരി നീലകണ്ഠൻ നമ്പൂതിരി**

**1963**-ൽ എന്റെ വിവാഹദിവസമാണ് വിഷ്ണുനാരായണനെ പരിചയപ്പെട്ടത്. ഞാൻ പിന്നീടുള്ള അധികകാലവും അമേരിക്കയിലാണ്. അതിനാൽ ഇടയ്ക്കൊക്കെ മാത്രമാണ് കണ്ടിരുന്നത്. 1991-ൽ ഐൻസ്റ്റൈന്റെ അതിഥി എന്ന വിഷ്ണുവിന്റെ കവിതയെപ്പറ്റി ഞാൻ വലിയ മതിപ്പോടെ എഴുതിയതിനുശേഷമാണ് ഞങ്ങൾ കവിതാവിഷയത്തിൽ അടുത്തിടപെടാൻ തുടങ്ങിയത്.

എന്റെ ആദ്യത്തെ കവിത പ്രസിദ്ധീകരിക്കാൻ അദ്ദേഹം സഹായിച്ചു. തുടർന്ന് എന്റെ എല്ലാ കവിതകളും വായിച്ച് തിരുത്തി; നിർദ്ദേശങ്ങൾ തന്നു. വിഷ്ണുവിന്റെ 1992-ലെ അമേരിക്കൻ സന്ദർശനവും ഞങ്ങളൊന്നിച്ച് 2000 ൽ നടത്തിയ ഹിമാലയൻ യാത്രയും എല്ലാ തരത്തിലും ഞങ്ങളുടെ ബന്ധം കൂടുതൽ ദൃഢമാക്കി. എന്റെ ആദ്യ കവിതാസമാഹാരം 2000-ൽ പ്രസിദ്ധീകരിക്കാൻ വേണ്ട എല്ലാ ചുമതലയും അദ്ദേഹം എറ്റെടുത്തു. പിന്നീട് ഞാനെഴുതിയതിനൊക്കെ വേണ്ട പ്രോത്സാഹനം തന്നു. 2016-ൽ എന്റെ ഒരു മലയാളം സമാഹാരം 'പ്രപഞ്ചലോട്ടറി'യും വിഷ്ണുവിന്റെ സംസ്കൃതകവിതകളുടെ സമാഹാരമായ 'സുകൃത'വും ഒരേ ദിവസം പ്രകാശനം ചെയ്തു. ആരോഗ്യം അപ്പോഴേക്കും മോശമായിരുന്നെങ്കിലും ആ ചടങ്ങിൽ അദ്ദേഹം പങ്കെടുത്തത് വലിയ സന്തോഷം തന്നു.

2009-ലോ മറ്റോ ഞാൻ വൈലോപ്പിള്ളിയുടെ ഒരു കവിത ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയത് വിഷ്ണുവിന് വളരെ ഇഷ്ടമായി. അത് കേരളസാഹിത്യ അക്കാഡമിയുടെ മാസികയിൽ പ്രസിദ്ധപ്പെടുത്താൻ അദ്ദേഹം തന്നെ അയച്ചു.

തുടർന്ന് 'കുടിയൊഴിക്കൽ' ഉൾപ്പടെ കുറെ വൈലോപ്പിള്ളിക്കവിതകൾ പരിഭാഷപ്പെത്തി ആ മഹാകവിയുടെ ജന്മശതാബ്ദിക്ക് പ്രസിദ്ധീകരിക്കാൻ പ്രോത്സാഹിപ്പിച്ചു. അതിനൊരു അവതാരിക എഴുതിത്തരികയും ചെയ്തു. അതേത്തുടർന്ന്, ആശാൻ കവിതകൾക്ക് ഒരു പരിഭാഷകൻ വേണമെന്ന് കുമാരനാശാൻ നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ ആവശ്യപ്പെട്ടപ്പോൾ എന്റെ പേരാണ് വിഷ്ണുനാരായണൻ അവർക്ക് കൊടുത്തത്. അങ്ങിനെ ഞാൻ 'നളിനി' പരിഭാഷപ്പെടുത്തി. അത് വായിച്ച് വേണ്ട മാറ്റങ്ങൾ അദ്ദേഹം നിർദ്ദേശിച്ചു.

2016-ൽ 'സുകൃതം' പ്രസിദ്ധീകരിച്ചതിനൊപ്പം വിഷ്ണുനാരായണന്റെ കവിതകളുടെ ഇംഗ്ലീഷ് പരിഭാഷകളും പ്രസിദ്ധീകരിക്കണമെന്ന ഒരാശയം ഉദിച്ചിരുന്നു. ഞാൻ പരിഭാഷപ്പെടുത്തിയ കുറെ കവിതകൾ അതയച്ചുകൊടുക്കുകയും ഉണ്ടായി. ആ ആശയം അന്ന് സഫലമായില്ലെങ്കിലും അദ്ദേഹത്തിന്റെ കവിതകൾ പരിഭാഷപ്പെടുത്താനുള്ള യത്നം ഞാൻ തുടർന്നുപോന്നു. അത് പുരോഗമിച്ചെങ്കിലും അതെല്ലാം വായിച്ച് അദ്ദേഹത്തിന്റെ പ്രതികരണം അറിയാൻ കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ ആരോഗ്യം അപ്പോഴേക്കും മോശമായിക്കഴിഞ്ഞിരുന്നു. ഞാൻ പരിഭാഷ തുടരുന്ന കാര്യം അറിയിച്ചിരുന്നു. അദ്ദേഹത്തിന്റെ അനുഗ്രഹം ഈ ശ്രമത്തിന് കിട്ടിയിരുന്നു എന്നുതന്നെ ഞാൻ വിശ്വസിക്കുന്നു.

എന്റെ ആദ്യത്തെ കവിത പ്രസിദ്ധീകരിക്കാൻ അദ്ദേഹം സഹായിച്ചു. തുടർന്ന് എന്റെ എല്ലാ കവിതകളും വായിച്ച് തിരുത്തി; നിർദ്ദേശങ്ങൾ തന്നു.

ഇത്ര ധന്യനായ ഒരു കവിയുടെ കൃതികൾ പരിഭാഷപ്പെടുത്തുക എളുപ്പമല്ല. അർത്ഥം മൊഴിമാറ്റിയെഴുതാം. എന്നാൽ ഇങ്ങനെയുള്ള ശബ്ദസൗന്ദര്യവും ബിംബങ്ങളുടെ മാധുര്യവും സായിപ്പിന്റെ ഭാഷയിലേക്ക് എങ്ങനെ പകർത്താം? അത് എളുപ്പമല്ല. എങ്കിലും ഈ പരിശ്രമം കവിയെ നിരാശപ്പെടുത്തിയിരിക്കയില്ലെന്നാണ് എന്റെ വിശ്വാസം ●

3360 Roma Place
San Ramon CA 94583,
Phone:925 785 0315
Email ID mnnamboodiri@gmail.com

# വാഴാമ്പറ്റ വാസുദേവൻ നമ്പൂതിരി

# 75ന്റെ നിറവിൽ

ആയിരങ്ങൾക്കു ഗുരുവായ ഞങ്ങളുടെ അച്ഛൻ വാഴാമ്പറ്റ വാസുദേവൻ നമ്പൂതിരിയുടെ (റിട്ട: പ്രിൻസിപ്പൽ ഗവ ഹയർ സെക്കന്ററി സ്കൂൾ മെഡിക്കൽ കോളേജ് കാമ്പസ് ) മധുരമായ എഴുപത്തിഅഞ്ചാം പിറന്നാൾ 27-06-2022 ന് വാഴാമ്പറ്റ ഇല്ലത്തു വെച്ച് നിരവധി കലാ പരിപാടികളോടെ ആഘോഷിച്ചു. പിറന്നാളിന് നേരിട്ടു പങ്കെടുത്തും അല്ലാതേയും അച്ഛന് ആശംസകൾ അറിയിച്ച എല്ലാ ബന്ധുമിത്രാദികൾക്കും സുഹൃത്തുക്കൾക്കും നന്ദി അറിയിക്കുന്നതോടൊപ്പം എല്ലാ സ്വസ്തി വായനക്കാർക്കും ഹൃദയം നിറഞ്ഞ ആശംസകൾ നേരുന്നു.




### സ്നേഹപൂർവ്വം

*മക്കൾ: ബിനു വാസുദേവൻ, ജയ ദാമോദരൻ, ഭാര്യ: ശ്രീദേവി അന്തർജനം (മാരാമിറ്റത്തു മന)*
*മരുമക്കൾ: ദാമോദരൻ രാമൻ (ഇടപ്രാമ്പിള്ളി മന), റാണി ടി.എം (തവനൂർ മന)*
*പേരക്കുട്ടികൾ: ദയ, ലയ, ആരാധ്യ, വേദിക*
ആശംസകളോടെ: ത്രിവിക്രമൻ നമ്പൂതിരി, ശ്രീക്കുട്ടൻ, കൃഷ്ണ, ജാൻവി, ജാൻകി. മറ്റു കുടുംബാംഗങ്ങൾ.

വിദ്യാഭ്യാസ രംഗത്തും സംഘടനാ രംഗത്തും മികച്ച പ്രവർത്തനം കാഴ്ചവെച്ച അധ്യാപകൻ. 30 വർഷത്തെ ഔദ്യോഗിക ജീവിതം. കൊടുവള്ളി ജി.എച്.എസ്, ആർ ഇസി ജി.വി.എച്.എസ്.എസ് (20 വർഷം എച്എസ്എ ), ടി.എം.ജി.എച്.എസ് പെരിങ്ങനാട്, അടൂർ (എച്എം), വേങ്ങര ജി.ജി.വി.എച്.എസ് (എച് എം) തുടങ്ങിയവയടക്കം പത്തോളം വിദ്യാലയങ്ങളിൽ സേവനം. 2002 ജൂണിൽ കോഴിക്കോട് മെഡിക്കൽ കോളേജ് കാമ്പസ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പലായി റിട്ടയർ ചെയ്തു. അധ്യാപക അനധ്യാപകരുടെ പ്രശ്നങ്ങളും ആവശ്യങ്ങളും നിറവേറ്റുന്നതിലും പരിഹരിക്കുന്നതിലും സ്റ്റാഫ് സെക്രട്ടറി, പ്രധാനാധ്യാപകൻ എന്നീ നിലകളിൽ ശ്രദ്ധേയൻ. വിദ്യാഭ്യാസ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുമായി അടുത്ത സ്നേഹ ബന്ധം.

കോഴിക്കോട്ട് നടന്ന സംസ്ഥാന സ്കൂൾ യുവജനോത്സവം , കോഴിക്കോട് ജില്ലാ യുവജനോത്സവം എന്നിവയിൽ നിർവ്വാഹക കമ്മിറ്റി അംഗം. 2002 ൽ കോഴിക്കോട് ജില്ലാ ഹയർ സെക്കന്ററി യുവജനോത്സവം, ജില്ലാ കായികമേള എന്നിവയുടെ ജനറൽ കൺവീനർ.

ജി ജി ടി ഒ കോഴിക്കോട് ജില്ലാ സെക്രട്ടറി, സംസ്ഥാന നിർവ്വാഹക സമിതി അംഗം, സംസ്ഥാന വൈസ് പ്രസിഡണ്ട് , ജി.എസ്.ടി.യു സംസ്ഥാനനിർവ്വാഹക സമിതി അംഗം എന്നീ നിലകളിൽ അധ്യാപക സംഘടനാ രംഗത്ത് പ്രവർത്തിച്ചു. വർഷങ്ങളായി ഗാന്ധി സേവാസമിതിയിൽ സജീവം. ഇപ്പോഴും സമിതിയുടെ ബ്രാഞ്ച് പ്രസിഡണ്ട്.

പഴയ സുഹൃദ് ബന്ധങ്ങൾ ഇന്നും നിലനിർത്തുന്നു എന്നതിന്റെ ഒരു സാക്ഷ്യപത്രമാണ് 27-06-2022 ന് വാഴാമ്പറ്റ മനയിൽ വെച്ച് വിപുലമായി ആഘോഷിച്ച 75 ാം ജന്മദിനം.

## ഈ മനയ്ക്കലെ കുടിയാനായിരുന്നു

# മലബാർ കലാപത്തിലെ വാരിയംകുന്നൻ

## ഇല്ലപ്പെരുമ

### മരനാട്ട് എന്ന മരാട്ട് മന



- ❑കാട്ടാനകൾ വീഴുന്ന മലവാരമുള്ള ഇല്ലം
- ❑മലബാറിലെ ആദ്യത്തെ റബർ പ്ളാന്റേഷൻ
- ❑ആദ്യത്തെ പെട്രോൾ കാർ (1929 :ഫോർഡ്)
- ❑ആദ്യത്തെ ട്രാക്ടർ (1958 ഡി ടി 14 :റഷ്യൻ)
- ❑മലബാറിലെ ആദ്യ പെട്രോൾ പമ്പുകളിൽ ഒന്ന്
- ❑പത്തു സിനിമകൾക്കു വേദിയൊരുക്കി
- ❑പത്തായപ്പുര പുതിയ കാലത്തെ ഹോംസ്റ്റേ

***ഇടത്തുനിന്ന് മുകളിലെ വരി:*** *1.മായ പ്രദീപ് 2 അഞ*
***ഇടത്തുനിന്ന് മധ്യനിര:*** *1.പ്രദീപ് (സിവിൽ എഞ്ചിനീ*
*വിനോദ് (S/o സുബ്രഹ്മണ്യൻ) 5 പ്രശാന്ത് (IT എഞ്ചി*
*8 അജിത് കൃഷ്ണൻ (അധ്യാപകൻ)*
***ഇടത്തുനിന്ന് കസേരയിൽ:*** *1.ശോഭ ചന്ദ്രൻ (W/O പ*
*എഞ്ചിനീയർ) 5 ശ്രീദേവി മോഹനൻ 6 ചന്ദ്രിക നാര*
***ഇടതുവശത്ത് ഇരിക്കുന്നവർ:*** *1. ഹൃഷികേശ് (S/O പ്ര*
*പ്രവീൺ) 7. വാസുദേവ് (S/O സുമോദ്) 9 അനിരുദ്*
*13 നിവേദിത (D/O സുമോദ്) 14 ദിയ (D/o പ്രശാന്ത്)*

**ഇന്നത്തെ തലമുറയിലെ അഞ്ച് താവഴിക്കാർ ഊഴമിട്ടാണ് ഇല്ലം പരിപാലിക്കുന്നത്. ലോകത്ത് എവിടെ താമസിച്ചാലും തങ്ങളുടെ ഊഴമെത്തുമ്പോൾ ഇല്ലത്തെത്തും. എല്ലാ വിശേഷങ്ങളും ആചാരമനുസരിച്ച് മുടക്കമില്ലാതെ നടത്തുന്നു. പ്രധാന ദിവസങ്ങളിൽ സ്വദേശത്തും വിദേശത്തുമുള്ള ഇല്ലത്തെ അംഗങ്ങൾ തറവാട്ടിൽ ഒന്നിച്ചു ചേരുകയും ചെയ്യുന്നു.**

**വിനോദ് മങ്ങത്തായ**



കേരളത്തിലെ ഏറ്റവും വലിയ ഇല്ലം. ഇതിൽ കുറച്ചൊരു വിശേഷണവും പതിനായിരം സ്ക്വയർ ഫീറ്റ് വിസ്തൃതിയിൽ പതിനാറു കെട്ടോടെ പരിലസിക്കുന്ന മരാട്ട് മനക്ക് അഥവാ മരനാട്ട് മനക്ക് ചേരില്ല. മൂന്നു നിലയുള്ള പടിഞ്ഞാറ്റി മാളികക്ക് മാത്രം അയ്യായിരം സ്ക്വയർഫീറ്റ് വിസ്തൃതിയുണ്ട്. മരാട്ടെ പത്തായപ്പുരയുടെ വലിപ്പം ആറായിരം ചതുരശ്ര അടിയിൽ കൂടുതൽ.

മലപ്പുറം ജില്ല. ഏറനാട്ടിൽ ചെമ്പ്രശ്ശേരി അംശം, കൊടശ്ശേരി ദേശം. നാടിനും ഇല്ലത്തിനും പേരൊന്നാണ്. ബസ് സ്റ്റോപ്പ് മരാട്ടെപ്പടി. ഇല്ലത്തെ തേവാര ഗണപതിക്ക് പത്ത് കൈകളാണ്. പത്നീസമേതനായി, ഇല്ലത്തെ കാരണവരായി, അഭീഷ്ട വരദായകനായി, ദേശത്തിന്റെ ചക്രവർത്തിയായി മരാട്ട് ഗണപതി വാണരുളുന്നു.

മനയുടെ പതിനാറു കെട്ടിനും പത്തായപ്പുരക്കും 200 വർഷത്തെ അനുഭവസമ്പത്തുണ്ട്. വടക്കേ ഇന്ത്യയിലെ അഹിച്ഛത്രം എന്ന പ്രദേശത്തുനിന്ന് ഗുജറാത്തിലെ ഭൃഗുകച്ഛം (ഭുജ്) വഴി വന്നവരാണത്രേ കരിക്കാട് ഗ്രാമത്തിലെ നമ്പൂതിരിമാർ. കദംബ ഡൈനാസ്റ്റിയുടെ കാലത്ത് ഇവർ കർണ്ണാടകം വഴി നിലമ്പൂർ കാടുകളിലെത്തിയെന്ന് ചരിത്രം. അവരിൽപ്പെട്ടവരാണ് മരനാട്ടെ പിൻ



ഞ്ജന രാകേഷ് 3 വിദ്യ പ്രവീൺ 4 ഹസീന വിനോദ് 5 നിഹിത പ്രശാന്ത് 6 സ്മിത സുമോദ് 7 സിന്ധു ഹരീഷ് 8 രശ്മി അജിത്ത്
ീയർ ബാംഗ്ലൂർ S/o മോഹനൻ) 2 രാകേഷ് (എഞ്ചിനീയർ ബാംഗ്ലൂർ) S/O മാധവൻ 3 പ്രവീൺ (ബിസിനസ്സ്, S/o മോഹനൻ) 4 അധ്യ
ിനീയർ ബാംഗ്ലൂർ S/o മോഹനൻ ) 6 ഡോ സുമോദ് (ദന്തഡോക്ടർ, S/o സുബ്രഹ്മണ്യൻ) 7. ഹരീഷ് (പ്ലാന്റർ S/o നാരായണൻ)

രേതനായ ചന്ദ്രൻ) ഉത്തര (D/O അജിത് കൃഷ്ണൻ) 2.വത്സല മാധവൻ 3 മാധവൻ (റിട്ട. എഞ്ചിനീയർ) 4 മോഹനൻ (ചാർട്ടഡ്
ായണൻ (W/O പരേതനായ നാരായണൻ)
പശാന്ത്) 2 നിഹാരിക &നചികേത് (രാകേഷിന്റെ മക്കൾ) 4.മൈഥിലി (D/O പ്രവീൺ) 5 ഗീതിക (D/O ഹരീഷ്) 6. ദേവദത്തൻ (S/O
(s/o പ്രദീപ്) 10 അതുൽ ( S/O വിനോദ് സ്കോട്ട്ലൻഡിൽ മാസ്റ്റേഴ്സ് ചെയ്യുന്നു) 11 തനുശ്രീ (D/O പ്രദീപ്) 12 ഗൗതം (S/O ഹരീഷ്)

മുറക്കാർ. ഏറനാട്ടിൽ എളങ്കൂർ, കാളികാവ്, കരുവാരക്കുണ്ട് തുടങ്ങി 9 ദേശങ്ങളിൽ വിസ്തൃതമായ ഭൂമി. ഏറനാട്ടിൽ മഞ്ചേരി മുതൽ തൃശൂർ ജില്ലയിലെ മുണ്ടത്തിക്കോട് വരെ മനക്കാർക്ക് 7 കളങ്ങൾ ഉണ്ടായിരുന്നു . ഗുരുവായൂരിൽ ക്ഷേത്രത്തിന് തൊട്ട് ,ഇന്നത്തെ മേൽപ്പത്തൂർ ഓഡിറ്റോറിയം നിൽക്കുന്ന സ്ഥലത്ത്, കുളിച്ച് തൊഴുതു താമസിക്കാനായി സ്വന്തം കെട്ടിടം മരാട്ട് മനക്ക് ഉണ്ടായിരുന്നു .ഭൂപരിഷ്ക്കരണം, നെൽവയലുകളുടെ കാര്യത്തിലെങ്കിലും, മരാട്ടെ കാര്യമായി ബാധിച്ചില്ല. ഇതിന്റെ കാരണം രസകരമാണ്. കുടിയാന്മാർക്ക് കൃഷി ചെയ്യാൻ ഭൂമി നൽകി നിശ്ചയിച്ച പാട്ടം പിരിക്കുന്നവരായിരുന്നില്ല അക്കാലം മരാട്ടുകാർ. കൃഷി മന തന്നെ നേരിട്ട് നടത്തുകയായിരുന്നു. ഭൂമി കർഷകന്റെ കൈവശത്തിൽ തന്നെയായിരുന്നെന്ന് സാരം.

എന്നാൽ ലാൻറ് റിഫോംസ് ആക്ട് മറ്റൊരു തരത്തിൽ മരാട്ടെയും ബാധിച്ചു. ഇല്ലത്തെ പറമ്പുകളിൽ തേക്കുതൈകൾ തനിയെ വളരാറാറുണ്ടായിരുന്നു. ആരും നടണ്ട. പരിപാലിക്കുകയും വേണ്ട. തോട്ടം ഭൂമിയാണെങ്കിൽ (എസ്റ്റേറ്റ്) പരിധിയില്ലാതെ കൈവശം വെക്കാൻ ഭൂപരിഷ്ക്കരണ നിയമം അനുവദിച്ചിരുന്നു. എന്നാൽ പ്രകൃതീശ്വരി ആവോളം അനുഗ്രഹിച്ച സ്ഥലങ്ങളെ രേഖകളിൽ എങ്കിലും നട്ടുപിടിപ്പിച്ച തോട്ടങ്ങളാക്കി മാറ്റാൻ നമ്പൂരിയുടെ ശുദ്ധമനസ്സ് ഒന്നമാന്തിച്ചു. ഫലമോ, മിച്ചഭൂമി ആയി സറണ്ടർ ചെയ്തത് നൂറുകണക്കിന് ഏക്കർ തേക്കിൻപറമ്പുകളും പറങ്കിമാവ് തോട്ടങ്ങളും. കേളി കേട്ട നിലമ്പൂർ തേക്കിൻ തോട്ടങ്ങളിൽ പലതും യഥാർത്ഥത്തിൽ ബ്രഹ്മസ്വമായിരുന്നെന്നർത്ഥം .

**മരാട്ടെ സുബ്രഹ്മണ്യന്മാർ**

നൂറു കൊല്ലം മുമ്പാണ്. മരാട്ട് സന്തതികൾ വല്ലാതെ കുറഞ്ഞു വന്നു. അക്കാലം ഇല്ലത്തെ കാരണവരായിരുന്ന സുബ്രഹ്മണ്യൻ നമ്പൂതിരി സന്തത്യർത്ഥം മൂന്നു വേളികൾ കഴിച്ചെങ്കിലും ഉണ്ണിയായി ഒരാൾ മാത്രമേ ജനിച്ചുള്ളൂ. നിയമങ്ങൾ അനുസരിച്ച് ഉണ്ണിക്ക് മുത്തച്ഛന്റെ പേര് ആണല്ലോ വരുക. അച്ഛനും മുത്തച്ഛനും ഉണ്ണിയും സുബ്രഹ്മണ്യന്മാരായി. ഈ ഉണ്ണിയാണ് കഴിഞ്ഞ തലമുറയിലെ കാരണവരായിരുന്ന സുബ്രഹ്മണ്യൻ (എം.എസ്.) നമ്പൂതിരിപ്പാട്.



കണക്കറ്റ സ്വത്തും പാരമ്പര്യവും സംരക്ഷിക്കാൻ ആളില്ലാതാവുന്ന അവസ്ഥ മരാട്ടെ മുത്തശ്ശിമാരെ വല്ലാതെ സങ്കടപ്പെടുത്തിയിരുന്നു. ഇല്ലത്ത് എന്തോ ശാപമുള്ളതായി അവർ ഭയന്നു .മരാട്ടെ ഗണപതിക്ക് വിശേഷ പൂജകളും ഗുരുവായൂരടക്കമുള്ള മഹാക്ഷേത്രങ്ങളിൽ ധാരാളം വഴിപാടുകളും നേർന്നു. പുത്രകാമേഷ്ടിക്ക് തുല്യമായി നമ്പൂതിരിമാർക്ക് വിധിച്ച തിലഹോമം അനവധി വട്ടം നടത്തി. കടുകട്ടിയായ തേവാരവും മുത്തശ്ശിമാരുടെ പ്രാർത്ഥനകളും ഫലം ചെയ്തു. മരാട്ട് ഉണ്ണികളും കുട്ടികളുമുണ്ടായി. സൽക്കർമ്മങ്ങളുടെ പുണ്യം മരാട്ടെ വിവിധ ശാഖോപശാഖകളായി ഇന്ന് പരിലസിക്കുന്നു.





**ഉണ്ണിനമ്പൂതിരിമാരുടെ 'സ്വർഗ്ഗം'**

ഇല്ലത്തെ സന്താനങ്ങൾക്കൊപ്പം, വിരുന്നു വരുന്ന മറ്റില്ലങ്ങളിലെ ഉണ്ണികളോടും മരാട്ടെ മുത്തശ്ശിമാർക്ക് വല്ലാത്ത വാത്സല്യമായിരുന്നു. കുട്ടികളോട് കടുത്ത അലോഹ്യം ആരും പറയാറില്ല. ഓന്യം കഴിഞ്ഞ ഉണ്ണികളാണെങ്കിൽ ഇല്ലത്താർത്തുല്ലസിച്ചു. ഒരിടെ ഇരുപതുണ്ണികൾ വരെ മരാട്ടെ വടക്കിനിയിൽ ചമത ഇട്ടിരുന്നത്രെ. ഒരുക്കി ഉത്സാഹിക്കാൻ മുത്തശ്ശിമാരും മത്സരിച്ചു. ബ്രഹ്മചാരിമാരുടെ ഈ വിപുലമായ ചങ്ങലച്ചമതയിടൽ ഒരു പക്ഷേ മരാട്ട് മാത്രമേ നടന്നിട്ടുണ്ടാവൂ. ചാമാർത്തം കഴിഞ്ഞ നമ്പൂരാരുടെ വിലാസം പത്തായപ്പുരമാളികയിലാണ്. ഒന്നു 'പുകയ്ക്കാൻ' പറ്റുന്ന മുറിയെ അവർ 'സ്വർഗ്ഗം' എന്ന് വിളിച്ചു.. അന്തേവാസികളുടെ തോന്നിവാസങ്ങൾ, അതിരു കടക്കുമ്പോൾ നിയന്ത്രിക്കാൻ പത്തായപ്പുരയിൽ ചങ്ങല മാടനുണ്ടെന്നാണ് സങ്കല്പം. നാവു കൊണ്ട് കോണകമുടുത്ത് പല്ലു



*ഒക്ടോബർ 2 ന് അശീതി ആഘോഷിക്കുന്ന മരാട്ട് ശ്രീമോഹനൻ നമ്പൂതിരിപ്പാട്*

## നടുമുറ്റത്തൊരു കുട്ടിയാന



തൊള്ളായിരത്തമ്പതുകളിലാണ്, നിലമ്പൂരിൽ മരാട്ടെ മന വക മലവാരത്തെ കുഴിയിൽ ഒരാനക്കുട്ടി വീണു .കുട്ടിയാന നന്നെ ചെറുത്. തറവാട്ടിലേക്ക് കൊണ്ടു വന്ന മരാട്ടെ കാരണവർ സാക്ഷാൽ ഗണപതിയുടെ നടുമുറ്റത്ത് ആനക്കുട്ടിയെ പരിപാലിച്ചു, പ്രത്യക്ഷ ഗണപതിയായി .സ്വന്തമായി ആനകൾ ഉള്ള പലരും കേരളത്തിൽ ഉണ്ടായേക്കാം ,എന്നാൽ സ്വന്തം ഭവനത്തിനുള്ളിൽ കുട്ടിയാനയെ താമസിപ്പിച്ച ഒരേ ഒരില്ലം മരാട്ട് മന മാത്രമാകും. തടസ്സങ്ങൾ നീക്കി ജീവിത വഴികളിൽ പ്രകാശമായി താങ്ങായി വിനായകൻ എല്ലാം കാക്കുന്നു.

കൾ കൊണ്ട് വടി കുത്തി ചങ്ങല ശബ്ദ ത്തോടെ സഞ്ചരിക്കും എന്നതാണ് മാടന്റെ പ്രചരിച്ചിരുന്ന പ്രൊഫൈൽ .ഏതായാലും പ്രദേശത്തെ നമ്പൂരി യുവാക്കളുടെ ആസ്ഥാന മന്ദിരമായി മരാട്ടെ പത്തായപ്പുര മാറി. ഒപ്പം എല്ലാം നിയന്ത്രിച്ചു കൊണ്ട് ശബ്ദരൂപിയായ മാടനും തലമുറകളായി തുടർന്നു.

**കൃഷിഭൂമി കർഷകന് മാത്രമല്ല.... സകല ജീവികൾക്കും**

തൊള്ളായിരത്തി മുപ്പതുകളിൽ തുടങ്ങി ഏറെക്കാലം നീണ്ട ഭക്ഷ്യക്ഷാമം മനുഷ്യരെപ്പോലെ മറ്റു ജീവജാലങ്ങളേയും സാരമായി ബാധിച്ചിരുന്നു. അന്ന് നാൽക്കാലികളുടെ ആരോഗ്യ പരിപാലനത്തിനും അവർക്ക് പോഷകാഹാരം ലഭ്യമാക്കാനുമായി ഇല്ലത്തെ വിസ്തൃതമായ വയലുകളിൽ പയർ വിതച്ച് മേയാൻ വിട്ടിരുന്നു മരാട്ട്. സസ്യങ്ങൾക്കും പ്രാണികൾക്കും പക്ഷിമൃഗാദികൾക്കുമെല്ലാം അവരുടെ ഇടം നൽകിയിരുന്നു മനക്കാർ. സർപ്പക്കാവുകൾ ഏക്കറുകൾ വിസ്തൃതിയുള്ള വിശുദ്ധ വനങ്ങളായി മാറി. വറ്റാത്ത കുളങ്ങളും ജലാധിവാസിയായ ശിവനും ഇക്കോ സിസ്റ്റത്തെ ഉരുവപ്പെടുത്തി പരിപാലിച്ചു. പങ്കുവെക്കൽ നൽകുന്ന ഈ പാരസ്പര്യത്തിന്റെ വല്ലാത്തൊരു ശക്തിയും സന്ദേശവുമുണ്ടല്ലോ ,അതാണ് യഥാർത്ഥത്തിൽ നാട്ടിലെ വരുംതലമുറകളിലേക്ക് കൈമാറേണ്ടത് .ജീവജാലങ്ങൾക്ക് നൽകാനായി മാത്രം ധാന്യങ്ങൾ കൃഷി ചെയ്തിരുന്ന നമ്പൂരാരുടെ ഇക്കഥയൊന്നും സോ കാൾഡ് 'ബ്രാഹ്മണിക്കൽ ഹെജിമണി'യുടെ കൂലിയെഴുത്തുകാർ പക്ഷേ കേട്ടിരിക്കില്ല, കണ്ടിരിക്കില്ല. 'കൃഷിഭൂമി കർഷകന്' എന്ന പുതിയ വിപ്ലവത്തി



*മരാട്ടെ ഗണപതിയുടെ കൂടെ 50 വർഷങ്ങൾ: ചേലപ്പറമ്പ് നമ്പൂതിരി*

**തൊള്ളായിരത്തി മുപ്പതുകളിൽ തുടങ്ങിഎറെക്കാലം നീണ്ട ഭക്ഷ്യക്ഷാമം മനുഷ്യരെപ്പോലെ മറ്റു ജീവജാലങ്ങളേയും സാരമായി ബാധിച്ചിരുന്നു .അന്ന് നാൽക്കാലികളുടെ ആരോഗ്യ പരിപാലനത്തിനും അവർക്ക് പോഷകാഹാരം ലഭ്യമാക്കാനുമായി ഇല്ലത്തെ വിസ്തൃതമായ വയലുകളിൽ പയർ വിതച്ച് മേയാൻ വിട്ടിരുന്നു**

ന്റെ മുദ്രാവാക്യം, അതിനൊക്കെയപ്പുറത്ത് എല്ലാം മനുഷ്യരുടേതു മാത്രമല്ല സർവ്വ ജീവജാലങ്ങളുടേതുമാണ് എന്ന് ധരിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്തിരുന്നു ബ്രാഹ്മണർ. അങ്ങാടികളിൽ നിർമ്മിച്ച ചുമടുതാങ്ങികളും കന്നുകാലികൾക്ക് വെള്ളം കുടിക്കാനായി പണിക്കാരെ കൊണ്ട് ദിവസവും വെള്ളം നിറപ്പിക്കുന്ന കൽത്തൊട്ടികളും മരാട്ട് മന വകയായി ഏറനാട്ടിലെ ഒട്ടനവധി അങ്ങാടികളിൽ ഉണ്ടായിരുന്നു.



**കാര്യസ്ഥനാണ് താരം**

കാര്യസ്ഥന്മാർ പാവം തിരുമേനിമാരെ പറ്റിച്ച കഥകളേ നാം കേട്ടിട്ടുള്ളൂ. എന്നാൽ മരാട്ടെ കാര്യങ്ങൾ വേറെ ലവലായിരുന്നു. ഏത് പ്രതിസന്ധി ഘട്ടങ്ങളിലും മനയെ രക്ഷിച്ച് പ്രോജ്വലിപ്പിച്ച കാര്യസ്ഥരായിരുന്നു ഇവിടെ. തൃശൂർ ഊരകത്തു നിന്നു വന്ന ശങ്കരപ്പൊതുവാൾ മരാട്ടെ പെരുമയുടെ യഥാർത്ഥ കാര്യക്കാരൻ തന്നെയായി. ഭരിക്കാൻ ഇല്ലത്ത് ആൺതരികൾ കുറഞ്ഞ കാലത്തും ആസ്തിയെല്ലാം സ്വന്തമെന്ന പോലെ സംരക്ഷിച്ചു. അണാ പൈ തെറ്റാതെ വരവു വെച്ചു. എല്ലാ ചിലവുകളും ഉത്തരവാദിത്തത്തോടെ നിർവ്വഹിച്ചു. പ്രശസ്ത സാഹിത്യ നിരൂപകൻ കെ പി ശങ്കരന്റെ (കേരളസാഹിത്യ അക്കാദമി വിശിഷ്ടാംഗം) പിതാവ് നാരായണപ്പൊതുവാളിന്റെ അമ്മാവനായിരുന്നു ശങ്കരപ്പൊതുവാളെന്ന ഈ കാര്യസ്ഥൻ. നാരായണപ്പൊതുവാളും മരാട്ട് കാര്യസ്ഥനായിരുന്നു.നല്ല കാര്യസ്ഥതയുടെ ഇമ്പാക്ട് വളരെ വലുതായിരുന്നു. നീക്കിയിരിപ്പായി സ്വത്തും പണവും വേണ്ടത്രയുണ്ടായിട്ടും മരാട്ടെ ഒരാളും വെറുതെയിരുന്നില്ല. വന്ന വഴി മറന്ന് വിശാലമായ ലോകത്തിന്റെ ഹൈവേകളിൽ അർമാദിച്ച് നടന്നുമില്ല. മിനക്കെട്ടു തന്നെ പഠിച്ചു. എല്ലാവരും നല്ല വിദ്യാഭ്യാസം നേടി. ഇന്ന് നാട്ടിലും മറുനാട്ടിലുമായി സമൂഹത്തിന്റെ വിവിധങ്ങളായ പ്രവർത്തന മേഖലകളിൽ വ്യാപരിക്കുന്നവരാണ് മക്കളും മരുമക്കളും പേരക്കുട്ടികളുമായ മരാട്ടെ പുതുതലമുറക്കാർ. മരാട്ടില്ലപ്പെരുമയുടെ ഓരോ അധ്യായങ്ങളും ഇല്ലത്തെ കാര്യസ്ഥരുടെ മാനേജ്മെന്റ് പാഠങ്ങളുമായി കൂട്ടി വായിക്കേണ്ടതുണ്ട്.

വിനകളൊഴിക്കും **മഹാഗണപതി** പരദേവതക്കുമപ്പുറത്ത് ഇല്ലത്തെ വലിയ കാരണവരാണ്. മരാട്ട് പുല വന്നാൽ ഗണപതിയും പുലയാചരിക്കും.. ഇല്ലക്കാർ എവിടെ താമസിക്കുന്നുവോ അവിടെയാണ് വിനായകനും. അഭയവരദായകമായ പത്തു കൈകളോടെ പ്രഭാവലയവുമുള്ള മഹാഗണപതി പത്നീസമേതനായി മരാട്ട് വാഴുന്നു. സർവ്വരേയും സംരക്ഷിക്കുന്നു. നൂറ്റാണ്ടുകളായി ചിട്ടയായ ആരാധനയാണ്.

പണ്ടൊരിക്കൽ മരാട്ടെ ഒരു നമ്പൂതിരി കോഴിക്കോട് സാമൂതിരി കോലോത്ത് അതിഥിയായി വന്നു. ഒപ്പം മരാട്ട് ഗണപതിയുമുണ്ട്. രാജാവായ സാമൂതിരിയെ മുഖം കാണിക്കാനായി ഒരു അറേബ്യൻ വ്യാപാരിയും അവിടെ ഉണ്ടായിരുന്നു. കടലിലെ ആഴം കുറഞ്ഞ പ്രദേശത്ത് ഉറച്ചു പോയ തന്റെ ഉരു ഒരു പ്രകാരത്തിലും ഉയർത്താൻ പറ്റുന്നില്ല എന്നതായിരുന്നു വ്യാപാരിയുടെ സങ്കടം. മരാട്ട് നമ്പൂരി ഗണപതിയോട് പ്രാർത്ഥിച്ചപ്പോൾ ഉറച്ചു പോയ ഉരു ഇളകി വന്നുവെന്ന് ഐതിഹ്യം. ഇത്രയും വിശിഷ്ടമായ ഗണപതിയെ തനിക്ക് തന്നൂടേ എന്ന് സാമൂതിരി മരാട്ട് നമ്പൂരിയോട് ചോദിച്ചത്രെ. മനമില്ലാ മനസ്സോടെ രാജകൽപ്പനക്ക് നമ്പൂരി വഴങ്ങി. കോഴിക്കോട് തളി ക്ഷേത്രത്തിൽ അപ്പം പ്രത്യേകമായി നിവേദിക്കുന്ന തേവാര ഗണപതി മരാട്ടു നിന്നും വന്നതാണെന്ന് ഐതീഹ്യം പറയുന്നു.

എന്നാൽ മഹാഗണപതി തന്റെ സ്വന്തം മരാട്ട് മന വിട്ട് എങ്ങനെ പോകാൻ? പ്രത്യേകം ആവാഹിച്ച ബിംബത്തോടെ പ്രഭാവലയമുള്ള വലിയ ഗണപതി വിഗ്രഹം മരാട്ട് ആരാധിക്കുന്നത് അന്ന് മുതലാണത്രെ. സാമൂതിരിയുടെ പരദേവതയായ തിരുവളയനാട്ട് ഭഗവതിയെ മരാട്ടെ തെക്കിനിയിൽ പൂജിച്ചു തുടങ്ങിയതും അതോടെയാണ്.

അപ്പവും ഒറ്റയുമാണ് ഗണപതിക്ക് പ്രധാനം. മുപ്പട്ട് വെള്ളിയാഴ്ചകളിൽ അറുനൂറ് അപ്പമൊക്കെയാണ് വഴിപാടായി വരാറ്.നൂറു കണക്കിന് ഭക്തർ മരാട്ട് മനയെ ഭക്തിസാന്ദ്രമാക്കും. ഒറ്റ നിവേദ്യം ശനിയാഴ്ചകളിലാണ്. പൂരം ഗണപതിയും തിരുവോണം ഗണപതിയും ചിങ്ങത്തിലെ അത്തവും ചിത്ര നക്ഷത്രത്തിലെ വാരവും ഏറെ വിശേഷമാണ്. കർക്കടകത്തിൽ ഈശ്വരസേവക്ക് മരാട്ടെ പരമാവധി ആളുകൾ തറവാട്ടിൽ തൊഴാനെത്തും.

50 വർഷങ്ങളായി ചേലപ്പറമ്പ്



*മരാട്ട് പത്തായപ്പുര, ഹോം സ്റ്റേ*

### സിനിമയിലെ മരാട്ട്

പത്തു മലയാള സിനിമകൾക്കും നിരവധി ടി വി സീരിയലുകൾക്കും ഡോക്യുമെന്ററികൾക്കും മരാട്ട് മന വേദിയൊരുക്കിയിട്ടുണ്ട്. പ്രധാന സിനിമകൾ: സർഗ്ഗം (ഹരിഹരൻ) 1921 (ഐ.വി ശശി) ഗസൽ(കമൽ )



*കാനിബാൾ ട്രീ.നാഗപുഷ്പ മരം*

നമ്പൂരിയാണ് ഇവിടെ പൂജാരി .1952 ൽ ഒരു കൂട്ട് അപ്പത്തിന് (8 ഇടങ്ങഴി അരി, 8 Kg ശർക്കര, പിന്നെ മറ്റു വിഭവങ്ങളും) ഒമ്പത് രൂപയായിരുന്നു ചിലവായി എഴുതിയിരുന്നതെന്ന് പുരാവസ്തു ഗവേഷകനും മരാട്ടെ ബന്ധുവുമായ പാലശ്ശേരി ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി പറഞ്ഞു. ഗണപതിക്ക് ഒരുക്കുന്ന നിവേദ്യത്തിന് വേറെങ്ങുമില്ലാത്ത ശ്രദ്ധയും നിഷ്ക്കർഷയുമുണ്ട്. മരാട്ട് വയലിൽ പ്രത്യേകം കൃഷി ചെയ്യുന്ന നെല്ലിന്റെ അരി മാത്രമേ ഗണപതിയുടെ വിശിഷ്ട നിവേദ്യമായ അപ്പത്തിനും ഒറ്റക്കും പായസത്തിനും ഉപയോഗിക്കാറുള്ളൂ. പണ്ടു മുതലേയുള്ള ഈ ചിട്ട ഇന്നും അതേപടി തുടരുന്നു. വിഘ്നങ്ങളൊഴിയാൻ മുട്ടറുക്കലും ഇവിടെ പ്രധാനമാണ് .

മരാട്ടെ സർവ്വൈശ്വര്യങ്ങൾക്കും കാരണം ഗണപതിയുടെയും മറ്റു ദേവീദേവന്മാരുടേയും നിറഞ്ഞ അനുഗ്രഹമാണ്. ആരാധിക്കുന്നവർക്ക് ആലംബമാവുന്ന ഗണപതിയുടെ മഹാത്മ്യം നാട്ടാർക്ക് ഹൃദിസ്ഥം. ഇല്ലത്തെ ഡ്രൈവറായിരുന്ന അച്യുതൻ നായർ മരാട്ട് നമ്പൂതിരിമാരുടെ സഹായത്തോടെ ബസ് വാങ്ങി. പ്രശസ്തമായ ഇന്ത്യൻ മോ

## മലബാർ കലാപം: വാരിയങ്കുന്നൻ മരാട്ടെ കുടിയാൻ

ചെറിയ രൂപത്തിലുള്ള മാപ്പിള ലഹളകൾ ഏറനാട്ടിൽ പണ്ട് തന്നെ നടന്നിരുന്നു .1892 ൽ ബ്രഹ്മാനന്ദപുരം അമ്പലം തീവെച്ച കഥകളൊക്കെ ചരിത്രത്തിൽ കാണാം .മലബാർ കലാപം എന്ന് വിളിക്കുന്നത് 1921 ലെ മാപ്പിള ലഹളയെയാണ് .ഇതിന്റെ നായകനായി വാഴ്ത്തപ്പെടുന്ന വാരിയങ്കുന്നൻ കുഞ്ഞഹമ്മദ് മരാട്ടെ കുടിയാനും നാട്ടിൽ കൃഷിപ്പണിക്ക് ആളെ നൽകുന്ന മൂപ്പനുമായിരുന്നു .ഇടക്കാലത്ത് വാരിയങ്കുന്നൻ സൗദിയിൽ പോയത്രെ .ഖിലാഫത്ത് തലക്കു പിടിച്ചത് അപ്പോളായിരിക്കാം. ബ്രിട്ടീഷുകാർക്കെതിരെ ജിഹാദ് നടത്തേണ്ടത് മുസൽമാന്റെ ധർമ്മമായി വന്നു .മലബാർ കലാപത്തിന്റെ തുടക്കവും ബ്രീട്ടീഷുകാർക്കെതിരായി തന്നെയായിരുന്നു. പിന്നീടാണ് കലാപത്തിന് ഹിന്ദു ,ജന്മി വിരുദ്ധതയൊക്കെ ഉണ്ടാവുന്നത് . ഹാലിളകിയ ലഹളക്കാർക്ക് ജീവിക്കാനും കലാപം മുന്നോട്ടു കൊണ്ടു പോവാനും പണം വേണമല്ലോ .എളുപ്പമാർഗ്ഗം ഉള്ളവനോട് പിടിച്ചു പറിക്കുക തന്നെ 1921 ലെ മരാട്ടെ കണക്കു പുസ്തകത്തിൽ 4 ഏർ (8 എണ്ണം) പോത്തുകളെ വാരിയങ്കുന്നനും സംഘവും അഴിച്ചു കൊണ്ടു പോയത് രേഖപ്പെടുത്തിയിട്ടുണ്ട്. അതുപോലെ ആയിരത്തിലധികം രൂപ ലഹളക്കാർക്ക് കൊടുത്തെന്നും പുസ്തകത്തിൽ കാണാം. കലാപത്തിലെ മറ്റൊരു നേതാവ് മരാട്ടെ സമീപ പ്രദേശത്തുള്ള ചെമ്പ്രശ്ശേരി തങ്ങളായിരുന്നു. ഇയാളും മരാട്ടെ കുടിയാൻ തന്നെ. ഒട്ടനവധി സമ്പന്നവീടുകളിൽ അക്രമവും പിടിച്ചുപറിയും ചിലപ്പോൾ കൊലപാതകവും നടത്താൻ ഇവർ നേതൃത്വം കൊടുത്തെന്ന് ചരിത്രം പറയുന്നു .എന്നാൽ മരാട്ടെ സംബന്ധിച്ചിടത്തോളം, ഇനിയും വേണ്ടത്ര ചർച്ച ചെയ്യാതിരുന്ന ,മറ്റൊരു കഥ, അഥവാ സംഭവമുണ്ട് .കലാപത്തിൽ നിന്നും തന്റെ ജന്മിമാരായ മനക്കാരെ രക്ഷിക്കാനായിരുന്നു ഇവിടെ വാരിയങ്കുന്നൻ ശ്രമിച്ചത് .ഗണപതി ഭഗവാനടക്കം ഇല്ലത്തുള്ളവരെയും ആശ്രിതരെയും വിഭവങ്ങളെയും (സുമാർ 100 പേർ) മനയിൽ നിന്നും 50 കിലോമീറ്റർ ദൂരമുള്ള തിരൂർ റെയിൽവേ സ്റ്റേഷനിൽ എത്തിക്കാൻ 30 കാളവണ്ടികളായിരുന്നു - എല്ലാം വിത്ത് ഡ്രൈവേഴ്സ് - വാരിയങ്കുന്നൻ ഏർപ്പാട് ചെയ്തത് .തീവണ്ടി കയറി തെക്ക് തൃശൂർ ചേർപ്പിൽ കിരാങ്ങാട്ട് മനയിലും വെള്ളാമ്പറമ്പ് മനയിലുമായി മരാട്ടെ സംഘം താമസിച്ചു .ആറു മാസം കഴിഞ്ഞ് കലാപമൊതുങ്ങി. വാരിയങ്കുന്നനും മറ്റും ജയിലിലായി .നാട്ടിൽ പലേടത്തും കലാപത്തിൽ നാശനഷ്ടങ്ങൾ ഉണ്ടായപ്പോഴും മരാട്ടില്ലപ്പറമ്പിലെ വെറ്റില ക്കൊടിക്കു പോലും കേടുപറ്റിയിരുന്നില്ലത്രെ .കലാപത്തിൽ നിന്നും മരാട്ട് മനയെ രക്ഷിക്കാൻ വാരിയങ്കുന്നൻ തന്റെ സായുധരായ അനുയായികളെ കാവൽ നിർത്തിയിരുന്നോ? അറിയില്ല .പക്ഷേ മറ്റൊന്നുണ്ട് , ജാതി ഭേദമന്യേ ഹിന്ദുക്കളും വാരിയങ്കുന്നനടക്കമുള്ള നാട്ടിലെ മുസ്ലീംകളും മരാട്ടെ വിഷുക്കൈനീട്ടം വാങ്ങാറുണ്ടായിരുന്നു .മലബാർ കലാപത്തിനൊക്കെ മുമ്പ് സങ്കുചിത ചിന്തകൾ വേരുപിടിക്കാതിരുന്ന കാലത്ത് ഈ നാട്ടിൽ കൃഷിയുടെ പുതുവർഷം തുടങ്ങിയിരുന്നത് മരാട്ടെ ഗണപതീ പ്രസാദമായ വിഷുക്കൈനീട്ടത്തിലായിരുന്നു . ചരിത്രം പലപ്പോഴും പലതും രേഖപ്പെടുത്താറില്ല,ക്രൂരതകളും അതു പോലെ തന്നെ സ്നേഹവും ഒത്തൊരുമയും നിറയുന്ന സൽക്കർമ്മങ്ങളും .



*ചരിത്രത്തിന്റെ സൂക്ഷിപ്പുകൾ*

ട്ടോഴ്സിന്റെ തുടക്കം ഇങ്ങിനെയത്രെ. തുടർന്ന് ഈ കമ്പനിയിലെ ഒരു ഡ്രൈവർ സ്വന്തം ബസ് വാങ്ങി കമ്പനിയായി (ജനത മോട്ടോഴ്സ്) വളർന്നപ്പോഴും മരാട്ടെ ഗണപതിയുടെ അനുഗ്രഹം എന്നുമുണ്ടായി. ഇന്നും അവരുടെ പുതിയ ട്രക്കുകൾ പുറത്തിറങ്ങുന്നത് മരാട്ടെ ഗണപതിയെ തൊഴീച്ചതിന് ശേഷമാണ്.

**മരാട്ട് @ 2022**

നാലു നടുമുറ്റങ്ങളോടെ മഹാഗണപതി വാണരുളുന്ന മരാട്ടെ പതിനാറു കെട്ട് സർവ്വൈശ്വര്യങ്ങളോടും കൂടി ഉയർന്നു നിൽക്കുന്നു. പ്രധാന നാലുകെട്ടിന്റെ കിഴക്കിനിയിൽ മഹാഗണപതിയുടെ ശ്രീകോവിൽ. മറ്റൊരു നാലുകെട്ടിൽ നാഗദേവതമാർക്ക് ചിത്രോടക്കല്ലുകൾ. എല്ലാ വർഷവും തെക്കിനിത്തറയിൽ കരിക്കാട്ടയ്യപ്പൻ, തിരുവളയനാട് ഭഗവതി, തിരുമാന്ധാംകുന്ന് ഭഗവതി എന്നിവർക്ക് മൂന്നു കളം പാട്ട് പതിവുണ്ട്. കൂടാതെ കരിങ്കാളിക്ക് പാലും വെള്ളരിയും നടത്തുന്നു.

തറവാട്ടിൽ നിന്നും രണ്ടു കിലോമീറ്റർ ദൂരത്തുള്ള മരാട്ടെ ശാഖയിൽ ജലാധിവാസം ചെയ്യുന്ന സ്വയംഭൂവായ പുതുക്കൊള്ളി ശിവനും മറ്റൊരു ശിവനുമുണ്ട്.

കേളി കേട്ട മരാട്ടെ പത്തായപ്പുരയിൽ നിശ്ചിത നിരക്ക് അടച്ച് Home Stay ആയി ആർക്കും ഇന്ന് താമസിക്കാം. മുറികൾ ഒഴിവുണ്ടാവണം. മനയിലെ നിയമങ്ങൾ അനുസരിക്കുകയും വേണം. (നിർവ്വഹണം റിട്ടയേർഡ് മർച്ചന്റ് നേവി ഓഫീസർ മരാട്ട് പ്രവീൺ).

വിവിധ രാജ്യങ്ങളിൽ നിന്നും ടൂർ ഓപ്പറേറ്റേഴ്സ് വഴി ബുക്ക് ചെയ്ത നിരവധി സഞ്ചാരികൾ ഇവിടെ താമസിച്ച്, മനയുടെ തെക്കേ മുറ്റത്തെ നാഗലിംഗ പൂക്കളും മനപ്പറമ്പിലെ അപൂർവ്വമായ വൃക്ഷങ്ങളും കണ്ട് ഈ പാരമ്പര്യത്തിന്റെ സമൃദ്ധിയും



പുണ്യവും അറിയുന്നു. ഉത്തരേന്ത്യയിൽ നിന്നും ഇലക്ഷൻ ഒബ്സർവർമാരായി വരാറുള്ള കലക്ടർമാരെ, കേരളത്തിന്റെ മഹത്തായ പൈതൃകം കാണിക്കാൻ മലപ്പുറം ജില്ലാ ഭരണകൂടം ക്ഷണിച്ചു കൊണ്ടു പോവാറ് മരാട്ടെ പത്തായപ്പുരയിലേക്കാണ്.

മരനാട്ട് മന ഇന്നത്തെ തലമുറയിലെ അഞ്ച് താവഴിക്കാർ ഊഴമിട്ട് പരിപാലിക്കുന്നു. അതാത് ലോകത്ത് എവിടെയായിരുന്നാലും തങ്ങളുടെ ടേൺ എത്തുമ്പോൾ ഉത്തരവാദിത്തത്തോടെ ആരൂഢത്തിലെത്തും. മനയിലെ എല്ലാ വിശേഷങ്ങളും ആചാരമനുസരിച്ച് മുടക്കമില്ലാതെ നടത്തുന്നു. പ്രധാന ദിവസങ്ങളിൽ സ്വദേശത്തും വിദേശത്തുമുള്ള മരാട്ട് ഇല്ലക്കാർ തറവാട്ടിൽ ഒന്നിച്ചു ചേരാൻ ശ്രമിക്കുന്നു.

ഒരു നാടിന്റെ ചരിത്രം കൂടിയായ മനയിലെ പ്രധാന രേഖകൾ ഹെറിറ്റേജ് എന്ന നിലയിൽ പരിരക്ഷിക്കപ്പെടുന്നു. ഇത്തരം പ്രവർത്തനങ്ങളുടെ മലബാർ തല ഉദ്ഘാടനം കേരളാ പുരാരേഖാ വകുപ്പ് നടത്തിയത് മരാട്ട് മനയിൽ വെച്ചായിരുന്നു. മന വക യുപി സ്കൂളിന് 70 വർഷങ്ങളുടെ പഴക്കമുണ്ട്. 1400 കുട്ടികൾ ഈ വിദ്യാലയത്തിൽ പഠിക്കുന്നു. 35 അധ്യാപകർ സേവനമനുഷ്ഠിക്കുന്നു.

കേരളത്തിൽ 32 നമ്പൂതിരി ഗ്രാമങ്ങളിൽ ഒന്നായ കരിക്കാട് ഗ്രാമത്തിലെ ഏക പാരമ്പര്യ താന്ത്രിക കുടുംബമാണ് മരനാട്ട്. ഇപ്പോഴും 30–ൽ കൂടുതൽ ക്ഷേത്രങ്ങളിൽ തന്ത്രിസ്ഥാനമുണ്ട്.

മരാട്ടെ മനക്കാർക്കു വേണ്ടി താന്ത്രിക കർമ്മങ്ങൾ നിർവ്വഹിക്കുന്നത് അങ്ങില്ലമായ കുന്നപ്പള്ളി മൂത്തേടത്ത് മനക്കാരാണ്.

## ഇവർ ഇന്നത്തെ മരാട്ടില്ലക്കാർ

കൊടശ്ശേരി കുന്നപ്പള്ളി മൂത്തേടത്ത് മനയിൽ നിന്ന് മരാട്ടേക്ക് ദത്തിരുന്ന പരമേശ്വരൻ നമ്പൂതിരിപ്പാടിന്റെ സന്തതി പരമ്പരകളാണ് ഇവിടുത്തെ പിൻമുറക്കാർ.

മുത്തച്ഛൻ: സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാട്

മുത്തശ്ശിമാരുടെ ഇല്ലങ്ങൾ: ചെറിയ തെന്നാട്, വെള്ളക്കാട്ട് പട്ടേരി, പുളിക്കത്തൊടി

പിതാവ്: പരേതനായ സുബ്രഹ്മണ്യൻ അഥവാ എം.എസ്.നമ്പൂതിരിപ്പാട് (ഇദ്ദേഹത്തിന്റെ അമ്മ പുളിക്കത്തൊടി നങ്ങേലി അന്തർജനം)

മാതാവ്: പരേതയായ സാവിത്രി അന്തർജനം (തൃശൂർ ചേർപ്പ് കണ്ണമംഗലം മകൾ)

---

മക്കൾ: I വലിയേട്ടൻ: സുബ്രഹ്മണ്യൻ നമ്പൂതിരി (Late) റിട്ട. ടീച്ചർ, ഭാര്യ പാറകുന്നം മഹൾ സരോജം. മക്കൾ: 1 അഡ്വ: വിനോദ്, ഭാര്യ ഹസീന (D/o മാടമ്പ് കുഞ്ഞുകുട്ടൻ). 2 സുമോദ് (ഡെന്റൽ സർജൻ), ഭാര്യ പണിക്കം മഹൾ സ്മിത II ചെറിയേട്ടൻ നാരായണൻ (Late), റിട്ട. അധ്യാപകൻ, കരുവാരക്കുണ്ട് താമസിച്ചു. ഭാര്യ വെളക്കാട് ചന്ദ്രിക. കാർഷിക മേഖലയിൽ യന്ത്രവൽക്കരണവും പുത്തൻ പരീക്ഷണങ്ങളും– ജാതി ,കമുങ്ങ് ഇനങ്ങളിൽ നടത്തി. കർഷക കൂട്ടായ്മകൾക്കു നേതൃത്വം നൽകി. സംസ്ഥാനത്തെ മികച്ച കർഷകനുള്ള പുരസ്കാരം ലഭിച്ചു. മക്കൾ: 1. നിഷ, ഭർത്താവ് കണിശാമറ്റം മധു (റിട്ട. ജനറൽ മാനേജർ, എച്ച്.എം.ടി.), 2. ആശ, ഭർത്താവ് മാളിയേക്കൽ ബാബു (ബിസിനസ്). ഭർത്താവ് മാളിയേക്കൽ ബാബു (ബിസിനസ്),



3. ഹരീഷ് (പ്ലാന്റർ), ഭാര്യ സിന്ധു (ടീച്ചർ, പുതിയേടത്ത് തങ്ങൾ കുടുംബം)

III ശ്രീമോഹനൻ(Rtd എഞ്ചിനീയർ SAIL), സാംബിയയിലും സേവനമനുഷ്ഠിച്ചു. ഭാര്യ കാറൽമണ്ണ തൃക്കടീരി ശ്രീദേവി, മക്കൾ: 1. പ്രശാന്ത് (എഞ്ചിനീയർ, ബംഗളൂരു), ഭാര്യ വി.ടി.നിഹിത (ബംഗളൂരുവിൽ ഡാൻസ് സ്കൂൾ), 2. പ്രവീൺ (റിട്ട. മർച്ചന്റ് നേവി), ഭാര്യ ആനന്ദപുരം കോശ്ശേരി വിദ്യ (ടീച്ചർ), 3. പ്രദീപ് (സിവിൽ എഞ്ചിനീയർ, റിയൽ എസ്റ്റേറ്റ് കമ്പനി, ബംഗളൂരു), ഭാര്യ പുതിയാട്ട് തിട്ടപ്പിള്ളി മായ.

IV ശാന്ത (Late). ക്ഷേത്ര സംരക്ഷണ സമിതി രക്ഷാധികാരി നടുവം കദംബൻ നമ്പൂതിരിപ്പാടിന്റെ പത്നി, മക്കൾ: 1. ശ്രീകുമാരൻ, ഭാര്യ കടമ്പൂർ മന ശുഭ (രണ്ടുപേരും എഞ്ചിനീയർമാർ), 2. ജയദേവൻ (ദുബൈയിലായിരുന്നു), ഭാര്യ കൂടല്ലൂർമന രാധിക (ഹോം മേക്കർ), 3. ജയശ്രീ, ഭർത്താവ് ഓട്ടൂർ മന അജയ് (ടാറ്റാ ട്രക്ക് ഡിവിഷനിൽ ജി.എം.)

V പരേതനായ ഡോ. വാസുദേവൻ (എം.വി. നമ്പൂതിരിപ്പാട്). ഭാര്യ കുറുമാത്തൂർ ഉഷ അന്തർജനം (ഇംഗ്ലീഷ് പ്രൊഫസർ), മകൾ: അനുപമ, ഭർത്താവ് പഴയിടം സഞ്ജയ് (ചാർട്ടേർഡ് അക്കൗണ്ടന്റ്, എറണാകുളം)

VI മാധവൻ നമ്പൂതിരിപ്പാട് (എഞ്ചിനീയർ, ഹിന്ദുസ്ഥാൻ സ്റ്റീൽ വർക്സ്), ഭാര്യ മാമ്പറ്റ വത്സല. മക്കൾ: 1. രാകേശ് (ഐ.ടി. എഞ്ചിനീയർ, ബംഗളൂരു), ഭാര്യ മാടമ്പ് അഞ്ജു, 2. റോഷ്നി (ബ്രിട്ടൻ), ഭർത്താവ് സുരേഷ് (വിഷ്വൽ ഇഫക്ട് ആർട്ടിസ്റ്റ്)- AVATAR തുടങ്ങിയ ഹോളിവുഡ് സിനിമകളിൽ വർക്ക് ചെയ്തു.

VII ചന്ദ്രൻ (Late) (നെടുങ്ങാടി ബാങ്ക്), ഭാര്യ വേണാട്ട് ശ്രീദേവി അന്തർജനം. മക്കൾ :1. അഞ്ജന (ഫാർമസിസ്റ്റ്), ഭർത്താവ് കിടങ്ങഴി നാരായണൻ (എഞ്ചിനീയർ) 2. അജിത്, ഭാര്യ പാലാ കുറുപ്പക്കാട് രശ്മി (രണ്ടു പേരും അധ്യാപകർ)

VIII വത്സല അന്തർജനം, ഭർത്താവ് പാഴൂർ പടുതോൾ ഡോക്ടർ പി ജി ബി നമ്പൂതിരിപ്പാട് . മക്കൾ: 1. മായ, 2.നന്ദിനി, ഭർത്താവ് പാണക്കാട് പ്രശാന്ത് (എഞ്ചിനീയർ) (എല്ലാവരും കാനഡയിൽ)

.......................................................................................

**നമാമി വിഘ്നേശ്വര പാദപങ്കജം**

മഹാഗണപതിയുടെ മനയാണ് മരാട്ട്. മനയുടെ പാരമ്പര്യവും സൽക്കീർത്തിയും നിറഞ്ഞ ശോഭയോടെ പരിലസിക്കട്ടെ, കൽപ്പാന്തകാലത്തോളം.

website: www.maranatmana.com, Mob: Sreemohanan Namboodiripad 9447184250



वर्षम् ४ — शिमला, आश्विनः, वि० २०१७, सितम्बर १९६० — अङ्कः १२

हे मुरलीधर !

सुरुचिरे रुचिरेण मुकुन्द हे !
पदयुगेन यथा व्रजचत्वरे ।
कपटगोप ! कुरुष्व तथा पुनः
सुनटनं नटनप्रिय मे पुरः ॥
विषयघोरविषोर्मिसमाकुले
तव मुकुन्द निमज्जति को नरः ।
भगवतश्चरणे मनसि स्थिते-
ऽप्यभयदे भयदे भवसागरे ॥
अखिलकल्मषराशिविनाशनम्
व्रजकुमार ! भवच्चरणं दृढम् ।
मनसि सन्ततमेव विचिन्तयन्
सुमहितं महितं पदमेष्यति ॥
अयि मुकुन्द ! भवान्करुणालवं
मयि करोति यदा सततं मया ।
सुखमुपेत्य तदा भवतः कथां
निगदता गदता समपाकृता ॥

—श्री माकोट्टश्शेरि कृष्ण नम्पूतिरिपादः

ഉത്തരേന്ത്യയിലെ പ്രമുഖ സംസ്കൃത മാസികകളിലെല്ലാം സ്ഥിരമായി എഴുതാറുള്ള ഒരു നമ്പൂതിരിപ്പാടുണ്ടായിരുന്നു മഞ്ചേരിയിൽ. ജയ്പൂരിലെയും സിംലയിലെയും പൂനെയിലെയും അയോദ്ധ്യയിലെയും മാസികകളിൽ 1970 കൾ വരെ അദ്ദേഹത്തിന്റെ രചനകൾ വന്നു.

*ഉത്തർപ്രദേശിൽ പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയ മാങ്ങോട്ടശ്ശേരി കൃഷ്ണൻ നമ്പൂതിരിപ്പാടിന്റെസംസ്കൃത കവിത*

## എന്റെ അച്ഛന്റെ ചുരുക്കപ്പേരാണ്

# മാ.കൃ.ന

**മുകുന്ദൻ മാങ്ങോട്ട്രി**



ഇപ്പോഴത്തെ തലമുറയിലെ അധികം പേരും അറിയാത്ത ഒരാൾ. മാ.കൃ.ന എന്ന ചുരുക്കപ്പേരിൽ എഴുതിയിരുന്ന മാങ്ങോട്ടശ്ശേരി കൃഷ്ണൻ നമ്പൂതിരിപ്പാട് (1906 /1981). എന്റെ അച്ഛൻ.

മഹാകവികളായ ഉള്ളൂരും വള്ളത്തോളുമെല്ലാം അച്ഛനുമായി കത്തിടപാടുകൾ നടത്തിയിരുന്നു. ഇക്കാലത്ത് ആ കത്തുകൾ തന്നെ വിസ്മയം ജനിപ്പിക്കുന്നതാണ്. റാവു ബഹദൂർ മഹാകവി ഉള്ളൂർ, എസ് പരമേശ്വര അയ്യർ ബി.എ, ബി.എൽ. റിട്ടയേർഡ് ദിവാൻ പേഷ്കാർ. ശാരദാ നികേതൻ, ജഗതി, തിരുവനന്തപുരം. 5.7.1937 ൽ ഉള്ളൂർ എഴുതിയ കത്തിന്റെ ലെറ്റർ ഹെഡിലുള്ള കാര്യങ്ങളാണ് ഇത്. 12.3.1948 ൽ വള്ളത്തോൾ കത്തെഴുതിയത് മാങ്ങോട്ടശ്ശേരിയുടെ ഒരു കവിതയെ പ്രകീർത്തിക്കാനാണ്. അൺസംഗ് പൊയെറ്റിക് ജീനിയസ് എന്നാണ് ദ ഹിന്ദു അദ്ദേഹത്തെ വിശേഷിപ്പിച്ചത്. 8.6.2001ൽ .

ഉത്തർപ്രദേശിൽ പാഠപുസ്തകത്തിൽ ഉൾപ്പെടുത്തി അദ്ദേഹത്തിന്റെ സംസ്കൃത കവിത ഹേ മുരളീധർ. കേന്ദ്രസാഹിത്യ അക്കാദമിയുടെ 'സംസ്കൃതപ്രതിഭ'യിൽ അദ്ദേഹം കവിതകൾ എഴുതി.അങ്ങോട്ടു ചെല്ലാൻ പറഞ്ഞിട്ടും പോവാത്തതിനാൽ ആകാശവാണി അദ്ദേഹത്തെത്തേടി ഇല്ലത്തേക്കു വന്നു.

അദ്ദേഹത്തിന്റെ കവിതകൾ റെക്കോഡ് ചെയ്യാൻ കോഴിക്കോട് ആകാശവാണിയിൽ നിന്ന് ക്ഷണം ലഭിച്ചു.1976 ലാണ്. എന്നാൽ പോവാൻ മടി. ഒടുവിൽ ആകാശവാണിയിൽ നിന്ന് എൻ.എൻ.കക്കാട് കരിക്കാട്ടു വന്ന് കവിതകൾ റെക്കോഡ് ചെയ്ത് കൊണ്ടുപോവുകയായിരുന്നു.

മലപ്പുറം ജില്ലയിലെ മഞ്ചേരിക്കടുത്ത് കരിക്കാട് മാങ്ങോട്ടശ്ശേരി ഇല്ലത്ത് ജനനം. പലരുടേയും ഉണ്ണിക്കൃഷ്ണേട്ടനായിരുന്നു. തേലപ്പുറത്ത് രാമൻ നമ്പീശനായിരുന്നു ഗുരുനാഥൻ. സംസ്കൃത പണ്ഡിതനും കവിയുമായിരുന്ന നമ്പൂതിരി. മലയാളത്തിലും സംസ്കൃതത്തിലുമായി പല രചനകൾ.

അടിസ്ഥാനപരമായി മടിയനായിട്ടും പ്രശസ്തിക്കായി ഒന്നും ചെയ്യാതിരുന്നിട്ടും ഇതെല്ലാം ഇങ്ങോട്ടു തേടിയെത്തിയതാണ്. കണ്ണൂർ സർവ്വകലാശാലയിൽ 2021 ലെ ഒരു ഗവേഷണ പ്രബന്ധത്തിന്റെ വിഷയം തന്നെ മാ.കൃ.നയുടെ മൊത്തം രചനകളെക്കുറിച്ചായിരുന്നു. അപ്പോൾ ആ രചനയിൽ അനന്യമായ ചിലതുണ്ടെന്നർത്ഥം.

'മടിയനാമടിയന്റെ മനസ്സിൽ വന്നടിയുമജ്ഞതയാമിരുൾ നീങ്ങുവാൻ' എന്ന് കവിതയിൽ പ്രാർത്ഥിച്ചിട്ടുള്ള ആളാണ്. എന്നാലും ജീവിതത്തിൽ പെരും മടിയൻ തന്നെ. രസകരമായ ഒരു സംഭവം പറയാം. 1966 ൽ മഞ്ചേരി അക്ഷരശ്ലോക പരിഷത്തിന്റെ കവിതാമത്സരത്തിൽ ഒന്നാം സമ്മാനത്തിന് അർഹനായി. എന്നാൽ സമ്മാനം വാങ്ങാൻ നാലു കിലോമീറ്റർ ദൂരെ മഞ്ചേരിയിൽ പോണം. മടി കാരണം പോയില്ല. മറ്റൊരാൾ അതു വാങ്ങി ഇല്ലത്തെത്തിക്കുകയായിരുന്നു.

ഇതുപോലെ മറ്റൊരു സംഭവം. അദ്ദേഹത്തിന്റെ കവിതകൾ റെക്കോഡ് ചെയ്യാൻ കോഴിക്കോട്

ആകാശവാണിയിൽ നിന്ന് ക്ഷണം ലഭിച്ചു.1976 ലാണ്. എന്നാൽ പോവാൻ മടി. ഒടുവിൽ ആകാശവാണിയിൽ നിന്ന് എൻ.എൻ.കക്കാട് കരിക്കാട്ടു വന്ന് കവിതകൾ റെക്കോഡ് ചെയ്ത് കൊണ്ടു പോവുകയായിരുന്നു.

ഇങ്ങനെയുള്ള ഒരാളുടെ കവിതകൾ കേന്ദ്രസാഹിത്യ അക്കാദമിയുടെ 'സംസ്കൃതപ്രതിഭ'യിൽ വന്നത് അദ്ഭുതം തന്നെ. മധ്യപ്രദേശ് സാഗർ സർവ്വകലാശാലയുടെ (ഇപ്പോൾ ഹരി സിംഗ് ഗൗർ വിശ്വവിദ്യാലയ്) 'സാഗരിക' മാസികയിൽ മാ.കൃ.നയെകുറിച്ചും രചനകളെക്കുറിച്ചും 1967ൽ ലേഖനം വന്നിരുന്നു.

അതോടൊപ്പം കവിതകളും നിരൂപണവും. കമ്പിറാന്തലിന്റെ വെളിച്ചത്തിൽ പുകലയും ഇരട്ടി മധുരവുമായി പരിമിതികളിൽ ഒതുങ്ങിക്കൂടിയ കവിയുടെ കവന രാവുകൾ അങ്ങ് ഉത്തരേന്ത്യയിൽ പോലും ചെന്നെത്തി!

നാട്ടിൽ അത്രയൊന്നും അറിയപ്പെടാഞ്ഞിട്ടും എത്രയോ സംസ്കൃത രചനകൾ ഉത്തരേന്ത്യൻ സംസ്കൃതമാസികകളിൽ വെളിച്ചം കണ്ടു. ദിവ്യജ്യോതി (സിംല), ഭാരതി (ജയ്പൂർ), ഭാരതവാണി (പൂന), സംസ്കൃതം( അയോദ്ധ്യ) എന്നീ മാസികകളിൽ എഴുപതുകൾ വരെ സ്ഥിരമായി എഴുതിയിരുന്നു.

അയോദ്ധ്യയിലെ സംസ്കൃത കാര്യാലയത്തിൽ നിന്ന് 'കവിരത്നം', 'സാഹിത്യരത്നം', 'വിദ്യാഭൂഷണൻ'എന്നീ ബഹുമതികളും ലഭിച്ചു. വാണീമണിമാലിക(രണ്ടു ഭാഗം), ശുകവിലാപം, രാധ എന്നിങ്ങനെ മലയാള കൃതികളും ഉണ്ട്. കീർത്തനങ്ങളും മംഗളപത്രങ്ങളും വേറെയും.

ഭൃംഗസന്ദേശം, ശ്രീകൃഷ്ണപഞ്ചാശിക, ശ്രീരാമപഞ്ചാശിക, പ്രേമപാശ:, പൃഥുകാഹരണം, ചിന്താല ഹരി, പൂപകഥ തുടങ്ങിയ സംസ്കൃത കൃതികൾ ശ്രദ്ധേയമാണ്. എത്രയോ മുക്തകങ്ങളും, ഖണ്ഡകാവ്യങ്ങളും ഉണ്ട്. ശുകവിലാപവും ഭൃംഗസന്ദേശ വിവർത്തനവും മഹാകവി കൈതക്കൽ ജാതവേദനാണ് പ്രസിദ്ധപ്പെടുത്തിയത്. 170 ശ്ലോകങ്ങളുള്ള രാധ കേസരിയിൽ ഖണ്ഡശ്ശ: വന്നിരുന്നു. ഇതെല്ലാം മരണശേഷമാണ് വെളിച്ചം കാണുന്നത്.

**നാട്ടിൽ അത്രയൊന്നും അറിയപ്പെടാഞ്ഞിട്ടും എത്രയോ സംസ്കൃത രചനകൾ ഉത്തരേന്ത്യൻ സംസ്കൃത മാസികകളിൽ വെളിച്ചം കണ്ടു. ദിവ്യജ്യോതി (സിംല), ഭാരതി (ജയ്പൂർ), ഭാരതവാണി (പൂന), സംസ്കൃതം (അയോദ്ധ്യ) എന്നീ മാസികകളിൽ എഴുപതുകൾ വരെ സ്ഥിരമായി എഴുതിയിരുന്നു.**

പ്രധാനപ്പെട്ട ഒരു രചന ടാഗോറിന്റെ ഗീതാഞ്ജലിയുടെ സംസ്കൃത വിവർത്തനമാണ്. ഭാവഗീതാഞ്ജലി.

2006 ൽ മഞ്ചേരിയിൽ നടന്ന ജന്മശതാബ്ദി പരിപാടിയിൽ ഡോ.കെ.ജി.പൗലോസ്, പ്രൊഫ.കെ.പി. ശങ്കരൻ, സി.കൃഷ്ണൻ നമ്പൂതിരി എന്നിവരെല്ലാം പങ്കെടുത്തിരുന്നു. ഒരു വിധം എല്ലാ കൃതികളും കണ്ടെടുത്ത് അച്ഛന്റെ കാലശേഷമേ പ്രസിദ്ധപ്പെടുത്താനായുള്ളൂ. പ്രശസ്ത എഴുത്തുകാരൻ ജി.ആർ.ഇന്ദുഗോപനാണ് 1998 ൽ ആദ്യമായി ഒരു വാർത്ത കൊടുത്തത്. 1966 ൽ സംസ്കൃത പ്രതിഭയുടെ പത്രാധിപർ ഡോ. വി. രാഘവൻ എഡിറ്റു ചെയ്തിറക്കിയ ടാഗോറിനെക്കുറിച്ചുള്ള പ്രത്യേക പതിപ്പിലെ (സംസ്കൃതരവീന്ദ്രം) മുപ്പതോളം രചനകളിൽ കേരളീയന്റേതായി ഒന്നു മാത്രം.

ഇന്ത്യൻ എക്സ്പ്രസ്സ്, ദ ഹിന്ദു, മനോരമ, ദേശാഭിമാനി ജന്മഭൂമി എന്നിവയിലെല്ലാം അച്ഛനെക്കുറിച്ച് ലേഖനങ്ങൾ വന്നിട്ടുണ്ട്. ഒറ്റ രചനകളും ഖണ്ഡകാവ്യങ്ങളുമടങ്ങിയതാണ് 'കാവ്യാഞ്ജലി'. ഡോ.കെ. എച്ച് സുബ്രഹ്മണ്യനാണ് എഡിറ്റ് ചെയ്തത്. ഡോ. പൗലോസിന്റെ ലഘുസംസ്കൃതം എന്ന ഗ്രന്ഥത്തിൽ മൂന്നു പാഠങ്ങളായി അച്ഛന്റെ രചനകളുണ്ട്. മഹാകവി ഉള്ളൂരും വള്ളത്തോളും ശ്രീകൃഷ്ണപഞ്ചാശികയെ ശ്ലോകരൂപേണ ശ്ലാഘിച്ചിട്ടുണ്ട്. ഈ സംസ്കൃതസ്തോത്രകൃതി പി. എൻ വിജയൻ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുമുണ്ട്.

തികഞ്ഞ കാവ്യോപാസകനായി കാലം കഴിച്ച അച്ഛന്റെ ജീവിതം ഏറെ ഞെരുങ്ങിത്തന്നെ ആയിരുന്നു. യാതൊരാനുകൂല്യവും ലഭിക്കാതെയാണ് വാണീമണിമാലിക, ഭൃംഗസന്ദേശം, ശ്രീകൃഷ്ണപഞ്ചാശിക എന്നിവ സ്വയം അച്ചടിപ്പിച്ച് വിതരണം ചെയ്തത്.

അച്ഛൻ: നീലകണ്ഠൻ നമ്പൂതിരിപ്പാട് ,അമ്മ സാവിത്രി അന്തർജനം, ഭാര്യ ശ്രീദേവി അന്തർജനം. മക്കൾ മനോരമ അന്തർജനം, മുകുന്ദൻ നമ്പൂതിരിപ്പാട് ●

മുകുന്ദൻ മാങ്ങോട്ട്രി, പി.ഒ: തൃക്കലങ്ങോട്
വഴി:കരുവമ്പ്രം, മഞ്ചേരി, പിൻ:676123
മലപ്പുറം ജില്ല, മൊബൈൽ: 9567876329




*ഹിന്ദുവിൽ മാങ്ങോട്ടശ്ശേരി കൃഷ്ണൻ നമ്പൂതിരിപ്പാടിനെക്കുറിച്ചു വന്ന റിപ്പോർട്ടും മഹാകവി ഉള്ളൂർ എഴുതിയ കത്തും*

# വീരശൃംഖലയുടെ അഴകിൽ

## അഴകത്ത് ശാസ്ത്യശർമ്മൻ നമ്പൂതിരിപ്പാട്

**ശ്രീജ പട്ടലൂർ**



രാജരാജേശ്വരൻ എന്നാൽ രാജാവിന്റെയും രാജാവായ ചക്രവർത്തി. തളിപ്പറമ്പിലെ രാജരാജേശ്വര ക്ഷേത്രം അതുകൊണ്ടു തന്നെ ചക്രവർത്തി വാഴുന്ന ഇടമാണ്. അവിടെ നിന്ന് വീരശൃംഖല ലഭിക്കുകയെന്നാൽ പരമമായി ആദരിക്കപ്പെടുകയെന്ന് അർത്ഥം. 2022 ജൂൺ മാസത്തിൽ തന്ത്രരത്നം അഴകത്ത് ശാസ്തൃശർമ്മൻ നമ്പൂതിരിപ്പാട് ആ ചക്രവർത്തിയുടെ സവിധത്തിൽ വച്ച് ആദരിക്കപ്പെട്ടു. അനന്യമായ ആദരവ്.

എന്റെ അപ്ഫനാണ് ശാസ്തൃശർമ്മൻ നമ്പൂതിരിപ്പാട്. ഞങ്ങൾ അപ്പു അപ്ഫൻ എന്ന് വിളിക്കുന്ന ആൾ.

മുത്തശ്ശനും മുത്തശ്ശിയും അപ്ഫന്മാരും ചെറിയമ്മമാരും അവരുടെ മക്കളും എല്ലാം കൂടി 25 ഓളം ആളുകൾ ഒന്നിച്ച് താമസിച്ചിരുന്ന ഒരു കൂട്ടുകുടുംബത്തിലാണ് ഞാൻ ജനിച്ചതും വളർന്നതും.

ഓർമ്മവച്ച നാൾ മുതൽ ഏറ്റവും ചെറിയ അപ്ഫൻ ഒഴികെ എല്ലാവർക്കും ജോലി ആയിരുന്നു. പക്ഷേ എല്ലാവരിൽ നിന്നും വ്യത്യസ്തമായ ഒരു മേഖല തെരഞ്ഞെടുത്ത ആളായിരുന്നു അപ്പു അഫൻ. പാരമ്പര്യമായി തന്ത്രി കുടുംബം ആയിരുന്നെങ്കിലും മറ്റാരും തന്ത്രവിദ്യ പഠിക്കുകയോ അനുവർത്തിക്കുകയോ ചെയ്തിരുന്നില്ല.

അഷ്ടമൂർത്തി നമ്പൂതിരിപ്പാടിന്റേയും ശ്രീദേവി അന്തർജ്ജനത്തിന്റേയും ഏഴു മക്കളിൽ നാലാമനായിരുന്നു അപ്ഫൻ. 1125 ഇടവത്തിലെ തിരുവാതിര നക്ഷത്രത്തിൽ 1950 ജൂൺ മാസത്തിൽ ജനനം. പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം ഇനിയെന്ത് എന്ന ആലോചനകളുമായി ഇരിക്കുമ്പോഴാണ് 1972-ൽ മാധവ്ജിയുടെ നേതൃത്വത്തിൽ തന്ത്രവിദ്യാപീഠം ആരംഭിക്കുന്നത്. തിരുന്നാവായയിൽ സമാരംഭിച്ച് ചൊവ്വന്നൂർ



*തന്ത്രരത്നം അഴകത്ത് ശാസ്തൃശർമ്മൻ നമ്പൂതിരിപ്പാട്*

സഭാമഠത്തിൽ പരിശീലനം പൂർത്തിയാക്കിയ ആദ്യബാച്ചിലെ തന്ത്രരത്ന വിദ്യാർത്ഥി. പിന്നീടാണ് വിദ്യാപീഠം ആസ്ഥാനം ആലുവയിൽ ഉറപ്പിച്ചത്. ഇല്ലങ്ങളിൽ നിന്ന് പാരമ്പര്യമായി പഠിച്ചു പോന്ന തന്ത്രം ഒരു ഇൻസ്റ്റിട്യൂഷനിൽ വച്ച് പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിൽ അഞ്ചു വർഷം കൊണ്ട് പഠിക്കുക. അങ്ങനെയൊരു സ്ഥാപനമായിരുന്നു. പ്രഗല്ഭരായ കൽപ്പുഴ ദിവാകരൻ നമ്പൂതിരിപ്പാടിന്റേയും സ്വർഗ്ഗീയ മാധവ്ജിയുടെയും ശിഷ്യനായി. ജഗദ്ഗുരു കാഞ്ചി കാമകോടി ശങ്കരാചാര്യരിൽ നിന്ന് തന്ത്രരത്നം ബിരുദവും ലഭിച്ചു. തീർന്നില്ല, അപൂർവമായ ഭാഗ്യമെന്നേ പറയാവൂ, തന്ത്രവിദ്യാപീഠത്തിൽ തന്നെ അധ്യാപകനായി നിയമിതനായി. പിന്നെയോ അതിന്റെ അധ്യക്ഷനും!

വേറെയും നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. മാധവീയം 2017 അവാർഡ്, അഭിനവ ശങ്കരാചാര്യ പുരസ്കാരം തുടങ്ങിയ നിരവധി ബഹുമതികൾ. എടുത്തു പറയാവുന്ന മറ്റൊന്ന് വിപ്ളവകരമായ ചില പ്രവൃത്തികളാണ്. പാലിയം വിളംബരത്തിന് പതിറ്റാണ്ട് മുമ്പ് തന്നെ പുതിയ വഴികൾ വെട്ടിത്തുറന്നു അപ്ഫൻ. അബ്രാഹ്മണരായ അനേകം ശിഷ്യന്മാരെ പൂജ പഠിപ്പിച്ചു. ശ്രീവിദ്യോപാസനയിലൂടെ ആത്മബലം വളർത്തി താൻ നേടിയ അറിവുകൾ ജാതിഭേദമില്ലാതെ എല്ലാവർക്കും പകർന്നു നൽകി. നിരവധി പേർക്ക് പൂജാ പഠനവും മന്ത്രദീക്ഷയും നൽകിയിട്ടുണ്ട്. തകർന്നടിഞ്ഞ നിരവധി ക്ഷേത്രങ്ങൾ പുനരുദ്ധീകരിക്കുന്നതിൽ നേതൃത്വം നൽകി. കേരളത്തിനകത്തും പുറത്തുമായി 400 ഓളം ക്ഷേത്രങ്ങളിലെ തന്ത്രിസ്ഥാനം അലങ്കരിക്കുന്നു.

ജന്മം കൊണ്ടല്ല മറിച്ച് കർമ്മം കൊണ്ടാണ് ഒരാൾ ബ്രാഹ്മണ്യം നേടേണ്ടതെന്ന് പ്രവൃത്തിയിലൂടെ തെളിയിച്ചു. ദുരാചാരങ്ങൾക്കെതിരെ എന്നും നില കൊണ്ട അദ്ദേഹത്തിന് കേരളത്തിന് അകത്തും പുറത്തുമായി നിരവധി ശിഷ്യഗണങ്ങൾ ഉണ്ട്. നിരവധി പേരാണ് ഒരു ദിവസം അദ്ദേഹത്തെ കാണുന്നതിനും അനുഗ്രഹം വാങ്ങുന്നതിനും പ്രശ്ന പരിഹാരങ്ങൾക്കുമായി എത്തുന്നത്. കേന്ദ്ര-സംസ്ഥാന മന്ത്രിമാർ കലാ സാംസ്കാരിക രംഗത്തെ പ്രമുഖർ എന്നിവരെല്ലാം അനുഗ്രഹം തേടിയെത്താറുണ്ട്. എത്ര തിരക്കാണെങ്കിലും തേടിയെത്തുന്നവരെ മടക്കാറില്ല. അനേകം പ്രൗഢ സദസ്സുകളിൽ അദ്ദേഹം ആദരിക്കപ്പെട്ടിട്ടുണ്ട്. 2022 ജൂൺ മാസത്തിൽ തളിപ്പറമ്പ് ശ്രീ രാജരാജേശ്വര ക്ഷേത്രത്തിൽ വെച്ച് വീരശൃംഖല നൽകി ആദരിച്ചു.

ആഗസ്റ്റ് നാലിന് നടന്ന ഗുരുവന്ദനം എന്നപേരിൽ സംഘടിപ്പിച്ച ചടങ്ങിൽ ഗവർണർ ആരിഫ് മുഹമ്മദ്ഖാൻ അദ്ദേഹത്തിന് പുരസ്കാരം നൽകി ആദരിച്ചു. ജാതിഭേദമില്ലാതെ തന്ത്രവിദ്യകളും പൂജകളും പഠിപ്പിച്ച അദ്ദേഹത്തിന്റെ സംഭാവന വിസ്മരിക്കാനാകാത്തതാണെന്ന് ഉദ്ഘാടന പ്രസംഗത്തിൽ ഗവർണർ പറഞ്ഞു. നേടിയെടുത്ത അറിവ് ഉള്ളിൽ തളച്ചിടാതെ, മറ്റുള്ളവർക്ക് പകർന്നു കൊടുക്കുകയാണ് ചെയ്തതെന്നും അദ്ദേഹം പറഞ്ഞു. ആയുരാരോഗ്യത്തോടെ ഇനിയുമൊരുപാടു പേർക്ക് വെളിച്ചമേകാൻ അദ്ദേഹത്തിനാവട്ടെ. ●

ശാസ്തൃശർമ്മൻ നമ്പൂതിരിപ്പാട്
അഴകത്ത് മന, കൈലാസ്,
പി.ഒ: കൊഴിക്കോട്ടിരി, പട്ടാമ്പി,
പാലക്കാട് ജില്ല, പിൻ: 679303
മൊബൈൽ: 9447481545
ശ്രീജ പട്ടലൂർ: 99461 88670



## ഒന്നാം ശ്രാദ്ധദിനം 01. 08. 2022

മറവഞ്ചേരി കിഴക്കേടത്തു മന

# കൃഷ്ണൻ നമ്പൂതിരിപ്പാട്

ഓർമ്മകൾക്ക് മുന്നിൽ പ്രണാമം അർപ്പിച്ചു കൊണ്ട്

ഭാര്യ: ശുഭദ കൃഷ്ണൻ (കറുത്തേടത്തു മന, കോട്ടയം)
മക്കൾ: ശൈലേഷ് കൃഷ്ണൻ, അഭിലാഷ് കൃഷ്ണൻ
മരുമക്കൾ: രേവതി ശൈലേഷ്, അഖില അഭിലാഷ്
പേരക്കുട്ടികൾ: മാധവ്, മനസ്വി, മൻവി, ജഗൻ

ശുഭദ കൃഷ്ണൻ, കിഴക്കേടത്തു മന, ഇട്ടോണം, പോസ്റ്റ്: ചാത്തന്നൂർ
പാലക്കാട് ജില്ല . മൊബൈൽ:9072328133/9846645733

അനുഭവക്കുറിപ്പ്



എം.ടി. പറഞ്ഞു: ഒരു മഞ്ചേരിക്കാരൻ കുട്ടിക്ക് ഞാൻ രണ്ടു സമ്മാനങ്ങൾ കൊടുത്തിട്ടുണ്ട്. വാങ്ങാൻ വന്നില്ല. അയാളിപ്പോൾ എഴുതാൻ തുടങ്ങി. അയാളുടെ കഥ പുതിയ ആഴ്ച പ്പതിപ്പിലുണ്ട്.



വേണമെങ്കിൽ വിളിച്ചു പറയാമായിരുന്നു. ആ കഥയെഴുതിയ ചെറുക്കൻ ഇതാ ഇവിടെയുണ്ട്. പക്ഷേ, ധൈര്യമുണ്ടായില്ല. അതിലും വലിയൊരു സന്തോഷം അധികം ഉണ്ടാണ്ടായിട്ടില്ല.

# കരണക്കുറ്റിക്ക് കിട്ടിയ അടി

ജീവിതം മാറ്റി മറിച്ച ആ അടിയെപ്പറ്റിയും പിന്നീട് ജീവിതത്തിലുണ്ടായ നേട്ടങ്ങളെപ്പറ്റിയും പ്രമുഖ എഴുത്തുകാരൻ **പി.എൻ വിജയൻ**

ഞാൻ പഠിച്ച മഞ്ചേരി ഹൈസ്കൂളിൽ വെച്ചു പുരോഗമന കലാസാഹിത്യസംഘത്തിന്റെ യോഗം നടക്കുന്നു. 1986 മേയ് മാസത്തിലെ വേനലവധിയിലാണ്. സാഹിത്യക്കമ്പം ഉണ്ടായിരുന്നതിനാൽ ചെന്നു. എന്റെ മുന്നിലിരുന്ന ആൾ മാതൃഭൂമി ആഴ്ചപ്പതിപ്പ് മറിച്ചു കൊണ്ടിരിക്കുന്നു. ആഴ്ചപ്പതിപ്പിന്റെ ഒരു പേജിലതാ എന്റെ പേര്. പി. എൻ വിജയൻ. താഴെ എന്റെ കഥയും. അറിയാതെ എണീറ്റു പോയി. അല്ലാ, ഇതെന്റെ കഥയാണല്ലോ! അപരിചിതമായ ഒരു കോരിത്തരിപ്പ്!!

മാതൃഭൂമിയുടെ എഡിറ്റർ എം.ടി.വാസുദേവൻ നായരായിരുന്നു അദ്ധ്യക്ഷൻ. അപ്പോൾ അദ്ധ്യക്ഷപ്രസംഗമായിരുന്നു. അദ്ദേഹം ഇങ്ങനെ പറഞ്ഞു:

'മഞ്ചേരി എന്റെ മനസ്സിലുണ്ട്. ഒരു മഞ്ചേരിക്കാരൻ കുട്ടിക്ക് ഞാൻ രണ്ടു സമ്മാനങ്ങൾ കൊടുത്തിട്ടുണ്ട്. വാങ്ങാൻ വന്നില്ല, പിന്നെ അയച്ചു കൊടുക്കുകയായിരുന്നു. അയാളിപ്പോൾ എഴുതാൻ തുടങ്ങി. അയാളുടെ കഥ പുതിയ ആഴ്ചപ്പതിപ്പിലുണ്ട്.'

**എഴാം ക്ലാസിലെ കാൽക്കൊല്ലപ്പരീക്ഷയിൽ. അറിയാത്ത ഒരു ചോദ്യത്തിനു ഇങ്ങനെയായിരുന്നു ഉത്തരമെഴുതിയത്. അറിയത്തില്ലപ്പനേ അറിയത്തില്ല, പറയത്തില്ലപ്പനേ പറയത്തില്ല.**

വേണമെങ്കിൽ വിളിച്ചു പറയാമായിരുന്നു. ആ കഥയെഴുതിയ ചെറുക്കൻ ഇതാ ഇവിടെയുണ്ട്. പക്ഷേ ധൈര്യമുണ്ടായില്ല. ആ വലിയ സന്തോഷം പോക്കറ്റിലിട്ട് പുറത്തേക്കിറങ്ങി. അതിലും വലിയൊരു സന്തോഷം അധികമുണ്ടായിട്ടില്ല. മാതൃഭൂമിയിൽ ആ കഥ വന്നതും ഒരു കഥയാണ്.

പോത്തന്നൂരിലെ റെയിൽവേ സ്കൂളിൽ അദ്ധ്യാപകനായിരുന്ന കാലത്താണ് ആദ്യത്തെ കഥ പിറക്കുന്നത്. ഒരു കൗണ്ടറുടെ വാടകവീട്ടിൽ വെച്ച്. 'ഊരുക്കു പെരിയ



പുനത്തിൽ കുഞ്ഞബ്ദുള്ള ഒ.വി.വിജയൻ എന്നിവർക്കൊപ്പം



കുടുംബാംഗങ്ങൾക്കൊപ്പം പി. എൻ വിജയൻ

മനിതൻ'. ആദ്യം വന്നത് വീക്ഷണം വാരാന്തത്തിലാണ്. അതു കുറച്ചുകൂടി നല്ലൊരു സ്ഥലത്ത് വരേണ്ടതാണ് എന്നു സുഹൃത്ത് വിഷ്ണുനാരായണൻ മാഷ് പറഞ്ഞപ്പോൾ അത് മാതൃഭൂമിക്കയച്ചു. അങ്ങനെ ചെയ്യുന്നതിലെ അയുക്തിയൊന്നും അക്കാലത്ത് ആലോചിച്ചില്ല. അതാണ് മാതൃഭൂമിയിൽ വന്നത്. അതാണ് എം. ടി വാസുദേവൻ നായരുടെ മനസ്സിൽ ഇടം പിടിച്ചതും അദ്ദേഹം എടുത്തു പറഞ്ഞതും.

ചിലതെല്ലാം നിയോഗമാണ്. ജീവിതത്തിലെ ഒട്ടുമിക്ക കാര്യങ്ങളും അങ്ങനെത്തന്നെയായിരുന്നു. കരിക്കാട്ടെ അമ്പലത്തിന്റെ പരിസരത്ത് ജനിച്ചു വളർന്ന പുളിക്കത്തൊടിയിലെ ഉണ്ണിയ്ക്ക് അമ്പലത്തിലെ കൂത്തും കഥകളിയും ഹരമാവുന്നത് സ്വാഭാവികം.

ഉപനയനം കഴിഞ്ഞ ഒരു വർഷം വലിയ ബോറായിരുന്നു. അക്കാലത്ത് കരിക്കാട്ടെ എൽ.പി.സ്കൂളിലായിരുന്നു. അഞ്ചാംക്ലാസിൽ. 'കൊഴിഞ്ഞുവീണ പൂമൊട്ട്' എന്ന നാടകത്തിൽ അഭിനയിക്കാൻ തിരഞ്ഞെടുക്കപ്പെട്ടു. അതിൽ കൈലിമുണ്ടും ബനിയനുമായിരുന്നുവേഷം. മുത്തശ്ശിമാർ എതിർത്തു. ഒവിനിച്ചുണ്ണിക്ക് മുണ്ട് നിഷിദ്ധമായിരുന്നുവല്ലൊ. അതിനാൽ നാടകം കളിക്കാൻ പാടില്ല എന്നായിരുന്നു വാദം. എന്നാൽ പുരോഗമന ചിന്താഗതിക്കാരനായ അച്ഛൻ സമ്മതിച്ചു. പക്ഷേ പെരുംമഴ കാരണം നിശ്ചയിച്ചദിവസം സ്കൂൾ വാർഷികം നടന്നില്ല. അന്നു സങ്കടം കൊണ്ട് ഉറങ്ങിയില്ല. പക്ഷെ മുത്തശ്ശിമാർക്ക് ആശ്വാസമായി.

**ഏഴാംക്ലാസിൽ തോറ്റ ഒരു വികൃതിച്ചെക്കന് ഇത്രയൊക്കെ സാധിച്ചല്ലോ. ഇംഗ്ലീഷിൽ മാർക്കു കുറവായതിന്റെ പേരിൽ അഡ്മിഷൻ ഉറപ്പില്ലാതിരുന്ന ഒരു സാഹിത്യവിദ്യാർത്ഥിക്ക് കാനഡയിൽ കവിത അവതരിപ്പിക്കാനാവുക. സംസ്കൃതം പഠിച്ചിട്ടില്ലാത്ത ഒരു കഠിനാദ്ധ്വാക്ക് ഭഗവദ്ഗീത തർജമ ചെയ്യാൻ സാധിക്കുക. മഹാഭാഗ്യം.**



A little known Malayalam writer gains recognition in Toronto for his poem based on Canada

# FAME IN THE LAND OF MAPLE TREES

by Chencho Sherin Thomas

*"I came from the land of banyan trees, And, I take back a leaf of a maple tree, From the vibrations of this leaf, Can I hear a familiar rhythm of rise and fall, Similar to those from my ancient scriptures"* wonders P N Vijayan in 'Flying back with a maple leaf' a poem based on Canada. The maple leaf that fell on his shoulder did come back with him to the land of banyan trees, with the recognition and acclaims he received from Canada, for this simple-yet-touching poem.

Vijayan, a Malayalam writer visited his daughter in Canada last July. His one-month stay in Toronto became eventful when he was asked to write a poem about the country while visiting the Toronto Public Library. Impressed by the poem he wrote, the library sent it to the English Department of the Toronto University.

As the poem is an Indian's perspective of the country, many Canadian publications including 'Canadian Immigrant' and 'Stars in our hearts' published it and gave it the publicity it de-

... song far from tune". The lines questioned the rich country's integrity thus gaining attention after publishing.

Vijayan said: "Canada is rich with large buildings, clean streets and expensive cars. What people don't realise is that like any other country, it also has an ugly face and I tried to bring it in my poem".

The poem "Flying back with a maple leaf" is currently enjoying the semi final status in the international poetry competition held in Canada. Vijayan has written three novels, six short ...

... and many others.

However, the poem has garnered him all the attention he ever wanted.

"I have got the chance to recite my poem before the Toronto University Students at the famous Hart House. After the late Kamala Surraiya and Ayyappa Paniker, I am the only Malayalee who has ever presented a poem there. I thank my stars for such a wonderful opportunity," said Vijayan.

*After the late Kamala Surraiyya and Ayyappa Paniker, I am the only Malayalee who has ever presented a poem at Hart House*

ഇന്ത്യൻ എക്സ്പ്രസ്സിൽ പി. എൻ വിജയനെക്കുറിച്ച് വന്ന ഫീച്ചർ

അതേപോലെ മറക്കാൻ പറ്റാത്ത ഒന്നുണ്ട്. കരണത്ത് കിട്ടിയ കനത്ത അടി. അമ്മാത്തെപ്പടിക്കലെ എഴുത്തച്ഛൻ മാഷടെ സ്കൂളിൽ പഠിക്കുമ്പോഴായിരുന്നു അത്. മൂർക്കനാട്ടെ യു.പി സ്കൂളിൽ.

കവിതയും കഥയുമൊക്കെ അവിടെ നിന്നാണ് തുടങ്ങിയത്. ആദ്യത്തെ സർഗാത്മക സാഹിത്യം ഉത്തരക്കടലാസിലായിരുന്നു.

ഏഴാം ക്ളാസിലെ കാൽക്കൊല്ലപ്പരീക്ഷയിൽ. അറിയാത്ത ഒരു ചോദ്യത്തിനു നേരെ ഇങ്ങനെയായിരുന്നു ഉത്തരമെഴുതിയത്.

'അറിയത്തില്ലപ്പനേ അറിയത്തില്ല,
പറയത്തില്ലപ്പനേ പറയത്തില്ല'

ആ രചന ജീവിതം മാറ്റിമറിച്ചു. ഓണപ്പരീക്ഷ കഴിഞ്ഞ് ലീവിന് ഇല്ലത്തു പോയി തിരിച്ചെത്തി. ഉത്തരക്കടലാസ് വാങ്ങാൻ ചെന്ന എന്നെ രാമേട്ടൻ മാഷ് ആവുന്നത്ര ശക്തിയോടെ കരണത്തടിച്ച് ഉത്തരക്കടലാസ് വലിച്ചെറിഞ്ഞു. അദ്ദേഹത്തിന്റെ അപ്പനുവിളിച്ചപോലെ കൊണ്ടിരിക്കണം. അത് ആയിടെ സ്കൂളിലെത്തിയ ഒരു കോട്ടയത്തുകാരൻ കുട്ടിയുടെ സ്ഥിരം പല്ലവിയായിരുന്നു. അത് ഞാനും ഒന്നു പ്രയോഗിച്ചു എന്നു മാത്രം. അതിനപ്പുറത്ത് ആ പ്രയോഗത്തിന് വ്യാപ്തിയുണ്ടെന്നറിഞ്ഞില്ല.

'എടുത്തു നോക്കെടാ എന്ത് തോന്നിവാസാ നീയെഴുതി വെച്ചതെന്ന്!'

എന്നെ ഒരു മറുനാടൻ പോക്കിരിയായി മാത്രം കണ്ട ആളായിരുന്നു ഹെഡ്മാഷ്. അമ്മാത്തുള്ളവർ രാമേട്ടൻ എന്നു വിളിക്കുന്ന ഞങ്ങളുടെ ഒരു ബന്ധു. അദ്ദേഹം എന്നെ പിടിച്ചുകുടയാൻ ഒരു കാരണം തേടി നടക്കുകയായിരുന്നു. എന്റെ പുസ്തകത്തിലെ ചിത്രങ്ങളും കുട്ടിക്കവിതകളും അദ്ദേഹം വെറുപ്പോടെയാണ് നോക്കിയിരുന്നത്. അപ്പോഴാണ് ഉത്തരക്കടലാസിൽ അരുതാത്തത് എഴുതിപ്പോയത്.

ഓർക്കാപ്പുറത്ത് കിട്ടിയ അടിയുടെ ചൂടിൽ ക്ലാസ്മുറിയിൽ മൂത്രമൊഴിച്ചുപോയി. കരണത്തടിച്ചിട്ടും രാമേട്ടൻ മാഷ് തൃപ്തനായില്ല. കാൽക്കൊല്ലപ്പരീക്ഷയിലെ തോന്നിവാസത്തിന് കൊല്ലപ്പരീക്ഷയിൽ എന്നെ തോല്പിച്ചു. അമ്മാത്തെ ഒരു പിറന്നാളിന്ന് ഉണ്ണാൻ വന്ന അയാൾ പൂമുഖത്തിരുന്നുകൊണ്ട് വല്യമ്മാമനോട് പറഞ്ഞത് കേട്ടിട്ടുണ്ട്. ഒരുകൊല്ലം തോറ്റാലേ അവന്റെ കുറുമ്പു കുറയുകയുള്ളു.

ഏതായാലും ഈ രാക്ഷസൻമാഷ് ഭ്രാന്ത് പിടിച്ച് അലഞ്ഞു നടക്കണേ എന്നു ഞാൻ ശപിച്ചു.

# വിനയം പഠിപ്പിച്ച മാഷ്

മൈസൂർ റീജ്യണൽ കോളേജിൽ നിന്ന് ഞങ്ങളെയൊക്കെ യാത്ര യാക്കിയപ്പോൾ കെ. പി. ശങ്കരൻ മാഷിന്റെ അനുഗ്രഹം കൂടെയുണ്ടായിരുന്നു. എന്നാൽ മാഷ് കോളേജിൽ നിന്ന് യാത്രയായത് ഞങ്ങള റിഞ്ഞില്ല. അങ്ങനെയിരിക്കുമ്പോഴാണ് എനിക്ക് ബേംഗ്ലൂർ മലയാളിസമാജത്തിൽ നിന്ന് ഒരു കത്ത്. ഞങ്ങൾ ശങ്കരൻമാഷക്ക് യാത്രയയപ്പു നൽകുന്നു. വിജയൻ വരണം.

ഞാൻ അത്ഭുതപ്പെട്ടു. എനിക്കവിടെ ആരേയും അറിയില്ല. എന്നാലും കെ. പി. ശങ്കരൻ മാഷിന്റെ യാത്രയയപ്പിന് പങ്കെടുക്കാൻ കഴിയുന്നതു വലിയ ഭാഗ്യമായിക്കരുതി ഞാൻ വണ്ടികയറി. അവിടെ എത്തിയപ്പോഴാണ് സംഘാടകരിലൊരാൾ പറഞ്ഞത്:

ശങ്കരൻമാഷ് പറഞ്ഞിട്ടാണ് താങ്കളെ വിളിച്ചത്. ആരെ വിളിക്കണം എന്നു ചോദിച്ചപ്പോൾ, വലിയ കേമന്മാരെയൊന്നും വിളിച്ച് നിങ്ങൾ വിഷമിക്കണ്ട. ഒരു വിഷമവുമില്ലാതെ വരാൻ കഴിയുന്ന ഒരാളുണ്ട്. പി. എൻ. വിജയൻ. അയാളെ വിളിച്ചാൽ മതി.

അന്നാണ് ഞാൻ ശങ്കരൻ മാഷടെ കാൽപ്പാദങ്ങൾ മനസ്സിൽ കണ്ടത്. അദ്ദേഹത്തിന്റെ സ്നേഹവും വാത്സല്യവും കാരുണ്യവും എന്നെ കുറേക്കൂടി വിനയാന്വിതനാക്കിയത്.

വിഷുപ്പതിപ്പിലൂടെ എന്റെ കവിതയും ഏകാങ്കവും മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ വലിയ പേജുകളിൽ എത്തിയെങ്കിലും എന്റെ കഥകൾ പ്രത്യക്ഷപ്പെടുന്നത് വളരെ കഴിഞ്ഞാണ്.

**ശങ്കരൻമാഷ് പറഞ്ഞിട്ടാണ് താങ്കളെ വിളിച്ചത്. ആരെ വിളിക്കണം എന്നു ചോദിച്ചപ്പോൾ, വലിയ കേമന്മാരെയൊന്നും വിളിച്ച് നിങ്ങൾ വിഷമിക്കണ്ട. ഒരു വിഷമവുമില്ലാതെ വരാൻ കഴിയുന്ന ഒരാളുണ്ട്. പി. എൻ. വിജയൻ. അയാളെ വിളിച്ചാൽ മതി.**



പ്രമുഖ നിരൂപകൻ
കെ. പി. ശങ്കരനോടൊപ്പം

അതിനു പാകത്തിലുള്ള ഒരു പശ്ചാത്തലം ഉണ്ടാക്കിയതും മാഷുതന്നെയാണ്. കോളേജിൽവെച്ച് എഴുതിയ ഒരു അസൈൻമെന്റ് ഞാൻ കുറേക്കൂടി പരിശ്രമിച്ച് ഒരു ലേഖനമാക്കി മാഷെ കാണിച്ചു. മാഷക്ക് അതിഷ്ടപ്പെട്ടു. അതു മാഷുതന്നെ തിരുത്തലുകൾ വരുത്തി മാതൃഭൂമിക്ക് അയച്ചു.

അത് എമിലി ഡിക്കിൻസന്റെ കവിതകളെക്കുറിച്ച് എന്റെ ചില തോന്നലുകളായിരുന്നു. അങ്ങനെയൊന്ന് മലയാളത്തിൽ ആദ്യമായിരുന്നു. പക്ഷെ അങ്ങനെയൊരു ലേഖനത്തിന്റെ പ്രസക്തി മാതൃഭൂമിക്ക് ബോദ്ധ്യമായില്ല. കെ.സി. നാരായണൻ അത് എനിക്ക് തിരിച്ചയച്ചു. പക്ഷെ അദ്ദേഹത്തിന്റെ മനസ്സിൽ പി. എൻ. വിജയൻ എന്ന പേര് പതിഞ്ഞിരിക്കണം. അതുകൊണ്ടായിരിക്കാം പിറകെ ഞാനയച്ച എന്റെ ആദ്യകഥ അദ്ദേഹം സ്വീകരിച്ചത്.

ഏഴാം ക്ളാസിലെ തോൽവിയെക്കുറിച്ച് ഒന്നും ചോദിക്കാതെ ടി.സി വാങ്ങി അച്ഛൻ നാട്ടിലേയ്ക്കു തന്നെ പറിച്ചുനട്ടു. പിന്നെ വികൃതിയായി തുടർന്നില്ല. തോൽവി അറിഞ്ഞതുമില്ല. അതൊരു ഗുണമായി കണ്ടവരിൽ അമ്മയും ഉണ്ടായിരുന്നു.

അങ്ങനെ തൃക്കലങ്ങോട് മാനവേദൻ സ്കൂളിലെത്തി. അവിടെ ഏഴിൽ (13 വയസ്സ്) പഠിക്കുമ്പോഴാണ് ആദ്യ കവിത ഘടികാരം ദേശാഭിമാനി വാരാന്തപ്പതിപ്പിൽ പ്രസിദ്ധീകരിച്ചത്. ചില കൂട്ടുകാർ എന്നെക്കാണുമ്പോൾ 'ടിക്ക് ടിക്ക് ടിക്ക് ടിക്ക്' എന്ന് പറയാൻ തുടങ്ങി. ഘടികാരം എന്ന പൊട്ടക്കവിതയുടെ തുടക്കം അങ്ങനെയായിരുന്നു.

മഞ്ചേരി എൻ എസ് എസ് കോളേജിലെ പ്രീഡിഗ്രി കാലത്താണ് കവിത വളർന്നത്. എഴുതിയതെല്ലാം മാതൃഭൂമിയിലേക്ക് അയക്കും. ചിലതെല്ലാം ബാലപംക്തിയിൽ വരാൻ തുടങ്ങി. ഒരു കവിതക്ക് മൂന്നാംസമ്മാനം കിട്ടി. സമ്മാനം നൽകാൻ ബാലപംക്തിയുടെ കുട്ടേട്ടനായ കുഞ്ഞുണ്ണി മാഷ് കോഴിക്കോട്ടേയ്ക്കു വിളിച്ചു. അതു അയച്ചുതന്നാൽ മതി എന്നു മാഷോട് പറഞ്ഞു. അന്ന് ഒറ്റയ്ക്കു കോഴിക്കോട്ടു പോവാനോ അതിന്നുള്ള കാശ് അച്ഛനോടു ചോദിക്കാനോ ധൈര്യമുണ്ടായില്ല. സമ്മാനമായി വന്നത് കുറേ കവിതാപുസ്തകങ്ങൾ. അങ്ങനെയാണ് ഇടശ്ശേരിയേയും വൈലോപ്പിള്ളിയേയും പരിചയപ്പെട്ടത്.

പ്രീഡിഗ്രി കഴിഞ്ഞപ്പോൾ ഒരു ദിശാബോധവും ഉണ്ടായിരുന്നില്ല. അച്ഛനാണ് എന്നെ ബാച്ചിലർ

**ഇവൻ പഠിച്ചോളും. മലയാളത്തിൽ എഴുപത്തി രണ്ടുമാർക്കുണ്ട്. മാതൃഭാഷയിൽ അടിത്തറയുണ്ടെങ്കിൽ രക്ഷപ്പെടും. ഇംഗ്ലീഷ് ഡിപ്പാർട്ട്മെൻറ് തലവൻ ഡോ. യു.ആർ. അനന്തമൂത്തിയായിരുന്നു ആ പറഞ്ഞത്**



കോഴ്സ് ഇൻ ആർട്ട് ആൻഡ് എഡ്യുക്കേഷൻ എന്ന നാലുവർഷത്തെ അദ്ധ്യാപക കോഴ്സിന് മൈസൂരിലെ റീജനൽ കോളേജിൽ പറഞ്ഞുവിട്ടത്. അച്ഛന്റെ സുഹൃത്തിന്റെ മകൻ അവിടെ അദ്ധ്യാപകനായിരുന്നു. ബി.ജി.വർമ്മ. പക്ഷേ ഇന്റർവ്യൂ ഉണ്ട്. അത് ഇംഗ്ളീഷിലാണ്. അതിനു ചേരുന്ന കുട്ടിക്ക് ഇംഗ്ളീഷ് പറയാനറിയില്ല. ഉത്തരമില്ലാതെ പരുങ്ങിയപ്പോൾ പ്രിൻസിപ്പൽ എ. ചാരി എന്റെ ഇംഗ്ലീഷ് മാർക്കു കണ്ട് പരിഹാസത്തോടെ ചോദിച്ചു.

'ഈ നാല്പത്തിരണ്ടു മാർക്കും കൊണ്ടാണോ ഇംഗ്ലീഷ് സാഹിത്യം പഠിക്കാൻ വന്നിരിക്കുന്നത്?'

ഞാൻ തലതാഴ്ത്തി. ഇവിടെയും പരാജയപ്പെടുമോ? പണ്ട് രാമേട്ടൻമാഷെ ശപിച്ചതിന്റെ ശിക്ഷയാവുമോ? പക്ഷേ, തൊട്ടടുത്തിരുന്ന ഒരു സുമുഖൻ രക്ഷയ്ക്കെത്തി.

'ഇല്ല മേഡം, ഇവൻ പഠിച്ചോളും. ഇവന് മലയാളത്തിൽ എഴുപത്തി രണ്ടുമാർക്കുണ്ട്. മാതൃഭാഷയിൽ അടിത്തറയുണ്ടെങ്കിൽ രക്ഷപ്പെടും.'

ഇംഗ്ലീഷ് ഡിപ്പാർട്ട്മെൻറ് തലവൻ ഡോ. യു. ആർ. അനന്തമൂത്തിയായിരുന്നു ആ പറഞ്ഞത് . അദ്ദേഹം പ്രശസ്ത കന്നട സാഹിത്യകാരനാണെന്നറിഞ്ഞത് പിന്നീടാണ്. ജ്ഞാനപീഠം കിട്ടിയ വലിയ സാഹിത്യകാരൻ. പിൽക്കാലത്ത് കോട്ടയത്ത് എം. ജി സർവകലാശാലയിൽ അദ്ദേഹം വൈസ് ചാൻസലറുമായി. അദ്ദേഹത്തിന്റെ ദയകൊണ്ട് വേറൊന്നു കൂടി ലഭിച്ചു. കേന്ദ്രഗവൺമെന്റിന്റെ സ്റ്റൈപ്പന്റ്. അതു കാരണം നാലുവർഷം അല്ല

**കഥാസമാഹാരങ്ങൾ:** ഭാരതപ്പുഷ, ശ്വാസകോശത്തിൽ ഒരു ശലഭം, കഥായനം, ഡൽഹൗസിസ്ക്വയർ മുതൽ ആണ്ടിപ്പട്ടി വരെ, സിന്ദൂരപ്പൊട്ടുതൊട്ട അതിഥി, മറ്റൊരിടത്തു വീണ്ടും, തെരഞ്ഞെടുത്ത കഥകൾ, സ്കൂൾ കോൺവെന്റ് കഥകൾ.
**കവിതാ സമാഹാരങ്ങൾ:** കവിതായനം, ഭാരതീയം.
**നോവലുകൾ:** തർപ്പണം, ഇനി മടങ്ങാം, പന്ത് ഉരുളുകയാണ്.
**നോവലെറ്റ്:** അനാഥം,വനപർവ്വം
**വിവർത്തനം:** സന്തുഷ്ട നിഴലുകളുടെ നടനം, ഭഗവദ്ഗീത (മലയാളം, ഇംഗ്ലിഷ് ) നങ്ങേമക്കുട്ടി (ഇംഗ്ലീഷ്)

ലില്ലാത്ത ജീവിതം. അവിടത്തെ മാനസഗംഗോത്രിയാണ് എന്നെ അദ്ധ്യാപകനും എഴുത്തുകാരനുമാക്കിയത്. എന്റെ മലയാളവും ഇംഗ്ലീഷും ഹിന്ദിയും തമിഴും നന്നാക്കിയെടുത്തതും നാലു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ സൗഹൃദങ്ങളിലേയ്ക്കു നടത്തിയതും.

നാലു കൊല്ലവും കോളേജ് മത്സരങ്ങളിൽ കവിതക്ക് എനിക്കായിരുന്നു സമ്മാനം. മലയാളത്തിൽ ഒന്നാം സമ്മാനമാണെങ്കിൽ ഇംഗ്ലീഷിൽ രണ്ടാം സമ്മാനവും ഹിന്ദിയിൽ മൂന്നാം സമ്മാനവും. ഡോക്ടർ രാജീവ് താരാനാഥും ഡോ. അനന്തമൂർത്തിയും ഡോ. ബൈറപ്പയും ഡോ. പ്രഫുൽ എൻ. ഡവേയും ഡോ. ബറുവയും ഡോ. രഘുനാഥും കാമ്പസ്സിലെ എഴുത്തുകാരായിരുന്നു. അവർക്കൊപ്പം ഡോക്ടറേറ്റ് ഇല്ലാത്ത മലയാളത്തിലെ പ്രമുഖ നിരൂപകൻ കെ.പി. ശങ്കരനും. ആ ഡോക്ടർമാരുടെ നടുവിൽ എനിക്ക് രോഗം കലശലായി. എഴുത്തായിരുന്നു രോഗം.

ആയിടക്കാണ് മാതൃഭൂമി വിഷുപ്പതിപ്പ് സാഹിത്യ മത്സരങ്ങൾ തുടങ്ങിയത്. തട്ടിക്കൂട്ടിയ ഒരു കവിതയും ഏകാങ്കവും ആരേയും അറിയിക്കാതെ അയച്ചു. കൂട്ടുകാരോടും പ്രിയപ്പെട്ട മാഷായ കെ.പി ശങ്കരനോടു പോലും പറഞ്ഞില്ല. 1973 ൽ അവസാന പരീക്ഷക്കിടയിലാണ് വിഷുപ്പതിപ്പ് ഇറങ്ങിയത്. ശങ്കരൻ മാഷാണ് എന്നെ വിളിച്ച് വിവരം പറഞ്ഞത്. വിഷുപ്പതിപ്പിൽ വിജയന് രണ്ടു സമ്മാനമുണ്ട്. ഏകാങ്കത്തിന് ഒന്നാം സമ്മാനം, കവിതക്ക് മൂന്നാം സമ്മാനം.

മൈസൂർ വാസം കഴിഞ്ഞ് ഡിഗ്രിയും ബിഎഡുമായി പുറത്തിറങ്ങി. പിന്നെ അലച്ചിലായിരുന്നു. മദ്രാസിലെ പുനമല്ലി ഹൈറോഡിലൂടെ. ഷേണായ് നഗറിലെ തെരുവുകളിലൂടെ. മദ്രാസിലെ സെന്റ് ജോർജസ് ആംഗ്ലോ ഇന്ത്യൻ സ്കൂളിലായിരുന്നു ആദ്യജോലി. ഹോസ്റ്റൽ വാർഡൻ കൂടിയായിരുന്ന എനിക്ക് അവിടത്തെ മിടുക്കന്മാരെ



*മുൻചീഫ് സെക്രട്ടറി ജിജി തോംസൻ വീട്ടിലെത്തി സ്വന്തം പുസ്തകം സമ്മാനിച്ചപ്പോൾ*



*മൈസൂർ റീജ്യണൽ കോളേജിൽ*

## നെഞ്ചിൽത്തൊട്ട വാക്കുകൾ

❑‘ഇതാണാ വിഷുപ്പതിപ്പിലെ ഞങ്ങടെ കുട്ടി’ - കരിക്കാട് എൽ.പി.സ്കൂളിലെ ഹെഡ്മാഷായ കെ.ആർ.കെ എന്നെ ചെറുകാടിനു പരിചയപ്പെടുത്തിയത്.

❑‘രണ്ടുസമ്മാനം നേടിയ എന്റെ സ്റ്റുഡന്റ് ’– കെ. പി.ശങ്കരൻമാഷ് എന്നെ എൻ.എൻ. കക്കാടിന് പരിചയപ്പെടുത്തിയത്.

❑ഒരു പുസ്തക പ്രകാശനച്ചടങ്ങിൽ എൻ.പി. മുഹമ്മദ് എന്റെ ഒരുകഥയെ ചെക്കോവിന്റെ ഒരുകഥയായി താരതമ്യം ചെയ്തത്

❑തർക്കവിഷയമായ എന്റെ ഒരു കമ്യൂണിസ്റ്റുകഥ പ്രസിദ്ധീകരിക്കാൻ ഈ.എം.എസ് നമ്പൂതിരിപ്പാട് സന്തോഷം പ്രകടിപ്പിച്ചത്.

❑അതേ കഥ ‘ഭാരതീയ കഹാനിയാം’ എന്ന ജ്ഞാന പീഠക്കമ്മിറ്റിയുടെ 1986 ലെ കഥാസമാഹാരത്തിലേയ്ക്കു തെരഞ്ഞെടുക്കപ്പെട്ടത്.

❑‘സ്വപ്നം കണ്ടുകൊണ്ട് ഒരു മുത്തശ്ശി പ്രതിമ’ എന്ന കഥ, ആ വർഷത്തെ ഏറ്റവും മികച്ച പത്തു കഥകളിൽ ഒന്നാണെന്ന് ഡോ. സി.പി.ശിവദാസൻ ‘മാതൃഭൂമി’യുടെ വാർഷിക കഥാവലോകനത്തിൽ എഴുതിയത്.

❑ഇരുപത്തഞ്ചു കൊല്ലത്തിന്നുശേഷം വിഷുപ്പതിപ്പു കവിതയിലെ എന്റെ നാലുവരി പാടിക്കൊണ്ട് കഥാകൃത്ത് യു.പി. ജയരാജ് തൃശ്ശിനാപ്പിള്ളി റെയിൽവേ സ്റ്റേഷനിൽ വെച്ച് കെട്ടിപ്പിടിച്ചത്.

❑‘മാവിന്റെ കാലാവധി’യെപ്പറ്റി സാഹിത്യവാരഫലത്തിൽ പ്രൊഫ.എം.കൃഷ്ണൻ നായർ എഴുതിയത്.

❑‘ഭാരതപ്പുഷ’ എഴുതിയ പി.എൻ.വിജയന്റെ കഥകൾ മോശമാവില്ലെന്നു കരുതുന്നു എന്ന് ഒരു കാർഡിൽ ടി. പത്മനാഭൻ എഴുതി അറിയിച്ചത്.

## പുരസ്കാരങ്ങൾ

1. വിഷുപ്പതിപ്പ് സമ്മാനങ്ങൾ 1973 (ഏകാങ്കവും കവിതയും)
2. ചന്ദ്രികാ നോവൽ അവാർഡ്
3. യോഗക്ഷേമം സംസ്ഥാനകഥാഅവാർഡ്
4. ചെറുകാട് ട്രസ്റ്റ് കവിതാ സമ്മാനം
5. കഥാരംഗം അവാർഡ് (ബേംഗ്ലൂർ മലയാളി സമാജം)
6. കവിതാ അവാർഡ് ( മതിരാശി കേരളസമാജം)
7. കെ.സി.സി. സാഹിത്യപുരസ്കാരം (കോയമ്പത്തൂർ)
8. തകിതാഅവാർഡ് (ഊട്ടി തമിഴ് ഇലക്കിയ സംഘം)

പി. എൻ വിജയന്റെ ഇംഗ്ളീഷ് കവിതയ്ക്ക് വിദേശങ്ങളിൽ ലഭിച്ച അംഗീകാരത്തെക്കുറിച്ച് മാതൃഭൂമിയിൽ വന്ന വാർത്ത



**മലയാളിയുടെ ഇംഗ്ലീഷ് കവിതയ്ക്ക് വിദേശ അംഗീകാരം**

**മഞ്ചേരി:** കവിയും കഥാകൃത്തും നോവലിസ്റ്റുമായ പി.എൻ. വിജയന്റെ 'ഫ്ലയിങ് ബാക്ക് വിത്ത് എ മേപ്പിൾ ലീഫ്' എന്ന കവിതയ്ക്ക് വിദേശ അംഗീകാരം. 'വേൾഡ് പോയട്രി മൂവ്മെൻറ്' ഇറക്കിയ 'സ്റ്റാഴ്സ് ഇൻ ഔവർ ഹാർട്ട്സ്' എന്ന വാർഷിക കവിതാ സമാഹാരത്തിൽ ഇടംനേടിക്കൊണ്ടാണ് ഈ കവിത ശ്രദ്ധേയമായത്.

കൂടാതെ 'കനേഡിയൻ ഇമിഗ്രൻറ്' എന്ന മാസിക ഈ കവിത പ്രസിദ്ധീകരിക്കുകയും ടൊറൻറോ പബ്ലിക് ലൈബ്രറിയിൽ പ്രദർശിപ്പിക്കുകയുമുണ്ടായി. ടൊറൻേറാ യൂണിവേഴ്സിറ്റി, വിക്ടോറിയ, ഹാർട്ട് ഹൗസ് ഓഡിറ്റോറിയം, കാനഡയിലെ ഹംബർ കോളേജ്, ടൊറൻേറായിലെ പൂർവവിദ്യാർഥിസംഗമം എന്നിവിടങ്ങളിൽ വിജയൻ ഈ കവിത അവതരിപ്പിക്കുകയും ചെയ്യു.

മഞ്ചേരി സ്വദേശിയായ പി.എൻ. വിജയൻ '80-കളിൽ 'മാതൃഭൂമി' ആഴ്ചപ്പതിപ്പിലൂടെ ശ്രദ്ധേയനായ എഴുത്തുകാരനാണ്.

പി.എൻ. വിജയൻ

ഞാനറിയാതെ അച്ഛൻ ഒരപേക്ഷ പൂരിപ്പിച്ചയച്ചിരുന്നു. റെയിൽവേ സ്കൂൾ അദ്ധ്യാപകന്റെ നിയമനത്തിന്. ഭാഗ്യത്തിന് അതു കിട്ടി. അങ്ങനെയാണ് റെയിൽവേക്കാരനായത്. പിന്നത്തെ യാത്രകൾ നിയന്ത്രിച്ചത് റെയിൽവേ സ്കൂളുകളായിരുന്നു.

*കഥാകൃത്ത് വി. ആർ സുധീഷിനൊപ്പം ഒരു പുസ്തക പ്രകാശന ചടങ്ങിൽ*



കൈകാര്യം ചെയ്യാൻ കഴിഞ്ഞില്ല. അവർ എറിഞ്ഞു പൊട്ടിച്ച ബൾബും ട്യൂബ് ലൈറ്റും എന്റെ ശമ്പളം കത്തിച്ചു. ആറാം മാസത്തിൽ ജോലി ഉപേക്ഷിച്ചു തിരിച്ചെത്തി.

അതിനിടയിലാണ് മാതൃഭൂമിയിൽ നിന്ന് എം.ടി.യുടെ കത്ത്. വിഷുപ്പതിപ്പിലെ സമ്മാനത്തുക കൈപ്പറ്റാൻ കോഴിക്കോട്ടേക്കു വരിക. തുക മുന്നൂറു രൂപ. അതു കൈപ്പറ്റാൻ മദ്രാസിൽ നിന്ന് കോഴിക്കോട്ടു പോയി വരാൻ അന്ന് ചുരുങ്ങിയത് 200 രൂപയെങ്കിലും വേണം. ലീവും കിട്ടില്ല, സമ്മാനത്തുക അയച്ചു തന്നാൽ മതി എന്ന് വിനയത്തോടെ മറുപടി എഴുതി.

ഒരാഴ്ച കഴിഞ്ഞപ്പോൾ വന്നത് ഒരു ക്രോസ് ചെയ്ത ചെക്ക്. അന്ന് ബേങ്ക് എക്കൗണ്ട് ഇല്ല. ചെക്ക് മാറാനുള്ള വിദ്യയും അറിയില്ല. ഏതായാലും അവിടെനിന്നു യാത്ര പറയുമ്പോൾ ഒരു മാസത്തെ ശമ്പളക്കവറും മാറാത്ത ഒരു ചെക്കും മാത്രം. രണ്ടിലും ഏകദേശം ഒരേ അക്കം. പക്ഷേ രണ്ടിന്റെയും മൂല്യം പിന്നെയാണ് തിരിച്ചറിഞ്ഞത്. സമ്മാനത്തുകയുടെ ചെക്ക് അച്ഛനെ ഏൽപ്പിച്ചു. ശമ്പളക്കവർ അമ്മയേയും. ആദ്യമായി അവർക്കു കൊടുത്ത എന്റെ സമ്പാദ്യം. അമ്മ കാശ് തിരിച്ചു തന്ന് വെച്ചോളൂ, ആവശ്യം വരും എന്നു പറഞ്ഞു.

അതിനിടെ ഞാനറിയാതെ അച്ഛൻ ഒരപേക്ഷ പൂരിപ്പിച്ചയച്ചിരുന്നു. റെയിൽവേ സ്കൂൾ അദ്ധ്യാപകന്റെ നിയമനത്തിന്. ഭാഗ്യത്തിന് അതു കിട്ടി. അങ്ങനെയാണ് റെയിൽവേക്കാരനായത്. പിന്നത്തെ യാത്രകൾ നിയന്ത്രിച്ചത് റെയിൽവേ സ്കൂളുകളായിരുന്നു.

എഴുതിയെഴുതി എഴുപതു കഴിഞ്ഞു. എഴുപതാം പിറന്നാളിന് പുറത്തിറങ്ങിയ ഒരു കഥാപുസ്തകത്തിൽ വീണ്ടും എം.ടി.യുടെ വാക്കുകൾ എന്നെ ഉണർത്തി. അദ്ദേഹം എഴുതി അയച്ചത് പോസ്റ്റൽ ഡിപ്പാർട്ടുമെൻറ് കൊണ്ടു പോയപ്പോൾ ഫോണിലൂടെ പറഞ്ഞതാണ് പിന്നെ പകർത്തിയത്:

'ഈ വിജയൻ എന്ന എഴുത്തുകാരനെ അധികം കണ്ടിട്ടില്ലെങ്കിലും അദ്ദേഹത്തിന്റെ ചില കഥകൾ വായിച്ചപ്പോൾ വളരെ അടുത്തു പരിചയമുള്ളതു പോലെ തോന്നി....'

'ഭാരതപ്പുഴ' എന്ന കഥയെപ്പറ്റി കോവിലനും ടി. പത്മനാഭനും ഒ.വി.വിജയനും ആഷാമേനോനും അഷ്ടമൂർത്തിയും നല്ലഅഭിപ്രായങ്ങൾ പറഞ്ഞപ്പോഴും ശങ്കരൻമാഷും പി. സുരേന്ദ്രനും അതു ക്ലാസുമുറികളിൽ ഉദാഹരണമാക്കിയെന്ന് പറഞ്ഞു കേട്ടപ്പോഴും സന്തോഷിച്ചു. കൊച്ചു കൊച്ചു സന്തോഷങ്ങൾ.

കഥകളും നോവലുകളും കവിതകളും ലേഖനങ്ങളും അച്ചടിച്ചുവന്നപ്പോഴും സന്തോഷിച്ചു. ചെറിയ അംഗീകാരങ്ങളും പുരസ്കാരങ്ങളും കിട്ടിയപ്പോഴും സന്തോഷം തന്നെ. എന്റെ കഥകൾക്കു കന്നടയിലും ഹിന്ദിയിലും തർജമകൾ വന്നപ്പോഴും അവ മറുനാടുകളിൽ പുസതകങ്ങളായപ്പോഴും സന്തോഷമുണ്ടായി. കാനഡാ യാത്രയിലെഴുതിയ ഒരു ഇംഗ്ലീഷ് കവിത ടൊറോൺടൊ ലൈബ്രറിയിൽ പ്രദർശിപ്പിക്കപ്പെട്ടപ്പോഴും പിറകെ അത് കാനഡയിലെ ഒരു മാസികയിലും അമേരിക്കയിലെ ഒരു സമാഹാരത്തിലും വന്നപ്പോഴും അത്ഭുതം നിറഞ്ഞ സന്തോഷം തന്നെ.

പതിനഞ്ചു വർഷമായി കഥയെഴുതുന്നതു വല്ലപ്പോഴുമാണ്. കൊല്ലത്തിൽ ഒന്നോ രണ്ടോ പറ്റിയാലായി. തർജമകളാണ് പിന്നെ രക്ഷിച്ചത്. ആലീസ് മൺറൊ എന്ന നൊബേൽ ജേതാവിന്റെ കൃതി മലയാളത്തിലേയ്ക്കു മൊഴിമാറ്റി. ഡി.സി. ബുക്സിനു വേണ്ടിയാണ് അതു ചെയ്തത് എന്നതിൽ അഭിമാനമുണ്ട്. എന്നാൽ മൂന്നു പതിപ്പുകളും വിറ്റുതീർന്ന എന്റെ ഭഗവദ്ഗീതാ തർജമയാണ് ഏറ്റവും വലിയ സംതൃപ്തി. അതിൽ എന്റെ സംഭാവന തുച്ഛമാണെങ്കിലും അതിലെ ലാളിത്യം പലർക്കും ഇഷ്ടപ്പെട്ടു.

ഏഴാം ക്ലാസിൽ തോറ്റ ഒരു വികൃതിച്ചെക്കന് ഇത്രയൊക്കെ സാധിച്ചല്ലോ ഇംഗ്ലീഷിൽ മാർക്കു കുറവായതിന്റെ പേരിൽ അഡ്മിഷൻ ഉറപ്പില്ലാതിരുന്ന ഒരു സാഹിത്യ വിദ്യാർത്ഥിക്ക് കാനഡയിൽ കവിത അവതരിപ്പിക്കാനും സംസ്കൃതം പഠിച്ചിട്ടില്ലാത്ത ഒരു കഠിനാദ്ധ്വാനിക്ക് ഭഗവദ്ഗീത തർജമ ചെയ്യാനും സാധിച്ചതുതന്നെ മഹാഭാഗ്യം.

സ്കൂൾ വാർഷികങ്ങളിൽ അവതരിപ്പിക്കാൻ വേണ്ടി എഴുതിയ ഇരുപതു ഇംഗ്ലീഷ് ഏകാങ്കങ്ങളും റെയിൽവേ വാരാഘോഷത്തിന്നു വേണ്ടി എഴുതിയ മൂന്നു ഹിന്ദി നാടകങ്ങളും പിന്നെ സാധാരണക്കാർ മുതൽ കേമന്മാർ വരെയുള്ളവർക്കു വേണ്ടി നാലുഭാഷകളിലെഴുതിയ നൂറ്റി അറുപതിലേറെ വരുന്ന മംഗളപത്രങ്ങളും ഉണ്ട്. അങ്ങനെയൊന്നിന്റെ ഊഷ്മളതയിൽ നിന്ന് പത്മശ്രീ ഗോപി ആശാൻ ഫോണിൽ വിളിച്ച് എന്റെ സപ്തതിക്ക് ആശംസ അറിയിച്ചത് അപ്രതീക്ഷിതമായ ഒരു പിറന്നാൾ സമ്മാനമാണ്. ●


പി. എൻ വിജയൻ,പുളിക്കത്തൊടി മന,
കരിക്കാട്, പി.ഒ: തൃക്കലങ്ങോട്,
വഴി: മഞ്ചേരി, പിൻ:676123, മലപ്പുറം ജില്ല
മൊബൈൽ: 9496304123

# ശതാഭിഷേകത്തിന്റെ നിറവിൽ

(2022 മിഥുനം 25 ന് അനിഴം ജൂലായ് 10 ന് ഞായറാഴ്ച)



**നാരായണൻ നമ്പൂതിരി കെ.ടി.പി.**
കടിക്കാവിൽ താഴത്തില്ലത്ത് പാലോന്നം
മഹിമ, മട്ടന്നൂർ: 670702
മൊബൈൽ: 9946560029

1961ൽ അദ്ധ്യാപകനായി തില്ലങ്കേരിയിൽ സേവനമാരംഭിച്ചു. തുടർന്ന് മുഴക്കുന്ന് തില്ലങ്കേരി എന്നിവിടങ്ങളിലും അദ്ധ്യാപകനായി. 1963ൽ കേന്ദ്രഭരണ പ്രദേശങ്ങളിലേക്കുള്ള റിക്രൂട്ട്മെൻറ് വഴി ലക്ഷദ്വീപിൽ തലസ്ഥാനമായ കവറത്തിയിലെത്തി. അഗത്തി, കിൽത്തൻ എന്നീ ദ്വീപുകളിലെ സേവനത്തിനു ശേഷം 2001ൽ റിട്ടയർ ചെയ്യുന്നതു വരെ അമേനി ദ്വീപ് ഹൈസ്കൂളിലെ ഹിന്ദി അദ്ധാപകൻ. മട്ടന്നൂർ കണ്ടോത്തില്ലത്ത് ചന്ദ്രിക അന്തർജ്ജനമാണ് പത്നി. നവേദ് നാരായൺ (VP Robert Bosch), കോഴിക്കോട് ഗവ. മെഡിക്കൽ കോളേജിൽ സൈക്യാട്രി വിഭാഗത്തിലെ ഡോ. ദയാൽ നാരായൺ എന്നിവർ മക്കൾ. 2022 ജൂലായ് 10, 1197 മിഥുനം 25ന് അനിഴം നക്ഷത്രത്തിൽ 84ാം പിറന്നാൾ ആഘോഷിച്ച വേളയിൽ ശ്രീജിത്ത് നമ്പൂതിരി പാലോന്നം എഴുതിയ മംഗളശ്ലോകം. ●



**ശ്രീജിത്ത് നമ്പൂതിരി പാലോന്നം**
മൃദംഗശൈലം, മുഴക്കുന്ന്
മൊബൈൽ: 9446184596

ചേർക്കാം, ആനന്ദബാഷ്പം വഴിയുമഴകെഴും
പൂക്കൾ തൻ തേൻമരന്ദം,
കോർക്കാം ചെത്തെച്ചിയും കൂവളദളമിയലും
ഹാരവും പാർവതീശാ...
പാർക്കാം നിൻ ദാസനായി, തിരുസവിധമിരു-
ന്നോതിടാം നാമമന്ത്രം,
നൽകേണേ നൽവരങ്ങൾ 'മഹിമ'യിലമരും
സോദരന്നായ് ദയാലോ...!

ആരോഗ്യത്തോടെയെന്നും 'മഹിമ'യിൽ മരുവാൻ
ശ്രീ കടിക്കാവിലപ്പൻ
പാലിയ്ക്കാനെൻ മനസ്സിൻ വനികയിലിവനും
പ്രാർത്ഥനപ്പൂക്കൾ ചേർക്കാം...
സ്നേഹത്തിൻ ചന്ദ്രികപ്പാൽക്കുടമതിൽ നിറയെ
മംഗളാശംസ തീർക്കാം
പ്രാർത്ഥിക്കാം ഞാനുമിന്നീയസുലഭ സുദിനം
ഭംഗിയാക്കിത്തരാനായ്...

കൈലാസാദ്രിയ്ക്കു മേലെ, ഹിമഗിരിസുതയും,
സ്കന്ദ-വിഘ്നേശരോടും,
കൂടിച്ചേർന്നുല്ലസിയ്ക്കും പരമശിവനുതു-
ല്യം വസിച്ചീടുവാനായ്,
കൈകൾ കൂപ്പിസ്തുതിയ്ക്കാം, തിരുജടനിറയെ,
ധാരയും ചെയ്തിടാം ഞാൻ,
കാരുണ്യാബ്ധേ കടാക്ഷം ചൊരിയുകയിവരിൽ
മംഗളങ്ങൾ നിറയ്ക്കാൻ...

സംസാരസ്സാഗരത്തിൻ ചുഴികളിലുഴറാ-
തുല്ലസിച്ചീടുവാനും,
സല്ലാപങ്ങൾ നിറച്ചീടുലകിൽ മുഴുവനും
സഞ്ചരിച്ചീടുവാനും,
സന്മാർഗ്ഗേ നീങ്ങുവാനും, ഹരിയുടെ ചരിതം
ഹൃത്തിലായ് കാണുവാനും,
സാധിയ്ക്കാനായ് തൊഴുന്നേൻ, കരുണചൊരിയണേ
ശ്രീ കടിക്കാവിലപ്പാ....

കാരുണ്യത്തിന്റെ ഗംഗാനദിയിവിടെയൊഴു-
ക്കീടുവാൻ കൈതൊഴുന്നേൻ,
ആരോഗ്യം നൽകിടാനായ് ഗുരുപവനപുരാ
ധീശനെക്കൂപ്പിടുന്നേൻ
സന്തോഷപ്പാൽക്കടൽതൻ അലയിലൊഴുകിടാൻ
പദ്മനാഭാ വണങ്ങാം,
സേവിപ്പാൻ ഭാഗ്യമേകാൻ വരമരുളിടണേ
കൊട്ടിയൂർ ശ്രീ മഹേശാ... ●

# സ്വർഗ്ഗത്തിൽ വിളമ്പാൻ പോയ ദിവാൻ



ഉദയൻ നമ്പൂതിരിപ്പാട്



കിഴക്കേടത്തു ദിവാകരൻ നമ്പൂതിരിപ്പാട് എന്ന പന്തിവിചാരിപ്പുകാരൻ സ്വർഗ്ഗത്തിൽ വിളമ്പാൻ പോയിട്ട് വർഷം അഞ്ചു കഴിഞ്ഞു. സാധാരണ എവിടെപ്പോയാലും അടുത്ത സദ്യയാവുമ്പോഴേക്ക് എത്താറുണ്ട് ഷൊർണ്ണൂരുകാരുടെ ഈ ദിവാൻ. ഇതിപ്പോൾ സ്വർഗ്ഗത്തിൽ ആയതുകൊണ്ട് അവിടെത്തന്നെ കഴിഞ്ഞോട്ടെ. ഇവിടെ പകരക്കാരൻ ഇല്ലെന്നല്ലേയുള്ളൂ. അതു സാരമില്ല.

ഷൊറണൂറിനടുത്തു കുളപ്പുള്ളിയിൽ 'തത്ത്വമസി' എന്നൊരു ഓഡിറ്റോറിയം ഉണ്ട്. അവിടത്തെ ഭക്ഷണശാല, അവിടെ പോയ പലരും ശ്രദ്ധിച്ചിരിക്കും. കിഴക്കേടത്തു ദിവാകരൻ നമ്പൂതിരിപ്പാട് സ്മാരക ഹാൾ. എന്ന് അവിടെ എഴുതി വെച്ചിരിക്കുന്നു. കുടുംബമോ കുട്ടികളോ ഒന്നുമില്ലാത്ത ഒരാളുടെ പേരിൽ ഒരു ഡൈനിങ്ങ് ഹാൾ.

ഒരു ഡൈനിങ്ങ് ഹാളിനു പേരിടാൻ മാത്രം പ്രശസ്തനായ ഈ വ്യക്തി ആരായിരുന്നു. അറിയപ്പെടുന്ന പൊതുപ്രവർത്തകനോ, പണക്കാരനോ , കലാകാരനോ, എഴുത്തുകാരനോ, വേദപണ്ഡിതനോ ഒന്നും ആയിരുന്നില്ല. പക്ഷേ, അറിയുന്ന ആർക്കും അദ്ദേഹത്തിന്റെ മഹത്വത്തെ കുറിച്ച് സംശയം ഉണ്ടാവില്ല. അറിയാത്തവർക്കായി പറയാം.

സാധാരണക്കാരനായി ജീവിച്ച് കർമ്മം കൊണ്ട് വ്യത്യസ്തനായ ഒരാൾ. പരിചയപ്പെട്ട എല്ലാവരാലും ഓർമ്മിക്കപ്പെടുന്ന ഒരാൾ. മറ്റുള്ളവർക്കായി ജീവിച്ച ഒരു നിഷ്കാമ കർമ്മയോഗി. അതുകൊണ്ടാണല്ലൊ അദ്ദേഹം മരിച്ചപ്പോൾ മാതൃഭൂമി പോലും വലിയ കവറേജ് നൽകിയത്. ആദ്യവസാനത്തിന്റെ ദിവാൻ എന്ന തലക്കെട്ടോടെയാണ് മാതൃഭൂമിയിൽ വാർത്ത വന്നത്. ഈവന്റ് മാനേജ്മെൻറ് എന്നൊരു പദം പോലും കേൾക്കാത്ത കാലത്തെ എല്ലാം തികഞ്ഞ ഒരു മാനേജരായിരുന്നു. എന്റെ വലിയച്ഛന്റെ മകൻ. ഏറെ അടുപ്പമുള്ളവർക്ക് ദിവാനും ദിവാകരേട്ടനും.

ഒരു ദരിദ്ര്യ ഇല്ലത്തു ജനനം. ഒരു വയസ്സു തികയുന്നതിനു മുമ്പേ അമ്മ മരിച്ചു. താമസിയാതെ അച്ഛനും. അതിനാൽത്തന്നെ ആരാലും ശ്രദ്ധിക്കപ്പെടാത്ത ഒരു ബാല്യം. വേദഭ്യാസം കൊടുക്കാനോ, വിദ്യാഭ്യാസകാര്യം ശ്രദ്ധിക്കാനോ ആളില്ല.

> നവതി പിറന്നാളിനു ശേഷം ഇനിയെങ്കിലും വിശ്രമിച്ചുകൂടെ എന്നു ചോദിക്കുന്നതു കേട്ടിട്ടുണ്ട്. അപ്പോൾ 'അനായാസേന മരണം, വിനാ ദൈന്യേന ജീവനം'എന്ന ശ്ലോകം ചൊല്ലി ചിരിച്ചു കൊണ്ട് മുകളിലേക്കു നോക്കി കൈകൂപ്പി.

എന്തിന്, വേണ്ട സമയത്ത് വേളി കഴിപ്പിച്ച് ഒരു ഗൃഹസ്ഥനാക്കാനും ആരും ശ്രദ്ധിച്ചില്ല.

അടുത്തുള്ള ഇല്ലങ്ങളിൽ നടക്കുന്ന വിവാഹം, പിണ്ഡം, ശ്രാദ്ധം, ചോറൂണ്, ഉപനയനം, പിറന്നാൾ എന്നീ ചടങ്ങുകൾക്ക് സഹായിച്ചുകൊണ്ടായിരുന്നു തുടക്കം. ക്രമേണ ഏതെല്ലാം ഇല്ലങ്ങളിൽ സദ്യകളോ ആഘോഷങ്ങളോ ഉണ്ടോ അവിടെയെല്ലാം ദിവാകരേട്ടൻ ഉണ്ടാവും എന്ന അവസ്ഥയായി.

പാലക്കാട്, മലപ്പുറം, തൃശൂർ, എറണാകുളം ജില്ലകളിലെ മിക്ക ഇല്ലങ്ങളിലെ ചടങ്ങുകളിലും ദിവാകരേട്ടനുണ്ടാവും. അതൊന്നും പ്രതിഫലം ഇച്ഛിച്ചായിരുന്നില്ല. അദ്ദേഹം എത്തിയാൽ പിന്നെ ഗൃഹനാഥന് ഒന്നും തന്നെ ശ്രദ്ധിക്കേണ്ട കാര്യമില്ല. വരുന്ന അതിഥികളെ സ്വാഗതം ചെയ്തു രണ്ടു ലോഹ്യം പറയുന്നതു മുതൽ ഒന്നിനും കുറവു വരില്ല.

ദിവാകരേട്ടൻ ഒരു സദ്യ ശ്രമക്കാരൻ മാത്രമായിരുന്നില്ല, തികച്ചും ആദ്യവസാനി തന്നെയായിരുന്നു. ദേഹണ്ണക്കാർക്കു വേണ്ടതെല്ലാം സംഘടിപ്പിച്ചു കൊടുക്കുക, വിളമ്പുകാരെ നയിക്കുക, അവരുടെ എണ്ണം കുറവാണെങ്കിൽ അടുത്തു കിട്ടുന്നവരെ കൂട്ടത്തിൽ കൂട്ടുക, കൃത്യസമയത്ത് ഇല വെക്കുക, അതിഥികളെ ഉണ്ണാൻ ക്ഷണിക്കുക, എല്ലാ ഇലയിലും എല്ലാ വിഭവങ്ങളും വിളമ്പി എന്നു ഉറപ്പു വരുത്തുക, രണ്ടാമതും മൂന്നാമതും വിളമ്പേണ്ട വിഭവങ്ങൾ വേണ്ട സമയത്തുതന്നെ

അതിന്റെ സ്ഥാനത്തു തന്നെ വിളമ്പുക തുടങ്ങി എല്ലാം വെടിപ്പായി നിറവേറ്റും. അതുപോലെ ദേഹണ്ണക്കാരോടും ശ്രമക്കാരോടും, പുറം പണിക്കാരോടും ഒരേ പോലെ പെരുമാറും. അവരും കൂടി ഊണു കഴിച്ചതിനു ശേഷം മാത്രമേ അദ്ദേഹം കഴിക്കുന്നതു കണ്ടിട്ടുള്ളു.

ആഘോഷങ്ങൾ ഓഡിറേറാറിയത്തിലേക്കു മാറിയപ്പോഴും ദിവാകരേട്ടൻ മാറിയില്ല. തന്റെ കർമവേദികൾ അവിടങ്ങളിലായി എന്നു മാത്രം. ഇണങ്ങരില്ലാത്ത വേദികളിൽ പാനക്കുടം ഉഴിയുന്ന ചടങ്ങു പോലും അദ്ദേഹം ചെയ്യുന്നതു കണ്ടിട്ടുണ്ട്. കൂടാതെ വിവാഹ സമയത്ത് മത്സരിച്ച് ആർപ്പുവിളിക്കുന്ന യുവജനങ്ങൾക്കു നേതൃത്വം കൊടുക്കുന്നതും, നേദിക്കാൻ വെച്ച നെയ്യപ്പം വാരി ഓടുന്ന കുട്ടികളുടെ കൂടെയും ദിവാകരേട്ടനെ കണ്ടിട്ടുണ്ട്.

എന്റെ ഒരു അനുഭവം പറയാം. മരുമകളുടെ പെങ്കൊട. വരന്റെ ഗൃഹത്തിൽ എത്തിയപ്പോൾ അവിടെ പന്തലിട്ടിട്ടുണ്ട് എന്നല്ലാതെ അങ്ങനെ ഒരു സംഭവം നടക്കുന്നതിന്റെ ലക്ഷണം പോലുമില്ല. ക്ഷണിച്ചു വന്ന ചിലർ ചായ കിട്ടാതെ നില്ക്കുന്നു. വധുവിന്റെ ഒപ്പം വന്നവരെ എതിരേൽക്കാനും ആരേയും കാന്നുന്നില്ല. ദിവാകരേട്ടൻ ഉടനെ ഊർജ്ജസ്വലനായി.

അവിടെയുണ്ടായിരുന്ന ചെറുപ്പക്കാരെ 'ഉണ്ണി, മിടുക്കാ' എന്നു വിളിച്ച് കൂടെ കൂട്ടി മേശയും കസേരയും പിടിച്ചിട്ടു, ഇല വെച്ചു, എല്ലാവരേയും വിളിച്ചിരുത്തി ഇഡ്ഢലി വിളമ്പാൻ തുടങ്ങി. കുറച്ചു കഴിഞ്ഞ് വിളമ്പാൻ ഏല്പിച്ചവർ എത്തിയപ്പോഴേക്കും വന്നവരെല്ലാം പ്രാതൽ കഴിച്ചിരുന്നു. അതായിരുന്നു ദിവാകരേട്ടൻ. പലപ്പോഴും അതിഥി ആതിഥേയനായി മാറും.

മറ്റൊരു അനുഭവം പറയാം. ഇല്ലത്ത് ഒരു കുടിവെപ്പു നടക്കുന്നു. ഹാളിൽ വെച്ചായിരുന്നു വേളി. ഭക്ഷണത്തിനു ശേഷം ഒരു ബസ്സ് ആളുകൾ കുടിവെപ്പിനായി പോവുക, ധൃതിയുള്ളവർ രണ്ടാമത്തെ ബസ്സിൽ കുടിവെപ്പിനു നിൽക്കാതെ മടങ്ങി പോവുക എന്നായിരുന്നു പറഞ്ഞിരുന്നത്. അതിനാൽ അൻപതു പേർക്കുള്ള വിഭവങ്ങളേ വരന്റെ ഇല്ലത്തു കരുതിയിരുന്നുള്ളു. പക്ഷേ വധൂഗൃഹക്കാർ പ്ലാൻ മാറ്റി രണ്ടു ബസ്സും കുടിവെപ്പിനായി എത്തി. വന്നവർക്ക് എന്തു കൊടുക്കും.

ദിവാകരേട്ടൻ രക്ഷയായി. അദ്ദേഹം വലിയൊരു പഴക്കുല സംഘടിപ്പിച്ചു കൊണ്ടുവന്നു. പഴവും നാരങ്ങാ വെള്ളവുമായി വന്നവരേയെല്ലാം സൽക്കരിച്ചു. വലിയൊരു മാനക്കേടൊഴിവാക്കി.

ശ്രമമില്ലാത്ത ദിവസങ്ങളിൽ എന്നും അദ്ദേഹം രാവിലെ ക്ഷേത്രത്തിൽ പോകും. പക്ഷേ അവിടേയും തേവാരത്തിനേക്കാൾ ശാന്തിക്കാരനെ, നിവേദ്യങ്ങളൊരുക്കാനും, ഗണപതി ഹോമത്തിനും അഭിഷേകത്തിനുള്ള വെള്ളം കോരിവെക്കാൻ സഹായിക്കാനുമായിരുന്നു കൂടുതൽ താല്പര്യം. കൂടാതെ ശ്രാദ്ധം, സഞ്ചയനം, ചോറൂണ് തുടങ്ങിയ ചെറിയ ചടങ്ങുകൾക്ക് ഓതിയ്ക്കനായും അദ്ദേഹം വേഷം മാറാറുണ്ട്. കാര്യം നടക്കാനായി എന്തു വേഷം കെട്ടാനും എന്നും എപ്പോഴും തയ്യാറായിരുന്നു ദിവാകരേട്ടൻ.

ദിവാകരേട്ടന്റ ജനസമ്മതിക്കും അടുത്ത ആളുകൾക്ക് അദ്ദേഹത്തോടുള്ള ആദരവിനും ഉദാഹരണങ്ങളായിരുന്നു ജനിച്ചു വളർന്ന പട്ടാമ്പിക്കടുത്ത് ഇട്ടോണം ഗ്രാമത്തിൽ വെച്ചു ആഘോഷിച്ച


# ആദ്യവസാനത്തിന്റെ 'ദിവാൻ'

ദിവാകരൻ നമ്പൂതിരിപ്പാട്

*കിഴക്കേടത്തു ദിവാകരൻ നമ്പൂതിരിപ്പാടിനെക്കുറിച്ച് മാതൃഭൂമിയിൽ വന്നത്*



**അദ്ദേഹം എത്തിയാൽ പിന്നെ ഗൃഹനാഥന് ഒന്നും തന്നെ ശ്രദ്ധിക്കേണ്ട കാര്യമില്ല. വരുന്ന അതിഥികളെ സ്വാഗതം ചെയ്തു രണ്ടു ലോഹ്യം പറയുന്നതു മുതൽ ഒന്നിനും കുറവു വരില്ല.**

എൺപത്തിനാലാം പിറന്നാളും, പിന്നെ നടന്ന നവതി ആഘോഷവും. ഒറ്റയാനായി ജീവിച്ച അദ്ദേഹത്തിനു അന്നേ ദിവസം എല്ലാവരും സ്വന്തക്കാരും ബന്ധുക്കളുമായി. ചടങ്ങിന്റെ എല്ലാ ചെലവുകളും അദ്ദേഹത്തോടൊപ്പം പണിയെടുത്തവർ ചെയ്തു. ആരും പ്രതിഫലം വാങ്ങിയില്ല. പല സ്ഥലത്തു നിന്നും ക്ഷണിക്കാതെ തന്നെ ഒരു പാടു പേർ അഭിവാദ്യം അർപ്പിക്കാനായി വന്നു.

സ്ഥിരമായി താമസിച്ചിരുന്നത് ഗുരുവായൂർ നെന്മിനി ഇല്ലത്തായിരുന്നു. അതിനടുത്തുള്ള ബലരാമക്ഷേത്രത്തിൽ വെച്ചു സിനിമാ നടൻ സുരേഷ് ഗോപി നവതി കഴിഞ്ഞ ദിവാകരൻ നമ്പൂതിരിപ്പാടിനെ പൊന്നാടയണിയിച്ച് ആദരിക്കുകയുണ്ടായി.

നവതി പിറന്നാളിനു ശേഷം പലരും ഇനിയെങ്കിലും വിശ്രമിച്ചു കൂടെ എന്നു ചോദിക്കുന്നതു കേട്ടിട്ടുണ്ട്. അപ്പോൾ അദ്ദേഹം...

'അനായാസേന മരണം, വിനാ ദൈന്യേന ജീവനം'എന്ന ശ്ലോകം ചൊല്ലി ചിരിച്ചുകൊണ്ട് മുകളിലേക്കു നോക്കി കൈകൂപ്പി.

മരിച്ച ദിവസം പകൽ ദിവാകരേട്ടൻ കോഴിശ്ശേരി എന്ന ഇല്ലത്ത് വേളി നിശ്ചയ ചടങ്ങിന്റെ ശ്രമത്തിലായിരുന്നു. അതു കഴിഞ്ഞ് രണ്ടു ദിവസം കഴിഞ്ഞു നടക്കുന്ന ഏലംകുളം മനയിലെ വേളിക്കു പോകാൻ ബാഗുമായി പുറപ്പെട്ടതായിരുന്നു. പക്ഷേ അദ്ദേഹത്തിന് അവിടെ എത്താനായില്ല..... ചെറിയൊരു പനിയുമായി നെന്മിനി മനയിലേക്കു തന്നെ മടങ്ങുകയാണ് ഉണ്ടായത്. അപ്പോഴേക്കും പരലോകത്തു നിന്ന് ക്ഷണം വന്നു.

പരലോകത്തിലും 'വര്യാ! വര്യാ! ,ഇരിക്ക്യാ! ഇരിക്ക്യാ!, കഴിക്യാ! കഴിക്യാ!' എന്ന വായ്ത്താരി ചൊല്ലി കൊണ്ട് ഓടി നടക്കുകയായിരിക്കും. ദിവാകരേട്ടന്റെ ഓർമ്മകൾക്ക് മുമ്പിൽ ഈ അനിയൻ പ്രണാമം അർപ്പിക്കുന്നു. ●

ഉദയൻ നമ്പൂതിരിപ്പാട്,
കിഴക്കേടത്തു മന,
വയപ്പാറപ്പടി, മഞ്ചേരി.
മൊബൈൽ .8281926325.

# അനുമോദനങ്ങൾ



**മാനസി**

സംസ്കൃത ഭാരതി നടത്തിയ ശിക്ഷാ തേർഡ് ലെവൽ പരീക്ഷയിൽ ഉത്തമ ശ്രേണി ലഭിച്ച യോഗക്ഷേമസഭ തിരുവനന്തപുരം സിറ്റി ഉപസഭാംഗമായ ആശാ വാസുദേവരു മാനസി



**ശ്യാം ശങ്കർ**

എൽ.എൽ.ബി പഠനം കഴിഞ്ഞ് അഭിഭാഷകനായി എൻറോൾ ചെയ്ത മലപ്പുറം വിളയിൽ പറപ്പൂർ കണ്ണാടി തെഞ്ചേരി ഇല്ലത്ത് കെ.ടി.ശ്യാം ശങ്കർ.



**കാർത്തിക് പി. ശർമ്മ.**

സ്വിറ്റ്സർലാണ്ടിലെ ജനീവയിൽ നടക്കുന്ന മൂട്ട് കോർട്ട് മത്സരത്തിൽ ഏഷ്യൻ രാജ്യങ്ങളിൽ ഒന്നാം സ്ഥാനം നേടി ഫൈനൽ റൗണ്ടിന് അർഹത നേടിയ കാർത്തിക് പി. ശർമ്മ.

നാഷണൽ ലോ ഇൻസ്റ്റിറ്റ്യൂട്ട് യൂണിവേഴ്സിറ്റി, ഭോപ്പാലിലെ നിയമ ബിരുദ വിദ്യാർത്ഥിയാണ്. തിരുവനന്തപുരം ജില്ലയിലെ കുളപ്പട ഉപസഭാ അംഗങ്ങളായ പരമേശ്വര ശർമ്മയുടെയും ഡോ. ഗായത്രിയുടെയും മകനാണ്.



**മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി**

കേരള ക്ഷേത്ര സംരക്ഷണ സമിതി സംസ്ഥാന ഉപാദ്ധ്യക്ഷനായി വീണ്ടും തിരഞ്ഞെടുക്കപ്പെട്ട മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി. കേരള ധർമ്മാചാര്യസഭ സംസ്ഥാന ജനറൽ സെക്രട്ടറിയാണ്



**മിഥുൻ നമ്പൂതിരിപ്പാട്**

താന്ത്രികശ്രേഷ്ഠ പുരസ്കാരം നേടിയ പാതിരിശ്ശേരി മിഥുൻ നമ്പൂതിരിപ്പാട്



**അരുൺ നാരായണൻ**

ഇന്ത്യയിലെ ഏറ്റവും പ്രമുഖമായ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടായ ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് എം എസിൽ ഗോൾഡ് മെഡൽ കരസ്ഥമാക്കിയ ശേഷം മാസച്ചുസെറ്റ്സ് ഇൻസ്റ്റിട്യൂട്ട് ഓഫ് ടെക്നോളജിയിൽ ഫുൾ സ്കോളർഷിപ്പോടെ ഇക്കണോമിക്സിൽ പി എച്ച് ഡി ചെയ്യുന്ന അരുൺ നാരായണൻ. കൂനംപിള്ളി ഹരിനാരായണന്റെയും കാണിപ്പയ്യൂർ നിർമ്മലയുടെയും മകനാണ്



**ഉമ മുതുകുർശ്ശി**

സെൻട്രൽ യൂനിവേഴ്സിറ്റിയിൽ നിന്ന് എം എസ് സി മാത്തമാറ്റിക്സിൽ രണ്ടാം റാങ്ക് നേടിയ ഉമ മുതുകുർശ്ശി. മുതുകുർശ്ശി മനയിൽ പരേതനായ രമേശിന്റെയും ദിവ്യയുടെയും മകളാണ്.



**ചിത്രൻ നമ്പൂതിരിപ്പാട്**

തിരുവത്ര ദാമോദരൻ അവാർഡിന് അർഹനായ പി.ചിത്രൻ നമ്പൂതിരിപ്പാട്



## വേറിട്ടൊരു സഹയാത്രിക

അച്ഛൻ മരണപ്പെട്ട വിവരം എറണാകുളം-കണ്ണൂർ കെ.എസ്.ആർ.ടി.സി യാത്രക്കിടയിൽ അറിഞ്ഞ പയ്യോളിയിലെ അനന്തിക എന്ന യാത്രക്കാരിക്ക് തുണയായ അശ്വതി. അച്ഛന്റെ വിയോഗ വാർത്തയറിഞ്ഞ അനന്തിക ബസിൽ ഉറക്കെ കരഞ്ഞപ്പോൾ മലപ്പുറം ജില്ലയിലെ വളയംകുളത്ത് ഇറങ്ങേണ്ട അശ്വതി യാതൊരു പരിചയവുമില്ലാത്ത അനന്തിക്ക് തുണയായി കോഴിക്കോട്ടെ പയ്യോളിയിലേക്ക് കൂട്ടുപോവുകയും അനന്തികയെ ബന്ധുക്കളെ ഏൽപ്പിച്ച് മടങ്ങുകയുമായിരുന്നു. അശ്വതിക്ക് സ്വസ്തിയുടെ അനുമോദനങ്ങൾ. വളയംകുളം കോളേജിലെ അധ്യാപികയായ അശ്വതി പെരിങ്ങോട്ടുകര ചെമ്മാപ്പിള്ളി പുന്നപ്പുള്ളി വാസുദേവൻ പ്രിയംവദ എന്നിവരുടെ മകളും ഗുരുവായൂർ ക്ഷേത്രത്തിലെ കീഴ്ശാന്തി നാകേരിമന വാസുദേവൻ നമ്പൂതിരിയുടെ ഭാര്യയുമാണ്



**ദിലീപ് വാമനൻ**

ഹരിപ്പാട് വൈരശ്ശേരി മനയിലെ ദിലീപ് വാമനൻ തുടങ്ങിയ സെല്ലർ ആപ്പിൽ ഫ്ളിപ്പ്കാർട്ട് നാലു കോടി രൂപ നിക്ഷേപം നടത്തി. ഇ കൊമേഴ്സ് പ്ളാറ്റ്ഫോമിൽ വിൽപ്പനയ്ക്ക് സഹായിക്കുന്നതാണ് സെല്ലർ ആപ്പ്. ഹരിപ്പാട് വൈരശ്ശേരി മനയിലെ ഡോ.വാമനൻ നമ്പൂതിരിയുടെയും ഡോ. ജ്യോതി കുമാരിയുടെയും മകനാണ്.



**ഉണ്ണി പുത്തൂർ**

കാസർകോട്: ഐക്യാൻ ഫൗണ്ടേഷന്റെ ഹ്യൂമാനിറ്റേറിയൻ എക്സലൻസ് അവാർഡ് നേടിയ യോഗക്ഷേമസഭാ അറത്തിൽ ഉപസഭാ സെക്രട്ടറി കൂടിയായ ഉണ്ണി പുത്തൂർ. കാസർകോട് സ്പെഷ്യൽ ബി എഡ് കോളേജിൽ ലൈബ്രേറിയനാണ്. ഭാര്യ ശൈലജ എം, മക്കൾ ആദി മാധവ്, ഗൗതം ഗോവിന്ദ്.



**ഹൃഷികേശ്**

2022 ആഗസ്റ്റ് 12 മുതൽ 15 വരെ നടന്ന ആൾ കേരള ഇൻറർ സ്കൂൾബാസ്ക്കറ്റ്ബോൾ ടൂർണമെന്റിൽ മോസ്റ്റ് വാല്യബിൾ പ്ലെയർ ആയി തിരഞ്ഞെടുക്കപ്പെട്ട മഞ്ചേരി തലയൂർ രാജ് കുമാറിന്റേയും ധന്യയുടേയും മകൻ ഹൃഷികേശ്.



**കെ. എ രവീന്ദ്രന് പുരസ്കാരം**

ആചാര്യ നരേന്ദ്ര ഭൂഷൺ ഫൗണ്ടേഷന്റെ മഹർഷി ദയാനന്ദ പുരസ്കാരം കാലടി സംസ്കൃത സർവകലാശാലയിലെ സംസ്കൃത സാഹിത്യവിഭാഗം പ്രൊഫസർ കെ. എ രവീന്ദ്രൻ അർഹനായി. നരേന്ദ്രഭൂഷന്റെ ഭവനത്തിൽ വച്ച് പുരസ്കാരം ഏറ്റുവാങ്ങി. മൊബൈൽ 9495568225



**അഗജ**

കുസാറ്റിൽ നിന്നും എം എസ് സി ഗണിത ശാസ്ത്രത്തിൽ ഒന്നാം റാങ്ക് നേടിയ അഗജ നാരായണൻ. തൃശ്ശൂർ ശ്രീ കേരളവർമ്മ കോളേജിലെ സംസ്കൃതാദ്ധ്യാപകനായ ഡോ: നാരായണമംഗലത്ത് നാരായണന്റെയും തൃശ്ശൂർ സെന്റ് മേരീസ് കോളേജിലെ ഗണിതാദ്ധ്യാപികയായ ഡോ: പാർവ്വതിയുടേയും മകളാണ്.






ചേവായൂർ ഉപസഭയിലെ അംഗമായ പി.കെ.സി. രാജയുടെ മകൻ രമേഷ് രാജ, യോഡി റസ്സൽ, മെൽബൺ, ആസ്ട്രേലിയ എന്നിവരുടെ വിവാഹം 2022 ജൂലൈ 6 ന്, താമരശ്ശേരി കളം ഉണ്ണികൃഷ്ണൻ നമ്പൂതിരി മാസ്റ്ററുടെ കാർമ്മികത്വത്തിൽ കോഴിക്കോട് തൊണ്ടയാട് എ.ജി.പി. ഗാർഡൻസ് ഹാളിൽ വെച്ച് സമംഗളം നടന്നു.

# വൈദ്യമഠത്തിന്റെ പന്തിരുകുലപ്പെരുമ

**സർവീസ് ആൻഡ് പ്രൊഡക്ട്സ്**

S&P Service Products



**പാലക്കാട് ജില്ലയിൽ കൂറ്റനാട് തൃത്താല റോഡിൽ മേഴത്തൂരിലാണ് വൈദ്യമഠം വൈദ്യശാല ആൻഡ് നഴ്സിങ് ഹോം.**

പറയിപെറ്റ പന്തിരുകുലത്തിലെ ഒന്നാമൻ മേഴത്തോൾ അഗ്നിഹോത്രിയുടെ യാഗശാലയിലേയ്ക്ക് അവരോധിയ്ക്കപ്പെട്ട വൈദ്യനാണ് വൈദ്യമഠം. ഭട്ടവൃത്തിയും അഗ്നിഹോത്രവും വേദാധികാരവും നൽകി യാഗശാലയിലെ വൈദ്യന്മാരായി അവരോധിക്കപ്പെട്ടകാലം മുതൽവൈദ്യവൃത്തി കുലധർമ്മമായ കേരളത്തിലെ ഏക കുടുംബം. വേറൊരു കുടുംബത്തിനുമില്ലാത്ത മഹിമ.

ആയുർവ്വേദത്തിൽ ധന്വന്തരീയന്മാർ എന്നും ഭാരദ്വാജീയന്മാർ എന്നും രണ്ടു വിഭാഗമുണ്ട്. ധന്വന്തരീയന്മാർ ശസ്ത്രക്രിയാവിഭാഗക്കാരും ഭാരദ്വാജീയന്മാർ ചികിത്സാവിഭാഗക്കാരുമാണ്. ഭാരദ്വാജീയ വിഭാഗത്തിൽപ്പെട്ടവരാണ് വൈദ്യമഠം കുടുംബക്കാർ. അഷ്ടവൈദ്യന്മാരിൽ ദക്ഷിണാമൂർത്തിയെ ഉപാസന നടത്തുന്ന ഏക വൈദ്യകുടുംബം.

1912-ൽ വൈദ്യമഠം വലിയ നാരായണൻനമ്പൂതിരി-സീനിയർ (1882-1959) ആണ് വൈദ്യശാല തുടങ്ങുന്നത്. ഒരു കാരണമുണ്ട്. അദ്ദേഹത്തിന്റെ സഹധർമ്മിണി ശ്രീദേവി അന്തർജ്ജനത്തിന്റെ ആദ്യത്തെ നാലുപ്രസവത്തിലും പെൺപ്രജയായിരുന്നു. അങ്ങിനെയായപ്പോൾ പാഴൂർ പടിപ്പുരയിൽ പോയി പ്രശ്നവിചാരം ചെയ്യണമെന്ന് ആരോ ഉപദേശിച്ചു.പ്രശ്ന വിചാരത്തിൽ കണ്ട ദോഷങ്ങൾക്കുള്ള പരിഹാരം എന്ന നിലയ്ക്കാണ് വൈദ്യശാല തുടങ്ങുന്നത്. ധർമ്മവൈദ്യ ശാലയായിട്ട് തുടങ്ങണമെന്നായിരുന്നു പ്രശ്നവിധി. അങ്ങിനെ തുടങ്ങിയ ധർമ്മവൈദ്യശാല വളർന്നു വലുതായതാണ് ഇന്നുകാണുന്ന ഈ വൈദ്യമഠം വൈദ്യശാല ആൻഡ് നഴ്സിങ് ഹോം.

**പൂർവ്വികർ നൽകിയ ഉപദേശങ്ങൾ ഇന്നും അക്ഷരംപ്രതി അനുസരിക്കുന്നുണ്ട്. മരുന്നുകൾ കടമായി കൊടുക്കരുത്. ഉണ്ടാക്കുന്ന മരുന്നുകളിൽ നിഷ്കർഷ വേണം. കിട്ടാത്ത മരുന്നുകൾക്കു പകരം മറ്റെന്തെങ്കിലും ചേർക്കരുത്. മരുന്നുകളെക്കുറിച്ച് അധികപ്രചാരം പാടില്ല. രോഗികൾ വൈദ്യനെ തേടി എത്തണം. രോഗികളെ മനസ്സിലാക്കണം. പൊതു ചിലവു കുറക്കണം. ആവശ്യാനാവശ്യങ്ങൾ മനസ്സിലാക്കണം. എന്നെല്ലാമുള്ള ഉപദേശങ്ങൾ ശിരസാവഹിച്ചുകൊണ്ടാണ് വൈദ്യശാല ഇന്നും മുന്നോട്ടുനീങ്ങുന്നത്.**

**Vaidyamadham Vaidyasala & Nursing Home**
Mezhathur, Trithala, 679534 Palakkad Dt. Phone:0466 2272044,2272255, 2962044, 2932755
email: info@vaidyamadham.com

**മികച്ച സൗകര്യങ്ങളോടെ**
**ആധുനിക ഫാക്ടറി**
**നാല്പതിലധികം മുറികളുള്ള**
**നഴ്സിങ് ഹോം**
**നൂറ്റിയിരുപതോളം**
**സ്ഥിരം ജീവനക്കാർ**
**ഇരുപതോളം താല്ക്കാലിക**
**ജീവനക്കാർ.**
**അർബ്ബുദചികിത്സക്കായി**
**പ്രത്യേക മരുന്നുകളും**

തുടക്കത്തിലെ പേര് വി.എൻ.വൈദ്യശാല എന്നായിരുന്നു. പോഴിച്ചൂർ പരമേശ്വരൻ നമ്പൂതിരി ആയിരുന്നു വൈദ്യശാലയുടെ ആദ്യകാലത്തെ മാനേജർ. വൈദ്യമഠം വലിയ നാരായണൻ നമ്പൂതിരി സീനിയറുടെ സഹോദരിയുടെ പുത്രൻ. അദ്ദേഹം പന്ത്രണ്ടു വയസ്സു മുതൽ മരണം വരെ ഇവിടെയായിരുന്നു.

ആദ്യകാലത്ത് പോഴിച്ചൂർ പരമേശ്വരൻ നമ്പൂതിരിയിയെ കൂടാതെ കോഴിശ്ശേരി കൃഷ്ണമേനോൻ കഷായംവെപ്പ് മുതലായ ജോലികൾക്ക് അടുക്കളയിലും, ശുചീകരണപ്രവർത്തനങ്ങൾ, വെള്ളംകൊണ്ടുവരൽ, അത്ത്യാവശ്യം പച്ചമരുന്നുകൾ കൊണ്ടുവരൽ, മരുന്നുകൾ ഇടിക്കൽ തുടങ്ങി ഔഷധ നിർമ്മാണ ജോലികൾക്ക് അറയ്ക്കൽ ബീവി ഉമ്മയും ഉണ്ടായിരുന്നു. ചന്തയ്ക്കുപോക്ക്, വൈദ്യമഠം വലിയ നാരായണൻ നമ്പൂതിരി-സീനിയറുടെ സ്വകാര്യ ആവശ്യങ്ങൾ നിറവേറ്റൽ തുടങ്ങിയ ആവശ്യങ്ങൾക്ക് കാര്യസ്ഥനായി ഒരു സെയ്താലിയും ഉണ്ടായിരുന്നു. വൈദ്യമഠം സെയ്താലി എന്നാണ് അറിയപ്പെട്ടിരുന്നത്. ഇന്നത്തെ ഡേ ബുക്കിനുപകരം അന്ന് നാൾവഴിക്കണക്ക് എഴുതിയിരുന്നത് പല്ലുരത്ത് പിഷാരിക്കൽ കൃഷ്ണൻ നായർ ആയിരുന്നു.

ആദ്യകാലത്ത് പിണ്ഡതൈലം, പ്രഭഞ്ജനം, ധാന്വന്തരം എന്നീ തൈലങ്ങളും ധാന്വന്തരം, കസ്തൂര്യാദി, വില്വാദി എന്നീ ഗുളികകളും അഷ്ടചൂർണ്ണം,

ഹിംഗുവചാദി എന്നീ പൊടികളും സുഖപ്രസൂതിഘൃതവും മാത്രമാണ് ഉണ്ടാക്കിയിരുന്നത്. ഇതിൽ സുഖപ്രസൂതിഘൃതം സ്ഥിരമായുണ്ടാകും. അന്നും ആവശ്യക്കാർ ധാരാളമുണ്ടായിരുന്നു.

പൂർവ്വികർ നൽകിയ ഉപദേശങ്ങൾ ഇന്നും അക്ഷരംപ്രതി അനുസരിക്കുന്നുണ്ട്. മരുന്നുകൾ കടമായി കൊടുക്കരുത്. മടക്കിക്കിട്ടില്ല. ഉണ്ടാക്കുന്ന മരുന്നുകളിൽ നിഷ്കർഷ വേണം. കിട്ടാത്ത മരുന്നുകൾക്കു പകരം മറ്റൊന്നെങ്കിലും ചേർക്കരുത്. മരുന്നുകളെക്കുറിച്ച് അധികപ്രചാരം പാടില്ല. രോഗികൾ വൈദ്യനെ തേടി എത്തണം. രോഗികളെ മനസ്സിലാക്കണം. പൊതു ചിലവു കുറക്കണം. ആവശ്യാനാവശ്യങ്ങൾ മനസ്സിലാക്കണം. അല്ലെങ്കിൽ പണം പോയ വഴി കാണില്ല. എന്നെല്ലാമുള്ള ഉപദേശങ്ങളെ ശിരസാവഹിച്ചുകൊണ്ടാണ് വൈദ്യശാല ഇന്നും മുന്നോട്ടുനീങ്ങുന്നത്.

1955–ആയപ്പോഴേയ്ക്കും ചുമതല വൈദ്യമഠം ചെറിയ നാരായണൻ നമ്പൂതിരി ഏറ്റെടുത്തു. അദ്ദേഹത്തെ സഹായിക്കാൻ മേൽപ്പോയിലം ബ്രഹ്മദത്തൻ നമ്പൂതിരി, കണ്ണാലത്ത് നാരായണൻ, പത്തി കൃഷ്ണൻ ഭട്ടതിരിപ്പാട്, പൊയിലത്ത് രാമവാരിയർ, പാഴിയോട് നാരായണൻ ഭട്ടതിരിപ്പാട്, കുണ്ടിൽ ശങ്കരൻ എന്നിവരും വൈദ്യശാലയുടെ കാവൽക്കാരനായി അറയ്ക്കൽ ബീവി ഉമ്മയുടെ മകൻ വാപ്പുട്ടിയും കൂടെ ഉണ്ടായിരുന്നു.

1968–70 ആയപ്പോഴേയ്ക്കും ചില പരിഷ്കാരങ്ങൾ വരുത്താതെ നിവൃത്തിയില്ലെന്ന നിലവന്നു. മരുന്നുകൾ ഉണ്ടാക്കുന്നത് തികയാതെ വന്നു തുടങ്ങി. കൂടുതൽ ഉണ്ടാക്കണം എന്നായി. അപ്പോൾ അത് ഉണ്ടാക്കാനുള്ള സ്ഥലവും സൂക്ഷിക്കാനുള്ള സ്ഥലവും വേണം എന്നായി. ആദ്യം അടുക്കള വലുതാക്കി. അതിന്റെ പടിഞ്ഞാറെ അറ്റത്ത് ആസവാരിഷ്ടങ്ങൾ സൂക്ഷിക്കാൻ(സ്ഫുടം ചെയ്യാൻ) ഭൂഗർഭ അറ പണിതു. ആ കാലമായപ്പോഴേയ്ക്കും രോഗികളുടെ എണ്ണം വർദ്ധിച്ചു തുടങ്ങി. അവരുടെ വിവരങ്ങൾ ശേഖരിച്ചുവെയ്ക്കണം എന്നായി. അതിന് ഒ.പി.രജിസ്റ്റർ തയ്യാറാക്കി. രോഗികളുടെ എണ്ണം വർദ്ധിച്ചപ്പോൾ വൈദ്യമഠം ചെറിയ നാരായണൻ നമ്പൂതിരിയെ സഹായിക്കാനായി എടമരത്ത് ബ്രഹ്മദത്തൻ ഭട്ടതിരിപ്പാടിനെ മാനേജരായി നിയമിച്ചു. അദ്ദേഹം 1980–വരെ മാനേജരായി തുടർന്നു.

1977–ലാണ് വൈദ്യശാലയിൽ സ്ഥിരമായി രോഗികളെ കിടത്തി ചികിത്സിക്കാനുള്ള നഴ്സിങ്ങ് ഹോം തുടങ്ങുന്നത്. അതുവരെ രോഗികളെ കിടത്തിചികിത്സിക്കുന്ന സംവിധാനം ഉണ്ടായിരുന്നില്ല. നഴ്സിങ് ഹോം തുടങ്ങിയ കാലത്താണ് ചികിത്സയിൽ കഴിയുന്ന രോഗികൾക്ക് കഷായക്കഞ്ഞി പ്രാവർത്തികമാക്കാൻ തുടങ്ങിയത്. കുറുന്തോട്ടി വേരിന്മേൽതൊലിയും പഴുക്ക പ്ലാവിലഞെട്ടിയും കുറച്ചു ജീരകവും ചേർത്ത് അരച്ച് കലക്കി ആട്ടിൻപാലും പശുവിൻ പാലും ചേർത്ത് നവരയരികൊണ്ട് ഉണ്ടാക്കുന്ന കഞ്ഞിക്കാണ് കഷായക്കഞ്ഞി എന്നു പറയുന്നത്. അത് രോഗികളിൽ ക്ഷീണത്തിന് വളരെ നല്ല ഗുണം ചെയ്തുകാണുന്നുണ്ടെന്നും മുൻ മുഖ്യമന്ത്രി കെ.കരുണാകരന്റെ ആരോഗ്യത്തെ സംരക്ഷിച്ചു നിർത്തിയതിൽ ഒരു പരിധി വരെ ഈ കഷായക്കഞ്ഞി പങ്കാളിയായിരുന്നു എന്നും അന്ന് അദ്ദേഹത്തെ ചികിത്സിച്ച് വൈദ്യമഠത്തിലെ പൂർവ്വവൈദ്യന്മാർ അനുഭവസാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അതുപോലെ അദ്ദേഹത്തിനുണ്ടായ കഫത്തിന്റെ ഉപദ്രവത്തിന് നിശ്ചയിച്ചുണ്ടാക്കിയ താലീസപത്രലേഹം അദ്ദേഹത്തിന് ഉദ്ദേശിച്ച ഫലം ചെയ്തില്ലെങ്കിലും ഇന്ന് പലർക്കും അത് പ്രയോജനം ചെയ്യുന്നുണ്ട്. നെഴ്സിങ് ഹോം തുടങ്ങിയപ്പോൾ അതിന്റെ നടത്തിപ്പിന്റെ ചുമതലയ്ക്കായി വി.ടി.കൃഷ്ണൻ ഭട്ടതിരിപ്പാടിനെ ചുമതലപ്പെടുത്തി. അദ്ദേഹം 30 കൊല്ലത്തോളം ആ ചുമതല ഭംഗിയായി നിറവേറ്റിയിരുന്നു. അദ്ദേഹത്തെ സഹായിക്കാനായി പ്രത്യേകിച്ച് സ്ത്രീകൾക്ക് വസ്തി മുതലായവ ചെയ്യുന്നതിനായി മൺകുളങ്ങര കുഞ്ഞിലക്ഷ്മി വാരസ്യാരും ദീർഘകാലം നെഴ്സിങ് ഹോമിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

1980–നുശേഷം വൈദ്യശാലയുടെ ജനറൽ മാനേജരായി എം.പി.രാമൻ ഭട്ടതിരിപ്പാടും കുറച്ചു കാലത്തിനുശേഷം അസി.മാനേജരായ എം.പി.ഹരിദാസ് ഭട്ടതിരിപ്പാടും സ്ഥാനമേറ്റു. ഭട്ടതിരിപ്പാടുമാരുടെയും വൈദ്യമഠം ചെറിയ നാരായണൻ നമ്പൂതിരിയുടേയും കൂട്ടായ നേതൃത്വത്തിന്റെ സമയത്തായിരുന്നു വൈദ്യശാല ഇന്നുകാണുന്ന പുരോഗതിയിലേയ്ക്കും ലോകശ്രദ്ധയിലേയ്ക്കും എത്തിപ്പെട്ടത്.●

## വൈദ്യമഠത്തിലെ ഇന്നത്തെ കണ്ണികൾ

**വൈദ്യമഠം ഋഷികുമാരൻ നമ്പൂതിരി/9567292401 :** തൃപ്പൂണിത്തുറ ഗവ. ആയുർവ്വേദ കോളേജിൽനിന്ന് 1966–ൽ ഡി.എ.എം. ഫസ്റ്റ് ക്ലാസോടെ പാസ്സായി ഡി.എം.ഒ ആയി റിട്ടയർ ചെയ്തു.

**വൈദ്യമഠം കൃഷ്ണൻ നമ്പൂതിരി/9446892845 :** ചെറിയ നാരായണൻ നമ്പൂതിരിയിൽ നിന്ന് പാരമ്പര്യ രീതിയിൽ പഠിച്ച് മുപ്പത്തിയഞ്ചു കൊല്ലത്തോളം പ്രാക്റ്റീസ് നടത്തുന്നു

**വൈദ്യമഠം നീലകണ്ഠൻ നമ്പൂതിരി/9447072403 :** ചെറിയ നാരായണൻ നമ്പൂതിരിയിൽ നിന്ന് പാരമ്പര്യ രീതിയിൽ പഠിച്ച് മുപ്പത്തിയഞ്ചു കൊല്ലത്തോളം പ്രാക്റ്റീസ് നടത്തുന്നു

**ഡോ.പ്രസന്ന എടവെട്ടിക്കാട്/9744342038 :** തിരുവനന്തപുരം ആയുർവ്വേദ കോളേജിൽനിന്ന് എം.ഡി.എടുത്തശേഷം വൈദ്യരത്നം കോളേജിൽ പ്രസൂതിതന്ത്രവിഭാഗത്തിൽ അദ്ധ്യാപികയായി വിരമിച്ച ശേഷം വൈദ്യമഠത്തിന്റെ തൃശ്ശൂർ ഏജൻസി നടത്തുന്നു.

**ഡോ.വൈദ്യമഠം വാസുദേവൻ നമ്പൂതിരി/9447567816:** കോയമ്പത്തൂർ ആയുർവ്വേദ കോളേജിൽ നിന്ന് ബി.എ.എം.എസ് എടുത്ത് വൈദ്യമഠം ചെറിയ നാരായണൻ നമ്പൂതിരിയുടെ കീഴിലും പൂമുള്ളി നീലകണ്ഠൻ നമ്പൂതിരിപ്പാടിന്റെ (ആറാംതമ്പുരാൻ) കീഴിലും ഉപരിപഠനം നടത്തി വൈദ്യമഠം വൈദ്യശാലയിൽ ഇരുപത്തിയഞ്ചുകൊല്ലത്തോളമായി പ്രാക്ടീസ് ചെയ്യുന്നു.

**ഡോ.വൈദ്യമഠം രാജീവ് നമ്പൂതിരി/9947470910:** കോയമ്പത്തൂർ ആര്യവൈദ്യഫാർമസി ആയുർവ്വേദ കോളേജിൽനിന്ന് ബി.എ.എം.എസ് എടുത്ത് അവിടെ തന്നെ ജോലിചെയ്ത് ഇപ്പോൾ ഒരു പ്രമുഖ ആയുർവ്വേദസ്ഥാപനത്തിന്റെ പ്രധാന ഡോക്ടർമാരിൽ ഒരാളായി സേവനമനുഷ്ഠിക്കുന്നു.

**ഡോ. വൈദ്യമഠം സുബിൻ നമ്പൂതിരി/9961732125:** കാഞ്ചി ആയുർവ്വേദ കോളേജിൽനിന്ന് ബി.എ.എം.എസ് എടുത്തശേഷം പഞ്ചകർമ്മയിൽ എം.ഡി.യും കഴിഞ്ഞ് കോട്ടയ്ക്കൽ ആയുർവ്വേദ കോളേജിൽ അദ്ധ്യാപകനായി ജോലി ചെയ്യുന്നു.

കൂടാതെ വൈദ്യമഠം ഡോ. വിപിൻരാജ്, ഡോ.നാരായണൻ, ഡോ.വേദ ആട്ടോല (വൈദ്യമഠം ഏജൻസി, ശ്രീകൃഷ്ണപുരം) തുടങ്ങിയവരും – ആയുർവ്വേദ കോളേജിൽനിന്ന് പഠനം കഴിഞ്ഞ് ഈരംഗത്ത് പ്രവർത്തിച്ചു തുടങ്ങിയിട്ടുള്ള വൈദ്യമഠം കുടുംബാംഗങ്ങളാണ്.

**1982–ൽ വൈദ്യമഠം വലിയ നാരായണൻ നമ്പൂതിരി സീനിയറുടെ നൂറാം ജന്മദിനത്തോടനുബന്ധിച്ച് രൂപീകരിച്ച ദക്ഷിണാമൂർത്തി ട്രസ്റ്റിനു കീഴിൽ**

- ❏ എല്ലാ മാസവും അവസാന ഞായറാഴ്ച കാൻസർ ചികിത്സ
- ❏ നിർദ്ധനരായ രോഗികൾക്ക് സൌജന്യമായി ചികിത്സ
- ❏ ആയിരത്തിലധികം താളിയോലഗ്രന്ഥങ്ങളുള്ള ഗ്രന്ഥശാല
- ❏ ട്രസ്റ്റിന്റെ ഭാഗമായി ഒരു ഔഷധത്തോട്ടവും സസ്യസംരക്ഷണവും
- ❏ കേരളത്തിൽ നിന്ന് ആയുർവേദത്തിൽ ഫസ്റ്റ് റാങ്ക് നേടുന്നവർക്ക് പ്രോത്സാഹനസമ്മാനം

# വായനക്കാരുടെ പ്രതികരണങ്ങൾ

വാട്ട്സ്ആപ്പ് ചെയ്യൂ
9400992823

## എന്റെ അച്ഛനും നടത്തിയിരുന്നു
## ബീഡിക്കമ്പനി




സ്വസ്തി വൈകിയാണെങ്കിലും കിട്ടാറുണ്ട്. ആദ്യകാലത്തെ സ്വസ്തിയുടെ വായനാനുഭസുഖം ഇപ്പോൾ എനിക്ക് അനുഭവപ്പെടുന്നില്ല. അത് പോട്ടെ. ഞാൻ ഇത് എഴുതാൻ കാരണം ജൂലായി ലക്കത്തിൽ ശ്രീലങ്കയിലേക്ക് ബീഡി കയറ്റുമതി ചെയ്ത നമ്പൂതിരിയെ വായിച്ചതാണ്. എന്റെ ബാല്യകാലം ഓർത്തുപോയി. ഫറോക്ക് നല്ലൂർ ശിവക്ഷേത്രത്തിലെ ശാന്തിക്കാരനായിരുന്നു എന്റെ അച്ഛൻ. ഒരു പുരോഗമന ചിന്താഗതിക്കാരൻ എന്ന് വേണമെങ്കിൽ പറയാം. അച്ഛൻ നല്ലൂർ യുപി സ്കൂളിന്റെ പിറകിലാണ് താമസിച്ചിരുന്നത്. അത് റോഡ്സൈഡിൽ ആയിരുന്നു. ഇല്ലത്തിന്ന് പുതുമന എന്ന ഇല്ലപ്പേർ എഴുതി വയ്ക്കാതെ ശിവപുരം എന്ന പേരാണ് ഗെയ്റ്റിൽ വെച്ചത്. ശിവപൂജ കൊണ്ട് നേടിയതിന് ഉചിതമാണല്ലോ എന്നാണ് അച്ഛന്റെ ഭാഷ്യം. പീടിക ഒന്നിൽ ഒരു ചായക്കട, റേഷൻഷാപ്പ്, സ്റ്റേഷനറി. അതിനോട് അനുബന്ധിച്ച് എസ്എൻ എന്ന പേരിൽ അച്ഛന്റെ ഒരു ബീഡികമ്പനിയും.

ബീഡി തെറുക്കാൻ കുറച്ചുപേരെ ജോലിക്ക് നിർത്തി. ബീഡിയുടെ നൂലിന്റെ നിറം നോക്കിയാൽ ഏത് കമ്പനിയുടെ എന്നറിയാൻ പറ്റും. നാട്ടിൻ പുറത്തെ സ്റ്റേഷനറികളിലും മുറുക്കാൻ കടകളിലും അതിന്റെ പരസ്യം. ശ്രീലങ്കയിലേക്ക് ബീഡി അയച്ചില്ലെങ്കിലും ഫറോക്ക് മണ്ണൂർ തുടങ്ങി റോഡ് അരികിലെ ചെറുകിട ചുവരുകളിൽ ഒക്കെ ബീഡിയുടെ ചെറിയ നോട്ടീസ് പതിക്കലും ഉണ്ടായിരുന്നു. എസ്എൻ ബീഡി. എന്റെ അച്ഛനും നടത്തിയിരുന്നു ബീഡിക്കമ്പനി എന്നകാര്യം അദ്ദേഹത്തെ വീണ്ടും സ്മരിക്കാൻ ഇടയാക്കി ബാല്യകാല ഓർമ്മകൾ ഉണർത്തിയ ഈ ലേഖനം വളരെ നന്നായിരിക്കുന്നു. കുട്ടികളെ പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ കൂടുതൽ പേജ് ഉപയോഗിച്ചു വരുന്നതിൽ സന്തോഷം. എന്റെ അച്ഛനെ ഓർക്കാനും ഈ ലേഖനം ഉപകരിച്ചു

ജയൻ പുതുമന
ഉദയനാപുരം,വൈക്കം
മൊബൈൽ :77369 80275

### പുതുസംരംഭകർക്ക് പാഠം

ഡ്രൈസെൽ, സൈക്കിൾ, മുട്ട, മത്സ്യം, ഇഡലി. വീണ്ടും വലയില്ലാത്ത മത്സ്യബന്ധനം. കമ്പ്യൂട്ടറും ഇന്റർനെറ്റും ഉപയോഗിച്ച്. അച്ഛനിൽ നിന്ന് പ്രചോദനം കിട്ടിയ ഒരു വ്യവസായിയെ കുറിച്ചുള്ള ഗംഭീര ലേഖനം. അനുഭവപാഠങ്ങളിൽ നിന്ന് മുന്നേറാൻ പഠിച്ചതിന്റെ മഹത്തായ കഥ. പുതുസംരംഭകർക്ക് ദിവാകരന്റെ കഥയും അനുഭവവും പാഠമാണ്. ആദ്യാവതാരമായ മത്സ്യത്തെ കയറ്റുമതി ചെയ്ത ആദ്യ ബ്രാഹ്മണൻ.

ഡോ. രാചന്ദ്രശർമ്മ,
റിട്ട അസി. ഡയറക്ടർ, എക്സ്പോർട്ട് ഇൻസ്പെക്ഷൻ ഏജൻസി,
ഗവ. ഓഫ് ഇന്ത്യ, കൊച്ചി.

### മുഖമൊഴി നന്നായി

നല്ല ഇടം. നാം ആഗ്രഹിക്കുന്നതും അത്. മുഖമൊഴി നന്നായി. കവിയായി ജനിച്ച, പ്രസിദ്ധി അയാളുടെ പിന്നാലെയാണ് വരുന്നത്. ആ തീ സ്പർശത്തിന് ഈ ലക്കം സമർപ്പിച്ചതും നന്നായി

വി.ടി. വാസുദേവൻ
മൊബൈൽ :94478 37902

### ഒരു ചെറിയ തെറ്റ് ചൂണ്ടിക്കാണിക്കട്ടെ

സ്വസ്തിയുടെ കോംപ്ലിമെന്ററി കോപ്പി ഇന്നലെ കിട്ടി. ഒറ്റ ഇരിപ്പിനു തന്നെ കുറേ വായിച്ചു.എന്റെ ലേഖനത്തിലെ ഒരു ചെറിയ തെറ്റു ചൂണ്ടിക്കാണിക്കട്ടെ. ഹരിദാസൻ സോമയാജിയുടെ മകനല്ല ശാഖാ പുളിയപ്പടമ്പ് എന്നറിയപ്പെടുന്ന ശങ്കരദാസൻ നമ്പൂതിരി. ഹരിദാസൻ സോമയാജി യുടെ മകൻ ശങ്കരദാസൻ സോമയാജിയുടെ മകനാണ് ശാഖാ പുളിയപ്പടമ്പ്. അദ്ദേഹത്തിന്റെ മകനാണ് ജവാൻ ശങ്കരദാസൻ. പിശക് സൂചിപ്പിച്ചു എന്നെയുള്ളു. ലേഖനം ഭംഗിയായി പ്രസിദ്ധീകരിച്ചതിന് ആത്മാർത്ഥമായ കൃതജ്ഞത രേഖപ്പെടുത്തുന്നു.

ഇ.എ. കുബേരൻ നമ്പൂതിരി
എരിഞ്ഞിക്കടവത്ത് അച്ചൂര ഇല്ലം,
കയറളം, കണ്ണൂർ,
മൊബൈൽ 75599 04469

# ഡെൽഹിയിലെത്തിയ സ്വസ്തി തേങ്ങിയപ്പോൾ

സ്വസ്തി ജൂലൈ ലക്കം. നല്ല ഘനം. ഉള്ളടക്കത്തിന്റെയായിരിക്കും. പെട്ടെന്ന് ഒരു കരച്ചിൽ, ഒരു തേങ്ങൽ, ഒരു പെൺകുട്ടിയുടെ. ചുറ്റും നോക്കി. ആരുമില്ല.

'ആരാണ്? എവിടെയാണ്? എന്താണ്?'

'അങ്ങയുടെ കയ്യിൽ.'

'ങേ?! സ്വസ്തി?'

'ഉം.' (വീണ്ടും തേങ്ങൽ)

'എന്തേ?'

'ഈ പാവത്തിനെ ഒന്നു നോക്കൂ.'

നോക്കി. അതിസുന്ദരിയായ കുട്ടി. ധരിച്ചിരുന്ന ലോലമായ വസ്ത്രങ്ങൾ കീറിയിരിക്കുന്നു. ജഘന ഭാഗത്തുള്ളത്തിനു മാത്രം വലിയ പരിക്കില്ല. അല്ലെങ്കിൽ അവൾ പരിപൂർണ്ണനഗ്നയായേനെ.

'ഈശ്വരാ!'

തലയും പാദങ്ങളും ഇടതും വലതും ചേർത്തു കെട്ടിയ ഒരു ചരട്. അതാണവളുടെ മാനം അല്പമെങ്കിലും രക്ഷിച്ചത്. അവളെ പരിക്കുകളിൽ നിന്നു രക്ഷിക്കാൻ, പക്ഷേ, ആ ചരടിനു കഴിഞ്ഞില്ല. ഒടിഞ്ഞ കൈകാലുകൾ. ദേഹം മുഴുവൻ മുറിവുകൾ. ചെളി പിടിച്ച ശരീരം. കീറിയ വസ്ത്രങ്ങൾ ചൂണ്ടി അവൾ വിലപിച്ചു.

'എന്നോടെന്തിനേ ഇങ്ങനെ ചെയ്തത്? ഒരു നല്ല വസ്ത്രം പോലും അണിയിക്കാത്തതെന്തേ? വസ്ത്രത്തിന് എന്നെപ്പോലെ ഘനമുണ്ടായിരുന്നെങ്കിൽ എന്റെ ശരീരത്തിൽ ഈ മുറിവുകൾ ഉണ്ടാകുമായിരുന്നോ? ആ ചരടില്ലായിരുന്നെങ്കിൽ ... ഈശ്വരാ, ചിന്തിക്കാൻ കൂടി വയ്യ. വിവസ്ത്രയായ ഞാൻ അങ്ങയുടെ അടുത്തേക്കാണു വരുന്നതെന്ന് എന്നെ കൊണ്ടു വരുന്നവർ എങ്ങനെ മനസ്സിലാക്കും? ഈ കീറിപ്പറിഞ്ഞ വസ്ത്രത്തിലാണല്ലോ അങ്ങയുടെ പേര് എഴുതിയിരിക്കുന്നത്.'

'അവരെന്നെ തീർച്ചയായും ഏതെങ്കിലും ചവറുകൂനയിൽ എറിഞ്ഞേനെ. പിന്നെ പരിപൂർണ്ണനഗ്നയായി തെരുവുകൾ തോറും അലഞ്ഞ് ഒടുവിൽ ഏതെങ്കിലും അഴുക്കുചാലിൽ ജീവിതം ഹോമിക്കേണ്ടി വന്നേനെ.'

ആ കണ്ണുകൾ തോരുന്നില്ല. ആ തേങ്ങൽ അടങ്ങുന്നില്ല.

'അവരോട് ഒന്നു പറയുമോ?'

'എന്ത്?'

'ഒരു നല്ല വസ്ത്രം തരാൻ? ലൈനിങ് ഉള്ള ഉടുപ്പണിയിക്കാൻ? എങ്കിൽ ഈ പരിക്കുകൾ അനുഭവിക്കേണ്ടി വരില്ലായിരുന്നു.'

അവളെ സ്നേഹത്തോടെ, വാത്സല്യത്തോടെ നോക്കി. ആ മുറിവുകളിൽ സാവധാനം തലോടി. ഒരു നെടുവീർപ്പ്.

'പറയാത്തതല്ല, മോളേ. ഒന്നല്ല, അതുക്കും മേലെ. മീറ്റിങ്ങിൽ, വാട്സാപ്പ് സന്ദേശങ്ങളിൽ, ഒക്കെ. സാരമില്ല കുട്ടീ. എല്ലാവർക്കും ഓരോ തിരക്കല്ലേ? മറന്നുപോയിക്കാണും. ഏതായാലും നീ ഇവിടെ എത്തിയല്ലോ, അത്ര സുരക്ഷിതയായിട്ടല്ലെങ്കിലും. മറന്നേക്കൂ.'

'സ്വന്തം മകളെ സുരക്ഷിതമായ വസ്ത്രം അണിയിക്കാൻ മറന്നെന്നോ? അങ്ങെന്താണീ പറയുന്നത്? ഈ കൊച്ചുകുട്ടിയുടെ മാനം രക്ഷിക്കാൻ കടപ്പെട്ടവരല്ലേ അവർ? എന്നിട്ടും! '

'എന്റെ സഹോദരിമാരുടെ കാര്യമോർത്തിട്ട് എനിക്കു സഹിക്കാനാവുന്നില്ല. അവരും പലയിടങ്ങളിലേക്കു പോയിട്ടുണ്ട്. ഈശ്വരാ അവരൊക്കെ എവിടെയാണാവോ? എങ്ങനെയാണാവോ?'

ഈ കൊച്ചു ബാലികയോടു എന്തു സമാധാനം പറയും?

പൊത്തോപ്പുറം ജയന്തൻ ന്യൂഡെൽഹി
മൊബൈൽ: 9810453289

### കോരിത്തരിച്ചു പോവുന്നു.

മറക്കുടക്കുള്ളിൽ മറഞ്ഞിരുന്ന വന്നേരി സാവിത്രി അന്തർജനം മറക്കുട അല്പമൊന്നു പൊക്കി മുഖമുയർത്തിയപ്പോൾ അറിയാതെ പൊട്ടിച്ചിരിച്ചുപോയി. നമ്പൂതിരി സമുദായത്തിന് ആ പ്രഗല്ഭർ നൽകിയ സംഭാവനകൾ ഓർക്കുമ്പോൾ കോരിത്തരിച്ചു പോവുന്നു. സ്വസ്തി പ്രവർത്തകർക്കു അഭിനന്ദനങ്ങൾ.

പ്രിയദത്ത അന്തർജനം,
പന്ന്യംവള്ളി ഇല്ലം, നന്മണ്ട
മൊബൈൽ 9048466784

### നമ്പൂതിരിയുടെ സ്ഥാനം

ഓണപ്പതിപ്പ് കിട്ടി. സന്തോഷം. രചന കൊടുത്തതിൽ നന്ദി. ഒറ്റ ഇരിപ്പിന് വായിച്ചാൽ തീരാത്ത വിഭവങ്ങൾ!സമൂഹത്തിൽ നമ്പൂതിരിയുടെ സ്ഥാനം നിർണയിക്കുന്നുണ്ട്.

മുകുന്ദൻ മാങ്ങോട്ടിരി
പി.ഓ. തൃക്കലങ്ങോട്, മഞ്ചേരി,
പിൻ: 676123, മൊബൈൽ :9567876329

### പരിചയമില്ലാഞ്ഞിട്ടും വിളിച്ചു

അകവൂർ നാരായണന്റെ മകൻ രാജൻ എന്നെ വിളിച്ചിരുന്നു. സ്വസ്തിയിൽ എന്നെപ്പറ്റി വന്ന ലേഖനം നന്നായിട്ടുണ്ട് എന്നു പറയാൻ. എനിക്ക് അദ്ദേഹത്തിനെ പരിചയമില്ല. എന്നാലും അദ്ദേഹം ഇതു പറയാനായി എന്നെ വിളിച്ചു. സന്തോഷം തോന്നി.

വെള്ളറക്കാട് തെക്കേടത്ത് രാമൻ
ഭട്ടതിരിപ്പാട്, കേശവം റെസിഡൻസി
അച്യുതപുരം, പി.ഓ. പേട്ടോർ,
തൃശൂർ :9037594045

### ബീഡി മുതൽ ഗൂഗ്ൾ വരെ

ശ്രീലങ്കയിലേക്ക് കയറ്റുമതി ചെയ്ത ബീഡി മുതൽ ഗൂഗ്ൾ കാർ വരെ. അറിയാത്ത വീരമൃത്യു മുതൽനൂറ് കടന്ന ചിത്രൻ വരെ എല്ലാം ഗംഭീരം.ഇന്നലെ സ്വസ്തി കിട്ടി.

പി.എം. നാരായണൻ
മയൂർ വിഹാർ, ന്യൂഡൽഹി
മൊബൈൽ 98991 46665

### പൊതി അഴിക്കേണ്ടി വന്നില്ല

ഒറ്റ ഇരുപ്പിന് വായിച്ചു തീർത്തു. അതികേമം. കയ്യിൽ കരുതിയ ഡോളർ പൊതി അഴിക്കേണ്ടി വന്നില്ല. ആ മഹാത്മാക്കൾക്ക് കോടി കോടി നമസ്ക്കാരം

അത്തിപ്പറ്റ നാരായണൻ നമ്പൂതിരി.
അത്തിപ്പറ്റ മന, കൈലാസം,
ചെത്തല്ലൂർ, മണ്ണാർക്കാട്,
പിൻ: 678583, മൊബൈൽ: 9446514525

### പ്രചോദനമാവും

ചിത്രൻ നമ്പൂതിരിപ്പാടിനെപ്പറ്റിയുള്ള ലേഖനം അധികം ആരും അറിഞ്ഞിരിക്കാൻ സാധ്യതയില്ലാത്ത ചില അദ്ധ്യായങ്ങൾ വിശദമായി സ്വസ്തിയിൽ എഴുതിയതു വായിച്ചു. ആ തലമുറയിലുള്ളവർക്ക് ഒട്ടനവധി അനുഭവങ്ങൾ ഉണ്ട്. അവ പുറത്തു കൊണ്ടുവരുന്നത് പുതു തലമുറക്ക് പ്രചോദനമാവും. ഭാവുകാശംസകൾ

നീലകണ്ഠൻ നമ്പൂതിരി,
പേരൂർ ഇല്ലം. വട്ടപ്പറമ്പ്, കോട്ടക്കൽ,
ഫോൺ, 9495291156

 /വായനക്കാരുടെ പ്രതികരണങ്ങൾ

## എന്റെ കൂട്ടുകാരിയുടെ ഫോട്ടോ കണ്ടപ്പോൾ

ഇത്തവണത്തെ സ്വസ്തി ത്രൈമാസിക കിട്ടി വളരെ മനോഹരം. വളരെ ചെറിയ സദ്യ വാങ്ങി. അതി വിപുലമായ മഹാസദ്യ കേറ്ററിങ്ങ് നടത്തിയ പോലെ. സ്വസ്തി ഉന്നതിയുടെ മഹാസോപാന പടികൾ കയറി കൊണ്ടിരിയ്ക്കുകയാണ്.

ചരിത്രസ്മാരകങ്ങളായ നമ്മുടെ പഴയ ഇല്ലങ്ങളിൽ കൂടിയും, പകരാവൂരിന്റെ വിപ്ലവ ഗന്ധമേറ്റും, ക്ഷേത്ര ഭൂമിയിൽ അറിവിന്റെ ശ്രീകോവിൽ പണിഞ്ഞതും, നമ്പൂതിരിപ്പാട് ശ്രീലങ്കയിലേയ്ക്ക് ബീഡി കൊണ്ടുപോയതും അങ്ങിനെ രസകരമായ ഓരോ സംഭവങ്ങളിലൂടെ ആനന്ദ സാഗരത്തിൽ കൂടി മനസാകുന്ന ടെലിവിഷനിൽ സ്വസ്തിയാകുന്ന ചാനലിൽ കൂടി കണ്ടു കൊണ്ടിരുന്നപ്പോൾ വിഷ്ണുപദം പൂകിയവർ എന്ന പേജിൽ എന്റെ കൂട്ടുകാരിയായും, ഭാര്യയായും, അമ്മയായും , എന്റെ പകുതി ജീവനായ പാർവ്വതി അന്തർജ്ജനത്തിന്റെ (കണ്ടമംഗലം) ഫോട്ടോ കണ്ടപ്പോൾ, എന്നോട് ഒരു വാക്ക് ഉരിയാടാതെ മരണത്തിന്റെ മടിത്തട്ടിലേയ്ക്ക് നടന്നു പോയ നിമിഷം ഓർത്ത്. ഒരുപാട് കരഞ്ഞു. പോയി. നമ്മുടെ കൂടെ എപ്പോഴും മരണമെന്ന ബോഡി ഗാർഡ് നമ്മെ മറ്റൊൾക്കും വിട്ടു കൊടുക്കാതെ കാത്തു പോരുന്നു.സമയമാകുമ്പോൾ അത് ജീവനുമായി യാത്രയാകും.സ്വസ്തി ത്രൈമാസികയ്ക്ക് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു.

നാരായണൻ നമ്പൂതിരി,കുന്നത്ത് കണ്ടമംഗലം.
സംസ്ഥാന കൗൺസലർ,യോഗക്ഷേമസഭ.
മൊബൈൽ: 85478 13272

## കടമയെന്ന നിലക്കാണ് തുടങ്ങിയത് പക്ഷെ,

ഉണ്ണികൃഷ്ണേട്ടൻ ഇതിന്റെ വരിക്കാരൻ ആകാമോ എന്ന് ചോദിച്ചപ്പോൾ സമ്മതിച്ചത് നമ്മുടെ പ്രസിദ്ധീകരണമായതിനാൽ വരിക്കാരൻ ആകുന്നത് എന്റെ കടമയെന്ന നിലക്കാണ്. പക്ഷെ, വായിച്ചു കഴിഞ്ഞപ്പോൾ തുടക്കത്തിലെ വരിക്കാരൻ ആകാമായിരുന്നു എന്നോർത്ത് ഒരു സങ്കടം. ഒരേ നിലവാരം പുലർത്തുന്നതിന് വേണ്ടി നിങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഓർത്തുപോകുകയാണ്. ഇതിനു പിന്നിൽ പ്രവർത്തിച്ചവർക്ക് അഭിനന്ദനങ്ങൾ, പോരാ ശതകോടി അഭിനന്ദനങ്ങൾ. ഇങ്ങനെ ഒരു പ്രസിദ്ധീകരണം കൊണ്ട് നമ്മുടെ ഇടയിൽ ജീവിക്കുന്ന ജീവിച്ചിരുന്ന മഹാൻമാരായ വ്യക്തികളെ കുറിച്ച് നമുക്കും അടുത്ത തലമുറകൾക്കും അറിയാൻ പറ്റും. പിന്നെ ഒരു സംശയം പകരാവൂർ ചിത്രൻ നമ്പുതിരിപ്പാടിനെ കുറിച്ച് എഴുതിയതിൽ ചില തിയ്യതികളെ കുറിച്ച് സംശയം 1918ൽ ഡി ഇ ഓ 1917ൽ 17വയസ്സ് എന്നതും

പി എം അനിയൻ പഴേടത്തു മന
തൊടുപുഴ ഫോൺ: 9895975457

### ഗംഭീരം

ഓണപ്പതിപ്പ് കിട്ടി. ഗംഭീരമായിട്ടുണ്ട്.

സി.കെ വിജയകുമാരി, ഗിരി നഗർ,
കോഴിക്കോട്, ഫോൺ: 9995882086

### ഗ്രേറ്റ്

ഓണസദ്യ വിഭവസമൃദ്ധം.ഗ്രേറ്റ്.

സി.പി.സുരേഷ് ബാബു വിളയിൽ,
മലപ്പുറം ജില്ല ഫോൺ: 9447980530

### സന്തോഷം

സ്വസ്തി കിട്ടി, വളരെ സന്തോഷം.

ഡോ. അനിൽ വള്ളത്തോൾ , വൈസ് ചാൻസലർ, മലയാളം സർവകലാശാല.

## ആസ്ഥാന മന്ദിരം ഗംഭീരം

സ്വസ്തി മാസിക കിട്ടി. അതു വായിച്ചപ്പോഴാണ് സോവനീറിനെപ്പറ്റി അറിയുന്നത്. ഇന്ന് വൈകുന്നേരമാണ് വായിച്ച് കെട്ടിട ഉദ്ഘാടന ഭാഗത്തെത്തിയത്. ആസ്ഥാന മന്ദിരം ഗംഭീരമായിരിക്കുന്നു. അണിയറ പ്രവർത്തകർക്ക് അഭിനന്ദനം. സ്വസ്തി ഒരു മുതൽക്കൂട്ടാണ്. വായിച്ചു തുടങ്ങിയാൽ മുഴുവനായാലേ പുസ്തകം താഴെ വെയ്ക്കാൻ തോന്നൂ. കെട്ടും, മട്ടും. ഉള്ളടക്കവും, ആകെപ്പാടെ ഒരു ആഢ്യൻ. അഭിനന്ദനം എല്ലാ പ്രവർത്തകർക്കും. യോഗക്ഷേമസഭ കോഴിക്കോട് ജില്ല ആസ്ഥാനമന്ദിര ഉദ്ഘാടനത്തോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച ഇദം നമ മ എന്ന സോവനീറിന്റെ ഒരു കോപ്പി കിട്ടാൻ എന്താണ് വഴി?

P. N. Namboodiri.Peroor lllam,Vattaparamba,
P.O Chappanangadi Via: Kottakkal, Pin: 676503, Phone:9495291156

## പാഠപുസ്തകമായ ലൈഫ് സ്റ്റോറി

പാൽക്കുളങ്ങര ഉപസഭാംഗമായ നമ്മുടെ സ്വന്തം എഞ്ചിനീയർ ശശി ചേട്ടന്റെ ട്രൂ ലൈഫ് സ്റ്റോറി ആണ്. കാസർകോട്ടുള്ള ഒരു സാധാരണ നമ്പൂതിരി പയ്യൻ തിരുവനന്തപുരത്തു വന്ന് ശാന്തിക്കാരനായി ജോലി ചെയ്ത്, കഠിന പ്രയത്നം ചെയ്ത് വിദ്യാഭ്യാസപരവും, സർക്കാർ കർമ്മമണ്ഡലത്തിലും ഉന്നത സ്ഥാനത്തെത്തിയ നമ്മുടെ ഒരു സമുദായാംഗത്തിന്റെ ഉയർച്ചയുടെ പടവുകൾ നമ്മൾ ഓരോരുത്തർക്കും ഒരു പാഠപുസ്തകമായിരിക്കുമെന്ന് വിശ്വസിക്കുന്നു. വയസ്സ് വെറും



നമ്പർ മാത്രമാണെന്ന്, സർവീസിൽ നിന്നും റിട്ടയർ ചെയ്തതിനു ശേഷമുള്ള അദ്ദേഹത്തിന്റെ കർമ്മമണ്ഡലത്തെപ്പറ്റി വായിച്ചാൽ നമ്മൾ അത്ഭുതപ്പെട്ടു പോകും. ഇപ്പോൾ നമ്മുടെ ജില്ലാ സഭയിലെ എല്ലാവർക്കും അഭിമാനിക്കാവുന്ന ഈ വ്യക്തിത്വത്തെപ്പറ്റി കുടുതൽ അറിയാനും, പഠിക്കാനും, നല്ല കാര്യങ്ങൾ ഉൾക്കൊള്ളാനും,തീർച്ചയായും നമ്മൾ എല്ലാവരും വായിച്ചിരിക്കേണ്ടതാണ് ഈ ലേഖനം.

ഗോവിന്ദൻ പോറ്റി, തിരുവനന്തപുരം
മൊബൈൽ: 94472 06852

# പുതുമയിലേക്കുള്ള ജൈത്രയാത്ര

**ഇ. കെ. രാജവർമ്മ**



എന്റെ അമ്മയുടെ അച്ഛനും അച്ഛന്റെ അച്ഛനും നമ്പൂതിരി സമുദായത്തിൽപ്പെട്ടവരാണ്. അതുകൊണ്ട് ജീവിതത്തിലുടനീളം ഈ സമുദായത്തിൽപ്പെട്ടവരുമായി എനിക്കു സഹവാസവും സഹവർത്തിത്വവുമുണ്ട്. ഈ രണ്ടു കാരണത്താലും അതൊക്കെ തികച്ചും സന്തോഷം തരുന്നതും പ്രിയപ്പെട്ടതുമാണ്. അവരുടെ ഇത്തരം ജീവിതാനുഭവങ്ങളെയും വിവിധ മേഖലകളിൽ ആർജ്ജിച്ചെടുത്ത നേട്ടങ്ങളെയും സമൂഹമദ്ധ്യത്തിലെത്തിക്കാൻ നടത്തുന്ന പ്രവർത്തനങ്ങളെ അനുമോദിക്കുന്നു. സ്വസ്തിയുടെ താളുകൾ അഭിമാനത്തിന്റെ അപൂർവ്വനിമിഷങ്ങൾ സമ്മാനിക്കുന്നു.

അരണി കടഞ്ഞെടുത്ത കാതലായ ബ്രാഹ്മണ്യത്തിന്റെ അഗ്നിയിൽ കുരുത്ത കരുതൽ. ആദർശത്തിലും ധർമ്മത്തിലൂന്നിയ കർമ്മം കൊണ്ട് അത് നിലനിർത്താനുള്ള ശ്രമം. സമസ്ത ജീവജാലങ്ങൾക്കും സർവ്വ ഐശ്വര്യങ്ങളും നേർന്ന് ഇദം ന മമ എന്ന് പ്രാർത്ഥിക്കുമ്പോൾ കിട്ടുന്ന ആ ഊർജ്ജവും അനുഗ്രഹവുമൊക്കെ തന്നെയാണ് അവർക്ക് എന്നും മാർഗ്ഗവും വെട്ടവും നേട്ടവുമാവുന്നത്.

> എന്റെ അമ്മയുടെ അച്ഛനും അച്ഛന്റെ അച്ഛനും നമ്പൂതിരി സമുദായത്തിൽപ്പെട്ടവരാണ്.



എല്ലാ ലേഖനങ്ങളും ഒന്നിനൊന്ന് മെച്ചം. എങ്കിലും എനിക്ക് നേരിട്ടനുഭവമുള്ള 'ശ്രീലങ്കയിലേക്ക് ബീഡി കയറ്റിയയച്ച നമ്പൂതിരിപ്പാടിനെക്കുറിച്ചും' 'മീൻ തൊട്ടു കൂട്ടിയ നമ്പൂതിരിപ്പാടിന്റെ വിജയഗാഥയെക്കുറിച്ചും' പറയുന്നതിൽ സന്തോഷമുണ്ട്. നടുവത്ത് കദംബൻ നമ്പൂതിരിപ്പാട് എന്റെ അമ്മയുടെ ചെറിയച്ഛനായിരുന്നു. അദ്ദേഹവും എന്റെ അച്ഛനും തമ്മിൽ ദീർഘകാല ബന്ധമുണ്ട്. പല സംരംഭങ്ങളും അത്തരം ഒത്തുചേരലിലാണ് ആവിർഭവിച്ചിട്ടുള്ളതും.

നടുവത്ത് ദിവാകരൻ നമ്പൂതിരിപ്പാടാണെങ്കിൽ എന്റെ അമ്മാവന്റെ സ്ഥാനത്തും. അദ്ദേഹം എന്റെ മൂത്തസഹോദരിയുടെ മകളെ വിവാഹം കഴിക്കുകവഴി ഞാൻ അദ്ദേഹത്തിന്റെ അമ്മാവന്റെ സ്ഥാനത്തുമാണ്. അച്ഛനിൽനിന്ന് പകർന്നുകിട്ടിയ സംരംഭകത്വമികവ് തന്നെയാണ് അദ്ദേഹത്തിന്റെയും മൂലധനം എന്നറിയാം.

നമ്പൂതിരി ശ്രേഷ്ഠരുടെ നൂറ്റാണ്ടുകളുടെ അനുഭവങ്ങൾ അനാവരണം ചെയ്യുമ്പോഴും പുതുതലമുറയുടെ പുത്തൻ മേച്ചിൽപ്പുറങ്ങളെ പുറത്തെടുത്തു അവതരിപ്പിക്കാൻ സ്വസ്തിക്കായി. കെട്ടിലും മട്ടിലും ഉള്ളടക്കത്തിലും ഉൾക്കാമ്പിലും അവതരണത്തിലും സ്വസ്തി വളരെ മുന്നിലാണ്. ●

ഇ. കെ. രാജവർമ്മ
റിട്ട. സീനിയർ മാനേജർ, ഫെഡറൽ ബാങ്ക്
അമരമ്പലം കോവിലകം
മൊബൈൽ: 9447327450

# ആ തോക്ക് സറണ്ടർ ചെയ്തിട്ടില്ല

ജൂലായ് ലക്കം ആറ്റുപുറം മനയെക്കുറിച്ചുള്ള ഇല്ലപ്പെരുമയിൽ പരാമർശിക്കുന്ന ആ തോക്ക് സറണ്ടർ ചെയ്തിട്ടില്ല. അതുപോലെത്തന്നെ ചില പിശകുകളും ചൂണ്ടിക്കാണിക്കുന്നു. പേജ് 66 ൽ ഒറോഴിയത്ത് നാരായണൻ നമ്പൂതിരി എന്നത് ഒരോഴിയത്ത് എന്ന് തെറ്റായി വന്നു. അദ്ദേഹത്തിന് രണ്ടു പേരക്കുട്ടികൾ ആദീവ് ശങ്കറും അംഗിരസും.



*1.മഞ്ചേരി ആറ്റുപുറത്തെ മകൻ പുരുഷോത്തമന്റെ കുടുംബം*
*2. ആറ്റുപുറത്തെ മകൾ വത്സലയുടെ പുത്രി ഡോ. നിഷയുടെ (W/o അരീപ്പുറത്ത് ഡോ.പ്രിയരഞ്ജൻ) കുടുംബം*

മഞ്ചേരി ആറ്റുപുറത്തെ വാസുദേവൻ നമ്പൂതിരിയുടെ ഏക മകൾ ദേവകിയെ വിവാഹം ചെയ്തത് ആര്യ പാർവ്വതി സഹോദരിമാരുടെ മൂത്ത സഹോദരനായ നെല്ലായിക്കുന്നത്ത് നാരായണൻ നമ്പൂതിരിയാണ്.

ഇവരുടെ മക്കൾ 1 കേരള ഗവ.സർവീസിൽനിന്നു റിട്ടയർ ചെയ്ത രാജം ( ഗവ കോളേജിൽനിന്നു പ്രൊഫസർ ആയി റിട്ടയർ ചെയ്ത ചോണൂർ ശംഭു നമ്പൂതിരിയുടെ പത്നി ) 2 പുനലൂരിൽ പ്രധാനന്ധ്യാപികയായി ആയി റിട്ടയർ ചെയ്ത പദ്മിനി ( റിട്ടയർ പ്രധാനന്ധ്യാപികൻ കോട്ടവട്ടം മണിയുടെ പത്നി) 3. കേരള കാർഷിക സർവകലാശാലയിൽ നിന്നു പ്രൊഫസർ ആയി റിട്ടയർ ചെയ്ത പരമേശ്വരൻ ( പത്നി മല്ലിശ്ശേരി മകൾ അർച്ചന) 4. ഗവ സർവീസ് പെൻഷനർ ആയ തങ്കമണി( സർവീസ് പെൻഷനർ ആയ കൊളങ്ങര ശങ്കരൻ നമ്പൂതിരിയുടെ പത്നി) 5 ഗൃഹസ്ഥയായ സാവിത്രി (എറണാകുളത്തെ ഇലെക്ട്രിക്കൽ വ്യാപാരസ്ഥാപനമായ ട്രാൻസ്സ് എക്വിപ്മെൻറ്സിൻറെ മാനേജിംഗ് പാർട്ടണർ ആയ കോട്ടവട്ടം ശാന്തകുമാർ എന്ന അനിയന്റെ പത്നി) എന്നിവരാണ്.

1921 ൽ കൊല്ലപ്പെട്ട വാസുദേവൻ നമ്പൂതിരിയുടെ മകൾ പാർവതിയെ തോട്ടുവാ കൂവപ്പടി

കൊരമ്പൂർ സുബ്രമണ്യൻ നമ്പൂതിരിയാണ് വേളി കഴിച്ചത്. ഇവർക്ക് സുബ്രമണ്യൻ, വാസുദേവൻ, പാർവതി, പുരുഷോത്തമൻ പരേതരായ കേശവൻ, നാരായണൻ, കൃഷ്ണൻ, ശ്രീധരൻ എന്നീ മക്കളാണുള്ളത്. പ്രസിദ്ധമായ തോട്ടുവാ ധന്വന്തരി ക്ഷേത്രം ട്രസ്റ്റികളാണ് ഈ കുടുംബക്കാർ.. ●

### കാസർഗോഡ് ജില്ലയിൽ നിന്ന് യോഗക്ഷേമസഭയിലേക്ക്

# പതിനയ്യായിരം പേർ

കാസർഗോഡ് ജില്ലയിൽ നിന്ന് പതിനയ്യായിരത്തോളം പേർ യോഗക്ഷേമസഭയിലേക്ക് ചേരുന്നു. ഹവ്യക സഭ, കരാട സമിതി, ശീവള്ളി സഭ, കോട്ട മഹാസഭ എന്നീ ബ്രാഹ്മണ സംഘടനകളിലെ അംഗങ്ങളാണ് പുതുതായി യോഗക്ഷേമ സഭയുമായി സഹകരിച്ചു പ്രവർത്തിക്കാൻ ധാരണയായത്. ഇവരുടെ യോഗക്ഷേമസഭയിലേക്കുള്ള വരവ് ചരിത്രപരമായ നേട്ടമായിരിക്കും. സഭയുടെ മറ്റൊരു പ്രവർത്തനത്തിലേക്കുള്ള കാൽവെപ്പ് കൂടിയാവും ഇത്.



*ഹവ്യക സഭ, കരാട സമിതി, ശീവള്ളി സഭ, കോട്ട മഹാസഭ എന്നീ ബ്രാഹ്മണ സംഘടനകളിലെ പ്രതിനിധികളുമായി കാസർകോഡ് നടന്ന ചർച്ച*

2022 ജൂലൈ 23 ന് കാസർഗോഡ് ജില്ലയിലെ വടക്കൻ മേഖലകളിൽ താമസിച്ചു വരുന്ന ഹവ്യക സഭ, കരാട സമിതി, ശീവള്ളി സഭ, കോട്ട മഹാസഭ എന്നീ ബ്രാഹ്മണ സംഘടന പ്രതിനിധികളുമായി യോഗം വിളിച്ചു ചേർത്തിരുന്നു. യോഗത്തിൽ പ്രസ്തുത സംഘടനകളുടെ പ്രതിനിധികളായി യേത്തടുക്ക ഗോവിന്ദഭട്ട്, അരവിന്ദകുമാർ, പ്രസാദ് മുട്ടത്തോട്, അഡ്വ. വൈ.വി. ശ്രീകാന്ദ് എന്നിവരും യോഗക്ഷേമ സഭയെ പ്രതിനിധീകരിച്ച് ജനറൽ സെക്രട്ടറി എം.വി. സുബ്രഹ്മണ്യൻ, സംസ്ഥാന ട്രഷറർ പ്രൊഫ. ചെമ്മരം നാരായണൻ നമ്പൂതിരി, കാസർഗോഡ് ജില്ലാ പ്രസിഡന്റ് കെ എ. ശങ്കരൻ നമ്പൂതിരി, ജില്ലാ സെക്രട്ടറി ടി. ഗോവിന്ദൻ നമ്പൂതിരി, ജില്ലയിലെ സജീവ പ്രവർത്തകനായ എം എസ്. ചക്രേശൻ മാസ്റ്റർ, സംസ്ഥാന കൗൺസിൽ അംഗങ്ങളായ പി. ദിലീപ് കുമാർ, പി, എൻ. ദാമോദരൻ നമ്പൂതിരി എന്നിവരും യോഗത്തിൽ പങ്കെടുത്തു.

പ്രസ്തുത സഭകളെല്ലാം ഒന്നുചേർന്ന് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത യോഗം ചർച്ച ചെയ്തു. യോഗക്ഷേമസഭയുമായി ചേർന്ന് പ്രവർത്തിക്കാമെന്ന ധാരണയിലെത്തി. തുടർ പ്രവർത്തനങ്ങൾ വരും ദിവസങ്ങളിൽ ഉണ്ടാകും. ഐകമത്യം മഹാബലം എന്ന തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ കാലഘട്ടം ആവശ്യപ്പെടുന്ന ഒന്നാണ് ഈ സഹകരണം.

## യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ വാർഷിക സമ്മേളനം

യോഗക്ഷേമസഭ കോഴിക്കോട് ജില്ലയുടെ വാർഷിക സമ്മേളനം കോവൂർ ജില്ലാ മന്ദിരം ഓഡിറ്റോറിയത്തിൽ വെച്ച് സംസ്ഥാന ഉപാദ്ധ്യക്ഷൻ മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡണ്ട് മധു അരീക്കര അധ്യക്ഷത വഹിച്ചു.

എസ്.എസ്.എൽ സി , പ്ലസ് ടു പരീക്ഷകളിൽ മുഴുവൻ എപ്ലസ് നേടിയ 30 കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി.

മങ്ങത്തായ കൃഷ്ണൻ നമ്പൂതിരി,കെ.എം.രാമൻ നമ്പൂതിരി, പാനാട് പദ്മനാഭൻ നമ്പൂതിരി, ബാലകൃഷ്ണൻമൂസ്, തിരുമംഗലം കൃഷ്ണൻ നമ്പൂതിരി, പാറക്കോട് ശങ്കരൻ നമ്പൂതിരി, ശ്രീജ അരീക്കര , ഹേമലത പാറക്കോട് എന്നിവർ സംസാരിച്ചു.



*യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ ആസ്ഥാനമന്ദിരത്തിൽ ചേർന്ന ജില്ലാ കൗൺസിൽ സമ്മേളനം.*

2022–25 കാലത്തെ ഭാരവാഹികളായി താഴെ പറയുന്നവരെ തിരഞ്ഞെടുത്തു.

മധു അരീക്കര (പ്രസിഡന്റ് ) പി.എം. ജി നമ്പൂതിരി കെ.ഐ. വിഷ്ണു നമ്പൂതിരി പ്രീത കോരമ്പറ്റ (വൈസ് പ്രസിഡന്റുമാർ) താമരക്കുളം ദിവാകരൻ (സെക്രട്ടറി) തിരുമംഗലം കൃഷ്ണൻ നമ്പൂതിരി ശ്രീരേഖ മാടമന മധു പൌർണമി (ജോ.സെക്രട്ടറിമാർ) കൊല്ലോറ്റ കൃഷ്ണൻ നമ്പൂതിരി( ട്രഷറർ) എന്നിവരെയും മെമ്പർമാരായി പാട്ടം ശങ്കരൻ നമ്പൂതിരി, കൊളപ്പുറം നാരായണൻ നമ്പൂതിരി, കോടി തലപ്പണ മാധവൻ നമ്പൂതിരി, കോരമ്പറ്റ ശങ്കരൻ നമ്പൂതിരി, പുതുശ്ശേരി മധുസൂദനൻ നമ്പൂതിരി, മുണ്ടോളികളം വിഷ്ണു (ബ്രാബു ) നമ്പൂതിരി, ഹരിഗോവിന്ദൻ കക്കാട്, പാലക്കുന്നം പരമേശ്വരൻ നമ്പൂതിരി, പറമ്പിടി മനോജ് കുമാർ എന്നിവരെയും തിരഞ്ഞെടുത്തു.

സീനിയർമാരായ അംഗങ്ങളുടെ ഉപദേശങ്ങളും നിർദേശങ്ങളും ലഭിക്കുന്നതിനായി

കൊയ്ത്തടി പരമേശ്വരൻ നമ്പൂതിരി,മങ്ങത്തായ കൃഷ്ണൻ നമ്പൂതിരി, ബാലകൃഷ്ണൻ മൂസ്, നാറണിയാട്ട് ദാമോദരൻ നമ്പൂതിരി, സരസ്വതി അന്തർജനം സിറ്റി ഉപസഭ എന്നിവരെ കോഴിക്കോട് ജില്ലയുടെ പ്രത്യേക ക്ഷണിതാക്കളായും തിരഞ്ഞെടുത്തു.



**യോഗക്ഷേമസഭ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ 2019/2022**

നിൽക്കുന്നവർ: കൃഷ്ണൻ കൊല്ലോറ്റ (കോഴിക്കോട്),മാധവൻ (കണ്ണൂർ), കൃഷ്ണൻ ഇടക്കാട് (പത്തനംതിട്ട), പ്രകാശൻ യു (സ്റ്റേറ്റ് ഐടി കോർഡിനേറ്റർ, കൊല്ലം), കൽപമംഗലം നാരായണൻ (ഉത്തര മേഖല പ്രസിഡണ്ട്, കാസർകോട്), ശ്രീമണി (കാസർകോട്), രേവതി (യുവജന സഭ പ്രസിഡന്റ്, പത്തനംതിട്ട), ജയശ്രീ (വനിതാ സഭ സെക്രട്ടറി, ആലപ്പുഴ),സുജാത, ഉഷാദേവീ ( ആലപ്പുഴ),ശങ്കര് സി.ഐ (ഉത്തര മേഖല സെക്രട്ടറി,കണ്ണൂർ), ശ്രീകുമാർ ടി.കെ (റജിസ്ട്രാർ, കോട്ടയം), സാജൻ പണ്ടാരത്തിൽ (തിരുവനന്തപുരം) ഇരിക്കുന്നവർ: സോയ( വനിതാ സഭ പ്രസിഡന്റ്, പത്തനംതിട്ട), ഈശ്വരൻ മാടമന,(വയനാട്), പ്രൊഫ ഈശ്വരൻ മാധവപ്പിള്ളി, (ആലപ്പുഴ), പ്രൊഫ ചെമ്മരം നാരായണൻ (ട്രഷറർ, തൃശ്ശൂർ), ടി.ആർ.വല്ലഭൻ നമ്പൂതിരിപ്പാട് (പ്രസിഡണ്ട്, എറണാകുളം), കൃഷ്ണൻ മുല്ലപ്പള്ളി (വൈസ് പ്രസിഡന്റ്, കോഴിക്കോട്), എം വി സുബ്രഹ്മണ്യൻ (ജനറൽ സെക്രട്ടറി, തിരുവനന്തപുരം), വിഷ്ണു നമ്പൂതിരി കുടൽമന (ദക്ഷിണ മേഖല പ്രസിഡണ്ട്, ആലപ്പുഴ), ശ്രീകുമാരരു (ദക്ഷിണ മേഖല സെക്രട്ടറി, കൊല്ലം),വിജയൻ മുല്ലനേഴി (തൃശ്ശൂർ)

**ശ്രീശങ്കരാ ട്രസ്റ്റിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ വിജയിച്ച് എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളായവർ**

സൗത്ത് സോൺ

1 അഡ്വ. ശംഭു നമ്പൂതിരി
2. ജയശ്രീ.കെ
3. അഴിയിടം എൻ. വിജയൻ നമ്പൂതിരി
4. ഡോ.ഇ.കെ.ഈശ്വരൻ
5. കെ.കേശവൻ പോറ്റി, കുറിയിടത്തു മഠം
6. ഡോ.കൃഷ്ണൻ നമ്പൂതിരി.ഇ
7. ഹരികുമാർ നമ്പൂതിരി.വി
8. ബിജുകുമാർ.എൻ.ഐ

സെൻട്രൽ സോൺ

1. ഹരി.എൻ.നമ്പൂതിരി
2. അഡ്വ.പെരിയമന.എം.വാസുദേവൻ (ബാബു)
3. ശ്രീകുമാർ തോട്ടക്കാട്ട്
4. ബ്രിഗേഷ് പാട്ടശ്ശേരി
5. സുജിൽ തട്ടയം കൃഷ്ണൻ നമ്പൂതിരി
6. അക്കീരമൻ അഗ്നിശർമൻ ഭട്ടത്തിരിപ്പാട്
7. കുന്നം വിജയൻ
8. അത്രശ്ശേരി രാമൻ നമ്പൂതിരി

നോർത്ത് സോൺ

1. പൂമുള്ളി നാരായണൻ നമ്പൂതിരിപ്പാട്
2. അഡ്വ. എറിയാട് ഉണ്ണികൃഷ്ണൻ നമ്പൂതിരി
3. ഡോ. ദിനേഷ് വെള്ളക്കാട്ട്
4. പ്രൊ.(റിട്ട) എം.കെ. നാരായണൻ നമ്പൂതിരി
5. മൂർത്തിയേടം സുധാകരൻ
6. ടി.എം.വാസുദേവൻ (ത്രിക്കടീരി ഉണ്ണി)
7. ജി.കൃഷ്ണൻ നമ്പൂതിരി



*ഡോ. എം.വി. വിഷ്ണു നമ്പൂതിരിയുടെ പുസ്തകശേഖരത്തിൽ നിന്നും ഡോ.എം.വി.വിയുടെ കൃതികൾ യോഗക്ഷേമസഭ കോഴിക്കോ ട് ജില്ലാ ആസ്ഥാനമന്ദിരത്തിലെ ശ്രീ ശങ്കരാ ലൈബ്രറിക്ക് ജനറൽ സെക്രട്ടറി എം വി സുബ്രഹ്മണ്യൻ നമ്പൂതിരി കൈമാറുന്നു*



*യോഗക്ഷേമസഭ മലപ്പുറം ജില്ല വാർഷിക പൊതുയോഗത്തിൽ വെച്ച് വിദ്യാനിധി പുരസ്കാരം ലഭിച്ച മലപ്പുറം ജില്ലയിലെ പ്രതിഭകൾ.*



*മുക്കം ഉപസഭയുടെ സംസ്ഥാന കൗൺസിൽ കൂപ്പൺ കലക്ഷൻ താ മരക്കുളം ലിനേഷിന് 2000 കയുടെ കൂപ്പൺ നൽകിക്കൊണ്ട് ജില്ലാ ട്രഷറർ കൊല്ലാറ്റ കൃഷ്ണൻ നമ്പൂതിരി നിർവ്വഹിക്കുന്നു.*

*രാമല്ലൂർ ഉപസഭ യുടെ രാമായണ പരിക്രമണത്തിന് 'ചിത്രകൂടം' നാഗത്തിങ്കൽ ഇല്ലത്തു തുടക്കം കുറിച്ചപ്പോൾ*



# ചെറുതല്ല വനിതാ വിഭാഗം
## വെബിനാർ സീരീസ് മുപ്പത് പിന്നിട്ടു

**സി.എൻ.സോയ**



കേരളത്തിലെ ബ്രാഹ്മിൻ ഇൻഡോളജി യാഥാർത്ഥ്യത്തോടെ അറിയണം എന്ന ലക്ഷ്യത്തോടെ അമ്പതോളം വിഷയങ്ങൾ കണ്ടെത്തി എല്ലാ ഞായറാഴ്ചകളിലും വനിതാ സഭയുടെ നേതൃത്വത്തിൽ സീരീസ് ഓഫ് വെബിനാർ നടത്തി വരുന്നു. കോവിഡിന്റെ പരാധീനതകളെ പോസിറ്റീവ് ആക്കി മാറ്റാനുള്ള ആലോചനയിൽ നിന്നാണ് വെബിനാർ സീരീസ് എന്ന ആശയം ഉരുത്തിരിഞ്ഞത്. അതത് വിഷയങ്ങളിൽ വിദഗ്ദ്ധരായവരെ കണ്ടെത്തി ഞായറാഴ്ചകളിൽ നടത്തി വരുന്ന വിജ്ഞാന പടിപാടി മുപ്പതിലധികം ലക്കങ്ങൾ പിന്നിട്ടു. സംഘാടകമികവ് ലക്ഷ്യം വെച്ച് ബോധവൽക്കരണ സ്റ്റഡിക്ലാസ്സുകൾ, ക്യാമ്പ് എന്നിവയും നടത്തുന്നു.

അഴിയിടം വിജയൻ നമ്പൂതിരി കോ ഓർഡിനേറ്ററായും സുധാവാസുദേവൻ സഹഓർഡിനേറ്ററായും 2012 മുതൽ ആരംഭിച്ച മൈക്രോയൂണിറ്റുകളാണ് മറ്റൊരു പദ്ധതി. പത്തു വർഷംകൊണ്ട് നല്ലൊരു തുക മിച്ചമുണ്ടാക്കാനായി. വീട്ടുമുറ്റത്തെ ബാങ്കായി ഇതിനെ കണക്കാക്കുന്നു. ഇതിലൂടെ അന്തർജനങ്ങളുടെ ചെറിയ ബിസിനസ് സംരംഭങ്ങൾ തുടങ്ങാനായി. 2021ൽ നടത്തിയ സംരംഭകത്വ വെബിനാറുകൾ കോവിഡിൽ തകർന്ന മൈക്രോയൂണിറ്റുകൾക്ക് പുതുജീവൻ നൽകി.

ജില്ലകൾ തോറും ആരംഭിച്ച ക്ഷേമശ്രീ സോഷ്യൽ സർവീസ് സൊസൈറ്റിയും വനിതകളുടെ ഉന്നമനത്തിന് ലക്ഷ്യം വയ്ക്കുന്നു. വിവിധ ഗവ. പെൻഷൻ പദ്ധതികൾ ലഭ്യമാക്കിക്കൊടുക്കാനായി ശ്രീലത കോ ഓർഡിനേറ്ററായി മറ്റൊരു പ്രവർത്തക ഗ്രൂപ്പും ജില്ലകളിലുണ്ട്. പെൻഷൻ, സ്കോളർഷിപ്പ്, വിവാഹധനസഹായം, പ്രസവാനുകൂല്യം മരണാനന്തര ആനുകൂല്യം, ഭിന്നശേഷി ആനുകൂല്യം, ചികിത്സാസഹായം തുടങ്ങിയവയെല്ലാം ഈ ഗ്രൂപ്പ് ലഭ്യമാക്കിക്കൊടുക്കുന്നു. ഇതിനായി ജില്ലാ കോ ഓർഡിനേറ്റർമാരുമുണ്ട്.

സിന്ധുജയൻ കോ ഓർഡിനേറ്ററായി പ്രവർത്തിക്കുന്ന ബാലസഭ വൈജ്ഞാനിക മേഖലയിലാണ് പ്രവർത്തിക്കുന്നത്. ഒപ്പം ആധുനിക വിദ്യാഭ്യാസത്തിനുതകുന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങളും ക്യാമ്പുകളും സംഘടിപ്പിക്കുന്നുണ്ട്. കുട്ടികൂട്ടായ്മകൾ വഴി വിജ്ഞാനപ്രദമായ നിരവധി പരിപാടികൾ നടത്തിയിട്ടുണ്ട്.

മറ്റൊരു പ്രവർത്തനം ശ്രീഗംഗ കോ ഓർഡിനേറ്ററായ നുറുങ്ങുവെട്ടം എന്ന മോട്ടിവേഷൻ ക്ളാസുകളാണ്. ജീവിത പ്രതിസന്ധികളിൽ പിടിവിട്ടു പോകാവുന്നവരെ കണ്ടെത്തി കൗൺസിലിംഗ് നടത്തുന്ന ടീം എല്ലാ ജില്ലകളിലും പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

സമൂഹത്തിലും സമുദായത്തിലും ദുരിതമനുഭവിക്കുന്നവരെ കണ്ടെത്തി സഹായിക്കുന്നതിനായി ശ്രദ്ധിക്കുന്നു. വൃദ്ധരായ മാതാപിതാക്കൾ മാത്രം താമസിക്കുന്ന ഇല്ലങ്ങളിൽ ഭക്ഷണം, സാമ്പത്തിക സഹായം, ഗൃഹ ജോലികളിൽ സഹായിക്കുക ഉൾപ്പെടെ അയലിനെ അറിയുക എന്ന പദ്ധതിയിലൂടെ നടപ്പിലാക്കി. സ്വന്തം ഇല്ലങ്ങളിൽ ഉപയോഗിച്ച് വരുന്ന പാത്രങ്ങൾ സഹിതം ശേഖരിച്ചു നൽകി മാതൃക കാട്ടിയവരുമുണ്ട്. കോവിഡ് ബാധിച്ച ഇല്ലങ്ങളിൽ മൈക്രോയൂണിറ്റുകൾ ഊഴമിട്ട് രണ്ടാഴ്ച വരെ ഭക്ഷണവും മറ്റും എത്തിച്ചു നൽകിയിട്ടുമുണ്ട്.

കാസർകോട്ടെ വനിതാ പ്രസിഡണ്ട് ശ്യാമളയുടെ നേതൃത്വത്തിൽ ഒരു വീട് നിർമ്മിച്ചു നൽകിയതും എടുത്തു പറയേണ്ടതാണ്. കോട്ടയം പത്തനം തിട്ട തുടങ്ങിയ ജില്ലകളിലും കെട്ടിടനിർമ്മാണത്തിന് സഹായങ്ങൾ നൽകി. സംസ്ഥാനതലത്തിൽ സെക്രട്ടറി കെ. ജയശ്രീ മുൻകയ്യെടുത്ത് സഭാംഗങ്ങളായ മൂന്നു പേർക്ക് മേജർ ഓപ്പറേഷനു വേണ്ട ധനസഹായവും ലഭ്യമാക്കുകയുണ്ടായി. ●

> കോവിഡിന്റെ പരാധീനതകളെ പോസിറ്റീവ് ആക്കി മാറ്റാനുള്ള ആലോചനയിൽ നിന്നാണ് വെബിനാർ സീരീസ് എന്ന ആശയം ഉരുത്തിരിഞ്ഞത്. ഞായറാഴ്ചകളിൽ നടത്തി വരുന്ന വിജ്ഞാന പടിപാടി മുപ്പതിലധികം ലക്കങ്ങൾ പിന്നിട്ടു.




സി.എൻ. സോയ, വരിക്കുവേലിൽ മഠം, പത്തനംതിട്ട,
സംസ്ഥാന പ്രസിഡന്റ്,
യോഗക്ഷേമ സഭ, വനിതാ വിഭാഗം.
മൊബൈൽ: 9447568132



*ഉള്ളിയേരി ഉപസഭയുടെ കീഴിൽ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം കൈവരിച്ച കുട്ടികളെ അനുമോദിക്കുന്നു*

## ഉള്ളിയേരി ഉപസഭ ആദരിക്കൽ ചടങ്ങ് നടത്തി

ഉള്ളിയേരി ഉപസഭയുടെ കീഴിൽ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം കൈവരിച്ച കുട്ടികൾക്ക് ഉപഹാരം നൽകി ആദരിച്ചു. കോഴിക്കോട് നിർവ്വാഹക സമിതി പ്രസിഡന്റ് ബ്രഹ്മശ്രീ മധു അരീക്കര ഉദ്ഘാടനം ചെയ്തു. ജില്ലാ ജോ. സെക്രട്ടറി ബ്രഹ്മശ്രീ ടി.കൃഷ്ണൻ നമ്പൂതിരി മുഖ്യപ്രഭാഷണം നടത്തി. ബ്രഹ്മശ്രീ ബിനോയ് ബാണത്തൂർ ഉപഹാരങ്ങൾ നൽകി. കെ.രമേശൻ നമ്പൂതിരിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സുജാത നമ്പൂതിരി സ്വാഗതവും രശ്മി ബാപ്പറ്റ നന്ദിയും പറഞ്ഞു.

# യോഗക്ഷേമസഭ ജില്ലാ ഭാരവാഹികൾ

പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്ന ക്രമത്തിൽ

## തിരുവനന്തപുരം



| | | |
|---|---|---|
| അഡ്വ. ശംഭു നമ്പൂതിരി<br>വെദിര മന<br>90379 85871 | ജയകൃഷ്ണൻ .എൻ.<br>നാരായണീയം<br>9495154025 | ബി. ഗോവിന്ദൻ പോറ്റി<br>നൂപുര<br>94472 06852 |

## പാലക്കാട്



| | | |
|---|---|---|
| ടി.എസ്.രാമൻ നമ്പൂതിരി<br>തിരുത്തൂർ മന<br>9447352328 | പി.എം.വാസുദേവൻ<br>പാറനാട്ടു മന<br>9495658865 | പുന്നപ്പുഴ<br>ഉണ്ണികൃഷ്ണൻ നമ്പൂതിരി<br>9446791722 |

## കൊല്ലം



| | | |
|---|---|---|
| എസ്.ശ്രീകുമാർ<br>ഉള്ളന്നൂർ മഠം<br>9447058446 | മനോജ് ശർമ്മ എൽ.എസ്.<br>തെക്കേടത്ത് ഇല്ലം<br>9847537507 | രാധാകൃഷ്ണൻ പോറ്റി<br>ശ്രീലക്ഷ്മി<br>8943090569 |

## മലപ്പുറം



| | | |
|---|---|---|
| കെ.എം നീലകണ്ഠൻ നമ്പൂതിരി<br>കൈപ്പള്ളി മന<br>9447311967 | കാങ്ങൽ മുരളീധരൻ<br>നമ്പൂതിരി<br>+919495149313 | ഉദയൻ നമ്പൂതിരിപ്പാട്<br>'ഉല്ലാസ്'<br>82819 26325 |

## കോട്ടയം



| | | |
|---|---|---|
| ഡോ.കെ.എസ്.രാജ്കുമാർ<br>കൈതമറ്റം<br>9895950092 | പി.ഹരികുമാർ<br>കാർത്തികാ ഭവൻ<br>7306060592. | ജയ ഉണ്ണികൃഷ്ണൻ<br>നെല്ലിക്കുന്നത്ത് ഇല്ലം<br>6238236139 |

## കോഴിക്കോട്



| | | |
|---|---|---|
| മധു അരീക്കര<br>അരീക്കര ഇല്ലം<br>9447136571. | താമരക്കുളം<br>ദിവാകരൻ നമ്പൂതിരി<br>9447337337 | കൊല്ലോറ്റ കൃഷ്ണൻ<br>നമ്പൂതിരി<br>8606208060. |

## ആലപ്പുഴ



| | | |
|---|---|---|
| ടി.എം.ജയപ്രകാശ്<br>താന്നിയിൽ ഇല്ലം<br>8078725318 | മാധവൻ നമ്പൂതിരി<br>തളിക്കൽമഠം<br>9495440056 | ജി.വിദ്യാധരൻ നമ്പൂതിരി<br>പച്ചംകുളത്ത് ഇല്ലം<br>9447189540 |

## വയനാട്



| | | |
|---|---|---|
| മധുസൂദനൻ നമ്പൂതിരി<br>മൂത്തേടത്തില്ലം<br>9744223571 | കേശവൻനമ്പൂതിരി എം<br>കരുണാലയം<br>8943270688 | സുബ്രഹ്മണ്യൻ സ്വാമി<br>പന്നിക്കൽ വീട്<br>9846294650 |

## പത്തനംതിട്ട



| | | |
|---|---|---|
| അഡ്വ. കെ.രാധാകൃഷ്ണൻ പോറ്റി<br>എണ്ണക്കശ്ശേരി മഠം<br>9995605690, 9061228472 | സന്ദീപ് നമ്പൂതിരി<br>ചെമ്പകശ്ശേരി ഇല്ലം<br>9447454847 | കൃഷ്ണൻ നമ്പൂതിരി<br>ശ്രീവല്ലഭം<br>949266127 |

## കണ്ണൂർ



| | | |
|---|---|---|
| മധു മരങ്ങാട്<br>മരങ്ങാട്ടില്ലം<br>9447547274 | ദാമോദരൻ നമ്പൂതിരി<br>പടിഞ്ഞാറേ നീലമന<br>9446029133 | ഇ എൻ കൃഷ്ണൻ നമ്പൂതിരി<br>എഗ്ഗ്ഡ നീലമന<br>9544078981 |

## എറണാകുളം



| | | |
|---|---|---|
| സ്വർണ്ണത്ത് നാരായണൻ<br>നമ്പൂതിരിപ്പാട്<br>9447988 730 | രാജൻ ബി പണ്ടാരത്തിൽ<br>കുളക്കട<br>9447945705 | കെ പി നാരായണൻ<br>കപ്ളിങ്ങാട്ട് മന<br>9446533274 |

## കാസർകോട്



| | | |
|---|---|---|
| കെ.എ. ശങ്കരൻ നമ്പൂതിരി<br>മാട്ട അനലക്കാട്<br>9446067815 | ടി.ഗോവിന്ദൻ നമ്പൂതിരി<br>മധുരക്കാട് തെക്കില്ലം<br>9744915121 | ശ്രീധരൻ എമ്പ്രാന്തിരി<br>എടമന<br>8547097712. |

## തൃശൂർ



| | | |
|---|---|---|
| ഹരി പഴങ്ങാപ്പറമ്പ്<br>പഴങ്കംപറമ്പ മന<br>9446618766 | കാവനാട് കൃഷ്ണൻ<br>കാവനാട് മന<br>9946582555 | കരുവാട് നാരായണൻ<br>കരുവാട് മന<br>9961893934 |

## കോഴിക്കോട് വനിതാസഭ



| | |
|---|---|
| ഹേമലതാദേവി എ.കെ,<br>പാറക്കോട്ടില്ലം,<br>9400802151 | ശ്രീജ മധു അരീക്കര<br>അരീക്കര ഇല്ലം<br>9497169789 |

## സംസ്ഥാന പ്രതിനിധി



കല്ലംവള്ളി രാമകൃഷ്ണ
ഹരി നമ്പൂതിരി
കോഴിക്കോട്, 9495892653







പേരാമ്പ്ര ആവള ബാണത്തൂർ ഇല്ലത്ത്
രഞ്ജിത്തിന്റെയും
ശ്രീദേവിയുടെയും മകൾ
**ഗാർഗി ബാണത്തൂരിന്റെ ചോറൂൺ**
കഴിഞ്ഞ മാസം 7 ന് ബാണത്തൂർ
ഇല്ലത്ത് വെച്ച് നടന്നു.
**ഗാർഗിക്ക് ആശംസകളോടെ**
**ബന്ധുമിത്രാദികൾ**






പാലക്കാട് കുമരനെല്ലൂർ കാവുമ്പുറത്ത് നടുവത്ത് മന നാരായണൻ നമ്പൂതിരി (റിട്ട. ഡിവിഷനൽ മാനേജർ, ന്യൂ ഇന്ത്യാ ഇൻഷുറൻസ് ) മിനി നാരായണൻ ദമ്പതിമാരുടെ പുത്രൻ **ഹൃഷീകേശും** ( എഞ്ചിനീയർ ,ടി.സി.എസ് ) തൃശൂർ പുത്തൻചിറ ആലക്കാട്ടു മന വാസുദേവൻ (റിട്ട. ഓഫീസർ, ഇ.എസ്.ഐ കോർപ്പറേഷൻ) വാസന്തി (റിട്ട. ടീച്ചർ) ദമ്പതിമാരുടെ മകൾ **ലാവണ്യയും** വിവാഹിതരായി.

വിവാഹ സുദിനം: 2022 സെപ്തംബർ 3 ശനിയാഴ്ച, കുമരനെല്ലൂർ വി കെ ഓഡിറ്റോറിയം, മൊബൈൽ: 9447276658, 9495852702



**രോഹിത്ത് & അപർണ**

പട്ടാമ്പി കണ്ണനൂർ തെക്കേടത്ത് മന (താമസം മുംബൈ പൻവേൽ) രവി - രമ ദമ്പതിമാരുടെ മകൻ **രോഹിത്തും** തൃശൂർ വടക്കാഞ്ചേരി അരപ്പനാട് കൃഷ്ണൻ ഭട്ടതിരിപ്പാട് ആര്യ ദമ്പതിമാരുടെ പൗത്രിയും സുരേഷ്-രേഖ ദമ്പതിമാരുടെ മകളുമായ **അപർണയും** വിവാഹിതരായി. വിവാഹ സുദിനം: 21/8/2022 തൃത്താല ലുലു ഓഡിറ്റോറിയം.

**രവി തെക്കേടത്ത്**
**9867203567**

**Reception on 17.9.2022 at Hotel Khandesh Residency, New Panvel, Maharashtra**

## വേറിട്ട അനുഭവങ്ങൾ

**ഒരു** കൊല്ലം മുഴുവൻ ദിവസം ചാത്തമൂട്ടുക. അതാണ് നിത്യശ്രാദ്ധം. ഒരു ദിവസത്തേക്കു പോലും ചാത്തത്തിന് ആളെ കിട്ടാത്ത ഇക്കാലത്ത് അങ്ങനെയൊന്ന് സങ്കല്പിക്കാനാവില്ല. അങ്ങനെ നിത്യചാത്തം ഉണ്ട ഒരാളുടെ കഥയാണ് ഇത്. ഊട്ടിയ ആളുടേതല്ല. പതിനാലു വയസു വരെ സ്കൂളിൽ പോയിട്ടില്ലാത്ത ആ ഉണ്ണി നിത്യചാത്തം കാരണം സ്കൂളിൽ ചേർന്നു. ടി.ടി.സി കഴിച്ചു. മാഷായി റിട്ടയർ ചെയ്തു. മകൻ അമേരിക്കയിലെത്തി. ഇപ്പോൾ ശതാഭിഷേകം കഴിഞ്ഞ് മുപ്പത്തയ്യായിരത്തോളം രൂപ പെൻഷനും വാങ്ങി കഴിയുന്നു. ചാത്തമൂട്ടുന്നവർക്ക് മാത്രമല്ല ഉണ്ണുന്നവർക്കും ഗുണമുണ്ടാവുമെന്നതിന് നല്ല ദൃഷ്ടാന്തം!



*തിരൂർ വെട്ടത്ത് വേമണ്ണ മുല്ലപ്പള്ളിയിലെ ഈശാനൻ നമ്പൂതിരിയും പത്നി രമ അന്തർജനവും. ഇവർ പ്രമുഖ കമ്മ്യൂണിസ്റ്റ് നേതാവായിരുന്ന ഇട്ട്യാംപറമ്പത്ത് മനയ്ക്കൽ ഐ.എസ് നമ്പൂതിരിയുടെ മകളാണ്.*

### ഒരു ഉണ്ണിനമ്പൂതിരി കൊല്ലം മുഴുവനും

# നിത്യചാത്തം ഉണ്ടപ്പോൾ

**കെ. എം. പരമേശ്വരൻ**



**ആ** നിത്യചാത്തത്തിന്റെ കഥയിൽ നിന്നു തുടങ്ങാം.

കാലം1950. പാലക്കാട് ജില്ലയിലെ അമ്പലപ്പാറ കാവുങ്ങൽ മനയിൽ അമ്യതൻ എന്നു പേരുള്ള ഒരു നമ്പൂതിരി ഉണ്ടായിരുന്നു. ഉദ്ദേശം നാല്പതു വയസ്സ്. അത്യാവശ്യം ജ്യോതിഷവും സംസ്കൃതവുമൊക്കെയുണ്ട്. പ്രായമായ മുത്തശ്ശിയും അമ്മയും രണ്ട് അനുജന്മാരും എല്ലാവരുടെയും സഹധർമ്മിണികളും. അച്ഛൻ അകാലത്തിൽ മരിച്ചത് കാരണം ചെറുപ്പത്തിലേ തറവാട്ടു കാരണവരായി.

അങ്ങനെയിരിക്കെയാണ് അദ്ദേഹത്തിന്റെ മുത്തശ്ശി മരിച്ചത്. അച്ഛന്റെ മരണാനന്തരം വേണ്ടപോലെ സംവത്സര ദീക്ഷയനുഷ്ഠിക്കാൻ കഴിഞ്ഞില്ലല്ലോ എന്ന കുണ്ഠിതം ഉണ്ടായിരുന്നു. അതിനാൽ മുത്തശ്ശിയുടെ പിണ്ഡം കഴിഞ്ഞാൽ പിറ്റേന്നു മുതൽ നിത്യചാത്തമായി ഒരു വർഷം ദീക്ഷിച്ച് സപിണ്ഡിയൂട്ടി പിതൃക്കളുടെ സദ്ഗതി വരുത്താമെന്ന് നിശ്ചയിച്ചു. പിതൃപ്രീതിക്കായി നിത്യചാത്തം ഊട്ടിയാൽ സന്തതികളുണ്ടാവുമെന്ന് അദ്ദേഹത്തിന് തോന്നി. മുത്തശ്ശിയുടെ സംവത്സരദീക്ഷ നിത്യചാത്തമായി നടത്താമെന്നു വച്ചു. സമ്പത്ത് വേണ്ടുവോളം ഉണ്ടായിരുന്നതിനാൽ സാമ്പത്തികതടസ്സമൊന്നുമില്ല. സമ്പന്നരായ ഇല്ലങ്ങളിലേ അതു പതിവുള്ളൂ.

**രണ്ടു മൂന്ന് വർഷം കർണ്ണാടകത്തിൽ ഹോട്ടൽ തൊഴിലാളിയായി. മേശ തുടയ്ക്കുക, എച്ചിലെടുക്കുക തുടങ്ങി ഇന്നതേ ഉള്ളൂ എന്നില്ല. 50 പൈസയായിരുന്നു ദിവസക്കൂലി. വട്ടച്ചെലവിന് മാസത്തിൽ 2 രൂപയും.സംസ്കൃതവും പൂണൂലുമെല്ലാം ആ കടത്തിണ്ണയിൽ ഉപേക്ഷിച്ചു. രാത്രിയിലെ തണുപ്പകറ്റാൻ ബീഡി ബീഡിവലി തുടങ്ങി. അങ്ങനെ മറുനാട്ടിലെ മലയാളിയായി. അസ്സൽ ഹോട്ടൽ തൊഴിലാളി.**

സമാർവത്തനം കഴിഞ്ഞ ഏതെങ്കിലും ഉണ്ണി നമ്പൂതിരിമാരെ സംഘടിപ്പിച്ചു കൊണ്ടു വന്ന് ഇല്ലത്ത് താമസസൗകര്യമൊരുക്കിയാണ് ഇത് പതിവ്. അധികമാരും അതിന് തയ്യാറാവില്ല. പലവിധ നിബന്ധനകളുണ്ട്. ചാത്തത്തിനേക്കാൾ കടമ്പകളുണ്ട് നിത്യചാത്തത്തിന്. അതിലൊന്ന് ദക്ഷിണ വാങ്ങാൻ പാടില്ലെന്നതാണ്. ചാത്തമുണ്ണുന്നത് തന്നെ ദക്ഷിണ കിട്ടാനാണ്. ഒരു കൊല്ലം മുഴുവൻ ദക്ഷിണയില്ലാതെ ചാത്തമുണ്ണുക! അതിന് ആരും തയ്യാറാവില്ല.

ഉത്തരവാദിത്തമുള്ള ഇല്ലങ്ങളിലെ കാരണവന്മാരായ നമ്പൂതിരിമാരെ ഇതിന് കിട്ടില്ല. അപ്ഫന്മാരായ വല്ല സംബന്ധക്കാരെയും കിട്ടിയേക്കാമെങ്കിലും ഒരു കൊല്ലം മുടങ്ങാതെ വേണമെങ്കിൽ അവരും മടിക്കും. വട്ടച്ചെലവിന് കാശു കിട്ടാത്ത ഏർപ്പാടാണല്ലൊ നിത്യചാത്തം. ശുദ്ധം മാറി ഭക്ഷണം കഴിക്കാൻ പാടില്ല. പഠിക്കാൻ പോവാത്ത, ഒരു വഹക്ക് കൊള്ളാത്ത, ഏതെങ്കിലും ദരിദ്രയില്ലത്തെ ഉണ്ണിനമ്പൂതിരിമാരെ മാത്രമേ

കിട്ടു. അവർക്കാണെങ്കിൽ കാശ് ഇല്ലെങ്കിലും ഭക്ഷണം കഴിഞ്ഞു കൂടുമല്ലൊ. അതു തന്നെ ധാരാളം.

മനയിൽ താമസിച്ചുകൊണ്ട് പ്രതിഫലം സ്വീകരിക്കാതെ നിത്യചാത്തമുണ്ണാൻ തയ്യാറുള്ളവരെ അന്വേഷിച്ച് പതിന്നാലു ദേശത്തും വള്ളുവനാട്ടിലെ ഇതരദേശങ്ങളിലും നടന്നു. ആരേയും കണ്ടെത്താൻ കഴിഞ്ഞില്ല.

അപ്പോഴാണ് അടുത്ത് തന്നെയുള്ള വള്ളൂർ മനയുടെ കളത്തിൽ കുടുംബസമേതം താമസിച്ചിരുന്ന തിരൂർ വേമണ്ണ മുല്ലപ്പള്ളിയിലെ ശങ്കരൻ നമ്പൂതിരിയുടെ കാര്യമോർത്തത്. അയാൾക്ക് പതിനാലു വയസ്സുള്ള ഒരു ഉണ്ണിയുണ്ട്. ഈശാനൻ. സമാവർത്തനം കഴിഞ്ഞ് വെറുതെയിരിക്കുന്നു. സ്കൂളിൽ പോയിട്ടേയില്ല. മുമ്പ് സംസ്കൃതം പഠിക്കാൻ അഞ്ചാറു മാസം കാവുങ്ങൽ വന്ന് താമസിച്ചിട്ടുമുണ്ട്. സ്കൂളിൽ പോയിട്ടേയില്ലാത്തതിനാൽ മറ്റൊരു ഏർപ്പാടും ഇല്ലതാനും. അയാളെ കിട്ടിയാൽ നിത്യചാത്തം മുടങ്ങാതെ കൊണ്ടുപോവാമെന്ന് തോന്നി. എങ്ങിനെയെങ്കിലും പിണ്ഡത്തിനു മുമ്പായി ഈശാനനെ വരുത്താൻ തീർച്ചയാക്കി.

അങ്ങനെ ഈശാനൻ കാവുങ്ങൽ മനയിലെത്തി. ആ നിത്യചാത്തം ഈശാനന്റെ ജീവിതം തന്നെ മാറ്റി മറിച്ചു. അതേപ്പറ്റിയാണ് ഈ കുറിപ്പ്.

ഹോമാചാരം പഠിച്ചിരുന്നതിനാൽ എല്ലാ ദിവസവും ഉണ്ണിയെക്കൊണ്ട് തിലഹോമം ചെയ്യിക്കും. അതിന് ഒരു പണം ( 28 പൈസ ) ദക്ഷിണയും ചെയ്യും. ചാത്തത്തിന് ദക്ഷിണ ഇല്ലാത്തതിനാൽ ഉണ്ണിക്ക് എന്തിന്റെയെങ്കിലും പേരിൽ പണം നൽകാൻ വേണ്ടിയായിരുന്നു ദിവസവുമുള്ള തിലഹോമം. പോരാത്തതിന് കാവുങ്ങൽ നമ്പൂതിരിയെ ആരെങ്കിലും പശുദ്ദാനത്തിനോ മറ്റോ വിളിച്ചാൽ പകരക്കാരനായി ഈ ഉണ്ണിയെ അയക്കും. അങ്ങനെയും അയാൾക്ക് വരുമാനമാവുമല്ലൊ.

രാവിലെ ഒമ്പതു മണിക്കു മുമ്പായി ചാത്തം കഴിയും. പിന്നെയുള്ള സമയം മുഴുവൻ ആ ഇല്ലത്തെ പൂമുഖത്തും പറമ്പിലും മാവിൻചോട്ടിലും വട്ടംകറങ്ങി നടക്കുക. അയാൾ വെറുതെയിരിക്കുന്നത് കണ്ടാൽ മനയ്ക്കലെ കാരണവരായ അമൃതൻ നമ്പൂതിരി ചതുരംഗപ്പലക നിവർത്തും. ആരെ കിട്ടിയാലും ചതുരംഗവും യുദ്ധവുമാണ് അമൃതൻ നമ്പൂതിരിയുടെ ഏർപ്പാട്. ചതുരംഗക്കമ്പക്കാരനായിരുന്നു ആ നമ്പൂരി. ഈശാനനാണെങ്കിൽ ആ കമ്പം ഇല്ലതാനും.

പരിസരത്തൊന്നും സമപ്രായക്കാരായ ഒരാളും കൂട്ടിനില്ലാത്തതിനാൽ ആ ഉണ്ണിനമ്പൂതിരി നിത്യചാത്തത്തിന്റെയും ചതുരംഗത്തിന്റെയും കുടുക്കിൽപ്പെട്ട് വലഞ്ഞു. അപ്പോഴാണ് അയാൾ ഒരു കാര്യം ശ്രദ്ധിച്ചത്. പരിസരത്ത് സമപ്രായക്കാരായ വേറെ കുട്ടികളുണ്ട്. അവരെല്ലാം അടുത്തുള്ള സ്കൂളിൽ പോവുകയാണ്. ആഹ്ളാദത്തോടെ തുള്ളിച്ചാടി സ്കൂളിൽ പോവുന്ന ആ കുട്ടികളെ നോക്കി നിൽക്കും. ഒരു ദിവസം ഈശാനന് തോന്നി. തനിക്കും സ്കൂളിൽ പോയാലെന്താ.

കാവുങ്ങൽ മനയിൽ നിന്ന് അധികം അകലെ



*സുരേശൻ ആട്ടയൂർ(അരിയല്ലൂർ, പരപ്പനങ്ങാടി), മകൾ റീത്ത സുരേശൻ (ഹൈസ്കൂൾ ടീച്ചർ, തിരൂർ), സീന നാരായണൻ (വീമ്പൂർ കടലായി മന) മകൻ ശശികുമാർ മുല്ലപ്പള്ളി (1990 മുതൽ യു എസിൽ താമസം) രോഹിത് മുല്ലപ്പള്ളി, രമാ ഈശാനൻ, ഈശാനൻ നമ്പൂതിരി, നവനീത് ആട്ടയൂർ, നിവേദ് ആട്ടയൂർ, പ്രണവ് മുല്ലപ്പള്ളി.*

**മനയിൽ താമസിക്കുന്ന ആളാണെന്നറിഞ്ഞപ്പോൾ ഹെഡ്മാസ്റ്റർക്ക് സമ്മതം. പക്ഷേ, ഈ പതിന്നാലുകാരനെ ഏതു ക്ലാസ്സിൽ ഇരുത്തും. ഒരു കടലാസും പെൻസിലും കൊടുത്ത് കുറച്ച് ചോദ്യങ്ങൾക്കുള്ള ഉത്തരമെഴുതിച്ചു. ഏഴാം ക്ലാസ്സിൽ പഠിക്കാനുള്ള യോഗ്യതയുണ്ടെന്ന് എം.ടി.കേശവൻ നായർ പറഞ്ഞു.**

യല്ലാതെ എട്ടാം ക്ലാസ്സുവരെ പഠിക്കാവുന്ന ഒരു ഹയർ എലിമെന്ററി സ്കൂളുണ്ട്. മനയ്ക്കലെ അടുപ്പക്കാരനായ ഒരു കേശവൻ നായരാണ് അവിടത്തെ ഹെഡ്മാസ്റ്റർ. സ്കൂളിൽ ചേരുന്നതിന്റെ സമ്പ്രദായങ്ങൾ ഒന്നും അറിയില്ല. എങ്കിലും ഒരു ദിവസം അയാൾ നേരെ സ്കൂളിലേക്ക് ചെന്നു.

എനിക്കും സ്കൂളിൽ ചേർന്ന് പഠിക്കണം എന്ന് ഹെഡ്മാസ്റ്ററോട് ആവശ്യപ്പെട്ടു.

കാവുങ്ങൽ മനയിൽ താമസിക്കുന്ന ആളാണെന്നറിഞ്ഞപ്പോൾ ഹെഡ്മാസ്റ്റർക്ക് സമ്മതം. പക്ഷേ, ഈ പതിന്നാലുകാരനെ ഏതു ക്ലാസ്സിൽ ഇരുത്തും. ഒരു കടലാസും പെൻസിലും കൊടുത്ത് കുറച്ച് ചോദ്യങ്ങൾക്കുള്ള ഉത്തരമെഴുതിച്ചു. പലതും ചോദിച്ചറിഞ്ഞും അറിവും വിലയിരുത്തി. എഴുത്തും വായനയും സംസ്കൃതവുമെല്ലാം നേരത്തെ ഇല്ലത്തു വച്ച് വശമാക്കിയതിനാൽ ഏഴാം ക്ലാസ്സിൽ പഠിക്കാനുള്ള യോഗ്യതയുണ്ടെന്ന് കണ്ടെത്തി. പക്ഷേ ആറാം ക്ലാസ്സിലിരുന്ന് പഠിച്ച് പരീക്ഷ എഴുതിയിട്ട് അടുത്ത കൊല്ലം ഏഴാം ക്ലാസ്സിൽ ചേർക്കാമെന്ന് അദ്ദേഹം സമാധാനിപ്പിക്കുകയും ചെയ്തു.

പേരും വയസ്സും മേൽവിലാസവും രക്ഷാകർത്താവിന്റെ പേരും പ്രാദേശിക രക്ഷാകർത്താവിന്റെ പേരുമൊക്കെ ഹെഡ്മാസ്റ്റർ തന്നെ എഴുതി. രക്ഷാകർത്താവിനെക്കൊണ്ട്

ഒപ്പിടീപ്പിച്ചുകൊണ്ടുവരുവാൻ ആവശ്യപ്പെട്ടു. ഞാൻ തന്നെയാണ് എന്റെ രക്ഷിതാവ് എന്നായി ഉണ്ണി. ഞാൻ പോരെങ്കിൽ മാഷു തന്നെ രക്ഷാകർത്താവായിക്കോളൂ എന്നും. അങ്ങനെ ഹെഡ്മാഷ് തന്നെരക്ഷാകർത്താവായി ആറാം ക്ളാസിലിരുത്തി. 1951 ലാണ് ഇത്. ഉണ്ണിക്ക് 14 വയസ്സുള്ളപ്പോൾ. അങ്ങനെ ഒരു കൊല്ലം മുഴുവനും അവിടെ കൂടി. ഒപ്പം ആറാം ക്ളാസിൽ ചേർന്ന് സ്കൂൾ പഠനവും.

ഒരു കൊല്ലത്തെ നിത്യചാത്തം കഴിഞ്ഞ് തിരൂരിലേക്ക് മടങ്ങി. ഏഴാം ക്ളാസും പിന്നെ എട്ടാം ക്ളാസും തിരൂരിലെ സ്കൂളിലായി. അങ്ങനെ എട്ടാം ക്ളാസ് കഴിഞ്ഞ് മധ്യവേനലവധിക്കാലത്ത് വീണ്ടും കാവുങ്ങൽ മനയിലെത്തി. വെറുതെ ഒരു സന്ദർശനം. ഇനിയെന്താ പരിപാടിയെന്നായി അന്വേഷണം. ഒന്നും ചെയ്യുന്നില്ലെന്ന് പറഞ്ഞപ്പോൾ ഹൈസ്കൂൾ പഠനത്തിന് താല്പര്യമുണ്ടെങ്കിൽ അവിടെ അടുത്തുള്ള ചുനങ്ങാട് സ്കൂളിൽ ചേർക്കാമെന്നായി പഴയ അമൃതൻ നമ്പൂതിരി.

ആറു കിലോമീറ്റർ അകലെ ഒറ്റപ്പാലത്തേക്കുള്ള റൂട്ടിൽ ചുനങ്ങാട്ടാണ് ഹൈസ്കൂൾ . ഒരു വാരിയരുടെ മാനേജ്മെന്റിലുള്ള ഹൈസ്കൂളാണ് അത്. അവിടെ ചേരാൻ അമൃതൻ നമ്പൂതിരി നൂറു രൂപയും ഈശാനന് നൽകി. ഫീസിനും പാഠപുസ്തകങ്ങൾക്കും നോട്ടുപുസ്തകങ്ങൾക്കുമായി 74 രൂപ ചെലവു വന്നു. ബാക്കി 26 രൂപ തിരിച്ചേല്പിച്ചു. നടന്ന് പോണം. ആറും ആറും പന്ത്രണ്ട് കിലോമീറ്റർ. വൈകീട്ട് മനയ്ക്കലെത്തുമ്പോഴേക്ക് ക്ഷീണിക്കും. വന്നാൽ കുളി കഴിയുമ്പോഴേക്കും ചതുരംഗത്തിന് കോപ്പിട്ടിരിക്കും അമൃതൻ നമ്പൂതിരി. ഉണ്ണിക്കാണെങ്കിൽ എങ്ങനെയെങ്കിലും ഉണ്ട് കിടന്നാൽ മതിയെന്നാവും.

കളിക്കാൻ തനിക്കൊരു കൂട്ടു ഉണ്ടാവുമെന്ന് കരുതിയാണ് അമൃതൻ നമ്പൂതിരി കാശുമുടക്കി ആ ഉണ്ണിയെ സ്കൂളിൽ ചേർത്തത്. ഈശാനൻ കളിക്കാൻ താല്പര്യം കാണിക്കാതായതോടെ അതൃതൻ നമ്പൂതിരി നസ്യം പറയാൻ തുടങ്ങി. പുസ്തകങ്ങൾ വായിക്കുന്നതിനായിരുന്നു ഈശാനന് കമ്പം. ഈശാനന്റെ പുസ്തകവായനയും അമൃതൻ നമ്പൂതിരിയുടെ ചതുരംഗവും തമ്മിൽഒത്തുപോവാത്ത അവസ്ഥയായി. വഴക്ക് പറയുന്ന ഘട്ടം വരെയത്തിയപ്പോൾ ഈശാനൻ ഒളിച്ചോടി. ആരോടും പറയാതെ.

എല്ലാവർക്കും പരിഭ്രമമായി. സ്കൂളിൽ പഠിക്കാൻ താമസിച്ചിരുന്ന ഉണ്ണിയെ കാണാതായാൽ ചില്ലറയല്ല പ്രശ്നം. എല്ലായിടത്തും തിരഞ്ഞു. പലേടത്തേക്കും ആളുപോയി. ഒരു വിവരവും കിട്ടിയില്ല. ഒടുവിൽ പാലക്കാട്ടുണ്ടെന്ന് കണ്ടെത്തി.

സുൽത്താൻപേട്ടയിൽ മൂത്തേടം നമ്പൂതിരി ഒരു ഹോട്ടൽ നടത്തിയിരുന്നു. അവിടെ ഹോട്ടൽപ്പണി ചെയ്യുകയായിരുന്നു ഈശാനൻ. അച്ഛൻ അവിടെ ചെന്ന് പിടിച്ചു കൊണ്ടു വന്നു. ഒരു കൊല്ലത്തേക്കുള്ള സ്കൂൾ ഫീസ് അടച്ചിരുന്നതിനാൽ ചുനങ്ങാട് സ്കൂളിൽ തന്നെ പോയി എട്ടാം ക്ളാസ് പൂർത്തിയാക്കണമെന്നായി. എന്നാൽ ഇനി കാവുങ്ങൽ മനയിൽ താമസം വയ്യെന്നായി ഈശാനൻ. അങ്ങനെ പാലപ്പുറത്തെ ഏർണൂർ മനയിലായി പിന്നീടുള്ള വാസം. അങ്ങനെ ഫോർത്ത് ഫോം (എട്ടാം ക്ളാസ്) കഴിഞ്ഞപ്പോൾ ഫിഫ്ത്ത് സിക്സ്ത്തും (ഒമ്പതും പത്തും) സ്വന്തം ഇല്ലമായ മുല്ലപ്പള്ളിയിലേക്കു തന്നെ മാറ്റി. തിരൂരിലായി തുടർപഠനം.

എല്ലാവർക്കും പരിഭ്രമമായി. സ്കൂളിൽ പഠിക്കാൻ താമസിച്ചിരുന്ന ഉണ്ണിയെ കാണാതായാൽ ചില്ലറയല്ല പ്രശ്നം. എല്ലായിടത്തും തിരഞ്ഞു. പലേടത്തേക്കും ആളുപോയി. ഒരു വിവരവും കിട്ടിയില്ല. ഒടുവിൽ പാലക്കാട്ടുണ്ടെന്ന് കണ്ടെത്തി.

1957ൽ പത്താംക്ലാസ് ജയിച്ചു. അന്ന് ഇരുപത് വയസ്സാണ്. ആ വർഷമാണ് അമ്മ മരിച്ചത്. ഒരു കൊല്ലം സംവത്സര ദീക്ഷ. ഇല്ലത്തെ ഭാഗം കഴിഞ്ഞതിനാൽ താമസം അഗ്രശാലയിലായി. ദുരിതം നിറഞ്ഞ നാളുകൾ. മോചനത്തിനുള്ള വഴിയെന്ത്. ഒന്നു കൂടി നാടുവിട്ടാലോ. തിരൂരിൽ നിന്ന് നേരെ തീവണ്ടി കയറി. മൈസൂരിലെ ചാമരാജനഗറിലാണ് എത്തിയത്.

അങ്ങനെ 1957ൽ പത്താംക്ലാസ് ജയിച്ചു. അന്ന് ഇരുപത് വയസ്സാണ്. 1956-ൽ അമ്മ മരിച്ചിരുന്നു. ഒരു കൊല്ലം സംവത്സര ദീക്ഷ. ഇല്ലത്തെ ഭാഗം കഴിഞ്ഞതിനാൽ താമസം അഗ്രശാലയിലായി. ദുരിതം നിറഞ്ഞ നാളുകൾ. മോചനത്തിനുള്ള വഴിയെന്ത്. ഒന്നു കൂടി നാടുവിട്ടാലോ. തിരൂരിൽ നിന്ന് നേരെ തീവണ്ടി കയറി. മൈസൂരിലെ ചാമരാജനഗറിലാണ് എത്തിയത്. ഒരു റാവുവിന്റെ ഹോട്ടൽ. പതിവു പോലെ ഹോട്ടലിലെ എച്ചിലെടുക്കുക മേശ തുടയ്ക്കുക, തുടങ്ങി ഇന്നതേ ഉള്ളൂ എന്നില്ല. രാത്രി കിടത്തം കടത്തിണ്ണകളിൽ. ഹോട്ടലുടമയുടെ വിശ്വാസം ആർജിക്കുന്നതു വരെ അങ്ങനെയായിരുന്നു. 50 പൈസയായിരുന്നു ദിവസക്കൂലി. വട്ടച്ചെവലിന് മാസത്തിൽ 2 രൂപയും.

സംസ്കൃതവും ജ്യോതിഷവും വേദവും പൂണൂലുമെല്ലാം ആ കടത്തിണ്ണയിൽ വച്ച് ഇല്ലാതായി. രാത്രിയിലെ തണുപ്പകറ്റാൻ ബീഡിവലി തുടങ്ങി. അങ്ങനെ മറുനാട്ടിലെ മലയാളിയായി. അസ്സൽ ഹോട്ടൽ തൊഴിലാളി.

ആയിടക്കാണ് ഒരു ഡോക്ടറെ പരിചയപ്പെട്ടത്. തുംകൂറിൽ. അയാൾക്ക് വീട്ടുജോലിക്ക് ഒരാളെ വേണം. പാചകമാണ് പ്രധാനമായും ചെയ്യേണ്ടത്. രാത്രിയിലെ കടത്തിണ്ണവാസം അതോടെ ഒഴിവായി. ഒരു കൊല്ലം അങ്ങനെയും പോയി. പിന്നെ ദൊദ്ദ ബെല്ലാപ്പൂരിൽ, ബെംഗളൂരുവിൽ...അങ്ങനെയങ്ങനെ കറക്കം തന്നെ.1957 മുതൽ1960 വരെ മൂന്നു കൊല്ലം.

ഇല്ലത്തേക്കുള്ള വഴി മറന്നു പോയിട്ടില്ലാത്തതിനാൽ ഒടുവിൽ ഇല്ലത്ത് തന്നെ തിരിച്ചെത്തി. ഇനിയെന്ത്. വീണ്ടും ആലോചനയായി.

ടി. ടി.സി ചെയ്താൽ മാഷാവാമെന്ന് ചിലർ പറഞ്ഞു. പക്ഷേ വലിയൊരു കടമ്പ കടക്കാനുണ്ടായിരുന്നു. പത്താം ക്ളാസിൽ സയൻസിന് മിനിമം 40 മാർക്ക് ഉണ്ടെങ്കിലേ ടി.ടി.സിക്ക് അഡ്മിഷൻ കിട്ടൂ. ഈശാനന് 32 മാർക്കേ ഉണ്ടായിരുന്നുള്ളൂ. വീണ്ടും പത്താം ക്ളാസിലെ സയൻസ് എഴുതി. ഭാഗ്യം! നാല്പതിന്റെ കടമ്പ കടന്നു!!

മകൻ നാടു വിട്ടുപോവാതിരിക്കാൻ അച്ഛൻ കണ്ടെത്തിയ സൂത്രമായിരുന്നു ടി ടി.സി. കോഴിക്കോട് ജില്ലയിലെ വടകരയിലായിരുന്നു അത്. ഹോസ്റ്റലിൽ താമസിച്ചുള്ള പഠനം. അതു കഴിഞ്ഞതോടെ ഇല്ലത്ത് അടുത്ത് പറവണ്ണയിൽ തന്നെ സ്കൂളിൽ ജോലിയുമായി. അതോടെ നാടുവിടുന്ന പരിപാടി അവസാനിച്ചു.

അക്കാലത്ത് ഇടക്കൊക്കെ തിരൂരിൽ തന്നെയുള്ള പ്രമുഖ മനയായ കോടീരിയിൽ പോവും.

ഇ.എം.എസിനോടൊപ്പം കമ്മ്യൂണിസ്റ്റ് വിപ്ലവം നയിച്ച ചളവറ ഇട്ട്യാംപറമ്പ് മനയിലെ ഐ.സി.പി നമ്പൂതിരിയുടെ ഒരു സഹോദരിയെ

# നിറങ്ങൾ തിരിച്ചറിയാത്ത കണ്ണുകൾ

ശ്രീശങ്കരാചാര്യ ശിഷ്യപ്രമുഖൻ പത്മപാദാചാര്യൻ പൂർവ്വാശ്രമത്തിൽ തിരൂർ വെട്ടത്ത് വേമണ്ണ മുല്ലപ്പള്ളിയിലെ സനന്ദനൻ എന്ന് വിശ്വാസം. ഇപ്പോഴത്തെ കാരണവർ ഈശാനൻ നമ്പൂതിരി. 85 ആവാനായി പ്രായം. പൂണൂലും ശിഖയുമൊക്കെ എന്നേ ഉപേക്ഷിച്ച നമ്പൂതിരി.

85 ാം വയസ്സിലും പത്രം മുഴുവൻ വായിക്കും. കാപ്പി പലഹാരം കഴിഞ്ഞാൽ തറവാട്ടിലേക്ക് പോയി അവിടത്തെ പത്രവും വായിച്ചാലെ പ്രഭാതചര്യ പൂർത്തിയാവു. വെട്ടത്തെ വായനാശാലക്കാർ ഈയിടെ ആദരിച്ചു. ഗ്രന്ഥശാലയിലെ പുസ്തകങ്ങൾ ഒന്നൊഴിയാതെ വായിച്ചിട്ടുള്ള ഏക വ്യക്തിക്കുള്ള ആദരവ്.

നന്നെ ചെറുപ്പത്തിൽ എഴുത്തിനിരുത്തലുണ്ടായെങ്കിലും ഒമ്പതാം വയസ്സിലായിരുന്നു ഉപനയനം. അച്ഛന്റെ അമ്മാത്ത് തിരുവേഗപ്പുറയിലെ പടിഞ്ഞാറെപ്പാട്ടായിരുന്നു ഒപിനിച്ചിരിക്കൽ. അവിടത്തെ കേശവമ്മാവൻ ആയിരുന്നു സന്ധ്യാവനദനവും ചമത ഹോമവും ഈശാനനെ നിഷ്കർഷയായി ചെയ്യിപ്പിച്ചിരുന്നത്. അക്കാലത്താണ് ഇന്ത്യ സ്വാതന്ത്ര്യം നേടുന്നതെങ്കിലും പരമമായ അസ്വാതന്ത്ര്യമായിരുന്നു ഈശാനന്. ഒപിനിച്ചിരിക്കുന്ന ഉണ്ണിയായിരുന്നല്ലൊ.

ഒരിക്കൽ ചമതഹോമം ചെയ്യാൻ വൈകി. സ്വതേ മൂക്കത്തു ശുണ്ഠിക്കാരനായ കേശവമ്മാമന് അന്ന് ഭ്രാന്ത് പിടിച്ചു. ഈശാനനെ തലങ്ങും വിലങ്ങും തല്ലി. താൻ ചത്തുപോകുമെന്ന് ഉറപ്പിച്ചുവത്രെ. ആരൊക്കെയോ ഇടപെട്ട് ഉണ്ണിയെ രക്ഷപ്പെടുത്തിയെങ്കിലും അവിടത്തെ



താമസം അതോടെ അവസാനിപ്പിച്ചു. ആചാരാനുഷ്ഠാനങ്ങളോടുള്ള നിഷേധത്തിന്റെ വിത്തുപാകൽ ആ മർദ്ദനത്തിനിടയിൽ നടന്നു.

അക്കാലത്ത് അച്ഛൻ ശങ്കരൻ നമ്പൂതിരി മുത്തശ്ശന്റെ അമ്മാത്തായ ചെർപ്പുളശ്ശേരിയിലെ കല്ലുവഴിയിലെ വള്ളൂർമനയുടെ കളത്തിൽ കാര്യസ്ഥതയും കേസും കൂട്ടവും പ്രാരാബ്ധവുമായി സകുടുംബം കഴിയുകയായിരുന്നു. ആധുനികമായ അറിവുകൾ നേടാനുള്ള ആഗ്രഹം തുടങ്ങിയത് വള്ളൂർ മനയിൽ വെച്ചായിരുന്നു. പൂമുള്ളി ആറാം തമ്പുരാന്റെ വൈദ്യഗുരുവായ ചെറളപ്പുറം വള്ളൂർ മനയിൽ താമസിച്ചുകൊണ്ട് അവിടത്തെ കുഞ്ചുവേട്ടനെ (വി.എം.സി. ശങ്കരൻ നമ്പൂതിരി) സംസ്കൃതവും വൈദ്യവും വിസ്തരിച്ചു പഠിപ്പിച്ചിരുന്നു. സമ്പൽസമൃദ്ധമായ ഇല്ലം. വള്ളൂരെ കുഞ്ചുവേട്ടൻ, ഈശാനന് ഒരു പുസ്തകം വായിക്കാൻ കൊടുത്തു. കൊട്ടാരത്തിൽ ശങ്കുണ്ണി എഴുതിയ ഐതിഹ്യമാലയുടെ ആദ്യത്തെ വോള്യമായിരുന്നു അത്. നല്ല രസമുള്ള കഥകൾ. അക്ഷരങ്ങൾ കൂട്ടിവായിക്കുന്ന ആദ്യാനുഭവം.

അതുവരെയും പുസ്തകവായന തരായിട്ടില്ല. ഐതിഹ്യമാലയുടെ വായനയോടെ തപ്പിത്തടയൽ മാറിക്കിട്ടി. പുസ്തകം തിരിച്ചുകൊടുത്തപ്പോൾ അതാ വരുന്നു ഐതിഹ്യമാലയുടെ അടുത്ത പുസ്തകം. അങ്ങനെ പുസ്തകവായന ഹരംപിടിച്ചു. അതിനിടയിലാണ് വേദസൂക്തങ്ങളും സംസ്കൃതവും മറ്റും പഠിച്ചോട്ടെയെന്നു കരുതി ഈശാനനെ കാവുങ്ങൽ മനയിൽ കൊണ്ടുചെന്നാക്കിയത്. ആയിടക്ക് അമ്പലപ്പാറയിലെ വായനശാലയിലുള്ള പുസ്തകങ്ങളെല്ലാം കാവുങ്ങൽ മനയിലെ പത്തായപ്പുരയിൽ സൂക്ഷിക്കാനെത്തി. വിക്രമാദിത്യകഥകളും നോവലുകളും കഥാപുസ്തകങ്ങളും അപസർപ്പക്കഥകളും ഖണ്ഡകാവ്യങ്ങളും എല്ലാം ആർത്തിയോടെ വായിക്കാൻ സൗകര്യപ്പെട്ടു. പുസ്തകം കിട്ടിയാൽ ഈശാനന് ഉറക്കമില്ലാതാവും.

ജന്മനാ നിറങ്ങൾ വേറിട്ടുകാണാനുള്ള ശേഷി ഈശാനന്റെ കണ്ണുകൾക്കില്ലായിരുന്നു. അനുജന്മാർക്കും ആ അപൂർവ്വ നേത്രരോഗമുണ്ടായി. വെളുപ്പും കറുപ്പും!രണ്ടു നിറങ്ങളേ കാണാൻ കഴിയൂ!! വെളുത്ത കടലാസിലെ കറുത്ത അക്ഷരങ്ങൾ സന്തതസഹചാരിയായത് അതുകൊണ്ടു കൂടിയാവാം. ●

കോടീരിയിലേക്കാണ് വേളി കഴിച്ചത്. മറ്റൊരു സഹോദരി പ്രിയദത്തയെ കല്ലാട്ട് കൃഷ്ണൻ എന്ന കമ്മ്യൂണിസ്റ്റുകാരനും. ഇട്ട്യാംപറമ്പത്തെ രമയെന്ന പെൺകുട്ടി അക്കാലത്ത് കോടീരിയിൽ വന്നിരുന്നു അച്ഛൻപെങ്ങളെ കാണാൻ. അവിടന്നാണ് രമയെ കണ്ടത്. അത് ഇഷ്ടമായി വളർന്നു.

ജാതകം ചേരില്ലെന്നും വൈധവ്യം ഉണ്ടെന്നുമായി അച്ഛൻ. അതൊന്നും വക വയ്ക്കാതെ അവരെത്തന്നെ വേളി കഴിച്ചു. ഹോരാചാര്യന് പിഴച്ചു. ഇപ്പോൾ ശതാഭിഷേകം കഴിഞ്ഞു.

രണ്ടു മക്കൾ. മകൻ ശശികുമാർ യു എ സിൽ. വീമ്പൂർ മനയിലെ സീനയാണ് ഭാര്യ. മകൾ റീത്തയെ വേളി കഴിച്ചത് ആട്ടയൂർ മനയ്ക്കൽ സുരേഷ്.

**69 രൂപ മാസ ശമ്പളത്തിലാണ് തുടക്കം. പിരിയുമ്പോൾ 3000 രൂപയും. അതിന്റെ പതിമൂന്നിരട്ടിയുണ്ട് (ഏതാണ്ട് 40,000) ഇപ്പോൾ പെൻഷൻ**

അറുപത്തൊമ്പതു രൂപ പ്രതിമാസ ശമ്പളം വാങ്ങിയാണ് അധ്യാപകജീവിതാരംഭം. 33 വർഷത്തെ സർവ്വീസിനൊടുവിൽ പ്രധാന അധ്യാപകനായി പിരിയുമ്പോൾ 3000 രൂപയുണ്ടായിരുന്നു. അതിന്റെ പന്ത്രണ്ടിരട്ടി (ഏതാണ്ട് മുപ്പത്തയ്യായിരം) രൂപ പെൻഷൻ കിട്ടുന്നതിനാൽ സാമ്പത്തിക ക്ലേശങ്ങളൊന്നുമില്ല. എൺപത്തഞ്ചാം വയസ്സിലുള്ള യുവാവിന്റെ ഉത്സാഹത്തോടെ പുസ്തകങ്ങളും ആനുകാലികങ്ങളും ആർത്തിയോടെ വായിച്ചുകൊണ്ടിരിക്കുന്നു ഈശാനൻ നമ്പൂതിരി. ഹൈസ്കൂളിലെ രേഖകൾ പ്രകാരം ഈശാനൻ ഈശ്വരനായി. രണ്ടും ഒരാൾ തന്നെ, ഇണ്ടൽ വേണ്ട. ●

ഈശാനൻ നമ്പൂതിരി എം.
മുല്ലപ്പള്ളി ഇല്ലം, പി.ഒ.വെട്ടം
വഴി ബി.പി അങ്ങാടി. തിരൂർ പിൻ 6761102
മൊബൈൽ: 9388818948/ 9037982204
കെ. എം പരമേശ്വരൻ
മൊബൈൽ: 9072383651

# വിഷ്ണുപാദം പൂകിയ എവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**പാർവതി അന്തർജനം**

കോഴിക്കോട്: കുന്ദമംഗലത്തിനടുത്ത്പുഴക്കൽ കണ്ടമംഗലം ഇല്ലത്ത് പരേതനായ പരമേശ്വരൻ നമ്പൂതിരിയുടെ പത്നി പാർവതി അന്തർജനം 74 വയസ്സ് അന്തരിച്ചു. പിതാവ് കിഴക്കേ പുതുവാരിടം ഇല്ലത്ത് പരേതനായ നാരായണൻ നമ്പൂതിരി. മക്കൾ, പി കെ ശങ്കരനാരായണൻ നമ്പൂതിരി (അധ്യാപകൻ കുന്നമംഗലം ഈസ്റ്റ് എയുപി സ്കൂൾ), ശ്രീത, പരേതയായ ഗംഗാദേവി. മരുമകൾ,സ്വപ്ന.സി.ടി(തേൻതേത്ത്) മന,കൂടല്ലൂർ കുറ്റിപ്പുറം



**യു.എസ്. നാരായണൻ**

ചേർപ്പ്: കവിയും എൻജിനീയറും സംഘാടകനുമായ കടലാശ്ശേരി ഊമമ്പിള്ളി മനയ്ക്കൽ യു.എസ്. നാരായണൻ (52) അന്തരിച്ചു. കടലാശ്ശേരി പിഷാരിക്കൽ ഭഗവതീക്ഷേത്രം ട്രസ്റ്റിയും മാനവം ട്രസ്റ്റിന്റെ മുഖ്യ രക്ഷാധികാരിയുമാണ്. അച്ഛൻ: പരേതനായ സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാട് (യു.എൻ എസ്.). അമ്മ: ലീല അന്തർജനം. ഭാര്യ: സംഗീത (ഗവ. ആയുർവേദ ഡിസ്പെൻസറി, ചേർപ്പ്). മക്കൾ: മിഹിർ, മിത്രവിന്ദ, മൻഹർ സൂര്യ



**ഗോവിന്ദൻ നമ്പൂതിരി**

വടകര. അഴിയൂർ കോയ്മ മഠം ഇല്ലം ഗോവിന്ദൻ നമ്പൂതിരി (റിട്ട അദ്ധ്യാപകൻ രാമകൃഷ്ണ ഹൈസ്കൂൾ ഒളവിലം കണ്ണൂർ, കോഴിക്കോട് ഡി.സി.സി. മുൻ ഓഫീസ് സെക്രട്ടറി, വടകര ബ്ലോക്ക് യൂത്ത് കോൺഗ്രസ് മുൻ പ്രസിഡന്റ്, അഴിയൂർ മണ്ഡലം കോൺഗ്രസ് മുൻ സെക്രട്ടറി ) (80) അന്തരിച്ചു. പത്നി ഭാർഗവി അന്തർജനം കക്കാട് വലിയ ഇല്ലം, മകൾ സൗഭാഗ്യ, ജേഷ്ഠ സഹോദരൻ നാരായണൻ നമ്പൂതിരി. സഹോദരിമാർ പരേതരായ സാവിത്രി അന്തർജനം കക്കാട്ടില്ലം വൈക്കിലശ്ശേരി,ദേവി അന്തർജനം കക്കാട്ടില്ലം ഏറാമല.



**വിനായകൻ നമ്പൂതിരി**

പിലാത്തറ: കൈതപ്രം അണലക്കാട് ഇല്ലത്ത് വിനായകൻ നമ്പൂതിരി (53) വിഷ്ണുപദം പൂകി. പരേതനായ അണല്ക്കാട്ടില്ലത്ത് ഗോവിന്ദൻ നമ്പൂതിരിയുടെയും ദേവകി അന്തർജനത്തിന്റെയും മകനാണ് വിനായകൻ നമ്പൂതിരി. ഭാര്യ: രേണുക. മക്കൾ: ഗായത്രി (പ്ലസ് ടു വിദ്യാർഥിനി), ഗണേശൻ (എട്ടാം ക്ലാസ് വിദ്യാർഥി ഇരുവരും മാതമംഗലം ഗവ. ഹയർ സെക്കൻഡറി സ്കൂൾ). സഹോദരിമാർ ലളിതാംബിക (കൈതപ്രം), രാധ (നീലേശ്വരം).



**നാരായണൻ പദ്മനാഭൻ ഭട്ടതിരി**

തന്ത്രി തിരുവല്ല പറമ്പൂരില്ലത്തു ബ്രഹ്മശ്രീ നാരായണൻ പദ്മനാഭൻ ഭട്ടതിരി (തുകലശ്ശേരി, തിരുവല്ല) വാർദ്ധക്യ സഹജമായ അസുഖത്തെ തുടർന്ന് നിര്യാതനായി. ആറന്മുള, കവിയൂർ, തുടങ്ങി നിരവധി ക്ഷേത്രങ്ങളിലെ തന്ത്രിയായിരുന്നു. തിരുവല്ല ഏറത്തുമേച്ചേരി മന അജിതാകുമാരി ആണ് സഹധർമ്മിണി. മക്കൾ: സിന്ധു പി, വിനോദ് പി ഭട്ടതിരി, ബിപിൻ പി ഭട്ടതിരി മരുമകൻ: ഉണ്ണികൃഷ്ണൻ നമ്പൂതിരി.



**നാരായണൻ നമ്പൂതിരി**

എടവണ്ണപ്പാറ: അരീക്കര ഇല്ലത്ത് നാരായണൻ നമ്പൂതിരി (83) അന്തരിച്ചു. ഭാര്യ: പരേതയായ ഉമാദേവി അന്തർജനം (കേശമംഗലം). മക്കൾ: ദാമോദരൻ നമ്പൂതിരി (പരിഹാരപുരം മേൽശാന്തി), ഗീതാ അന്തർജനം. മരുമക്കൾ: തങ്കമണി അന്തർജനം, പുരുഷോത്തമൻ നമ്പൂതിരി.



**ഉമാദേവി അന്തർജനം**

അത്തോളി: കൊളക്കാട് വരോടി ഇല്ലത്ത് ഉമാദേവി അന്തർജനം (85) നിര്യാതയായി. ഭർത്താവ്: പരേതനായ വാസുദേവൻ നമ്പൂതിരി. മക്കൾ: പുരുഷോത്തമൻ നമ്പൂതിരി, കേശവൻ നമ്പൂതിരി, മരുമക്കൾ: ജ്യോതി അന്തർജനം (കീഴാറ്റൂർ ഇല്ലം), പ്രിയാ അന്തർജനം (പറക്കുന്നത്തില്ലം).



**രാമൻ നമ്പൂതിരി**

ചാത്തമംഗലം ചെറില്ലത്ത് കണ്ടമംഗലം (അനശ്വര) രാമൻ നമ്പൂതിരി (74, റിട്ടയർഡ് കെ .എസ് ആർ ടി സി ) നിര്യാതനായി. ഭാര്യ നളിനി അന്തർജ്ജനം, മക്കൾ: രമേശൻ, രാകേഷ് മരുമക്കൾ: അപർണ്ണ, കവിത. സഹോദരന്മാർ: കൃഷ്ണൻ നമ്പൂതിരി, നാരായണൻ നമ്പൂതിരി (കെ.എസ്.ആർ.ടി.സി.)



**നാരായണൻ നമ്പൂതിരി**

പനായി :കോച്ചാംവെള്ളി ഇല്ലത്ത് നാരായണൻ നമ്പൂതിരി (73) അന്തരിച്ചു. ഭാര്യ ഇന്ദിര അന്തർജ്ജനം (മാനത്താനത്ത് ഇല്ലം മുയ്യിപ്പോത്ത്), മക്കൾ: പരേതയായ സുധ, ജിത (മടിക്കൈ പെരികമന കാഞ്ഞങ്ങാട്) മരുമക്കൾ: കാക്കാട്ടില്ലത്ത് ശ്രീജു നമ്പൂതിരി,ഉണ്ണികൃഷ്ണൻ നമ്പൂതിരി (മടിക്കൈ പെരികമന).



**ദേവകി അന്തർജനം**

പുറവണ്ണൂർ എടക്കാട്ട് ഇല്ലത്ത് (തറവാട്ടിൽ) പരേതനായ വാസുദേവൻ നമ്പൂതിരിയുടെ (മാഷ്) പത്നി ദേവകി അന്തർജനം വിഷ്ണു പാദം പൂകി. മക്കൾ വാസുദേവൻ നമ്പൂതിരി മാഷ്, പാർവതി ടീച്ചർ (W/o നല്ലൂർ തെഞ്ചീരി നാരായണൻ നമ്പൂതിരി), ദേവകി ടീച്ചർ (W/o പേരൂര് നാരായണൻ നമ്പൂതിരി, മരുമകൾ സ്മിത (തിരുമംഗലം).

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**ആര്യാ അന്തർജ്ജനം**
ആറങ്ങോട്ടുകര മുണ്ട യൂർ മുതുർശ്ശി മഹൾ ആര്യാ അന്തർജ്ജനം (100 വയസ്സ്) നിര്യാതയായി. മക്കൾ: പത്മശ്രീ സത്യനാരായണൻ മുണ്ടയൂർ, ഡോ. സതീഷ് മുണ്ടയൂർ, ബേബി പൊൽപ്പാക്കര, സാവിത്രി മഴവഞ്ചേരി.



**വൈക്കം വാസുദേവൻ നമ്പൂതിരി**
പ്രശസ്ത കർണ്ണാടക സംഗീത വിദ്വാൻ വൈക്കം വാസുദേവൻ നമ്പൂതിരി നിര്യാതനായി. കർണ്ണാടക സംഗീതജ്ഞൻ വൈക്കം ജയചന്ദ്രൻ, പിന്നണി ഗായകൻ ദേവാനന്ദ് എന്നിവർ മക്കളാണ്



**എൻ.പി.പരമേശ്വരൻ നമ്പൂതിരിപ്പാട്**
ശ്രീ പത്മനാഭ സ്വാമി ക്ഷേത്ര മുഖ്യ തന്ത്രിയും, ക്ഷേത്ര ഭരണ സമിതിയംഗവുമായ ബ്രഹ്മശ്രീ. നെടുമ്പിള്ളി തരണനല്ലൂർ എൻ.പി.പരമേശ്വരൻ നമ്പൂതിരിപ്പാട് വിഷ്ണുപാദം പൂകി.



**നീലി അന്തർജനം**
അക്കിക്കാവ്: ഭട്ടിയിൽ തെക്കേടത്ത് പരേതനായ നീലകണ്ഠൻ നമ്പൂതിരിയുടെ പത്നി നീലി അന്തർജനം നിര്യാതയായി. (ആലങ്കോട് കക്കാട് മഹൾ). മക്കൾ: സാവിത്രി നെടുമ്പിള്ളി തരണനല്ലൂർ, വാസുദേവൻ നമ്പൂതിരി, ഗോപാലിക പനയൂർ, വിജയൻ, ശങ്കരനാരായണൻ.



**പാർവതി അന്തർജനം**
മുക്കം മുത്തേരി പള്ളിപ്പുറത്ത് ഇല്ലത്ത് പാർവ്വതി അന്തർജനം (86) അന്തരിച്ചു. ഭർത്താവ്: പരേതനായ രാമൻ നമ്പൂതിരി. മകൾ : മീനാകുമാരി,മരുമകൻ: മോഹനൻ നമ്പൂതിരി(മേൽപ്പുറത്ത് ഇല്ലം)



**ലോറി ഇടിച്ച് ശാന്തിക്കാരൻ മരിച്ചു**
തിരൂർ : ചമ്രവട്ടം പാതയിൽ ലോറിയിടിച്ച് തിരൂർ പാട്ടുപറമ്പ് ഭഗവതിക്കാവിലെ ശാന്തിക്കാരൻ അരീക്കോട് ഉഗ്രപുരം സ്വദേശി പെരിഞ്ചീരി ഹരി നമ്പൂതിരി (54) മരിച്ചു. ക്ഷേത്രത്തിലെ ജോലി കഴിഞ്ഞ് തിരിച്ചു പോകുമ്പോൾ ലോറി ഇടിക്കുകയായിരുന്നു. ഇടിയുടെ ആഘാതത്തിൽ തൽക്ഷണം മരണപ്പെട്ടു.



**സരസ്വതി അന്തർജനം**
സരസ്വതി അന്തർജനം (79) കിഴക്കേ പഞ്ഞോട്ട് ഇല്ലം അമയന്നൂർ കോട്ടയം വിഷ്ണു പാദം പൂകി. വർഷങ്ങളായി ബാംഗ്ലൂരിലാണ് താമസം



**ലീല അന്തർജ്ജനം**
പന്തീരാങ്കാവ്: പരേതനായ പാലശ്ശേരി മുല്ലപ്പള്ളി വിഷ്ണു നമ്പൂതിരിയുടെ പത്നി ലീല അന്തർജ്ജനം (84) വിഷ്ണു പാദം പൂകി.



**ശ്യാമള അന്തർജനം**
കോഴിക്കോട് : മമ്മിളി ഇല്ലം പരേതനായ വാസുദേവൻ മൂസ്സതിന്റെ ഭാര്യ എടക്കാട്ട് ശ്യാമള അന്തർജനം വിഷ്ണു പാദം പൂകി.



**നാരായണൻ നമ്പൂതിരി**
തൃശൂർ : മുല്ലമംഗലം നാരായണൻ നമ്പൂതിരി വിഷ്ണു പാദം പൂകി. യോഗക്ഷേമ സഭ പെരുമനം ഉപസഭ പ്രസിഡന്റ് ആണ്



**ഉമാദേവി അന്തർജനം**
ആനന്ദപുരം നെല്ലായി കാലടിമനയിൽ പരേതനായ ശങ്കരൻ നമ്പൂതിരിയുടെ പത്നി ഉമാദേവി അന്തർജനം (85) വിഷ്ണുപാദം പൂകി. ബാബു, പ്രേമ, ബീന എന്നിവർ മക്കളാണ്.



**കൃഷ്ണൻ നമ്പൂതിരി**
ഹരിപ്പാട് ശ്രീസുബ്രഹ്മണ്യസ്വാമി മഹാക്ഷേത്രം തന്ത്രിമുഖ്യൻ കിഴക്കേ പുല്ലാംവഴി ബ്രഹ്മശ്രീ കൃഷ്ണൻ നമ്പൂതിരി ഭഗവത്പദം പ്രാപിച്ചു.



**രമാദേവി അന്തർജ്ജനം**
പെരുവനം ഗ്രാമസഭാംഗം മുല്ലനേഴി രമാദേവി അന്തർജ്ജനം (69) (W/o ശിവദാസൻ മാസ്റ്റർ) വിഷ്ണുപാദം പൂകി.



**സരസ്വതി അന്തർജനം**
കുമരകത്തു ചന്ദ്രമന ഇല്ലത്തു പരേതനായ ശങ്കരൻ നമ്പൂതിരിയുടെ സഹധർമിണി സരസ്വതി അന്തർജനം(72) നിര്യാതയായി.



**നാരായണൻ**
വിളയിൽ പറപ്പൂർ മഠത്തിൽ നാരായണൻ (50)വിഷ്ണുപദം പൂകി.

**സ്വസ്തിയിൽ ചരമവാർത്തകൾ നൽകാൻ**
**വാട്ട്സ് ആപ്പ് ചെയ്യുക 9400992823**



**കെ.സി. കൃഷ്ണൻ നമ്പൂതിരി**

തളിപ്പറമ്പ് : പെരുംചെല്ലൂർ ഉപസഭയുടെ മുൻ അധ്യക്ഷൻ കൊയ്യത്ത് ചെപ്പന്നൂർ ഇല്ലത്ത് കൃഷ്ണൻ നമ്പൂതിരി (റിട്ട. അധ്യാപകൻ കൊയ്യം എൽ.പി. സ്കൂൾ) വിഷ്ണുപാദം പൂകി. മട്ടന്നൂർ ചാവശേരി വെളിയമ്പ്ര തടത്തിൽചെമ്മരം ഇല്ലത്ത് ഗംഗാദേവി (തങ്കമണി ) അന്തർജനമാണ് പത്നി. മക്കൾ: കെ.സി. ലളിത (കേരള ഗ്രാമീൺ ബാങ്ക് അസി. മാനേജർ ഓമാനൂർ, കെ.സി. ശ്രീകല (ഡൽഹി) മരു മക്കൾ: സ്വസ്തി അസോസിയേറ്റ് എഡിറ്ററും കേരള കൗമുദി റിട്ട. ന്യൂസ് എഡിറ്ററുമായ മലപ്പുറം വിളയിൽ പാനാട്ട് ഇല്ലത്ത് പദ്മനാഭൻ നമ്പൂതിരി, ഡൽഹി നാഷണൽ ഹൈഡ്രോ ഇലക്ട്രിക് പവർ കോർപറേഷൻ ഐ.ടി. വിഭാഗം സീനിയർ മാനേജർ തളിപ്പറമ്പ് ചവനപ്പുഴ മുണ്ടോട്ട് പുളിയപ്പടമ്പ് ഇല്ലത്തെ നാരായണൻ നമ്പൂതിരി.



**വാസുദേവൻ നമ്പൂതിരി**

പേരാമ്പ്ര: കൂത്താളി ഹൈസ്കൂളിന് സമീപം കല്പകശേരി വാസുദേവൻ നമ്പൂതിരി (72) വിഷ്ണുപാദം പൂകി. കൂത്താളി എച്ച്.എസ്.എസ്. റിട്ട. ജീവനക്കാരനാണ്. ഭാര്യ പ്രഭാവതി. മക്കൾ: ദിവ്യശ്രീ ( ട്രൂ കോപ്പി തിങ്ക് സീനിയർ ഔട്ട് പുട്ട് എഡിറ്റർ കൊച്ചി ), ദിനേഷ്, മരുമകൻ ബിജേഷ് പുതുമന (പ്രൊഡ്യൂസർ മനോരമ ന്യൂസ്കൊച്ചി).



**വിഷ്ണുപ്രസാദ്**

ആറ്റിങ്ങൽ ചേപ്പായിക്കാട് ഇല്ലത്ത് ബ്രഹ്മശ്രീ ശങ്കരൻ നമ്പൂതിരിയുടെയും സരസ്വതി അന്തർജനത്തിന്റെയും മകൻ വിഷ്ണുപ്രസാദ് നമ്പൂതിരി വിഷ്ണുപാദം പൂകി.



**കെ.കേശവൻ പോറ്റി**

കൊട്ടാരക്കര: പ്രശസ്ത കഥകളി നടൻ മൈലം ഹരി മന്ദിരത്തിൽ (വടശ്ശേരിമഠം) കെ.കേശവൻ പോറ്റി (92) അന്തരിച്ചു. ഭാര്യ: ദേവകി ദേവി. മക്കൾ: പരേതയായ സാവിത്രി ദേവി, കെ.ഹരികുമാർ(ക്ഷേത്രം തന്ത്രി). മരുമക്കൾ: പരേതനായ ഗോവിന്ദശർമ്മ, എം.കെ.അശ്വതി (ആർ. ആർ.യു.പി.എസ്. ഉള്ളന്നൂർ).



**ദേവകി അന്തർജനം**

ചാലക്കുടി പടുതോൾ ദേവകി അന്തർജനം (പൊരുതമഹൾ) വിഷ്ണുപാദം പൂകി.



**പരമേശ്വരൻ നമ്പൂതിരി**

അങ്കമാലി പാറക്കടവ് പാലൂർ ഇല്ലത്ത് പരമേശ്വരൻ നമ്പൂതിരി വിഷ്ണുപാദം പൂകി.



**വാസുദേവൻ നമ്പൂതിരി**

ബ്രഹ്മശ്രീ കുറ്റം പിള്ളി വാസുദേവൻ നമ്പൂതിരി വിഷ്ണുപാദം പൂകി.



**ശ്രീദേവി അന്തർജനം**

ആറന്മുള മുരിക്കുവേലിൽ ഇല്ലത്ത് ശ്രീദേവി അന്തർജനം (103) വിഷ്ണുപാദം പൂകി.



**കൃഷ്ണൻ ഭട്ടതിരി**

എടയൂർ എന്നുകൂടി പേരുള്ള താനൂർ താമരനെല്ലൂർ കൃഷ്ണൻ ഭട്ടതിരി 98 വയസ്സ് അന്തരിച്ചു. ആലത്തൂർ ഗ്രാമത്തിലെ എല്ലാ ഇല്ലങ്ങളിലും ക്ലാരി ദേശത്തെ ഇല്ലങ്ങളിലും പൂമുള്ളി വൈദ്യമഠം കല്ലൂർ കൽപ്പുഴ കൊളത്താപ്പള്ളി പാതിരിക്കുന്നത്ത് തുടങ്ങി അനവധി ഇല്ലങ്ങളിലും നിറസാന്നിദ്ധ്യമായിരുന്നു. പ്രസിദ്ധ വേദ പണ്ഡിതൻ പുരുഷോത്തമൻ ഭട്ടതിരിപ്പാടിന്റെ അനുജനും ഓത്ത്ചൊല്ലിയിട്ടുള്ള ആളുമായിരുന്നു.പ്രചാരത്തിലുള്ള ഒരുവിധം എല്ലാ സ്പോർട്സുകളിലും ഗെയിമുകളിലും നല്ല അറിവുണ്ടായിരുന്നു. ചീട്ടുകളി പകിടകളി എന്നിവയിൽ വിദഗ്ധനായിരുന്നു. ഓത്ത് പരികർമ്മം മന്ത്രങ്ങളുടെ ഉച്ചാരണം ദേഹണ്ണം കളികൾ ആനപ്പുറം തുടങ്ങി ഇദ്ദേഹത്തിന് വശമുള്ള കാര്യങ്ങൾ ചിട്ടതെറ്റിച്ച് ആര് ചെയ്യുന്നത് കണ്ടാലും നിശിതമായി വിമർശിക്കാൻ ഒരു മടിയുമുണ്ടായിരുന്നില്ല. വെറുതെയിരിക്കുന്ന സമയത്ത് ഓത്തിലെ സ്വരത്തിനനുസരിച്ചുള്ള ചൂളം വിളിയോടെ ഇരിക്കുമായിരുന്ന ഇദ്ദേഹം സ്നേഹിതരോട് അചഞ്ചലമായ കൂറും പുലർത്തിയിരുന്നു.നാല് വർഷം മുമ്പുവരെ ഇല്ലങ്ങളിൽ നിന്ന് ഇല്ലങ്ങളിലേക്ക് സഞ്ചരിച്ചിരുന്ന ഇദ്ദേഹം പ്രായാധിക്യമായതോടെ സുഹൃത്തുക്കളുടെ നിർബന്ധത്തിന് വഴങ്ങി അനുജന്റെ മകന്റെ കൂടെയായിരുന്നു താമസം.



**സുരേന്ദ്രൻ നമ്പൂതിരി**

വിയ്യൂർ മൂത്തേടം സുരേന്ദ്രൻ നമ്പൂതിരി വിഷ്ണുപാദം പൂകി.







പത്തനംതിട്ടയിലെ ഏനാത്ത് കാറുകൾ കൂട്ടിയിടിച്ച് മരണപ്പെട്ട തിരുവനന്തപുരം മടവൂർ കളരി ശ്രീ ഭദ്രകാളി ക്ഷേത്ര മേൽശാന്തി വലംപിരിപള്ളി മഠത്തിൽ രാജശേഖരഭട്ടതിരി (65), ഭാര്യ ശോഭ (63), മകൻ നിഖിൽ (32) എന്നിവർ. മടവൂർ ഭാഗത്ത് നിന്നും പന്തളം കുളനട ഭാഗത്തേക്ക് യാത്രയിൽ എതിർദിശയിൽ നിന്ന് വന്ന കാർ ഇടിക്കുകയായിരുന്നു.

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**അച്യുതൻ നമ്പൂതിരി**
കോട്ടയം ഓണംതുരുത്ത് പാറ്റ്യാൽ ഇല്ലത്ത് അച്യുതൻ നമ്പൂതിരി വിഷ്ണുപാദം പൂകി.



**കൃഷ്ണൻ നമ്പൂതിരിപ്പാട്**
കോഴിക്കോട് കരുമല അരീക്കുഴി കൃഷ്ണൻ നമ്പൂതിരിപ്പാട് (80) വിഷ്ണുപാദം പൂകി



**കൃഷ്ണൻ നമ്പൂതിരി**
രാമന്തളി ശ്രീ ശങ്കരനാരായണ ക്ഷേത്രം മുൻ കീഴ്ശാന്തിയും കുന്നരു ഉപസഭാംഗവുമായ അപ്പണം കാരക്കാട് കൃഷ്ണൻ നമ്പൂതിരി വിഷ്ണുപാദം പൂകി.



**മുരളി നമ്പൂതിരി**
ഗുരുവായൂർ: മമ്മിയൂർമഹാവിഷ്ണു ക്ഷേത്രം മേൽശാന്തി മുരളി നമ്പൂതിരി (54) വിഷ്ണു പാദം പൂകി. ഓമശ്ശേരി പുത്തൂർ മുതുമന ശ്രീധരൻ നമ്പൂതിരിയുടെ മകനാണ്. ഭാര്യ: ശ്രീലത. മക്കൾ: ശരണ്യ, ശരത്.



**കൃഷ്ണൻ നമ്പൂതിരി**
വടകര ഉപസഭാ മെമ്പറും വൈക്കം കാരായ്മ ശാന്തി കുടുംബാംഗവുമായ വില്ല്യാപ്പള്ളി രയരമംഗലം ഇല്ലത്ത് കൃഷ്ണൻ നമ്പൂതിരി (91) വിഷ്ണുപാദം പൂകി.



**മാധവൻ നമ്പൂതിരി**
ചെങ്ങന്നൂർ വെള്ളിയോട് നീലമനയിൽ മാധവൻ നമ്പൂതിരി(90) വിഷ്ണുപാദം പൂകി. യോഗക്ഷേമസഭ മുൻ സംസ്ഥാന വൈസ് പ്രസിഡന്റാണ്. എരയാംകുടി കടയ്ക്കവട്ടം സാവിത്രി അന്തർജ്ജനം സഹധർമ്മിണിയാണ്


വേളി, പെൺകൊട, പിറന്നാൾ, ചോറൂൺ, ഉപനയനം സമാവർത്തനം, ശ്രാദ്ധം, വിവാഹ വാർഷികം, റിട്ടയർമെന്റ്, പ്രൊമോഷൻ, യാത്ര അയപ്പ് .... തുടങ്ങി ഇല്ലത്തെ എല്ലാ വിശേഷങ്ങളും

**സ്വസ്തിയിലൂടെ**

സ്വജനങ്ങളുമായി പങ്കു വയ്ക്കൂ.
വിവാഹാലോചനകൾ / ജാതകങ്ങൾ തുടങ്ങിയവക്ക് 500 രൂപ മാത്രം.
പരസ്യങ്ങൾ നൽകാൻ വിളിക്കുക.
**ജയൻ പഴങ്ങോട്ടു പൊറ്റ 9745137987**





# തന്ത്രിമണ്ഡല വിദ്യാപീഠം

**താന്ത്രിക് & വേദിക്ക് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്**
**Owned by Akhila Kerala Thanthri Mandalam**
Reg.No. Q-700/2010



**APPROVED BY KERALA DEVASWOM RECRUITMENT BOARD**

## ഓപ്പൺ എക്സാമിനേഷൻ നോട്ടിഫിക്കേഷൻ - 2022

തന്ത്രിമണ്ഡല വിദ്യാപീഠം അംഗീകാരത്തോട് കൂടി നടത്തുന്ന പൂജാവിശാരദ്, തന്ത്രപ്രവേശിക, ജ്യോതിഷ പ്രവേശിക, ജ്യോതിഷവിശാരദ് ഓപ്പൺ പരീക്ഷകൾ 2022 നവംബർ മാസം 5–ാം തീയതി തിരുവനന്തപുരം സ്റ്റാച്യു ജംഗ്ഷനിൽ GPO ലെയിനിൽ ഭാരതീയ വിചാരകേന്ദ്രം,സംസ്കൃതി ഭവനിൽ വെച്ച് ഓഫ്‌ലൈനായി നടത്തുന്നു.

ഷോഡശ സംസ്ക്കാരം ആചരിക്കുന്നവരും സമാവർത്തനം കഴിഞ്ഞവരുമായ ബ്രാഹ്മണ സമുദായത്തിൽപ്പെട്ട എല്ലാവർക്കും പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ്. പ്രായപരിധി ബാധകമല്ല.

**അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി : 2022 ഒക്ടോബർ 15**

**അപേക്ഷാഫോറത്തിനും പ്രോസ്പെക്ടസിനും മറ്റു വിശദവിവരങ്ങൾക്കായി ബന്ധപ്പെടുക:**
Dr. ദിലീപൻ നാരായണൻനമ്പൂതിരി
വൈസ് ചെയർമാൻ - 944 735 8797
വാഴയിൽമഠം. എസ്. വിഷ്ണുനമ്പൂതിരി
ജനറൽ സെക്രട്ടറി - 944 700 8599

**പൂജാവിശാരദ് പരീക്ഷ/തന്ത്രപ്രവേശിക:-** 100 മാർക്കിന് എഴുത്തുപരീക്ഷയും, 20 മാർക്കിന് വാചാപരീക്ഷയും ആയിരിക്കും. താന്ത്രികം-60 മാർക്ക്, വൈദികം-20 മാർക്ക്, ജ്യോതിഷം-5 മാർക്ക്, സംസ്കൃതം- 5 മാർക്ക്, വാസ്തു-5 മാർക്ക്, വാചാപരീക്ഷ-20 മാർക്ക് എന്നിങ്ങനെ ആകെ 120 മാർക്കിന് ആയിരിക്കും ചോദ്യങ്ങൾ വരുന്നത്.

**ജ്യോതിഷപ്രവേശിക/ജ്യോതിഷവിശാരദ്:-** 100 മാർക്കിന് എഴുത്തുപരീക്ഷയും, 20 മാർക്കിന് വാചാപരീക്ഷയും ഉൾപ്പെടെ ആകെ 120 മാർക്കിന് ആയിരിക്കും ചോദ്യങ്ങൾ വരുന്നത്.

**ഓറിയന്റേഷൻ ക്ലാസ്സുകൾ :** പരീക്ഷയിൽ പങ്കെടുക്കുന്നവർക്ക് പ്രത്യേക ഓറിയന്റേഷൻ ക്ലാസ്സുകൾ 2022 ഒക്ടോബർ 29, 30 തീയതികളിൽ രാവിലെ 8 മണിമുതൽ വൈകിട്ട് 5 മണിവരെ ഓൺലൈനായി നടത്തുന്നതാണ്.

പൂജാവിശാരദ്, തന്ത്രപ്രവേശിക, ജ്യോതിഷപ്രവേശിക, ജ്യോതിഷവിശാരദ്,വാസ്തുപ്രവേശിക എന്നിവയുടെ 2023 അഡ്മിഷൻ ഡിസമ്പറിൽ ആരംഭിക്കുന്നതാണ്.2023 ജനുവരി മുതൽ ക്ലാസുകൾ ആരംഭിക്കുന്നതാണ്.

പരസ്യങ്ങൾ നൽകാൻ വിളിക്കുക.
ജയൻ പഴങ്ങോട്ടു പൊറ്റ 9745137987


കു മാ ശു മ ല

സ

ര ബു ശി

| | | | |
|---|---|---|---|
| ച ര ബു ഗു | ശു മ | ല മാ | |
| | | | സ |
| ശി | | | |
| | | കു | |

ഗു ച

**മൃദുല വി.എൻ.** ജനനം: 18.03.1999, സമയം: 11.15 am, ജനനസ്ഥലം: ഏറ്റുമാനൂർ, കോട്ടയം. നക്ഷത്രം: ഉത്രട്ടാതി. ഉയരം: 150 സെ.മീ. ഗോത്രം: ആംഗിരാസ്. വിദ്യാഭ്യാസം: എം.എസ്.സി. ബയോ കെമിസ്ട്രി, ജോലി: എസ്.പി.എസ്. അസോസിയേറ്റ് (ആമസോൺ). ഇല്ലം: വടക്കേ നെടുമ്പള്ളി, പാലക്കാട്. അച്ഛൻ: വി.എൻ. നാരായണൻ (റിട്ട. അധ്യാപകൻ), അമ്മ: ഐ.എൻ.ഉമാദേവി (അധ്യാപിക). സഹോദരൻ: വി.എൻ.വൈശാഖ്. അമ്മാത്ത്: ഇറിഷി ഇല്ലം,കോട്ടയം. വിലാസം: സി/13, ചോയ്സ് ഷെൽട്ടേഴ്സ്, മീനാംബാൾ ശാലൈ, കണ്ണദാസൻ നഗർ, ചെന്നൈ- 600118

ര സ ച ഗു

ശു

കു മ മാ

| | | | |
|---|---|---|---|
| | ശി | | |
| മ | | | കു |
| | | | |
| ല | മാ | ര ഗു ച ശു സ | ബു |

ല ശി ബു

**പദ്മനാഭൻ നമ്പൂതിരി,** ജനനം: 04.11.1994 (1170 തുലാം 18). നക്ഷത്രം: വിശാഖം, ഉയരം: 169 സെ.മീ., വെളുത്ത നിറം. വിദ്യാഭ്യാസം: എം. എസ്.സി. ബയോകെമിസ്ട്രി. ജോലി: തരണനല്ലൂർ ആർട്സ് ആന്റ് സയൻസ് കോളേജ്, മുൻഗണന: വിദ്യാഭ്യാസമുള്ള പെൺകുട്ടികൾ. വിലാസം: കിടങ്ങശ്ശേരി തരണനല്ലൂർ മന, താണിശ്ശേരി പി.ഒ., തൃശൂർ - 680701. മൊബൈൽ: 9747101272, 9048615849. ഗർഭശിഷ്ട ഗുരുദശ 7-0-28-48

| | | | |
|---|---|---|---|
| | | ച | ഗു |
| | | | ശി |
| സ | | | |
| ല മ മാ | ശു | ര | കു ബു |

**പ്രവീൺ.** ജനനം: 18.10.1989 (1165 തുലാം 2ന്). നക്ഷത്രം: രോഹിണി. ഉയരം: 161 സെ.മീ. വിദ്യാഭ്യാസം: ബി.എ.(ഓണേഴ്സ്) പൊളിറ്റിക്കൽ സയൻസ്. അച്ഛൻ: മുരളീധരൻ പി.എൻ. (പൊതിയിൽ വടക്കേടം), അമ്മ: സാവിത്രി (കരങ്ങാട്ട്). സഹോദരി: പ്രസീദ. മകനും മകളും ഒരു മൾട്ടിനാഷണൽ കമ്പനിയിൽ ജോലി ചെയ്യുന്നു. വിലാസം: നോയിഡ, ഉത്തർപ്രദേശ്, മൊബൈൽ: 8586863745 (അച്ഛൻ), 9953273594 (അമ്മ).

ശു ബു

ഗു മ

ശി

ര സ

ല മാ

| | | | |
|---|---|---|---|
| കു | ര ബു | ശു ശി | |
| മ | | | മാ |
| | | | |
| | ച സ | ഗു | ല |

കു ച

**ആഞ്ജനേയൻ പി,** ജനനം: 27.04.1994, നക്ഷത്രം: അനിഴം, സമയം: 5.15 pm, ഉയരം: 170 സെ.മീ, വെളുത്ത നിറം, വിദ്യാഭ്യാസം: ബി.കോം, എം.എ. (പബ്ലിക് അഡ്മിനിസ്ട്രേഷൻ), ജോലി: ബാങ്ക് ക്ലർക്ക് (എസ്.ബി.ഐ). അച്ഛൻ: പരമേശ്വരൻ നമ്പൂതിരി പി (റിട്ട. തിരുവിതാംകൂർ ദേവസ്വം ബോർഡ്), അമ്മ: അജിതകുമാരി എം.എസ്. വിലാസം: താഴൂർ അഞ്ജന ഇല്ലം, കരിച്ചാൽ, പായിപ്പാട് പി.ഒ., ഹരിപ്പാട്, ആലപ്പുഴ ജില്ല, മൊബൈൽ: 8547116768, 6282894593.

ഗു ബു മാ ബു

ശു മ

ശി

ല

ര ച സ

| | | | |
|---|---|---|---|
| കു | ര ബു | ശു ശി | |
| മ | | | |
| | | | |
| | സ | ല ഗു | ച മാ |

കു



**ശ്രീനാഥ് ബി,** ജനനം: 24.04.1994 (1169 മേടം 11), നക്ഷത്രം: അത്തം, ജന്മസ്ഥലം: മാർത്താണ്ഡം. ഉയരം: 180 സെ.മീ. വിദ്യാഭ്യാസം: ബിടെക് (മെക്കാനിക്കൽ). ജോലി: പ്രൊജക്ട് എൻജിനീയർ (മെക്കാനിക്കൽ), ടെക്നോ സ്റ്റീൽ, ഖത്തർ. മുൻഗണന: വിദേശത്ത് ജോലി ചെയ്യാൻ താല്പര്യമുള്ള യുവതികൾ. അച്ഛൻ: ബാബു എസ് (ജി.എച്ച്.എസ്.എസ്. പ്രിൻസിപ്പൽ രാമനാഥപുരം), അമ്മ: ശ്രീദേവി എം.എൻ. (ഹൗസ്വൈഫ്). സഹോദരൻ; ഒരാൾ (യൂണിയൻ ബാങ്ക്), വിലാസം: നെടുവിലകത്ത് മഠം, കീഴില്ലം പി.ഒ., എറണാകുളം ജില്ല. അമ്മാത്ത്: മരങ്ങാട്ടില്ലം, കീഴില്ലം. മൊബൈൽ: 8921307572, 7598609412 (വാട്സ്ആപ്പ്).

പതിനെട്ടാം ശ്രാദ്ധദിനം



(സെപ്റ്റംബർ 24)

## തൊഴുവാനൂർ മനക്കൽ

# ടി.പി. നാരായണൻ നമ്പൂതിരി

തൊഴുവാനൂർ മന, കോഴിക്കോട്

ഓർമ്മകൾക്ക് മുന്നിൽ പ്രണാമം അർപ്പിച്ചു കൊണ്ട്

പത്നി:സാവിത്രി അന്തർജനം. മക്കൾ: നിലീന ജയദേവൻ, കൃഷ്ണൻ ടി.എൻ, മുരളി ടി.എൻ, മരുമക്കൾ: ഡോ ജയദേവൻ, സംഗീത, സവിത. പേരക്കുട്ടികൾ: ഉണ്ണി നാരായണൻ, നവ്യ ഉണ്ണി, ദേവദത്തൻ, പ്രിയദത്ത, സാവിത്രി, ആര്യ, സഹാന. (കൃഷ്ണൻ ടി.എൻ മൊബൈൽ: 9495721517)

## സ്വസ്തി കുട്ടിക്കൂട്ടം

വായിച്ച പുസ്തകം, കണ്ട സിനിമ, നടത്തിയ വിനോദയാത്ര, ലഭിച്ച സമ്മാനം, ഇഷ്ടപ്പെട്ട സ്ഥലം, അനുഭവിച്ച വേദന, പറ്റിയ അബദ്ധം, സഹായിച്ച സുഹൃത്ത്... അങ്ങനെ ജീവിതാനുഭവങ്ങളെ ചെറിയ കുറിപ്പുകളാക്കി അയച്ചു തരൂ. മികച്ച രചനകൾ സ്വസ്തിയിൽ പ്രസിദ്ധീകരിക്കും. കുട്ടിക്കൂട്ടത്തിലേക്ക് വാട്ട്സ് അപ്പിൽ അയക്കാം

**നമ്പർ 9400992823**

# പത്താം വയസ്സിൽ ശ്രീകൃഷ്ണനായി

**കെ.എം.ഉദയൻ നമ്പൂതിരിപ്പാട്**



ഇപ്പോൾ ഏഷ്യാനെറ്റിൽ മുൻഷിയായി അഭിനയിക്കുന്ന ആളെ അറിയുമോ? നരിപ്പറ്റ നാരായണൻ നമ്പൂതിരിയെ. മൂത്തേടത്ത് പാലശ്ശേരി മനയിൽ മേഘ്നയുടെ മുത്തപ്ഫനാണ് ഈ കഥകളി ആചാര്യൻ. ഇദ്ദേഹത്തിന്റെ ശിക്ഷണത്തിലാണ് മേഘ്ന കഥകളി പഠിച്ചത്. പത്താം വയസ്സിൽ ശ്രീകൃഷ്ണനായി അരങ്ങേറിയാണ് തുടക്കം. പിന്നെ പല പല വേദികൾ.

കഥകളിയിൽ മാത്രം ഒതുങ്ങുന്നില്ല. ഭരതനാട്യവും മോഹിനിയാട്ടവും കുച്ചിപ്പുടിയും എല്ലാം വഴങ്ങും. മത്സരിച്ചാൽ സമ്മാനം ഉറപ്പ്. അങ്ങനെ ഡസൺ കണക്കിന് സമ്മാനങ്ങൾ.

പിച്ചവെക്കാൻ തുങ്ങിയപ്പോൾ തന്നെ കുഞ്ഞിക്കാലുകളിൽ ചിലങ്ക അണിയിപ്പിച്ച അമ്മ പ്രസീതയാണ് ആദ്യ ഗുരു. പിന്നെ കലാമണ്ഡലം ഇന്ദിരാ പത്മനാഭൻ, രജിത നരിപ്പറ്റ, പ്രമോദ് തൃപ്പനച്ചി എന്നിവരും ഗുരുക്കന്മാരായി. പ്രസിദ്ധ മോഹിനിയാട്ട കലാകാരി ഡോക്ടർ. ദിവ്യ നെടുങ്ങാടിയുടെ കളരിയിൽ തുടർപഠനം നടത്തി, കഴിഞ്ഞ മെയ് മാസത്തിൽ പാലക്കാട്ടു വെച്ച് മോഹിനിയാട്ട അരങ്ങേറ്റവും നടത്തി. പ്രശസ്ത കുച്ചുപ്പുഡി നർത്തകനും നൃത്താദ്ധ്യാപകനുമായ അനിൽ വെട്ടിക്കാട്ടിരിയുടെ കീഴിൽ ഇപ്പോൾ കുച്ചുപ്പുഡി പഠിച്ചു വരുന്നു.

ഇല്ലത്തും അമ്മാത്തും പ്രശസ്തരായ ഒരു പാടു കലാകാരന്മാരുണ്ട്. കലാമണ്ഡലം പ്രിൻസിപ്പാളായി റിട്ടയർ ചെയ്ത എം.പി.എസ് നമ്പൂതിരി, പ്രശസ്ത നാടക സംവിധായകൻ നരിപ്പറ്റ രാജു ,അമ്മയുടെ സഹോദരിയും കാനഡയി

നമുക്കിടയിലെ കുഞ്ഞുപ്രതിഭ



ലെ നൃത്താദ്ധ്യാപികയുമായ പ്രീത കണ്ടഞ്ചാത, നാടക അഭിനേത്രിയും നർത്തകിയും ആയ രജിത നരിപ്പറ്റ എന്നിവർ അവരിൽ ചിലരാണ്.

ഗുരുവായൂർ, കാടാമ്പുഴ, ആറ്റുകാൽ ക്ഷേത്രം തുടങ്ങി പ്രശസ്തമായ പല ക്ഷേത്രങ്ങളിലും നൃത്താർച്ചന നടത്തിയിട്ടുണ്ട്. കൊറോണ കാലത്ത് നടന്ന പല

ഓൺലൈൻ മത്സരങ്ങളിലും സമ്മാനങ്ങൾ നേടിയിട്ടുണ്ട്. ഈ കലകൾക്കെല്ലാം സമയം നീക്കി വെച്ചിട്ടും എസ്.എസ്.എൽ സിക്ക് ഫുൾ എ പ്ലസ്. മഞ്ചേരിക്കടുത്ത് ഇളയൂരിലെ മൂത്തേടത്തു പാലശ്ശേരി മനയ്ക്കൽ അദ്ധ്യാപക ദമ്പതിമാരായ അജിതിന്റെയും പ്രസീതയുടെയും മകളാണ് മേഘ്ന കൃഷ്ണ. സഹോദരൻ അമോഘ് കൃഷ്ണ പ്ലസ് ടു വിദ്യാർത്ഥിയാണ്. ●

മേഘ്ന കൃഷ്ണ.എം.പി
മൂത്തേടത്ത് പാലശ്ശേരി മന
ഇളയൂർ, പി.ഒ.ഇരിവേറ്റി
673639, മലപ്പുറം ജില്ല
ഫോൺ :9847983872

### പുരസ്ക്കാരങ്ങൾ

- യദുകുലം നാട്യഗൃഹത്തിന്റെ നാട്യവിദുഷി (2019)
- വരദം നൃത്തോത്സവത്തിലെ നാട്യവിപഞ്ചി (2019)
- നടനം ഓൺലൈൻ ഫെസ്റ്റിവെല്ലിലെ നാട്യകലാമണി (2020)
- ഇന്റർനാഷണൽ മെഗാ മ്യൂസിക് ആന്റ് ഡാൻസ് ഫെസ്റ്റിവെല്ലിലെ നാട്യകലാശ്രീ സമ്മാൻ 2020
- കലാഞ്ജലി ഫൗണ്ടേഷൻ ഓൺലൈൻ ക്ലാസിക്കൽ ഡാൻസ് മത്സരത്തിൽ ഒന്നാം സ്ഥാനം
- AKDTO മലപ്പുറം ജില്ലയിൽ സംഘടിപ്പിച്ച നൃത്ത മത്സരത്തിൽ ഭരത നാട്യം, മോഹിനിയാട്ടം ഒന്നാം സ്ഥാനം.
- കലാകേന്ദ്രം ഉദിനൂർ സംഘടിപ്പിച്ച നൂപുരം 2020 സംസ്ഥാന തല ഭരതനാട്യ മത്സരത്തിൽ രണ്ടാം സ്ഥാനം.
- ലോക നാടക വാർത്തകൾ നടത്തിയ യുവജനോത്സവത്തിൽ ഭരതനാട്യത്തിനും മോഹിനിയാട്ടത്തിനും ഒന്നാം സ്ഥാനം.
- നന്മ ബാലയരങ്ങ് യുവജനോത്സവത്തിൽ ഭരതനാട്യത്തിനും മോഹിനിയാട്ടത്തിനും സംസ്ഥാനതലത്തിൽ എ ഗ്രേഡ്.

## ഒരൊന്നൊന്നര അടി



**വിഷ്ണുദത്തൻ. എം.ആർ**



ആറിൽ പഠിക്കുമ്പോഴായിരുന്നു ആ സംഭവം.... അന്ന് ഞങ്ങളുടെ ക്ലാസ്സ് ടീച്ചർ പുറത്തു പോയിരിക്കുകയായിരുന്നു. ക്ലാസിലാകട്ടെ ഞാനടക്കം എല്ലാവരും ഭയങ്കര ബഹളമായിരുന്നു. താഴേ വീണ സൂചിയുടെ ശബ്ദം പോലും കേൾക്കാൻ പാടില്ലാത്ത ആ ക്ലാസ്സിൽ ബോംബ് പൊട്ടിയാൽ പോലും കേൾക്കാനാവാത്തത്ര ബഹളമായിരുന്നു ഞങ്ങളുടേത്, പെട്ടെന്ന് ഞങ്ങളുടെ കണക്കുടീച്ചർ പിറകിലൂടെ കേറി വന്നു. കയ്യിൽ ചൂരൽ വടിയുമായിട്ടായിരുന്നു വരവ്. പിന്നിലെ ബെഞ്ചിലെ അഭിനവ് തൊട്ട് ഇങ്ങേ തലയ്ക്കലിരിക്കുന്ന ഞാൻ വരെ ടീച്ചറുടെ ചൂരൽ പ്രയോഗത്തിന്റെ രുചിയറിഞ്ഞു. ആർത്തുല്ലസിച്ച് കളിച്ചുകൊണ്ടിരിക്കുമ്പോൾ ഓർക്കാപ്പുറത്ത് കിട്ടിയ ആ അടി വല്ലാത്തൊരു ഞെട്ടൽ തന്നെയാണ് ഉണ്ടാക്കിയത്. അതിനുശേഷം ആ ക്ലാസിന്റെ മുന്നിലൂടെ പോകുമ്പോൾ അന്നത്തെ അടി ഓർത്തുപോകും. ഒരൊന്നൊന്നര അടി തന്നെയായിരുന്നു അത് !!!

വിഷ്ണുദത്തൻ.എം.ആർ, 7ാം ക്ലാസ്സ്
S/o രതീഷ്.ടി.പി, മഴമംഗലത്ത് തരണനല്ലൂർ മന, തൃശ്ശൂർ, മൊബൈൽ: 8281845544

## ശ്വാസവേള

**മേധാ മാധവി**

മോദം മദാലസ മായയാം ജീവിത
മേറെ സുഖം ഹിതം സന്താപമില്ലപോൽ
ഹന്തനരവാന്മാർ പേറുമീ ദുഃഖമോ
കർമ്മഫലമെന്നറികയെല്ലാവരും
ഹുങ്കേറുമീലോക മർത്ത്യ ജന്മമോർക്ക
ഭീതിയേറും വൈതരണിക്കു തുല്യമാം
അന്ധനായല്ലാതനുഭവിക്കൂ മർത്ത്യ
നാനന്ദശ്വാസം ചിരകാലമെപ്പോഴും
താമിസ്രമല്ല സുഖ സൗഖ്യ സന്താപ
മാകെ സമ്മിശ്രമീ സംസാര സാഗരം ●

മേധാമാധവി
D/o മിഥുൻ നാരായൺ
പാതിരിശ്ശേരി ഇല്ലം
ചാത്തമംഗലം
എൻ.ഐ.ടി
കോഴിക്കോട്
മൊബൈൽ
9496226622



# ഭാഷ

**പരമേശ്വരൻ ഒ.എസ്**
S/o ശങ്കരൻ ഒ.പി, ഒരുപുലാശ്ശേരി മന,
ഷൊർണ്ണൂർ, പിൻ:679122
പാലക്കാട് ജില്ല., മൊബൈൽ:7510784428



അക്ഷരത്തിൻ വാതായനങ്ങൾ തുറന്ന്
ഞാൻ പെറുക്കിയെടുത്തു പല മുത്തുകൾ
അവ കോർത്തൊരുക്കി ഞാൻ തീർത്തു
ഒരു രാജഗോപുരം, തൻ ശക്തിയിലവ
ചേർത്തു പിടിച്ചു പല മനസ്സുകൾ.
പുതു ചക്രവാളങ്ങൾ തേടിപ്പിടിക്കുന്ന
ആ മുത്തുകൾ, അനുസരണയോടെ
വഞ്ചി തുഴഞ്ഞു ചെന്നെത്തി അക്കരെ
ചെറുശ്ശേരി തൻ കൃഷ്ണഗാഥ മുതൽ
പുതുഗാനങ്ങൾ വരെ ഓടിക്കിതച്ച
മുത്തുകൾ തളർന്നു വീണു.
ഭാഷതൻ മാഹാത്മ്യമറിയാതെ മർത്ത്യൻ
അവയെ നീരസത്തോടെ വേർപ്പെടുത്തി.
മാനവന്റെ നടപ്പാതയിലെവിടെയോ ചോർന്നുപോയ
ആ മഹത്വം പെറുക്കിയെടുക്കണം.
നമ്മൾ തന്നെ, നമ്മുടെ ഭാഷ, ആ അക്ഷരങ്ങളെ ●



## പൂച്ചയും കൂട്ടുകാരും



മ്യാവൂ കരയുന്ന പൂച്ചക്കുഞ്ഞേ
മാവിൻമേലൊന്നു കയറി നോക്കൂ
മാവിൻമേലൊന്നു കയറിയാലോ
താഴെ വീഴാതെ സൂക്ഷിച്ചിടേണം.
മാവിൽ നിറയെയും മാങ്ങയുണ്ടേ
പച്ച പഴുത്തതുമൊക്കെയുണ്ടേ
കൊമ്പത്ത് കൂട്ടുകാരെല്ലാമുണ്ടേ
അണ്ണാൻ കുരുവികൾ കാക്കകളും
എല്ലാരും കൂടിക്കലപിലയായ്
തുള്ളിക്കളിച്ചു രസിക്കാമല്ലോ

സ്നിഗ്ദ്ധ ടി. എസ്, D/o ശങ്കരനാരായണൻ,
തേലക്കാട് മന, വെള്ളിനേഴി,
പാലക്കാട്. മൊബൈൽ: 9995655901



മലപ്പുറം വണ്ടൂർ
നെന്മിനിശ്ശേരി
മഴൂർ മനയിൽ
**എൻ എം ഭരദ്വാജ്**
വരച്ചത്
നാലാം ക്ളാസ്
വിദ്യാർത്ഥി
മൊബൈൽ:
8330820689



# മറക്കാനാവാത്ത
# പൂമുള്ളി യാത്ര

**അനുഗ്രഹ രവീന്ദ്രൻ**

ഈ അടുത്ത കാലത്തൊന്നും നവരാത്രിക്കാലത്ത് ഇത്രയും സംതൃപ്തി തോന്നിയിട്ടില്ല. പഠിക്കുന്നു, സ്കൂളിൽ പോകുന്നു, ജയിക്കുന്നു, വീണ്ടും അടുത്ത ക്ലാസ്സിൽ ആവുന്നു. ഈ പതിവിനപ്പുറം ഒരു ചെറിയ യാത്ര നൽകിയ ഉൽക്കർഷം വിവരണാതീതം. വലിയൊരു ഇല്ലത്തേക്കായിരുന്നു ആ യാത്ര.

കൊറോണ എന്ന മഹാമാരി അനുവദിച്ച ഇത്തിരി അവധിയിൽ കഴിഞ്ഞ കൊല്ലം നവരാത്രിക്കാലം അർത്ഥവത്താക്കാൻ കഴിഞ്ഞു. അങ്ങനെ മഹാനാവമി വിജയദശമി ദിനങ്ങളിൽ നടത്തിയ ഒരു ചെറിയ യാത്ര കുറിപ്പാണ് ഇത്.

രാവിലെ കുളത്തിൽ കുളിച്ചു ശുദ്ധിയായി പലകയിൽ ഇരുന്നു മണലിൽ 'ഹരിശ്രീ' എഴുതിയാൽ ഇന്നൊരു യാത്രക്ക് കൊണ്ടുപോകാം എന്ന വാഗ്ദാനമുണ്ടായിരുന്നു.

'സരസ്വതി നമസ്തുഭ്യം
വരദേ കാമരൂപിണി
വിദ്യാരംഭം കരിഷ്യാമി
സിദ്ധിർ ഭവതുമേ സദാ'

എന്ന് ഹൃദയത്തിൽ നിന്ന് പ്രാർത്ഥിച്ചു നമസ്കരിച്ചു, കൂടെ അർത്ഥം വിശദീകരിച്ചു തരാൻ ഇത്തവണ ഗുരുസ്ഥാനത്തു ഒരു അങ്കിൾ ആണ് ഉണ്ടായിരുന്നത്. അർത്ഥവും വിശദീകരിച്ചു തന്നു:
(ഭക്തരുടെ അഭിലാഷങ്ങൾ പൂർത്തീകരിക്കുന്നവളും വരദായിനിയുമായ സരസ്വതീ, അവിടത്തേക്ക് നമസ്ക്കാരം. ഞാൻ വിദ്യാരംഭം ചെയ്യട്ടെ. എല്ലായ്പ്പോഴും എനിക്ക് വൈദഗ്ധ്യം നല്കേണമേ)

അങ്കിളിന്റെ കൂടെ പട്ടാമ്പിക്കടുത്തു പൂമുള്ളി മനയിലേക്കാണ് പോയത്. നവരാത്രിക്കാലത്ത് വിശിഷ്ടരായ വളരെയധികം കലാകാരന്മാർ തങ്ങളുടെ സംഗീതവാദ്യ



ചെമ്പൈ വൈദ്യനാഥ ഭാഗവതരും യേശുദാസും മറ്റും സംഗീതം കൊണ്ട് അനശ്വരമാക്കിയ പൂമുള്ളി മനയിലെ വേദി

കലകൾ കൊണ്ട് ആസ്വാദകരെ മറ്റൊരു ലോകത്ത് എത്തിച്ച മനയിലെ നടശാല കണ്ടു. ദുർഗയും, ഭദ്രകാളിയും, സരസ്വതിയും ആയ ഊരകത്തമ്മ തിരുവടി ഇവിടെ ദുർഗയായി പരിലസിക്കുന്ന അമ്പലത്തിലും തൊഴുതു. ചെമ്പൈ വൈദ്യനാഥഭാഗവതർ മുതൽ ഗാനഗന്ധർവ്വൻ യേശുദാസ് വരെ തങ്ങളുടെ സംഗീതം കൊണ്ട് അനശ്വരമാക്കിയ ആ വേദിയിൽ ഞാൻ നമസ്കരിച്ചു. അങ്ങനെ ആ ദിവസം എനിക്ക് മറക്കാൻ പറ്റാത്തതായി●




അനുഗ്രഹ രവീന്ദ്രൻ.
എട്ടാം ക്ളാസ്
D/o രവീന്ദ്രൻ
ചാമക്കാട്ടിൽ ഇല്ലം,
ചളവറ, ഒറ്റപ്പാലം,
പിൻ:679505,
മൊബൈൽ:
9744605787

എന്റെ കൂട്ടുകാരിക്ക്

# ഒരു പേര്

### പറഞ്ഞു തരാമോ



നല്ലൊരു കൂട്ടുകാരിയാണവൾ. ആരോടും പറയാൻ പറ്റാത്ത കാര്യങ്ങൾ എനിക്കവളോട് പറയാം. അവളെല്ലാം കേൾക്കും. മനസ്സിലാക്കും.




**ആര്യ എൻ**

ഈ ജൂണിലാണ് അമ്മയോടൊപ്പം തിരുവനന്തപുരത്തു നിന്ന് തൃപ്പൂണിത്തുറയിൽ താമസമാക്കിയത്. അച്ഛന്റെ ജോലിയാണെങ്കിൽ തിരുവനന്തപുരത്തും. അതുകൊണ്ട് ശനിയാഴ്ച്ചയേ ഇവിടെ വരൂ. അതുവരെ ഞാനും അമ്മയും മാത്രമാണ്. പലപ്പോഴും എനിക്ക് അച്ഛനെയും തിരുവനന്തപുരത്തെ കൂട്ടുകാരേയും മിസ് ചെയ്യും.

ഒരു ദിവസം അങ്ങനെ വിഷമിച്ചിരിക്കുമ്പോൾ അമ്മ പറഞ്ഞു എന്തെങ്കിലും വായിക്കാൻ. ഇവിടത്തെ പുസ്തകമെല്ലാം വായിച്ചതാണെന്ന് പറഞ്ഞപ്പോൾ അലമാരിയിൽ നിന്നും ഒരു പഴയ പുസ്തകം എടുത്തു തന്നു. അമ്മക്ക് പണ്ട് ഗിഫ്റ്റ് കിട്ടിയതാണ്. ആൻ ഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ. മുമ്പൊരിയ്ക്കൽ ഈ പുസ്തകം തന്നപ്പോൾ വായിക്കാൻ ശ്രമിച്ചതാണ്. അന്നൊരു രസം തോന്നിയില്ലെന്ന് പറഞ്ഞു.

'ഇപ്പോൾ നിനക്ക് പത്ത് വയസ്സായില്ല്യേ? ഇനി വായിച്ചാൽ ഇഷ്ടാവും ' എന്ന് അമ്മ.

അങ്ങനെ മനസ്സില്ലാമനസ്സോടെ ഞാനാ പുസ്തകം കയ്യിലെടുത്തു. വായിച്ചു തുടങ്ങിയപ്പോൾ എനിക്കിഷ്ടായി. ആൻ ഫ്രാങ്കിന്റെ കുറേ ചിത്രങ്ങളുണ്ട് കവറിന്റെ പുറത്ത്. എന്തു ഭംഗിയാ അവളെ കാണാൻ! അവളും കിറ്റിയും പതിയെപ്പതിയെ എന്റെ കൂട്ടുകാരായി. ഞാൻ ആസ്വദിക്കുന്നുണ്ടെന്ന് കണ്ടപ്പോൾ അമ്മ മറ്റൊന്നു കൂടെ തന്നു. ഒരു മനോഹരമായ ഡയറി. ആവേശത്തോടെ അത് വാങ്ങി. 'മൊമെന്റ്സ് ഡയറി' എന്ന് മനോഹരമായി ചുവന്ന അക്ഷരങ്ങളിൽ മുകളിൽ എഴുതിയിരിക്കുന്നു. പേജുകൾ മറിച്ചു നോക്കി. പല പല നിറങ്ങൾ. അവിടവിടെയായി എഴുതിയ വാക്യങ്ങളാണ് കൂടുതൽ സന്തോഷിപ്പിച്ചത്.

പുറംചട്ടയിൽ എഴുതിയ 'സർപ്രൈസ് യുവർസെൽഫ് ' എന്ന വാക്യം വല്ലാതെ ആകർഷിച്ചു. 'ഞാൻ എങ്ങനെയാണ് എന്നെത്തന്നെ അദ്ഭുതപ്പെടുത്തുക? ആലോചിച്ചു നോക്കിയിട്ടും പിടികിട്ടിയില്ല.

എന്തായാലും ഞാനും ആൻ ഫ്രാങ്കിനെപ്പോലെ ഡയറിയെഴുതാൻ തുടങ്ങി. ക്ലാസിൽ ടീച്ചർ എല്ലാവരും ഡയറി എഴുതണമെന്നും മികച്ച ഡയറിക്ക് സമ്മാനം തരുമെന്നും പറഞ്ഞപ്പോൾ എനിക്ക് പിന്നേയും ആവേശമായി. ഡയറിയെഴുത്ത് പതിവാക്കാനും അതിലൊരു ആനന്ദം കണ്ടെത്താനും തുടങ്ങി.

ഒരു ദിവസം ടീച്ചർ ക്ലാസിലില്ലാത്ത നേരം. ക്ലാസ് ലീഡറായ ഞാനാണ് കുട്ടികൾ സംസാരിക്കുന്നുണ്ടോ എന്ന് നോക്കേണ്ടത്. വർത്തമാനം പറയുന്നവരുടെ പേരെഴുതിയതിൽ എന്റെ ഒരു കൂട്ടുകാരിയുടെ പേരും ഉണ്ടായിരുന്നു. അവൾക്കെന്നോട് പിണക്കവും ദേഷ്യവുമായി. എനിക്ക് അവളോടും. വീട്ടിൽ വന്നിട്ടും ആ ദേഷ്യം മാറിയില്ല. ഞാൻ വേഗം ദേഷ്യവും സങ്കടവുമെല്ലാം ഡയറിയിൽ കുറിച്ചിട്ടു. അപ്പോഴേക്കും എന്റെ മനസ്സെല്ലാം മാറിയിരുന്നു. എനിക്ക് അദ്ഭുതമായി. എന്റെ പഴയ ഡയറിക്കുറിപ്പുകൾ വെറുതെ വായിച്ചു നോക്കി. പലതും ഞാൻ തന്നെ എഴുതിയതാണോ എന്നും ആശ്ചര്യമായി. 'സർപ്രൈസ് യുവർസെൽഫ്'എന്നതിന്റെ അർഥം മനസ്സിലായത് അപ്പോഴാണ്.

സങ്കടവും ദേഷ്യവുമെല്ലാം കുറയ്ക്കുകയും സന്തോഷം കൂട്ടുകയും ചെയ്യാനുള്ള കഴിവുണ്ട് ഡയറിക്ക് എന്ന് മനസ്സിലായി. നല്ലൊരു കൂട്ടുകാരിയാണവൾ. ആരോടും പറയാൻ പറ്റാത്ത കാര്യങ്ങൾ എനിക്കവളോട് പറയാം. അവളെല്ലാം കേൾക്കും. മനസ്സിലാക്കും. ആൻ ഫ്രാങ്ക് പറഞ്ഞതു പോലെ കടലാസ് ക്ഷമയോടെ കേൾക്കുന്നു എന്ന സിദ്ധാന്തത്തിൽ ഞാനുമിപ്പോൾ വിശ്വസിക്കുന്നു.

ഞാനത് ആർക്കും വായിക്കാൻ കൊടുക്കില്ല ട്ടോ. അമ്മയ്ക്കു പോലും. ആൻ ഫ്രാങ്കിന്റെ കിറ്റിയെപ്പോലെ നിന്റെ ഡയറിയുടെ പേരെന്താണെന്ന് അമ്മ ചോദിക്കുന്നുണ്ട്. തൽക്കാലം ഞാനവൾക്ക് പേരിട്ടിട്ടില്ല. എന്റെരഹസ്യ സമ്പത്തല്ലേ ? നല്ലോണം ആലോചിച്ച് ഒരു പേരിടണം. ●

(തൃപ്പൂണിത്തുറ സെന്റ് ജോസഫ്സ് സ്കൂളിലെ ആറാം ക്ലാസ് വിദ്യാർഥിനിയാണ്. ഫറോക്ക് ഉപസഭയിലെ നാറാണിയാട് ശ്രീജിത്തിന്റെയും ശ്രീഭയുടെയും മകൾ. മൊബൈൽ: 9447276760)

# വി.ടി.ഭട്ടതിരിപ്പാടിന്റെ മകനെ കണ്ടപ്പോൾ

**വേദസ്. കെ.എം**



ജീവിതത്തിലെ മഹത്തരമായതും മറക്കാനാവാത്തതുമായ ദിനമായിരുന്നു അത്. ജയമ്മാമനാണ് അതിന് അവസരമൊരുക്കിയത്. തൃശൂരിൽ ചെന്ന് ആ വലിയ മനുഷ്യനെ കാണാനുള്ള അവസരം. വി.ടി.ഭട്ടതിരിപ്പാടിനെപ്പറ്റി ധാരാളം കേട്ടിട്ടുണ്ടെങ്കിലും അദ്ദേഹത്തിന്റെ മകനെ നേരിട്ടു കാണാനും വി ടിയെ അടുത്തറിയാനും അവസരം. അതൊരു നല്ല അനുഭവമായി മാറി.

12.06.2022 ഉച്ചക്ക് 1.30 നാണ് വി.ടി.ഭട്ടതിരിപ്പാടിന്റെ മകന്റെ ഇല്ലത്തെത്തിയത്. ജയൻ അമ്മാമനും ഉമ അമ്മായിയും പിന്നെ കുട്ടികളായ ശ്രീക്കുട്ടി, അപ്പു. പിന്നെ ഞാനും. അദ്ദേഹത്തിന്റെ മകൻ വി.ടി. വാസുദേവൻ, അദ്ദേഹത്തിന്റെ പത്നി, മകൻ എന്നിവർ ഞങ്ങളെ സ്വീകരിച്ചിരുത്തി.

തൂശനിലയിൽ പായസം വിളമ്പുന്ന പോലെ അദ്ദേഹം ഓർമ്മകൾ ഞങ്ങൾക്കു മുമ്പിൽ വിളമ്പി. അറിഞ്ഞതും അറിയാത്തതുമായ നിരവധി കാര്യങ്ങൾ. വല്ലാത്ത ഓർമ്മതന്നെ.

കുറിയേടത്ത് താത്രിയുടെ കഥ തൊട്ട് യോഗക്ഷേമസഭയുടെ പുനർജീവനം വരെ പലതും പറഞ്ഞു. അച്ഛന്റെ ഓർമ്മകൾ പലതും പറയുമ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞുവരുന്നതായി കാണാം.

അച്ഛൻ ആദ്യം പറയുന്നത് ഒരു മനുഷ്യന് ഏറ്റവും ആദ്യം വേണ്ടത് ഏതൊരു കാര്യവും കൃത്യമായി ഉൾക്കൊള്ളാനുള്ള കഴിവും പിന്നെ ക്ഷമയുമാണ്. മേഴത്തൂരാണ് വി.ടി.യുടെ ജന്മദേശം. തറവാട് വീട് എന്നു പറയുന്നതാണ് മേഴത്തൂരിലുള്ള ഗൃഹം.

അദ്ദേഹം ഇപ്പോഴത്തെ കേരളത്തെ വർണ്ണിക്കുന്നത് ഇങ്ങനെയാണ്. മേഘമാലകൾ മൂടുന്ന കേരളം. കുറിയേടത്ത് താത്രി ഭ്രഷ്ട് കൽപ്പനക്ക് അടിമപ്പെട്ടതും, അതിൽ അനവധി നമ്പൂതിരിമാർ ഇരയായതും അദ്ദേഹം വിവരിച്ചു.

വി.ടി.യുടെ ഓർമ്മകളിൽ നിറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞതാണ് ഹാർമോണിയം ഇല്ലാത്ത കാലത്ത് ചന്തുമേനോന്റെ ഇന്ദുലേഖ വയലിൻ വായിക്കുന്നു, ധരിച്ചിരുന്ന വേഷം പൈജാമ ആയിരുന്നു. ഇങ്ങനെയൊക്കെ അച്ഛന്റെ കൃതിയിൽ പ്രത്യേകം പറയുന്നുണ്ടത്രെ.

മുറജപം നിർത്തണമെന്ന് ആവശ്യപ്പെട്ട് ആലുവയിൽ നിന്ന് തിരുവനന്തപുരത്തേക്ക് യാത്ര ആരംഭിച്ചപ്പോൾ തിരുവിതാംകൂറിലെ ബ്രാഹ്മണർ ഇതിന് പിന്തുണച്ചിരുന്നില്ല. സഹായമായി വന്നത് എസ്.എൻ.ഡി.പി. യോഗത്തിന്റെ ആളുകളും ഈഴവരും ആയിരുന്നു. അന്ന് ഇന്ത്യ മുഴുവൻ ഭക്ഷണക്ഷാമം നേരിടുന്ന സമയമായിരുന്നു. അന്ന് യോഗക്ഷേമസഭ

യാത്ര പറഞ്ഞിറങ്ങുമ്പോൾ ഒരു പുസ്തകം തന്നു. വി.ടി.ഭട്ടതിരിപ്പാടിന്റെ ആത്മകഥയായ കണ്ണീരും കിനാവും.



*വി.ടി.ഭട്ടതിരിപ്പാടിന്റെ മകൻ വി.ടി. വാസുദേവൻ കുട്ടികൾക്ക് എഴുതിക്കൊടുക്കുന്നു*

പറഞ്ഞത് ബ്രാഹ്മണർ ആരും ഈ സമരത്തിൽ പങ്കെടുക്കരുത് എന്നായിരുന്നു. ആലുവയിൽ നിന്ന് തിരുവനന്തപുരത്തേക്ക് തിരിച്ച സമര യാത്രയുടെ ആദ്യസ്വീകരണം പേരാമംഗലം സ്കൂളിൽ ആയിരുന്നു . അന്ന് വി.ടി. ഭട്ടതിരിപ്പാട് അവർക്ക് 100 ഉറുപ്പിക കൊടുത്തുവത്രെ. എന്നിട്ട് പറഞ്ഞു ഇത് സംഭാവനയാണെന്ന്. ഇങ്ങനെ പലവിധം ഓർമ്മകൾ അദ്ദേഹം പങ്കുവെച്ചു. യാത്ര പറഞ്ഞിറങ്ങുമ്പോൾ ഒരു പുസ്തകം തന്നു. വി.ടി.ഭട്ടതിരിപ്പാടിന്റെ ആത്മകഥയായ കണ്ണീരും കിനാവും. അതിൽ ഓർമ്മയിൽ തെളിഞ്ഞ രണ്ടു വരി കുറിച്ചു തന്നു. വി.ടി.ഭട്ടതിരിപ്പാടിനെപ്പോലെ തന്നെ വലിയ ചിന്തകൾ വഹിക്കുന്ന മകൻ. വല്ലാത്തൊരു അനുഭൂതി പകുന്നതായിരുന്നു ആ അനുഭവം. ●

വേദസ്. കെ.എം, കാവുങ്ങൽ മന, മഞ്ഞപ്പറ്റ
പി.ഒ എളങ്കൂർ, മഞ്ചേരി, മൊബൈൽ: 9495028341
(ഇപ്പോൾ തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകരയിൽ മാരായമുട്ടം എഴുത്തച്ഛൻ കോളേജിൽ ഒന്നാം വർഷ വിദ്യാർത്ഥിയാണ്.)

## എനിക്ക് സന്തോഷമായി
# ഓൺലൈൻ ഓഫായി

**നവിക അജയ്**



ഞാൻ മൂന്നാം ക്ലാസിൽ പഠിക്കുമ്പോളാണ് കൊറോണ വൈറസ് കേരളത്തിലാകെ പടർന്നു പിടിച്ചത്.അതോടെ ലോക് ഡൗണായി സ്കൂളുകൾ അടച്ച് വീട്ടിനുള്ളിൽ അടച്ചു പൂട്ടിയിരിക്കേണ്ടി വന്നു.
സ്കൂളുകൾ അടച്ചാൽ പിന്നെ കൂട്ടുകാരെയൊന്നും കാണാൻ പറ്റില്ലല്ലൊ. ടീച്ചർമാരെ കാണാനും പറ്റില്ല. സംശയങ്ങൾ ടീച്ചർമാരോട് നേരിട്ട് ചോദിക്കാനും പറ്റില്ല. അങ്ങനെ കുറെ പ്രശ്നങ്ങൾ ഉണ്ടായിരുന്നു.

ആദ്യമൊക്കെ എനിക്ക് ഓൺ ലൈൻ ക്ലാസുകൾ കാണാൻ നല്ല തത്പര്യമായിരുന്നു. മൊബൈൽ ഫോണിലായിരുന്നു അത്. പിന്നെ പിന്നെ ഓൺ ലൈൻ ക്ലാസുകൾ മടുത്തു തുടങ്ങി.

ഇതിന്റെ ഇടയിൽ കുറശ്ശെയായി ഞാൻ ചിത്രങ്ങൾ വരച്ചു തുടങ്ങി. അതിനൊടൊപ്പം കരകൗശല വസ്തുക്കൾ ഉണ്ടാക്കാനും തുടങ്ങി. അതായിരുന്നു അല്പം ആശ്വാസം പകർന്നത്.

ഇതൊക്കെ വീട്ടിലെ ചുമരിൽ ഒട്ടിച്ചിട്ടുണ്ട്. വാട്ട്സാപ്പിലൂടെ അയക്കുന്ന സ്കൂളിലെ നോട്ടുകൾ എഴുതി മടുക്കാൻ തുടങ്ങി. പിന്നെ അതൊക്കെ പെന്റിങ്ങാകാൻ തുടങ്ങി. ഫ്രെൻസുമാരെ കാണാൻ കഴിയാത്തതായിരുന്നു വലിയ പ്രയാസം.

കുറച്ചു മാസങ്ങൾ കഴിഞ്ഞപ്പോൾ അതിനൊരു പരിഹാരം കണ്ടെത്തി.ഞങ്ങൾ ഫ്രെൻസുകളെല്ലാവരും കൂടി ഒരു ഗ്രൂപ്പുണ്ടാക്കി അതിലൂടെ കൂട്ടുകാരെയെല്ലാം അറിഞ്ഞു.

കൂട്ടുകാരുടെ കൂടെ കളിച്ചും രസിച്ചുമൊക്കെ നടന്നു.

അങ്ങനെ കഴിഞ്ഞ വർഷം നവംബറായപ്പോഴെക്കും സ്കൂളുകൾ തുറന്നു. ആദ്യമൊക്കെ ബാച്ചാക്കിയിട്ടായിരുന്നു. പിന്നെ കൊറോണ കുറഞ്ഞപ്പോൾ സാധാരണ പോലെയായി. പക്ഷേ മാസ്ക് ധരിക്കണം. ഇടക്കിടക്ക് സാനിറ്റൈസർ അടിക്കണം. അങ്ങനെ കുറെ നിയന്ത്രണങ്ങളും ഉണ്ടായിരുന്നു. എന്നാലും കൂട്ടുകാരെ കണ്ടതിലും ടീച്ചർമാരെ കണ്ടതിലും നല്ല സന്തോഷമായി. സ്കൂളിൽ ഒരു മാഷ് ചിത്രരചനാ ക്ലാസ് നടത്തുന്നുണ്ടായിരുന്നു. പിന്നെ ഞാൻ അതിലൂടെ കുറച്ചു കൂടി നന്നായി വരക്കാൻ തുടങ്ങി. മാത്രമല്ല സ്കൂൾ തുറന്നതു കൊണ്ട് പല പല വേദികളിൽ പങ്കെടുക്കാനും അവസരം ലഭിച്ചു. ഇപ്പോൾ എല്ലാം സാധാരണത്തെ പോലെയായി. വളരെ വളരെ സന്തോഷത്തിലാണ് ഇപ്പോൾ. രണ്ടു വർഷത്തെ പ്രയാസമെല്ലാം ശരിക്കും മാറിയത് ഇപ്പോഴാണ്. ●

D/o K Ajay,Kuriyedathu Mana
Kuttanasseri (p o) Thiruvazhiyode ( via)
Palakkad 679514, Mobile :9947795207





ഇ. പി. അഗ്നിത്രാതൻ



ഇ. പി. ദേവദത്തൻ



ഇ. പി. അഗ്നിത്രാതൻ ചിന്മയ വിദ്യാലയ തളിപ്പറമ്പ് രണ്ടാം ക്ലാസ്. ഇ. പി. ദേവദത്തൻ ചിന്മയ വിദ്യാലയ തളിപ്പറമ്പ് അഞ്ചാം ക്ലാസ്. രണ്ടു പേരും തളിപ്പറമ്പ് തലോറ എടവലത്ത് പുടയൂർ ജയനാരായണന്റെ മക്കളാണ്.

Edavalath Pudayoor Mana,Thalora, P.O. Kuttiyeri, Taliparamba, Kannur Pin:670142 Mobile:9544075519

# സാഹസിക വിനോദം



**ആർദ്ര കെ. എം**



നമ്മൾ വിനോദങ്ങളിൽ ഏർപ്പെട്ട് യാത്ര ചെയ്യുമ്പോഴാണ് ആ യാത്ര വിനോദയാത്ര ആവുന്നത്. അപ്പോൾ സാഹസികയാത്രയോ? നമ്മൾ സാഹസങ്ങളിൽ ഏർപ്പെട്ട് യാത്ര ചെയ്യുമ്പോഴാണ് ഒരു യാത്ര സാഹസികയാത്ര ആവുന്നത്. ഇക്കാര്യം എനിക്ക് മനസ്സിലാക്കിത്തന്ന ഒരു യാത്രയെക്കുറിച്ചാണ് ഈ കുറിപ്പ്. രണ്ടും കൂടി ചേർന്നതാണെങ്കിലോ സാഹസിക വിനോദം എന്നു പറയാം അല്ലേ ഇതൊരു സാഹസിക വിനോദയാത്രയാണ്.

പാലക്കാട് ജില്ലയിലുള്ള ഒരു പ്രദേശമാണ് ധോണി. പാലക്കാട് നഗരത്തിൽ നിന്ന് 15 കിലോമീറ്റർ അകലെ. കുന്നും മലയും വെള്ളച്ചാട്ടവുമുള്ള ഒരു പ്രദേശം. ഈയിടെ ടിവിയിലെല്ലാം കണ്ടില്ലേ, ഒരു യുവാവ് പാറക്കൂട്ടത്തിൽ ഒറ്റപ്പെട്ടുപോയതും സൈന്യം ഹെലികോപ്റ്ററിലെത്തി രക്ഷിച്ചതും. അത് ഈ പ്രദേശത്താണ്. അത്രക്ക് സാഹസികമായ ഒരിടം.

അവിടെയുള്ള ഒരു വെള്ളച്ചാട്ടമാണ് ധോണി വെള്ളച്ചാട്ടം. ഞാനും എന്റെ സഹോദരിയും അമ്മാവന്മാരും കൂടി വെള്ളച്ചാട്ടം കാണാൻ പോയി. തുടക്കത്തിൽ വഴിയുടെ ഓരത്ത് നെൽവയലുകൾ. പച്ചപ്പാവാടയണിഞ്ഞ സുന്ദരിയെപ്പോലെ. കാറ്റിൽ പച്ചപ്പുകൾ നൃത്തം ചെയ്യുന്നത് മനം കുളിരെ കണ്ടു നിന്നു. ഇളംകാറ്റ് എന്റെ മുഖത്തും കുളിർമയോടെ തഴുകി. പാലക്കാടൻ കാറ്റിന് നമ്മുടെ നാട്ടിലെ കാറ്റിനേക്കാൾ ശക്തിയാണ്.

ഞങ്ങൾ ധോണിയിലെത്തി. ടിക്കറ്റ് കൗണ്ടറിൽ ചെന്ന് ടിക്കറ്റ് എടുത്തു. കാട്ടിലൂടെ നടക്കാൻ തുടങ്ങി. നടന്ന് നടന്ന് നടന്ന് കുറെ ദൂരമെത്തി. അപ്പോൾ അമ്മാമൻ പറഞ്ഞു.

നമുക്കീ കാടിന്റെ ഉള്ളിലൂടെ മുകളിൽ കയറിപ്പോകാം എന്നാൽ വേഗം എത്തും.

അമ്മാമന്റെ വാക്കു കേട്ട് വളരെ സാഹസികമായി കാട്ടിൽ കയറി. ഞാൻ ചെറുതായതിനാൽ അമ്മാമ്മന്മാർ എന്നെ തോളിലേറ്റിയാണ് നടന്നിരുന്നത്. കാട്ടിലൂടെ കുറെ നടന്ന് നടന്ന് ഒരു പൊട്ടിപ്പൊളിഞ്ഞ കെട്ടിടത്തിനടുത്തെത്തി. ചില പ്രേതസിനിമകളിലെ വീടുകൾ പോലെ.

അത് കണ്ട് പേടിയായി. ഞങ്ങൾക്ക് ശരിക്കും പേടിയായി. എന്താണ് ചെയ്യേണ്ടതെന്നറിയാത്ത ഒരു അവസ്ഥ.

ഞങ്ങളുടെ പിന്നാലെ വേറെയും രണ്ടു പേർ വന്നിരുന്നു. അവരാണ് വഴി തെറ്റിയ കാര്യം ശ്രദ്ധയിൽപ്പെടുത്തിയത്. ഈശ്വരാ ഇനിയെന്തു ചെയ്യും. അപ്പോഴാണ് ഞങ്ങൾ അത് ശ്രദ്ധിച്ചത്. അങ്ങകലെ വെള്ളച്ചാട്ടത്തിന്റെ മധുരമായ ആരവം കേൾക്കുന്നു. ഞങ്ങൾ ശബ്ദം കേട്ട സ്ഥലം ലക്ഷ്യമാക്കി നടന്നു. അതിനു പിന്നാലെ പോയി. പോയിപ്പോയി ഞങ്ങൾ ഞങ്ങളുടെ ലക്ഷ്യസ്ഥാനത്തെത്തി. എന്ത് രസമായിരുന്നെന്നോ ആ വെള്ളച്ചാട്ടം! കുറേ നേരം ആ സൗന്ദര്യം ആസ്വദിച്ചുനിന്നു. ഇത്ര മനോഹരമായ ഒരു വെള്ളച്ചാട്ടം ആദ്യമായാണ് കാണുന്നത്. വിനോദവും സാഹസികതയും നിറഞ്ഞ ഈ യാത്ര ഒരിക്കലും മറക്കാനാവില്ല. ●

ആർദ്ര കെ.എം, മണ്ണൂർ ഇല്ലം,
പി.ഒ: മട്ടന്നൂർ, കണ്ണൂർ ജില്ല.
മൊബൈൽ: 94008 85579

# കുരങ്ങൻ മുടി പിടിച്ചു വലിച്ചപ്പോൾ

**ശ്രീദത്തൻ. എം.ആർ**



നിങ്ങളുടെ മുടി കുരങ്ങൻ പിടിച്ചു വലിച്ചിട്ടുണ്ടോ. അങ്ങനെയൊരു അനുഭവം എനിക്കുണ്ടായി. ഒരു ടൂറിനിടയിലായിരുന്നു അത്. ഞാൻ രണ്ടാം ക്ലാസ്സിൽ പഠിക്കുമ്പോൾ ടീച്ചർ എല്ലാവരെയും കൂട്ടി ടൂർ പോകാൻ തീരുമാനിച്ചു. ഞാൻ അച്ഛന്റെയും അമ്മയുടെയും സമ്മതം വാങ്ങി ടൂറിന് പോയി, ബസ്സിൽ പാട്ടും ഡാൻസും കളിച്ച് നല്ല രസമായിരുന്നു.

പോകുന്ന വഴി അകലെ കാട്ടിൽ കാട്ടാനയെ കണ്ടു. പുറത്ത് കാഴ്ചകൾ കണ്ട് ഞങ്ങൾ ആതിരപ്പള്ളിയിൽ എത്തി. വെള്ളച്ചാട്ടം കാണാൻ നടന്നു നീങ്ങുമ്പോൾ വഴിയുടെ ഇരു വശത്തും കുറേ കുരങ്ങൻമാർ ഉണ്ടായിരുന്നു, ഇടക്ക് ഒരു കുരങ്ങൻ എന്റെ മുടിയിൽ പിടിച്ചു വലിച്ചു. എനിക്ക് പേടിയായി. എങ്ങനെയൊക്കെയൊ കുതറിയോടി രക്ഷപ്പെട്ടു..

പതുക്കെ ഞങ്ങൾ വെള്ളച്ചാട്ടത്തിനടുത്തെത്തി. അടുത്തേക്ക് പോകാൻ തോന്നിയെങ്കിലും പേടിച്ചു അങ്ങോട്ടു പോയില്ല. അങ്ങനെ ഒരുപാട് കാഴ്ചകളും കണ്ടും കളിച്ചും വൈകുന്നേരമായപ്പോഴേക്കും വീടിലേക്ക് തിരിച്ചെത്തി, നല്ല കാഴ്ചകളുടെയും സന്തോഷത്തിന്റെയും ആ യാത്രയേ പറ്റി ഓർക്കുമ്പോൾ സന്തോഷം തോന്നുന്നു. ●

ശ്രീദത്തൻ. എം.ആർ, ക്ലാസ്സ് 5
S/o രതീഷ്.ടി.പി,
മഴമംഗലത്ത് തരണനല്ലൂർ മന,
തൃശ്ശൂർ, മൊബൈൽ: 9544656669

## വരയും എഴുത്തും /അവനി.എം.എസ്




മിന്നു ഉണർന്നു കിടന്ന് കണ്ണി തിരുമ്മി കണ്ണു തെളിയുവാൻ മുഖം കഴുകി. ഹാവൂ ! ഇപ്പളാ ഒന്നു കണ്ണുതെളിഞ്ഞത്. ഹായ് പുൽതലപ്പിലെ കുഞ്ഞു മഞ്ഞു തുള്ളിയിൽ കൊച്ചു സൂര്യനും. ഏഴഴകാർന്ന മഴവില്ലും തെളിഞ്ഞു. നിമിഷനേരം കൊണ്ടത് പുൽനാമ്പുകളിലേക്ക് ഉതിർന്നു വീണു.

പല വർണ്ണത്തിലുള്ള പൂക്കൾ അവളെ നോക്കി പുഞ്ചിരിച്ചു. വീടിനടുത്തെ പുഴയിൽ കൊച്ചുമീനുകൾ ആർത്തുരസിച്ചു. മഴ തോർന്നതിനാൽ മയിലുകൾ നൃത്തം വച്ചു. അതുകണ്ടപ്പോളവൾക്ക് കൃഷ്ണൻ നൃത്തം വക്കുന്നതുപോലെ തോന്നി.

കുഞ്ഞുകുഞ്ഞു വണ്ടുകളും പൂമ്പാറ്റകളുമെല്ലാം പൂവുകളിലേക്ക് വിശപ്പകറ്റാൻ വന്നു. മുറ്റത്തെ പയർവള്ളിയിൽ സർക്കസു കാട്ടുന്ന പയറുകൾ അവളോട് ഹായ് പറഞ്ഞു. അടുക്കളയിൽ നിന്ന് മൊരിഞ്ഞ ദോശയുടെ മണം മൂക്കിലേക്ക് കത്തി കയറുന്നു. ഹാ ! ഇത്രയും മനോഹരമോ പുലരി?=

അവനി. എം.എസ്, മുണ്ടനാട്ടു മന, D/o ശങ്കരൻ. എം.എസ്.
പി ഒ വെള്ളിനേഴി, പാലക്കാട് ജില്ല, പിൻ: 679504ഫോൺ: 9496352067




നന്ദിത എം.എൻ

സ്വർണ്ണപ്പന്ത് കടലിന്റെ
ആഴങ്ങളിലേക്ക് ഒറ്റച്ചാട്ടം!
വെള്ളിക്കിണ്ണം സ്വർണ്ണപ്പന്തിനെ
പിടിച്ചുകേറ്റാൻ ശ്രമിച്ചെങ്കിലും
അതിനായില്ല.
സ്വർണ്ണപ്പന്ത് വെള്ളിക്കിണ്ണത്തിന്
പ്രകാശം നൽകി
ആകാശത്തേക്ക് വിട്ടു.
അതാ മിന്നിമിന്നി താരകങ്ങൾ
വെള്ളിക്കിണ്ണത്തിന്
സഖിമാരായി നിൽക്കുന്നു!!=

നന്ദിത എം.എൻ, 4ാം ക്ളാസ്
ജി.എൽ.പി.എസ്.എസ്, വെള്ളിനേഴി
D/o നാരായണൻ എം എസ്,
മുണ്ടനാട്ടു മന, പി.ഒ വെള്ളിനേഴി
പാലക്കാട്, പിൻ:679504,
മൊബൈൽ: 9495036171





**ചിത്രം വരച്ചത്
ഞാനാണെങ്കിലും
ചിത്രത്തിലുള്ളത്
ഞാനല്ല**

ഇ.പി ശ്രീപാർവതി
D/oഅരവിന്ദ് ശങ്കർ
എടവലത്ത് പുടയൂർ മന,
തലോറ, പി.ഒ: കുറ്റിയേരി,
തളിപ്പറമ്പ്, കണ്ണൂർ ജില്ല
മൊബൈൽ: 9539548685



International EarthScience Olympiad

**350 സെന്ററുകളിലായി ഒരു ലക്ഷത്തിലധികം കുട്ടികൾ പങ്കെടുക്കുന്നതാണ് ഫസ്റ്റ് ലെവൽ. അതിൽ ടോപ്പേഴ്സ് ആയ 28 പേരിലൊരാളായി ആദ്യം. പിന്നെ മിടുമിടുക്കരായ 8 പേരിലൊരാൾ. ഇപ്പോഴിതാ**




*മുൻമന്ത്രി കൂടിയായ കെ.ടി ജലീൽ എം.എൽ.എ ഭാനവിനെ വീട്ടിലെത്തി അനുമോദിച്ചപ്പോൾ/ അച്ഛൻ സുനിൽ, അമ്മ ദീപ, അനിയത്തി പ്രണവ എന്നിവർക്കൊപ്പം ഭാനവ്*

# ഇന്റർ നാഷനൽ ഒളിമ്പ്യാഡിൽ സ്വർണമെഡലുമായി ഭാനവ്

**വിനോദ് മങ്ങത്തായ**



ആഗസ്റ്റിൽ ഇറ്റലിയിൽ നടന്ന ഇന്റർനാഷനൽ എർത്ത് സയൻസ് ഒളിമ്പ്യാഡിൽ നമ്മുടെ രാജ്യത്തെ പ്രതിനിധീകരിച്ചത് ഭാനവിന്റെ ടീമാണ്. അതേ, ഒരു ഉണ്ണിനമ്പൂതിരിയുടെ ടീം. ഭാനവ് ഉൾപ്പെടെയുള്ള എട്ടംഗ സംഘം സ്വർണ മെഡലുമായാണ് ഇറ്റലിയിൽ നിന്ന് മടങ്ങിയത്. ഒരു ഇന്റർനാഷണൽ സ്വർണ മെഡൽ.

ചാലക്കുടി നടുവത്ത് മനയിൽ ഡോക്ടർ സുനിൽ, ഡോക്ടർ ദീപ ദമ്പതിമാരുടെ മൂത്ത മകനാണ്. നടുവത്തച്ഛൻ, മഹൻ നമ്പൂതിരിമാരുടെ പാരമ്പര്യമുള്ള ഇല്ലത്തെ ഉണ്ണി. പൊന്നാനി ഭവൻസിലെ ഒമ്പതാം ക്ലാസിൽ പഠിക്കുന്ന ഭാനവിന് കമ്പം ഓഷ്യനോഗ്രാഫിയും ജിയോളജിയും മറ്റുമായിരുന്നു.

ഭൂമി ഉണ്ടായതങ്ങനെ? അന്വേഷണങ്ങൾക്കുള്ള ആഗ്രഹത്തെ എല്ലാവരും പ്രോത്സാഹിപ്പിച്ചു. കിട്ടാവുന്നത്ര പുസ്തകങ്ങളിലൂടെ അന്വേഷണങ്ങൾ തുടർന്നു. ഗൂഗിൾ തുണയായി. ഒട്ടേറെ ഓൺലൈൻ കോഴ്സുകൾ. വിദഗ്ധരുമായുള്ള ഇന്ററാക്ഷനുകൾ. ഒടുവിൽ ബെംഗളൂരുവിലെ ജിയോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ എല്ലാ വർഷവും നടത്താറുള്ള നാഷനൽ ലെവൽ പരീക്ഷയെപ്പറ്റി അറിഞ്ഞ് അവിടെയെത്തി. അധ്യാപകരാണ് അതേപ്പറ്റി പറഞ്ഞത്.

രാജ്യത്ത് 350 സെന്ററുകളിലായി ഒരു ലക്ഷത്തിലധികം ഹൈസ്കൂൾ കുട്ടികൾ പങ്കെടുക്കുന്നതാണ് ഫസ്റ്റ് ലെവൽ. ടോപ്പേഴ്സ് ആയ 28 പേർ തെരഞ്ഞെടുക്കപ്പെട്ടു. കേരളത്തിൽ നിന്ന് രണ്ടു പേർ. ഒരാൾ ഭാനവ്. 28 പേർക്ക് തീവ്രപരിശീലനം നൽകാൻ പതിനാലു ദിവസത്തെ ഓൺലൈൻ പഠന ക്യാമ്പാണ് നിശ്ചയിച്ചത്. പരീക്ഷകൾ, ചർച്ചകൾ, നിമിഷ പ്രസംഗങ്ങൾ പോലെ പെട്ടെന്ന് വിഷയങ്ങൾ നൽകി തയ്യാറാക്കേണ്ട പവർ പോയന്റ് പ്രസന്റേഷനുകൾ.

ദിനോസറുകളുടെ നാശത്തെക്കുറിച്ചും കാലാവസ്ഥയുടെ മിലൻ കോവിഡ് സൈക്കിളിനെപ്പറ്റിയും ഭാനവ് തയ്യാറാക്കിയ പ്രസന്റേഷനുകൾ ക്യാമ്പ് ഡയറക്ടർമാർ പ്രത്യേകം ശ്രദ്ധിച്ചിരിക്കണം. ഇറ്റലിയിൽ നടക്കുന്ന ഇൻറർനാഷനൽ എർത്ത് സയൻസ് ഒളിമ്പ്യാഡിൽ പങ്കെടുക്കുന്ന ഇന്ത്യൻ ടീമിനെ നിശ്ചയിക്കാനാണ് ഈ പരീക്ഷകളെല്ലാം. 28 അംഗങ്ങളുടെ ക്യാമ്പിൽ നിന്ന് മിടുമിടുക്കരായ 8 പേരെ 'ടീം ഇന്ത്യ'യായി തെരഞ്ഞെടുത്തു. ഇപ്പോഴിതാ ഇറ്റലിയും കീഴടക്കി ഇന്റർനാഷണൽ മെഡൽ.

കാർബൺ ആഗിരണം വഴി ആഗോള താപനം കുറയ്ക്കാനായി വിവിധ തരം ശിലകൾക്കുള്ള കഴിവ് പരിശോധിക്കുകയും അതുവഴി ആഗോള താപനം കുറിക്കുന്നതിനുള്ള മാർഗ നിർദേശവുമാണ് ഭാനവ് ഉൾപ്പെടെയുള്ള എട്ടംഗ സംഘത്തിന് സ്വർണ മെഡൽ നേടിക്കൊടുത്തത്.

ഇന്റർനാഷനൽ എർത്ത് സയൻസ് ഒളിമ്പ്യാഡിൽ പങ്കെടുക്കാൻ അർഹത നേടിയ ആദ്യത്തെ മലയാളിയായി ഭാനവെന്ന ഉണ്ണി നമ്പൂതിരി തിരഞ്ഞെടുക്കപ്പെടുമ്പോൾ അത് ബ്രാഹ്മണ്യം തലമുറകളായി ആർജിച്ച വിജ്ഞാനത്തിന്റെ പ്രത്യക്ഷം കൂടിയാകുന്നു. ഗായത്രി ജപിക്കാൻ നിത്യവും ബ്രാഹ്മണൻ ഭൂമിയിൽ നിന്ന് ഏഴ് ലോകങ്ങൾ കയറി ഇറങ്ങണം. ഇറ്റലിയിലെ അയോസ്കയിലായിരുന്നു ഇൻറർനാഷനൽ എർത്ത് സയൻസ് ഒളിമ്പ്യാഡ്. അവിടെയെല്ലാം തിരിഞ്ഞ് വീണ്ടും ഇന്ത്യയിലെത്തി ധ്രുവാസി തൊടുമ്പോൾ ഭാനവ് വീണ്ടും അന്വേഷിക്കും. ഭൂമി ഉണ്ടായതെങ്ങനെ? ●


ഡോക്ടർ സുനിൽ എൻ. കെ. നടുവത്ത് മന,
ശുകപുരം പി.ഒ. എടപ്പാൾ വഴി മലപ്പുറം ജില്ല,
പിൻ: 679576 മൊബൈൽ: 8943114499

## എസ്.എസ്.എൽ.സിക്ക് ഫുൾ എ പ്ലസ് നേടിയവർക്ക് അനുമോദനങ്ങൾ



**അനിരുദ്ധ് കേശവ്**
അകപ്പുറം സജീവ് നമ്പൂതിരിയുടെ മകൻ അനിരുദ്ധ് കേശവ്



**പി.കെ.ദേവശ്രീ**
പുഴക്കൽ കണ്ടമംഗലം ശങ്കരനാരായണൻ നമ്പൂതിരിയുടെ മകൾ ദേവശ്രീ



**ഭദ്ര നമ്പൂതിരി**
തിരുമംഗലം വിഷ്ണു (തുളസി) നമ്പൂതിരിയുടെ മകൾ ഭദ്ര നമ്പൂതിരി



**ജയശങ്കർ**
പെരുവയൽ ശ്രീഹരിയിലെ സന്തോഷ് കുമാർ നമ്പൂതിരിയുടെ മകൻ ജയശങ്കർ എം.വി.



**മീര**
മങ്ങത്തായ വിഷ്ണു സജിത് നമ്പൂതിരിയുടെ മകൾ മീര എം.



**സഞ്ജയ്**
പുതുക്കുടി സുധീർ നമ്പൂതിരിയുടെ മകൻ സഞ്ജയ് പി.



**ഹരിപ്രസാദ്**
വേണാട്ടില്ലത്ത് രാജേഷ് നമ്പൂതിരിയുടെ മകൻ ഹരിപ്രസാദ്



**സൂര്യദേവ്**
മുഡുവമ്പുറത്ത് കൃഷ്ണകുമാർ നമ്പൂതിരിയുടെ മകൻ സൂര്യദേവ്.



**അക്ഷയ്**
വരോടി ഇല്ലത്ത് മനോജ് നമ്പൂതിരിയുടെ മകൻ അക്ഷയ് വി



**ജിഷ്ണു നാരായണൻ**
ചെറുവക്കാട്ട് വിഷ്ണുനമ്പൂതിരിയുടെ മകൻ ജിഷ്ണു നാരായണൻ ,



**പവിത്ര .എസ്**
പവിത്ര .എസ് (D/o ശ്യാം ശർമ്മ & ശ്രീജ, അയ്യാടത്തില്ലം)



**ദേവനന്ദ**
ദേവനന്ദ, D/o രാമനാരായണൻ, കൊഴുവിൽ ഇല്ലം, എരമംഗലം, ബാലുശ്ശേരി.

## എസ്.എസ്.എൽ.സി



**ശ്രീപഞ്ചമി**
ശ്രീപഞ്ചമി. എ (D/o നാരായണൻ നമ്പൂതിരി, അണലക്കാട്ട് ഇല്ലം)



**ആര്യ വി**
ആര്യ വി നമ്പൂതിരി D/o വാസുദേവൻ നമ്പൂതിരി,കല്ലേലിമന,പി.ഒ.പ്രയാർ,ഓച്ചിറ, ഫോൺ: 9446122541

വിവിധ മേഖലകളിൽ പ്രശോഭിച്ചവർക്ക് സ്വസ്തിയുടെ അനുമോദനങ്ങൾ!

## സി.ബി.എസ്.ഇ. പത്താം ക്ലാസ് പരീക്ഷയിൽ



**കൃഷ്ണശങ്കർ**
ടി.എച്ച്.എസ്.എൽ.സി പരീക്ഷയിൽ ഫുൾ എ പ്ലസ് നേടിയ യു.കെ.കൃഷ്ണശങ്കർ കായംകുളം കൃഷ്ണപുരത്തെ മാവേലി മഠത്തിൽ ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടെ പുത്രനാണ്. മൊബൈൽ 9495310002



**ദേവപ്രഭ**
സി.ബി.എസ്.ഇ. പത്താം ക്ലാസ് പരീക്ഷയിൽ 98.4 ശതമാനം മാർക്ക് നേടി വിജയിച്ച ദേവപ്രഭ. ബാണത്തൂർ ഇല്ലം ഡോ. ബിനോയ് വാസുദേവിന്റെ മകളാണ്.



**ജഗന്നാഥ്**
എല്ലാ വിഷയത്തിനും എപ്ലസ് നേടിയ വടകര കുനിയില്ലത്ത് അഡ്വ. കെ. പി രാമചന്ദ്രന്റെയും തിരുവല്ല കൊട്ടക്കാട്ട് മനയിലെ മഞ്ജുവിന്റെയും മകൻ ജഗന്നാഥ് രാമചന്ദ്രൻ.ഫോൺ: 9447799548



**ലക്ഷ്മി മനോജ്**
എല്ലാ വിഷയത്തിനും എപ്ലസ് നേടിയ തിരുവല്ല കൊട്ടക്കാട്ട് മനയിൽ മനോജിന്റെയും ആറ്റിങ്ങൽ തോട്ടക്കാട്ട് മനയിൽ സ്മിതാദേവിയുടെയും മകൾ ലക്ഷ്മി മനോജ്

## പ്ലസ് ടു പരീക്ഷയിൽ ഫുൾ എ പ്ലസ് നേടിയവർക്ക് അനുമോദനങ്ങൾ



**അനുപമ**
ചോക്കൂർ പുതുവാരിടം കേശവനുണ്ണിയുടെ മകൾ അനുപമ സി.പി



**മഹേശ്വരൻ**
കുന്നത്തു കണ്ടമംഗലം മനോജ് കുമാറിന്റെ മകൻ മഹേശ്വരൻ കെ.കെ



**സൂര്യ**
ഒ.ടി.രാജേഷിന്റെ മകൾ സൂര്യ ഒ. ടി.



**ഹീരാ രാജ്**
പൂവപ്പള്ളി രാജേഷിന്റെ മകൾ ഹീരാ രാജ്.പി.



**ദേവിക**
പള്ളിക്കാപ്പറമ്പിൽ മോഹന കൃഷ്ണൻ നമ്പൂതിരിയുടെ മകൾ ദേവിക.



**ശാശ്വതി**
കരുവാറ്റ സുരേഷ് ബാബു നമ്പൂതിരിയുടെ മകൾ ശാശ്വതി കെ

# പ്ലസ് ടു പരീക്ഷയിൽ ഫുൾ എ പ്ലസ് നേടിയവർക്ക് അനുമോദനങ്ങൾ

വിവിധ മേഖലകളിൽ പ്രശോഭിച്ച സമുദായ അംഗങ്ങൾക്ക് സ്വസ്തിയുടെ അനുമോദനങ്ങൾ! ഇനിയും ഉയരങ്ങളിലെത്താൻ ജഗദീശ്വരന്റെ അനുഗ്രഹമുണ്ടാട്ടെ!!



**വൈഷ്ണവി**

പ്ലസ് 2 പരീക്ഷയിൽ 92.7% മാർക്ക് നേടി വിജയിച്ച ഒഇ വിഷ്ണുനമ്പൂതിരിയുടെ മകൾ വൈഷ്ണവി.



**ഗോവിന്ദ് .സി**

+2 വിന് ഫുൾ എ പ്ലസ്.ഗോവിന്ദ് .സി S/o സി.കേശവൻ നമ്പൂതിരി, ചെറുവക്കാട്ടില്ലം പന്നിക്കോട് ഉച്ചക്കാവ് ഉപസഭ



**ഹരി ദേവ് വീട്ടിക്കാട്.**

+ 2 പരീക്ഷയിൽ 98 ശതമാനം നേടിയ ഹരി ദേവ്. വീട്ടിക്കാട് ഗോവിന്ദന്റെയും ഉമയുടെയും മകനാണ്. കണ്ണിപറമ്പ് ഉപസഭ.



**വിവേക് നാരായണൻ**

പ്ലസ്ടുവിന് മുഴുവൻ എപ്ലസ്നേടിയ ബാണത്തൂർ ഹരികൃഷ്ണൻ നമ്പൂതിരിയുടെ മകൻ വിവേക് നാരായണൻ ബി.എൻ



**ദേവനാരായണൻ**

പ്ലസ്ടു പരീക്ഷയിൽ 92 ശതമാനം മാർക്കു നേടിയ ഉള്ളിയേരി ഉപസഭയിലെ ദേവനാരായണൻ



**നന്ദകുമാർ**

പ്ലസ്ടുവിന് 95.5% മാർക്ക് നേടിയ വേണാട്ടില്ലത്ത് ദാമോദരൻ നമ്പൂതിരിയുടെ മകൻ നന്ദകുമാർ വി.ഡി.



**ഗായത്രി**

പ്ലസ്ടുവിന് മുഴുവൻ വിഷയത്തിലും എപ്ലസ് നേടിയ ഗായത്രി നിവാസ് വേണുനാഥിന്റെ മകൾ ഗായത്രി



**ശിവാംഗി**

ഐ.സി.എസ് ഇ പ്ലസ്ടുവിന് 94ശതമാനം നേടിയ കുന്നത്ത് കണ്ടമംഗലം ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടെ മകൾ ശിവാംഗി സി.കെ



**ആർദ്ര മങ്ങത്തായ**

പ്ലസ് ടു ഫുൾ എ പ്ലസ് നേടിയ ആർദ്ര മങ്ങത്തായ. പൂവാട്ടുപറമ്പ് മങ്ങത്തായ സതീശന്റെയും ഉമയുടെയും മകളാണ്



**ദേവനന്ദന**

കോഴിക്കോട് വെച്ചു "AIDA" സംഘടിപ്പിച്ച ഇന്റർനാഷണൽ ഡാൻസ് ഫെസ്റ്റിവലിൽ ആൾ ഇന്ത്യാ ക്ലാസ്സിക്കൽ ഡാൻസ് മത്സരത്തിൽ ശാസ്ത്രീയ നൃത്യകലാ സമ്മാനം ലഭിച്ച ഞെരിഞ്ജംപിളി ഇല്ലത്ത് ദേവനന്ദന



**നവിക**

കഴിഞ്ഞ വർഷം എൽ. എസ്. എസ് സ്കോളർഷിപ്പ് നേടിയ നവിക. പാലക്കാട് കുറ്റാനശ്ശേരി കുറിയേടത്ത് മനയിൽ കെ.അജയിന്റെയും തളിപ്പറമ്പ് കൊയ്യത്ത് ചെപ്പന്നൂർ കെ.സി കവിതയുടെയും മകളാണ്.95624 93877.



**പി.വാസുദേവ്**

എസ്.എസ്.എൽ.സി. പരീക്ഷയിൽ ഒൻപത് എ പ്ലസും ഒരു എയും നേടിയ പി.വാസുദേവ് (ഗവ. ഹൈസ്കൂൾ, മങ്കട), മങ്കട, പുന്നപ്പുഴമന കുടുംബാംഗമാണ്.

## വിവിധ മേഖലകളിൽ പ്രശോഭിച്ച സമുദായ അംഗങ്ങൾക്ക് സ്വസ്തിയുടെ അനുമോദനങ്ങൾ!



**ഉമാദേവി**

എം.ജി യൂണിവേഴ്സിറ്റിയിൽനിന്ന് പിഎച്ച്ഡി നേടിയ പുതുക്കാട് പ്രജ്യോതി നികേതൻ കോളേജിലെ അസി. പ്രഫസർ കെ.എസ്. ഉമാദേവി. തൊട്ടിപ്പാൾ കൈപ്പിള്ളി മനയിൽ ശ്രീകുമാരൻ നമ്പൂതിരിയുടെയും ആര്യദേവിയുടെയും മകളും പാലാഞ്ചേരി ഇല്ലത്തു മനോജിന്റെ ഭാര്യയുമാണ്.



**സി എൻ.ദേവകി**

സി എ പരീക്ഷയിൽ ഫസ്റ്റ് ചാൻസിൽത്തന്നെ വിജയം കൈവരിച്ച കുമാരി സി എൻ.ദേവകി. മാവേലിക്കര ഉപസഭയിലെ മറ്റത്ത് ചേന്ദമംഗലം ഇല്ലത്തെ നാരായണൻ നമ്പൂതിരിയുടെയും ആശയുടെയും മകൾ. ഫോൺ: 8330099016



**അങ്കിത**

കുസാറ്റിൽ നിന്ന് ബി.ടെക് ഇൻഫർമേഷൻ ടെക്നോളജിയിൽ ഒന്നാംറാങ്ക് നേടിയ അങ്കിത അനിൽ. മലപ്പുറം പെരുമ്പടപ്പ് കാട്ടുമാടം മനയിലെ പരേതനായ അനിൽ നമ്പൂതിരിപ്പാടിന്റെയും സോയ അനിലിൻെറയും മകളാണ്



**പാർവ്വതി**

രാജസ്ഥാൻ സെൻട്രൽ യൂനിവേഴ്സിറ്റിയിൽ നിന്നും എം.എസ്.സി സ്പോർട്സ് സൈക്കോളജിയിൽ സെക്കന്റ് റാങ്ക് നേടിയ മുക്കം ഉപസഭയിലെ കാഞ്ഞിരത്തോട്ടം നാരായണൻ നമ്പൂതിരിയുടെ മകൾ പാർവ്വതി.



**സന്ദീപ്**

കാലിക്കറ്റ് യൂനിവേഴ്സിറ്റി സ്കൂൾ ഓഫ് മാത്തമാറ്റിക്സിൽ നിന്ന് ഡോക്ടറേറ്റ് ലഭിച്ച സന്ദീപ്.ഇ.എം. തൃശ്ശൂർ ഒല്ലൂക്കര എടമന നീലകണ്ഠന്റേയും ഗിരിജയുടേയും മകനാണ്. മഞ്ചേരി മെഡി.കോളേജ് പൾമണോളജി അസി.പ്രൊഫസർ കണ്ണിപറമ്പ് പേരൂർ ഇല്ലത്ത് ഡോ.വരദ പത്നിയാണ്.



**നന്ദിത**

പൊതുവിദ്യാലയമായ പെരിങ്ങളം ഗവ. എച്ച് എസ് എസിൽ പഠിച്ച് ജനറൽ മെരിറ്റിൽ എം.ബി.ബി.എസിന് പ്രവേശനം ലഭിച്ച് മികച്ച നിലയിൽ എം.ബി.ബി.എസ് പൂർത്തിയാക്കിയ പുല്ലങ്കോട് ശശിധരന്റെയും ശ്രീദേവിയുടെയും മകൾ നന്ദിത

# പാടേരി നാരായണൻ നമ്പൂതിരിപ്പാട്

# ശതാഭിഷിക്തനായി

## (1197 മാണ്ട് കർക്കിടക മാസം 9 ന് മകയിരം നക്ഷത്രത്തിൽ)

- ❑പ്രശസ്ത തന്ത്രികുടുംബമായ പാടേരിയിലെ കാരണവർ
- ❑നിരവധി തലമുറകളായി താന്ത്രിക പാരമ്പര്യം
- ❑കൽപ്പുഴ ദിവാകരൻ നമ്പൂതിരിപ്പാടിന്റെ നേർശിഷ്യൻ
- ❑ധാരാളം ദേവപ്രതിഷ്ഠകൾ നടത്തിയ തന്ത്രി
- ❑കർമ്മവിപാക പ്രായശ്ചിത്തങ്ങളിൽ അഗ്രഗാമി



മലബാറിലെ ഏറ്റവും പ്രശസ്തമായ തന്ത്രികുടുംബങ്ങളിലൊന്നാണ് കോഴിക്കോട് പെരുവഴിക്കടവിനടുത്തുള്ള ഒഴലൂർ പാടേരി ഇല്ലം. നിരവധി തലമുറകളായി താന്ത്രിക പാരമ്പര്യമുള്ള കുടുംബം. ചാത്തനാട്ടും പാതിരിശ്ശേരിയും പാടേരിയും തന്ത്രവിദ്യയിലും മന്ത്രവാദത്തിലും ത്രിമൂർത്തിമാർ. പാടേരി കുട്ടിച്ചാത്തൻ നാട്ടാരുടെ കാണപ്പെട്ട ഈശ്വരനാണ്. ആയിരക്കണക്കിന് ഭക്തർ സംബന്ധിക്കുന്ന കേമമായ ഉത്സവമാണ് പാടേരി തിറ. ഇവിടെ നേദിച്ച അവിൽ ഏറെ പ്രസിദ്ധം. വിദൂരദേശങ്ങളിലെ നമ്പൂതിരിമാരും അവിൽ തയ്യാറാക്കാൻ എത്തിച്ചേരാറുണ്ട് .

പാടേരി ശ്രീലകത്തെയും ക്ഷേത്രത്തിലെയും എല്ലാ കാര്യങ്ങളും വിധിയാംവണ്ണം നിർവ്വഹിക്കുന്നത് പാടേരി ഇല്ലം ട്രസ്റ്റാണ്. ഇപ്പോൾ ഇല്ലത്തെ കാരണവരും ട്രസ്റ്റ് പ്രസിഡണ്ടുമാണ് നാരായണൻ നമ്പൂതിരിപ്പാട്. തപോനിഷ്ഠമായ മനസ്സോടെ ധാരാളം ദേവപ്രതിഷ്ഠകൾ നടത്താൻ തന്ത്രി നമ്പൂതിരിപ്പാടിന് ഭാഗ്യമുണ്ടായി. നിരവധി ക്ഷേത്രങ്ങളിൽ താന്ത്രിക സ്ഥാനം അലങ്കരിക്കുന്നു. താന്ത്രികവിദ്യയിൽ ഈക്കാട് പരേതനായ നീലകണ്ഠൻ നമ്പൂതിരിപ്പാടിന്റെയും തന്ത്രവിദ്യാപീഠം പ്രധാനാദ്ധ്യാപകൻ കൽപ്പുഴ ദിവാകരൻ നമ്പൂതിരിപ്പാടിന്റെയും നേർശിഷ്യനാണ്. കർമ്മവിപാക

*2022 ജൂലൈ 25 ,1197 കർക്കിടകം 9 മകയിരം നക്ഷത്രത്തിൽ ശതാഭിഷിക്തനായ തന്ത്രിവര്യൻ ഒഴലൂർ പാടേരി നാരായണൻ നമ്പൂതിരിപ്പാട്*



*അമോൽ, സൗമ്യാ വർമ്മ (നാരായണൻ നമ്പൂതിരിപ്പാടിന്റെ പേരക്കുട്ടിയാണ് സൗമ്യാ വർമ്മ)*



*ഇരിക്കുന്നവരിൽ ഇടത്ത് നിന്ന് രഘുകുമാർ വർമ്മ , നാരായണൻ നമ്പൂതിരിപ്പാട്, മുരളീധര വർമ്മ. നിൽക്കുന്നത് ഇടത്തു നിന്ന് ശാലിനിയുടെ ഭർത്താവ് ദീപക്ക്, മായ, ശാലിനി, മീന, ഹരികേശ്*

പ്രായശ്ചിത്തങ്ങളിൽ പാടേരി പരേതനായ തന്ത്രിവര്യൻ ശക്രൻ നമ്പൂതിരിപ്പാടായിരുന്നു ഗുരു.

നാരായണൻ നമ്പൂതിരിപ്പാട് വിവാഹം കഴിച്ചത് കൊളപ്പുറത്ത് കോവിലകത്തു നിന്ന്. സഹധർമ്മിണി പരേതയായ അമ്മാദേവി എന്ന ചെറിയമ്മരാജ. ഈ ദമ്പതിമാർക്ക് രണ്ട് പെൺകുട്ടികൾ. മീനാകുമാരിയും മായയും. മീനാകുമാരിയുടെ ഭർത്താവ് ഗുരുവായൂർ വടക്കേ കോവിലകത്ത് മുരളീധരവർമ്മ ബോംബെ ഡൈയിങ്ങിൽ എഞ്ചിനീയറായി റിട്ടയർ ചെയ്തു. ഇവരുടെ മകൾ സൗമ്യാ വർമ്മ യു എസിൽ മൈക്രോൺ മാനുഫാക്ചറിംഗ് കമ്പനിയിലാണ്. ഭർത്താവ് അമോൽ യു എസിൽ തന്നെ ആമസോണിൽ ജോലി ചെയ്യുന്നു.

മായ കോഴിക്കോട് എൽ ഐ സിയിൽ. ഭർത്താവ് വെള്ളാങ്ങല്ലൂർ മഠത്തിൽ കോവിലകത്ത് രഘുകുമാർ കോഴിക്കോട് ഏജീസ് ഓഫീസിലാണ്. ഇവരുടെ മകൾ ശാലിനി വർമ്മയും ഭർത്താവ് ദീപക്കും എറണാകുളം ടി സി എസ്സിൽ. മകൻ ഹരികേശ് വർമ്മ, കോലഞ്ചേരി മെഡിക്കൽ കോളേജിൽ എം ബി ബി എസ് വിദ്യാർത്ഥി.

ബ്രഹ്മശ്രീ പാടേരി നാരായണൻ നമ്പൂതിരിപ്പാട് 1197 മാണ്ട് കർക്കിടക മാസം 9 ന് മകയിരം നക്ഷത്രത്തിൽ ശതാഭിഷിക്തനായി. പാടേരി കൃഷ്ണ മഹാക്ഷേത്രത്തിൽ കളഭം ആടൽ, ധാര, ദാനങ്ങൾ തുടങ്ങി വിശേഷാൽ പൂജാദി കർമ്മങ്ങൾ നടത്തി. കുടുംബാംഗങ്ങൾ എല്ലാവരും ഒത്തുകൂടിയ ചടങ്ങിൽ യോഗക്ഷേമസഭ ചേവായൂർ ഉപസഭ പ്രസിഡണ്ട് ശ്രീ തിരുമംഗലം കൃഷ്ണൻ നമ്പൂതിരി അധ്യക്ഷത വഹിച്ചു.

കാണിപ്പയ്യൂർ കൃഷ്ണൻ നമ്പൂതിരിപ്പാട് പൊന്നാടയണിയിച്ചു.സമൂഹത്തിന്റെ വിവിധ തുറകളിൽ പ്രവർത്തിക്കുന്ന പ്രമുഖർ ആശംസകൾ അർപ്പിച്ചു ●

*ശതാഭിഷിക്തനായ പാടേരി നാരായണൻ നമ്പൂതിരിപ്പാടിനെ കാണിപ്പയ്യൂർ കൃഷ്ണൻ നമ്പൂതിരിപ്പാട് പൊന്നാട അണിയിക്കുന്നു*





പത്തനംതിട്ട മല്ലപ്പള്ളി ഉപസഭാംഗം തുരുത്തിക്കാട് പറമ്പൂർ ഇല്ലത്ത് പരമേശ്വ ശർമ്മയുടെയും സാവിത്രി അന്തർജനത്തിന്റെയും മകൻ

**ഡോ. ഗൗതം ശർമ്മയും**

ഗുരുവായൂർ തൈക്കാട് എരുകുളം ബസാറിൽ മരങ്ങാട്ട് മനയിൽ ശങ്കരനാരായണൻ നമ്പൂതിരിയുടെയും ഗീത അന്തർജനത്തിന്റെയും മകൾ

**ഡോ. ദേവികയും**

ജൂലായ് 9 ന് മമ്മിയൂർ ശ്രീകൈലാസം ഓഡിറ്റോറിയത്തിൽ വിവാഹിതരായി



മലപ്പുറം ജില്ലയിലെ പൂളമണ്ണ കുടുമക്കാട് മനയ്ക്കൽ കെ.എം. ശ്രീകുമാറിന്റെ യും എം. ബിന്ദുവിന്റെയും  മകളും കുടുമക്കാട് മനക്കൽ പരേതരായ ശങ്കരൻ നമ്പൂതിരിയുടേയും കൗമുദി അന്തർജ്ജനത്തിന്റേയും പൗത്രിയുമായ നീരജയും നെടുംകുന്നം വൈദിരമന ഇല്ലത്ത് മാധവൻ നമ്പൂതിരിയുടേയും രാധാദേവിയു ടേയും മകൻ നവനീത് മാധവനും 2022 ജൂൺ 23-ാം തീയ്യതി  ചങ്ങനാശ്ശേരി ഈസ്റ്റ് വെസ്റ്റ് ഓഡിറ്റോറിയത്തിൽ വെച്ച് വിവാഹിതരായി



താമരക്കുളം ഇല്ലത്തെ ( കമല വിലാസ്, മാമ്പറ്റ, മണാശ്ശേരി, കോഴി ക്കോട് 673602 ) മധു നമ്പൂതിരിയുടെയും ശ്രീജ അന്തർജ്ജനത്തിൻറെ മകൻ അശ്വിൻ കൃഷ്ണനും പറവുറുമ്പേൽ മന (കുറവിലങ്ങാട്, കോട്ട യം) ശ്രീധരൻ നമ്പൂതിരിയുടെയും പ്രീത കേശവന്റെയും മകൾ ആര്യ യും വരന്റെ ഇല്ലത്ത്  വച്ച് ആഗസ്റ്റ് 21 ന് വിവാഹിതരായി.



ഗുരുവായൂർ മാഞ്ചിററോഡ് കൊല്ലോറ്റ ഇല്ലത്ത് നന്ദി നമ്പൂതിരിയുടെ യും പി.സി സുധയുടെയും മകൻ കൃഷ്ണനും തിരുവനന്തപുരം പട്ട ത്ത് ടി.കെ.ഡി. റോഡിൽ മരപ്പാലത്ത് അശ്വതിയിൽ പരേതനായ കെ.പി ബാലന്റെയും പി.ലതികയുടെയും മകൾ അഞ്ജലിയും ഗുരുവായൂർ പൂന്താനം ഓഡിറ്റോറിയത്തിൽ ആഗസ്റ്റ് 29ന് വിവാഹിതരായി



രാമമംഗലം എളമണ്ണ് ശങ്കരനാരായണൻ നമ്പൂതിരി യുടെയും സുമയു ടെയും മകൾ സ്വാതിയും പെരുമനം ആലക്കാട്ട് മനക്കൽ മോഹനൻ നമ്പൂതിരിയുടെയും സുധയുടേയും മകൻ വരുണും ആഗസ്റ്റ് 29 ന് തൃശൂർ ശ്രീ ശങ്കര ഹാളിൽ വെച്ചു വിവാഹിതരായി



കോഴിക്കോട് പന്തീരാങ്കാവ് കമ്പളത്തില്ലത്ത് നാരായണൻ നമ്പൂതി രിയുടേയും സുവർണ്ണിനിയുടേയും മകൾ അനുശ്രീയും പന്നിക്കോട് ചെറുവക്കാട്ടില്ലത്ത് കേശവൻ നമ്പൂതിരിയുടേയും ഗീതയുടേയും മകൻ സഞ്ജയ് കൃഷ്ണനും 2022 സെപ്റ്റംബർ 11 ഞായാറാഴ്ച (1198 ചിങ്ങം 26) വിവാഹിതരായി



മഞ്ചേരി പട്ടലൂർ മന (ഉമ) യിൽ പി.എം ദിവാകരന്റേയും എ.പി. ശ്രീജയുടെയും മകൾ നീരജയും തൃശൂർ മുല്ലനേഴി വിജയൻ ഉഷാദേവി ദമ്പതികളുടെ മകൻ ശ്രീരാമും മഞ്ചേരി വി.പി. ഹാളിൽ വിവാഹിതരായി

NAGARJUNA AYURVEDA

# ആരോഗ്യരക്ഷയ്ക്ക് നാഗാർജുന...

- പാരമ്പര്യത്തിന്റേയും ആധുനിക സാങ്കേതിക മികവിന്റേയും സമന്വയം
- മേന്മയേറിയ 600 – ഓളം ആയുർവേദ ഔഷധങ്ങൾ നാഗാർജുനയിലൂടെ
- കേരളത്തിൽ ചികിത്സാസൗകര്യങ്ങളോടുകൂടിയ 1,000 – ൽപ്പരം നാഗാർജുന ഔഷധശാലകൾ
- ഭാരതത്തിലുടനീളം 10,000 – ൽപ്പരം വിപണന കേന്ദ്രങ്ങൾ
- നാഗാർജുന ഔഷധങ്ങൾ 18 – ഓളം ഇന്ത്യൻ സംസ്ഥാനങ്ങളിലും 28 – ൽ പരം വിദേശ രാജ്യങ്ങളിലും ലഭിക്കുന്നു
- കേന്ദ്ര – കേരള ഗവൺമെന്റുകളുടെ അംഗീകാരമുള്ള മികച്ച ഗവേഷണ വിഭാഗവും ഗുണമേന്മ നിയന്ത്രണ സംവിധാനങ്ങളും
- അന്താരാഷ്ട്ര നിലവാരമുള്ള ആയുർവ്വേദ ചികിത്സാ കേന്ദ്രം കാലടിയിൽ



URL: www.nagarjunaayurveda.com

അന്വേഷണങ്ങൾക്ക്:

**NAGARJUNA HERBAL CONCENTRATES LTD.**
Corporate Office: XIV/463T, 2nd Floor, Opp. KSRTC Bus Station,
Muvattupuzha, Ernakulam Dist., PIN - 686 661
Ph.: +91 9961633366 | E-mail: cmo@nagarjunaayurveda.com

**NAGARJUNA AYURVEDIC CENTRE LTD.**
Okkal P. O., Kalady, Ernakulam Dist., Kerala, India - 683 550
Ph.: +91 484 2463350, Cell: +91 9961 88 3253
E-mail: treatments@nagarjunaayurveda.com